A Quarterly Journal for Kerala Studies in Malayalam - English

അറിയാനും അറിയിക്കാനും

# താപസം TAPASAM

Vol: II / Issue 2 / October 2006/ Reg. No: M2 11257/ 05

| | | |
|---|---|---|
| വൈ. വി. കണ്ണൻ | പയ്യന്നൂർ പാട്ട്: പാഠങ്ങളും പ്രയോഗവും | 213 |
| എം.ജി.എസ്. നാരായണൻ | പയ്യന്നൂർ പാട്ടിന്റെ പശ്ചാത്തലവിചാരം | 240 |
| കെ.സി. വേണുഗോപാലൻ നമ്പ്യാർ | പയ്യന്നൂർ പാട്ടും ചരിത്രവും | 252 |
| കെ. ബാലകൃഷ്ണൻ | പയ്യന്നൂർ പാട്ടും കേരളപര്യടനവും | 258 |
| വി. ദിനേശൻ | പയ്യന്നൂർ പാട്ട് പഠനങ്ങൾ : അനുശീലനത്തിന്റെ പാഠങ്ങൾ | 268 |
| കെ. ആർ. സജിത | വാമൊഴിരൂപങ്ങളിലെ ലിംഗപദവി | 273 |
| ടി. പവിത്രൻ | പയ്യന്നൂർ പാട്ടും സംസ്കാരവും | 284 |
| കെ. എം. പ്രഭാകരവാരിയർ | ബിംബകല്പന കവിതയിൽ | 313 |

*ഗവേഷണരംഗം*

| | | |
|---|---|---|
| ഹേന ചന്ദ്രൻ | ഫിറ്റ്നസ് മലയാളം | 320 |

*From the Archives*

| | | |
|---|---|---|
| | Papers on Dravidian Linguistics by L V Ramaswami Aiyar | 330 |

*Complementing the Books*

| | | |
|---|---|---|
| വെങ്കിടാചലം | കോഴിക്കോട് - സത്യത്തിന്റെ നഗരം/ എം.ജി.എസ്. നാരായണൻ | 367 |

THE ASSOCIATION FOR COMPARATIVE STUDIES

TAPASAM, KARIKKAMPALLY, PERUNNA - 686 102, CHANGANASSERY, KERALA, INDIA

## ആമുഖം

താപസത്തിന്റെ പുതിയ ലക്കത്തിൽ പയ്യന്നൂർപ്പാട്ടിനെക്കുറിച്ച് ആറു ലേഖനങ്ങൾ ചേർക്കുന്നു. മലയാളചരിത്രത്തിൽ അസാന്നിധ്യംകൊണ്ട് ഏറെ ശ്രദ്ധേയമായ കൃതിയാണ് പയ്യന്നൂർപ്പാട്ട്. മലയാളത്തിലെ പ്രഥമ സ്വതന്ത്രകൃതി എന്നു ഗുണ്ടർട്ട് ഇതിനെ വിശേഷിപ്പിച്ചു. ഗുണ്ടർട്ടിന്റെ നിഘണ്ടുവിലും വ്യാകരണത്തിലും പ്രത്യക്ഷപ്പെട്ട ഉദ്ധരണികളിലൂടെയാണ് കഴിഞ്ഞ നൂറ്റാണ്ടിൽ മലയാളികൾ പയ്യന്നൂർപ്പാട്ടിനെ കണ്ടറിഞ്ഞത്. എം. പി. ശങ്കുണ്ണിനായരെപ്പോലെ ഒരു മഹാപണ്ഡിതൻ ഗുണ്ടർട്ടുനിഘണ്ടുവും വ്യാകരണവും പരതിനോക്കി പയ്യന്നൂർപ്പാട്ടിലെ ഉദ്ധരണികൾ ശേഖരിച്ചു കൃതി പുനർനിർമ്മിക്കാൻ സാഹസികശ്രമം നടത്തി.

ജർമ്മനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാലാഗ്രന്ഥശേഖരത്തിൽ നിന്ന് പയ്യന്നൂർപ്പാട്ടിന്റെ 103 പാട്ടുകൾ ഓലപ്പകർപ്പായി കണ്ടെടുത്തു 1993-ൽ അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ എനിക്കു ഭാഗ്യം ഉണ്ടായി. ഡോ. പി. ആന്റണിയാണ് അച്ചടിപ്പാഠവും വ്യാഖ്യാനവും തയ്യാറാക്കിയത്. പ്രഫസർ എസ്. ഗുപ്തൻനായർ, ഡോക്ടർ എം. ലീലാവതി എന്നിവരുടെ പഠനങ്ങളും പുസ്തകത്തിലുണ്ടായിരുന്നു. കണ്ടു കിട്ടിയ പയ്യന്നൂർപ്പാട്ട് പല ഭാഷാപണ്ഡിതരെയും നിരാശരാക്കി. വരമൊഴിവടിവിലുള്ള ഒരു ഇതിഹാസമാണ് അവരുടെ സാഹിത്യചരിത്രപ്രതീക്ഷയിൽ ഉണ്ടായിരുന്നത്. എങ്കിലും വടക്കെമലബാറിലെ ഭാഷാ സാഹിത്യപരിതാക്കളിൽ കൗതുകമുണർത്താൻ പയ്യന്നൂർപ്പാട്ടിന്റെ അച്ചടിപ്പകർപ്പിനു കഴിഞ്ഞു. മാറ്റങ്ങളൊന്നുമില്ലാതെ 2000-ൽ പുസ്തകം പുനഃപ്രസിദ്ധീകരിച്ചു. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കൗതുകകരമായ ചില സംഭവവികാസങ്ങളുണ്ടായി. അതു പണ്ഡിത ശ്രദ്ധയിൽ അവതരിപ്പിക്കാനാണ് ഇപ്പോൾ താപസം ശ്രമിക്കുന്നത്. സാഹിത്യപഠനം സംസ്കാരപഠനമായി വികസിക്കുന്നതിന്റെ ഭാഗമായി പുതിയ സംഭവവികാസങ്ങളെ വിലയിരുത്താം. അതാണ് പുതിയ പയ്യന്നൂർപ്പാട്ടു പഠനങ്ങളുടെ പ്രസക്തിയും പ്രാധാന്യവും. സാഹിത്യപഠനശൈലിയിലുണ്ടാകുന്ന ദിശാവ്യതിയാനമായിക്കൂടി ഇതിനെ പരിഗണിക്കാം.

സാഹിത്യം ജനജീവിതത്തിൽനിന്ന് അകന്നുയർന്നുനിൽക്കുന്നതാണെന്ന സാമ്പ്രദായിക സങ്കല്പം നിരാകരിക്കപ്പെടുകയാണ്. ജനജീവിതത്തിനൊത്തു സമൂഹപ്രക്രിയയുടെ ഭാഗമായിട്ടാണ് സാഹിത്യത്തിന്റെ ഉല്പാദനവും രചനയും സ്വീകരണവും വായനയും എന്ന തത്ത്വം ഇന്നു പൊതുവേ സ്വീകാര്യമായിട്ടുണ്ട്. ഏതു സാഹിത്യകൃതിയും അതു സമകാലിക സാഹിത്യമായാലും പ്രാചീന സാഹിത്യമായാലും ചരിത്രവിധേയമാണ് എന്ന തിരിച്ചറിവും സാഹിത്യപഠനത്തെ ചരിത്രാത്മകമാക്കുന്നു. പുതിയ ആശയാവലികളിൽ അകപ്പെട്ട് പഴമയുടെ ആരാധകർ സാഹിത്യലോകത്തു മുറവിളികൂട്ടുന്നതു സഹൃദയർ ശ്രദ്ധിച്ചിരിക്കുമല്ലോ? സാഹിത്യപഠനം ചരിത്രപഠനമായി അധഃപതിച്ചു പോകുന്നു എന്നാണ് പരാതി. ഈ മുറവിളി സാഹിത്യം, സംസ്കാരം, ചരിത്രം എന്നിവയെക്കുറിച്ചുള്ള വിചാരമാതൃകകളിലുണ്ടായ മാറ്റം തിരിച്ചറിയാത്തതുകൊണ്ടാണ്.

ഭാഷാപ്രവർത്തനത്തിന്റെ പ്രാധാന്യം ദാർശനികമായി തിരിച്ചറിഞ്ഞു വൈജ്ഞാനികമണ്ഡലത്തിലെ 'ഭാഷാഭിമുഖ്യ'ത്തെക്കുറിച്ചു ദാർശനികർ സംസാരിച്ചു തുടങ്ങിയിട്ടു പല ദശകങ്ങളായി. ഭാഷാസാഹിത്യപഠനം കേവലം സൗന്ദര്യവിചാരത്തിന്റെ തലം വിട്ടു സംസ്കാരപഠനത്തിലേക്കും വീണ്ടുവിചാരത്തിലേക്കും (reflexivity) നീങ്ങിക്കഴിഞ്ഞു. മലയാളത്തിലുമുണ്ട് ഈ മാറ്റത്തിന്റെ അടയാളങ്ങൾ. മലയാളപഠനവും സാഹിത്യനിരൂപണവും മുരടിച്ചു വിരസമായിപ്പോയി എന്നു ബഹളം കൂട്ടുന്നവർ സാഹിത്യവിജ്ഞാനക്രമത്തിലുണ്ടായ മാറ്റത്തെക്കുറിച്ചാണ് കലഹിക്കുന്നത്. ഭാഷാപഠനകാര്യങ്ങളിലും ഈ വ്യതിയാനം നിർണ്ണായകമാണ്. ജനജീവിതത്തിന്റെ താളക്രമങ്ങൾ ഉൾക്കൊള്ളുന്ന വ്യാകരണചിന്തയും ഭാഷാശാസ്ത്രപഠനവും ഇന്ന് ഏറെ പ്രസക്തമാണ്. അത്തരം പഠനാഭിമുഖ്യം വ്യാകരണത്തിനും ഭാഷാശാസ്ത്രത്തിനും ഫോക്‌ലോർ ആഭിമുഖ്യങ്ങൾ നൽകുന്നു. പ്രകടനപഠനം, മാധ്യമപഠനം എന്നിവയുടെ സ്വാധീനവും ഭാഷാസാഹിത്യപഠനങ്ങളിൽ പ്രകടമാണ്. ഇവയുടെയെല്ലാം സ്വാധീനത്തിൽ പയ്യന്നൂർപ്പാട്ടിനു കഴിഞ്ഞ പത്തുവർഷത്തിനിടയിൽ മലയാളത്തിൽ പുതുവേരുകളുണ്ടാകുന്നു എന്ന സദ്വാർത്തയാണ് താപസം നൽകുന്നത്.

കഴിഞ്ഞ ദശകങ്ങളിൽ വായന ഒരു സർഗ്ഗാത്മക സാസ്കാരികപ്രവർത്തനമാണെന്ന തിരിച്ചറിവു ശക്തിപ്രാപിച്ചു. 'വായിച്ചെടുക്കുക' എന്ന പ്രയോഗം വായനക്കാരന്റെ കർത്തൃത്വമാണ് ഉറപ്പിക്കുന്നത്. പയ്യന്നൂർപ്പാട്ടിനു ചരിത്രത്തിൽ പലതരം വായനകളുണ്ടായി. വായനകളിലൂടെ പയ്യന്നൂർപ്പാട്ടിന് ഉണ്ടായ (പാഠ)പരിണാമങ്ങൾ നോക്കിക്കാണാൻ പുതിയ പഠിതാക്കൾ ശ്രമിക്കുന്നു. താപസത്തിൽ ചേർത്തിരിക്കുന്ന വൈ. വി. കണ്ണന്റെ ലേഖനം ഇത്തരം ഒരു പരിണാമത്തിന്റെ കഥ പറയുന്നു. പയ്യന്നൂർപ്പാട്ടിന്റെ വേരും വഴികളും തേടുന്നവർ ഇത്തരം 'നാനാവിധങ്ങൾ' വിവരിക്കാനും വിശദീകരിക്കാനും വ്യാഖ്യാനിക്കാനും തയ്യാറാകണം. അതിൽ തെളിഞ്ഞുവരുന്നതു പാട്ടുവഴക്കങ്ങളും അനുഷ്ഠാനങ്ങളും വംശീയതയും ചേർന്നുണ്ടാകുന്ന സങ്കലനവിദ്യയാണ്. വിശ്വാസാനുഷ്ഠാനങ്ങളിലൂടെയും ഭാഷാസംക്രമണത്തിലൂടെയും നാടോടിവഴക്കത്തിൽ വേരിറക്കി പച്ചപിടിച്ചു നിൽക്കുന്ന പയ്യന്നൂർപ്പാട്ട് സാഹിത്യവിദ്യാർത്ഥികൾക്കു നല്ല പഠനവിഭവമാണ്. വാമൊഴി വരമൊഴിഭേദങ്ങൾ പാട്ടുവഴക്കമെന്ന ശൃംഖലയിൽ കണ്ണിചേരുന്നു എന്ന സങ്കല്പനംതന്നെ പുതുമയുള്ളതാണ്. പ്രകടനം, അനുഷ്ഠാനം എന്നിവയെല്ലാം ഇവിടെ സാഹിത്യശൃംഖലയുടെ ഭാഗമായിത്തീരുന്നു.

നാടോടിഭാഷയുടെയും നാട്ടറിവുകളുടെയും പിൻബലത്തോടെ പയ്യന്നൂർപ്പാട്ടിനു ഭാഷ്യമൊരുക്കുന്ന തത്രപ്പാടിലാണ് ഗവേഷകനായ ടി. പവിത്രൻ. അതിന്റെ ആദ്യഫലങ്ങൾ ഉൾക്കൊള്ളുന്ന പയ്യന്നൂർപ്പാട്ടിന്റെ ലഘു അർത്ഥവിവരണം ടി. പവിത്രന്റെ ലേഖനത്തിൽ കാണാം. പയ്യന്നൂർക്കാർക്കും അയൽനാട്ടുകാർക്കും പങ്കുചേർന്നു തുടർച്ചയായി പൂരിപ്പിക്കാവുന്നതാണ് ഈ പയ്യന്നൂർപ്പാട്ടു വ്യാഖ്യാനം. സാഹിത്യവ്യാഖ്യാനം ഒരു ജനകീയ/ജനപ്രിയ വ്യാപാരമായി ഇവിടെ പരിണമിക്കുകയാണ്. ഇത്തരം വ്യാഖ്യാനപഠനപരിശ്രമങ്ങൾ കൊളോണിയൽ ആശയാവലികളിൽനിന്നു മോചനം നേടേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നതാണ് ദിനേശന്റെ ചെറിയ കുറിപ്പ്. പാഠകേന്ദ്രീകൃതമായ പഠനവ്യാഖ്യാനങ്ങൾക്കു ഇനിയും പ്രസക്തിയുണ്ട്. അതാണ് പി. ആന്റണി തുടങ്ങിവച്ചത്. ഇനിയങ്ങോട്ടു അതു വികസിക്കേണ്ടതു മാറുന്ന പ്രകരണത്തിന്റെയും നാട്ടറിവിന്റെയും പ്രകടനത്തിന്റെയും ചുറ്റുവട്ടത്തിലായിരിക്കണം. അനുഷ്ഠാനസാഹിത്യം, നാടോടിസാഹിത്യം, ദൃശ്യകലാസാഹിത്യം തുടങ്ങിയവയുടെ കാര്യത്തിൽ ഏറെ പ്രസക്തമായ വ്യാഖ്യാനസമീപനമാണിത്.

പയ്യന്നൂർപ്പാട്ടിനെക്കുറിച്ചുള്ള അറിവു പൊതുസമൂഹത്തിൽ വളർത്താൻ ഏറെ ഉപകരിച്ച ലേഖനമാണ് കെ. ബാലകൃഷ്ണന്റേത്. ലളിതമായ രീതിയിൽ പയ്യന്നൂർപ്പാട്ടു പരിചയപ്പെടുത്തി വായനക്കാരെ സഞ്ചാരസുഖം നൽകി ഗവേഷണവഴിയിലെത്തിക്കുന്ന ബാലകൃഷ്ണന്റെ ലേഖനം സാംസ്കാരിക ഭൂമിശാസ്ത്രത്തിന്റെ സാദ്ധ്യതകൾ വെളിവാക്കുന്നു. പയ്യന്നൂർപ്പാട്ടും പയ്യന്നൂരും തമ്മിലുള്ള ബന്ധം, വിശിഷ്യ ചരിത്രബന്ധം വിവരിക്കുന്നു കെ. സി. വേണുഗോപാലൻ നമ്പ്യാർ. കേരളപഠനത്തിന്റെ വിശാലഭൂമികയിൽ പയ്യന്നൂർപ്പാട്ടിനെ അടയാളപ്പെടുത്തുന്നതാണ് എം.ജി.എസ്. നാരായണന്റെ ലേഖനം. പയ്യന്നൂർപ്പാട്ടിനെക്കുറിച്ചും പയ്യന്നൂർപ്പാട്ടുപോലെയുള്ള കൃതികളുടെ പഠനഗവേ

ഷണരീതിയെക്കുറിച്ചും അറിയാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്കും ഗവേഷകർക്കും സംസ്കാരതല്പരർക്കും പ്രയോജനകരമായ ഈ ലേഖനങ്ങൾ കൂടുതൽ ചർച്ചകൾക്കായി ഇവിടെ ചേർക്കുന്നു.

പലതുകൊണ്ടും പുതുമയുള്ള ലേഖനമാണ് ഫിറ്റ്നസ് മലയാളം. ഭാഷാപഠനം സംസ്കാരപഠനമായി വികസിക്കുന്നതിന്റെ മാതൃക എന്ന നിലയിൽ വേണം ഗവേഷണവിദ്യാർത്ഥിയായ ഹേനയുടെ ലഘുപ്രബന്ധത്തെ വിലയിരുത്താൻ. 'കൊല്ലുന്ന ഫിലോളജി'യിൽനിന്നു ജനപ്രിയഭാഷാപഠനത്തിലേക്കുള്ള ആരോഗ്യകരമായ പരിണാമമാണിത്. ധാരാളം ബഹുവർണ്ണചിത്രങ്ങളും പരസ്യങ്ങളും ഉപദാനങ്ങളായി പ്രബന്ധത്തിൽ ഉൾക്കൊള്ളിച്ചിരുന്നെങ്കിലും താപസത്തിന്റെ ഭൗതികപരിമിതികൾമൂലം അവയൊന്നും ഇവിടെ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഗവേഷണപഠനം എന്ന നിലയിൽ പലതരം കണക്കുകളും ചാർട്ടുകളും ചേർത്തു പ്രബന്ധത്തിനു വസ്തുനിഷ്ഠത വരുത്തിയിരുന്നു. അവയും ഇവിടെ പൂർണ്ണമായി ചേർത്തിട്ടില്ല. ലേഖനത്തിന്റെ ഉപപാദനത്തിൽ അങ്ങിങ്ങുകാണുന്ന വിടവുകൾ മനസ്സിലാക്കാൻ ഇക്കാര്യങ്ങൾ സൂചിപ്പിച്ചതാണ്. ഭാഷാഗവേഷകർക്കു പുതുവഴികൾ തേടാൻ ഹേനയുടെ പ്രാരംഭപഠനം പ്രചോദനമാകാം.

രേഖാശേഖരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതു പൂനയിലെ ഡക്കാൻ കോളജ് ലൈബ്രറിയിൽ താപസം പത്രാധിപർ കണ്ടെത്തിയ വിലപ്പെട്ട ഒരു ലഘുലേഖയാണ്. എൽ. വി. രാമസ്വാമി അയ്യരുടെ രചനകളെക്കുറിച്ചുള്ള വിദഗ്ദ്ധാഭിപ്രായങ്ങളാണ് ഉള്ളടക്കം. എൽ. വി. ആറിനെ സമകാലിക പണ്ഡിതലോകം എങ്ങനെ വിലമതിച്ചു എന്നു തിരിച്ചറിയാൻ ഈ രേഖ ഉപകരിക്കും. എൽ. വി. ആർ രചനകളുടെ തോത്, തരം, വ്യാപനം, ഗുണമേന്മ എന്നിവ കൃത്യമായി അടയാളപ്പെടുത്തുന്നവയാണ് ലഘുലേഖയിലെ ഉദ്ധരണികൾ. ഭാഷാഗവേഷകർക്കു പുതിയ പണിയിടങ്ങൾ കാട്ടിത്തരുന്നതാണ് രേഖ.

**ഡോ. റ്റി. പവിത്രൻ**
**ഇഷ്യു എഡിറ്റർ**



# പയ്യന്നൂർ പാട്ട്:
# പാഠങ്ങളും പ്രയോഗവും

**വൈ. വി. കണ്ണൻ**

പയ്യന്നൂർ പാട്ട് അപൂർണ്ണമായിട്ടെങ്കിലും കണ്ടെടുക്കപ്പെട്ടു എന്നത് നമ്മുടെ ഭാഷാസാഹിത്യരംഗത്ത് വലിയതോതിലുള്ള ചർച്ചകൾക്കും കണ്ടെത്തലുകൾക്കും വഴിവെക്കേണ്ടതാണ്. എന്നാൽ അതു സംബന്ധിച്ച് ഗൗരവമുള്ള ചർച്ചകൾക്ക് ഇതുവരെയും തുടക്കമിട്ടിട്ടില്ല എന്നത് ഏതായാലും ആശാവഹമല്ല. ഭാഷാമർമജ്ഞനായ ഹെർമ്മൻ ഗുണ്ടർട്ട് ഭാഷയിലെ ഏറ്റവും പഴക്കമേറിയ കൃതിയായിട്ടാണ് ഇതിനെ പരിഗണിച്ചത്. ലജന്റ് ഓഫ് പയ്യന്നൂർ എന്ന് അദ്ദേഹം വിശേഷിപ്പിച്ച ഈ കൃതിയുടെ 419 വരികൾ നമുക്കിന്ന് ലഭ്യമാണ്.

## ഒരനുഷ്ഠാനഗാനം

പയ്യന്നൂർ പാട്ട് ഒരനുഷ്ഠാനഗാനമാണ് എന്നതിന് വേണ്ടത്ര തെളിവുകൾ ഇന്ന് ലഭ്യമാണ്. കർക്കിടമാസത്തിൽ വണ്ണാന്മാർ നടത്തിവരാറുള്ള കർക്കിടോത്തിപ്പാട്ട് അഥവാ ആടിത്തെയ്യംപാട്ട്, അവർതന്നെ നടത്തിവരാറുള്ള ബാധോച്ചാടനകർമ്മമായ കെന്ത്രോൻപാട്ട്, വണ്ണാൻകൂത്ത് എന്നീ വ്യത്യസ്തങ്ങളായ അനുഷ്ഠാനങ്ങളിൽ ഈ പാട്ട് അഥവാ ഈ പാട്ടിന്റെ വിവിധഭാഗങ്ങൾ പാടിവരുന്നുണ്ട്. കാവുകളിലെ കളിയാട്ടത്തിന്റെ ഒടുവിൽ നടക്കുന്ന 'തെയ്യംപാടി കുടികൂട്ടൽ' അഥവാ 'വെളക്കീരി ഉഴിയൽ' എന്ന ചടങ്ങിൽ പയ്യന്നൂർ പാട്ടിന്റെ തുടക്കത്തിൽ കാണുന്ന അഞ്ചടിയിലെ ഏതാനും വരികൾ ഉരുക്കഴിക്കാറുണ്ട്.

## കർക്കടകോത്തിയും പയ്യന്നൂർപാട്ടും

മാരിയും മഹാവ്യാധിയും വിതയ്ക്കുന്ന ദുർദേവതകൾ വിളയാടുന്ന കാലമത്രേ കർക്കിടകമാസം. ആ ദുർദേവതകളെ ആട്ടിയകറ്റി ശ്രേയസ്സുണ്ടാക്കാനായി കർക്കിടകം പതിനാറാംനാൾ മുതൽ മലയന്മാരുടെ 'വേടൻ' എന്ന തെയ്യവും ഇരുപത്തെട്ടാംനാൾ മുതൽ വണ്ണാന്മാരുടെ 'കർക്കിടോത്തി' എന്ന തെയ്യവും

ഉത്തരകേരളത്തിലെ വീടുകൾതോറുമെത്തുന്നു, (തീയതിയുടെ കാര്യത്തിൽ ചില പ്രദേശങ്ങളിൽ വ്യത്യാസമുണ്ട്) മലയരുടെ തെയ്യം-വേടൻ-കാട്ടാളവേഷം ധരിച്ച പരമശിവനും, വണ്ണാന്മാരുടെ തെയ്യം-കർക്കിടോത്തി-കാട്ടാളവേഷം ധരിച്ച പാർവ്വതിയുമാണെന്നാണ് സങ്കല്പം.

കുട്ടികളാണ് കർക്കിടോത്തിത്തെയ്യം കെട്ടുന്നത്. അരയിൽ പട്ട്, തല ച്ചുറ്റ്, മാറിൽ അങ്ക്യാറ്, 'കഴുത്തിൽ കെട്ടുന്നത്', തലപ്പാളി, ചെന്നിമലര്, കൊമ്പോലക്കാത്, കൊടുവട്ടം, തലയിൽനിന്ന് പിന്നിലേക്ക് ഒരു പുള്ളിത്തുണി, മുഖത്തെഴുത്ത്. ഇതാണ് കർക്കിടോത്തിയുടെ വേഷം. കയ്യിൽ ഒരു മണിയുമുണ്ടായിരിക്കും. ഈ കുഞ്ഞിത്തെയ്യം വീട്ടുമുറ്റത്തെത്തുമ്പോഴേക്കും സ്ത്രീകൾ വിളക്കു കൊളുത്തിയിരിക്കും. തെയ്യത്തിന്റെ കൂടെയുള്ള പാട്ടുകാരൻ ചെണ്ടയുടെ അല്ലെങ്കിൽ മദ്ദളത്തിന്റെ താളത്തിൽ പാട്ടു പാടുന്നു.

"അന്തിക്കൂത്താടുവാരൻമകനും......."
"ആടങ്കൈയുടങ്കൈ ദേശമങ്കേ...."
"വെച്ചകണ്ണാടിവിളക്ക് പീഠം...."
"അൻപീലരനും മങ്കയും ആനവടിവായ്ചമഞ്ഞു"
"അന്തകാന്തകനന്ദനനേകദന്തനെന്നുടെ..."
"കല്യാണശീലേ, കിളിമകളേ..."

എന്നിങ്ങനെ എത്രയോ പാട്ടുകൾ കർക്കിടോത്തി അനുഷ്ഠാനത്തിന് പാടാറുണ്ട്. മേൽപ്പറഞ്ഞ പാട്ടുകളെല്ലാം ഈ ലേഖകൻ കുട്ടിക്കാലത്ത്തന്നെ കേട്ടുപഠിച്ചിട്ടുണ്ട്. ഡോ. സ്കറിയാ സക്കറിയ പ്രസിദ്ധീകരിച്ച പയ്യന്നൂർ പാട്ട് കയ്യിൽ കിട്ടിയപ്പോൾ യഥാർത്ഥത്തിൽ ഞാൻ അത്ഭുതപ്പെട്ടുപോയി. പാരമ്പര്യവഴിക്ക് ഞാൻ പഠിച്ച്, 'അന്തിക്കൂത്താടുവരൻമകനും' എന്നു തുടങ്ങുന്ന പാട്ട് പയ്യന്നൂർ പാട്ടാണെന്ന് തിരിച്ചറിയുമ്പോഴുള്ള അവസ്ഥ ഊഹിക്കാമല്ലോ? മദ്രാസ് ജേർണൽ ഓഫ് ലിറ്ററേച്ചർ ആന്റ് സയൻസ് എന്ന മാഗസിന്റെ 1844 ഏപ്രിൽ ലക്കത്തിൽ ഗുണ്ടർട്ട് എഴുതിയ 'ദി ലെജെണ്ട് ഓഫ് പയ്യന്നൂർ' എന്ന ലേഖനത്തിൽ ഉദ്ധരിച്ച 16 വരികൾ മാത്രമേ നമുക്ക് അറിയൂ എന്നാണല്ലോ നാം പഠിച്ചതും പഠിപ്പിച്ചതും. ഡോ. സ്കറിയാ സക്കറിയ ട്യൂബിങ്ങൻ സർവ്വകലാശാലയിൽനിന്ന് ഓലക്കെട്ടു കണ്ടുപിടിക്കുന്നതുവരെ അതായിരുന്നുവല്ലോ അവസ്ഥ. എന്നാൽ അക്കാലത്തും തെയ്യക്കാർ കർക്കിടോത്തിത്തെയ്യത്തിന് 'പയ്യന്നൂർ പാട്ട്' പാടുന്നുണ്ടായിരുന്നു.

ഈ സന്ദർഭത്തിൽ പയ്യന്നൂർ പാട്ടിലേതെന്ന് അനുമാനിക്കാവുന്ന മറ്റൊരു പഴയപാട്ട് ഞാൻ ഇവിടെ ഓർമ്മയിൽ ഉദ്ധരിക്കട്ടെ.

"ആടങ്കൈയുടങ്കൈദേശമങ്കേ
നാമെന്നനീയൂരിൽ വന്നതുണ്ടോ
ഊരിൽക്കളിക്കുന്ന മങ്കമാരേ
നഗരേയണിഞ്ഞിതോ കച്ചിൽപട്ട്
കച്ചിൽപട്ടിൽക്കുലചെട്ടിമാരേ
നമ്പൂശരിയരൻ കോവിലമ്മൂൻ
ആലും തറയും പൊന്നമ്പലവും
അമ്പലം വാതിലകം വരുമ്പം
ആർത്തികളിച്ച് ത്ടങ്ങിബാലറ്
ബാലരെയാർത്തിയും തീർത്തുകൊണ്ട്
ചുറ്റമ്പലത്തിലെ നൃത്തമാകും
നൃത്തങ്ങളാടുന്നോരാടിദൈവേ...."

കർക്കിടകം ഇരുപത്തെട്ടിന് ഇറങ്ങിയാൽ സംക്രമംവരെ മൂന്നോ നാലോ ദിവസംകൊണ്ട് ഒരു നിശ്ചിതപ്രദേശത്തിലെ മിക്കവാറും എല്ലാ വീടുകളിലും കർക്കിടോത്തിത്തെയ്യം എത്തേണ്ടതുണ്ട്. അഞ്ചോ പത്തോ മിനിറ്റുകൾക്കപ്പുറം ഒരു വീട്ടിൽ ചെലവഴിക്കാൻ പാട്ടുകാർക്ക് അതുകൊണ്ട് സമയം കിട്ടില്ല. അതുകൊണ്ടുതന്നെ ഒരു വീട്ടിലും ഒരു പാട്ടും പൂർണ്ണമായി പാടാറില്ല. ഓരോ വീട്ടിലെത്തുമ്പോഴും പാട്ടുകാരന്റെ മനസ്സിൽ തെളിയുന്ന പാട്ടിന്റെ ഭാഗം പാടുകയാണ് പതിവ്. വാമൊഴിവഴക്കത്തിൽ പകർന്നുകിട്ടിയ പഴയപാട്ടുകൾ പലതും ഇക്കാരണംകൊണ്ടുതന്നെ ആദിമദ്ധ്യാന്തപ്പൊരുത്തമില്ലാത്തവയായിത്തീർന്നിട്ടുണ്ട്.

"ഉച്ചയാവോളമോ പിച്ചയേറ്റു
ഉച്ചകഴിഞ്ഞാപ്പിന്നമ്പലത്തിൽ"

"അറ്റമില്ലാതെകണ്ടന്തിനേരം
അയ്യങ്കൊൾവാൻ വന്നിരുന്നതാര്
പാർത്തിട്ടിരിപ്പാൻ പല തെരുവൻ
വാണിപിടിച്ച് വാഴിക്കമേല്പ്പോ
കൂട്ടരോടും കൂടാകാട്ടിൽപുക്ക്
വേട്ടകഴിഞ്ഞെഴുന്നള്ളുന്നേരം
വേട്ടവർതന്റെ മടിയിൽക്കണ്ടു
വാട്ടമറ്റുള്ളൊരു പൈതൽ കണ്ണൻ"

"താപംനിരന്നതാപസിയാളേ
തന്നാനീയെങ്ങിനെകൊള്ളുമാറ്
കൊള്ളും[1] കുടപ്പനേരോലകോട്ടി
കേളിമേൽ പാത്രവുമുണ്ട് കൈമേൽ"

ഈ വരികളെല്ലാം കർക്കിടോത്തിക്ക് പാടുന്നവയാണ്. ഇവയിൽ ചില വരികൾ പയ്യന്നൂർ പാട്ടിന്റെ പല ഭാഗത്തായിക്കാണാം.

## ഗുരുസി ഉഴിയൽ

പാട്ടുകഴിഞ്ഞാൽ 'ഗുരുസി ഉഴിയുക' എന്നൊരു ചടങ്ങുണ്ട്. ഗൃഹനാഥ കിണ്ണത്തിൽ ചുവന്ന ഗുരുസിയും (മഞ്ഞളും നൂറും ചേർത്തുണ്ടാക്കിയത്) ഒരു കൈത്തിരിയുമായി പടിഞ്ഞാറ്റകത്തുനിന്ന് ഉഴിഞ്ഞ് വീടിന്റെ വടക്കുഭാഗത്ത്കൊണ്ട്, കമിഴ്ത്തുന്നു. (മലയരുടെ തെയ്യം - വേടന് കറുത്ത ഗുരുസി ഉഴിഞ്ഞ് തെക്ക് ഭാഗത്ത് കമിഴ്ത്തുകയാണ് പതിവ്) ഗുരുസി ഉഴിഞ്ഞ് മറിക്കുന്ന സമയത്ത്

"കർക്കിടകംഞാറ് ചിങ്ങഞ്ഞാറ്റില്
വാരിപ്പിടിച്ചമാരിയും മഹാവ്യാധിയും
പുറങ്കഴിഞ്ഞ് വാണാളും വർദ്ധനവുണ്ടായിരിക്ക"

എന്നിങ്ങനെ പാട്ടുകാരൻ ചെണ്ടമുട്ടിപ്പാടുന്നു.

ഗുരുസി ഉഴിയുന്ന ചടങ്ങും അതുമായി ബന്ധപ്പെട്ട പാട്ടും ഇന്ന് തീരെ ഇല്ലാതായി എന്നുതന്നെ പറയാം. "കല്ല്യാണശീലേ കിളിമകളേ" എന്നാരംഭിക്കുന്ന പാട്ടുപോലെ താരതമ്യേന അടുത്തകാലത്ത് രചിക്കപ്പെട്ട പാട്ടുകളാണ് ഇന്ന് പാടിവരുന്നത്. പാശുപതാസ്ത്രം നേടാനായി അർജ്ജുനൻ തപസ്സുചെയ്തതും ശ്രീ പരമേശ്വരൻ വേടരൂപം ധരിച്ച് അർജ്ജുനനെ പരീക്ഷിച്ചതുമായ കഥയാണ് അവയിൽ മിക്കപാട്ടുകളിലേയും ഇതിവൃത്തം.

ഈ സന്ദർഭത്തിൽ എന്റെ അഭിവന്ദ്യ പിതാവ് ശ്രീ കുറുവാട്ട് കോരപ്പെരുവണ്ണാനിൽനിന്ന് ഞാൻ പാരമ്പര്യവഴിക്ക് പഠിച്ച കർക്കടോത്തിത്തെയ്യപ്പാട്ടിലെ വരികൾ ഉദ്ധരിക്കട്ടെ:

**പാട്ട്** (1)

അന്തിക്കൂത്താടുവാരെൻ മകനും
ആനമുഖവെൻ ഗണപതിയും
വന്തരുൾചെയ്ത് തെളിന്തിതമാം
വാണിതുണക്കെനിക്കാദരവിൽ
മങ്കയെന്നാവിൽ സരസ്വതിയും
മങ്കമലർപ്പെൺ മനുവതിയും
രംഭേയുറുവശി മേനകയും
ക്ഷേത്തിരപാലനു മയ്യനുമായ്
മറ്റുള്ള ദേവകൾ പലരും വന്തേൻ
ഒത്തെൻമനം കുടികൊണ്ടിങ്ങനെ
വാഴ്ക പൊലിക നിഴൽസഭയിൽ1
ചന്ദിരരാപതി രിന്ദിരേരും
ഒന്നുവിനെൽക്കവി ചൊല്ലരുതോ
ഒടുവലംകൈമേൽ ഓലചക്രം
മുറ്റുക്കുഭിക്ഷയേറ്റുണ്ടയോഗി
ഉദയസ്തമാനം നടന്നതീശാ
അറ്റമില്ലാത്തെ കണ്ടന്തിനേരം
അയ്യം കൊൾവാൻ²വന്നിരുന്നതാർ
താപംനിരന്ന തപസ്സിയാളേ
തന്നാ നീയെങ്ങിനെ കൊള്ളുമാറ്
കൊള്ളും കുടപ്പനേരോല കോട്ടി
കേളിമേൽപാത്രവുമുണ്ട് കൈമേൽ
പാർത്തിട്ടിരുപ്പിൻ പലതെരുവൻ
വാണിപിടിച്ച് വാഴിക്ക മേൽ പോ
കൂട്ടരോടും കൂട കാട്ടിൽ പുക്ക്
വേട്ട കഴിഞ്ഞെഴുന്നള്ളുന്നേരം
വാട്ടവർ തന്റെ മടിയിൽക്കണ്ടു
വാട്ടമറ്റുള്ളൊരു പൈതൽക്കണ്ണൻ
ഓങ്കാരമായ മുടിതലയിൽ
പൊൻകുറി നെറ്റിക്കണച്ചു നന്നായ്
ഒച്ചകൊള്ളും മണി കൊട്ടിനന്നായ്
ചേർച്ചയോടിങ്ങ് വലത്തുകൈമേൽ
ഒരാണ്ട്കാലം തികയുന്നേരം
ഓരോരോ വീടുകൾ തോറുംചെന്ന്
ഓരോരോ വീടുകൾ തോറും ചെന്നാൽ
വേരോടെ പോരുക വൻപിണിയെ
കർക്കിടോത്തിക്കുതന്നുടെ കാരുണ്യത്താൽ
കാലിക്കിടാങ്ങളും പൂരിച്ചീടും
അർത്ഥമനേകവും വർദ്ധിച്ചീടും
പുത്രരുമുണ്ടാകും മേലിൽ മേലിൽ
കർക്കിടോത്തി വന്നുകളിച്ചാരപ്പൊരുനെല്ലും പൊന്നും വാണാളുംവർദ്ധനവുണ്ടായിരിക്ക....."

## കെന്ത്രോൻപാട്ടും പയ്യന്നൂർപാട്ടും

ഒരു ബാധോച്ചാടനകർമ്മമാണ് കെന്ത്രോൻ പാട്ട്. ഗന്ധർവ്വൻ പാട്ട് എന്നും പറയും. വണ്ണാന്മാരാണ് ഇത് നടത്തുന്നത്. വിവാഹം കഴിഞ്ഞ് ഒരു കൊല്ലം കഴിഞ്ഞിട്ടും പെണ്ണ് ഗർഭിണിയായില്ല എന്നുവന്നാൽ കെന്ത്രോൻ പാട്ട് കഴിപ്പിക്കുക മാത്രമത്രേ പോംവഴി. ഗന്ധർവ്വാദിബാധകളുടെ ഉപദ്രവംകൊണ്ട് ഗർഭം അലസിപ്പോകാമെന്നാണ് വിശ്വാസം. ഗർഭിണികൾക്ക് ഏഴാംമാസത്തിൽ കെന്ത്രോൻപാട്ടു നടത്തിയാൽ ഇത്തരം ബാധകളെ അകറ്റാൻ കഴിയും. അത്

സുഖപ്രസവത്തിന് വഴിയൊരുക്കുമെന്നാണ് വിശ്വാസം. ഇങ്ങനെ ഗർഭം ധരിക്കാത്തവർക്ക് വേണ്ടിയും ഗർഭരക്ഷയ്ക്ക് വേണ്ടിയും കെന്ത്രോൻപാട്ട് നടത്താറുണ്ട്. കെന്ത്രോൻപാട്ട് കഴിപ്പിക്കുക എന്നത് തറവാടിന്റെ അഭിമാനമായും കരുതിവന്നിരുന്നു.

ഏഴാംമാസത്തിൽ പുങ്ങൻ അടിയന്തിരത്തോടനുബന്ധിച്ചാണ് സാധാരണയായി കെന്ത്രോൻപാട്ട് നടത്തിവരാറുള്ളത്. ഒരുദിവസം പ്രഭാതം മുതൽ അടുത്ത ദിവസം പ്രഭാതംവരെ നീണ്ടു നില്ക്കുന്ന ചടങ്ങുകളാണ് കെന്ത്രോൻപാട്ടിനുള്ളത്. വീട്ടുമുറ്റത്ത് പന്തൽകെട്ടിയുയർത്തും. ബന്ധുക്കളേയും അയൽപക്കക്കാരേയും ക്ഷണിക്കും. ഭർത്താവിന്റെ വീട്ടുകാരെ പ്രത്യേകം ക്ഷണിക്കണം. അവരുടെ സാന്നിദ്ധ്യം നിർബ്ബന്ധമാണ്. ഉത്സവാവേശം ഗൃഹാന്തരീക്ഷത്തിൽ അലയടിക്കും.

ചുവപ്പ്, വെളുപ്പ് നിറത്തിലുള്ള തുണികൾ പന്തലിൽ വലിച്ചുകെട്ടും. കുരുത്തോല, പഴുക്കടക്ക, വെത്തില എന്നിവകൊണ്ട് പന്തൽ അലങ്കരിക്കും. പന്തലിൽ നടുമുറ്റത്തായി നാല് കോണിൽ നാല് തൂക്കുവിളക്കുകൾ തൂക്കിയിടും. കുരുത്തോലകൊണ്ട് ഒരു തത്തക്കൂടും തത്തയും ഉണ്ടാക്കി പന്തലിന്റെ മദ്ധ്യത്തിൽ തൂക്കിയിടുന്ന പതിവുമുണ്ട്. ഉണക്കലരി, പുഴുക്കലരി, അവല്, മലര്, പഞ്ചങ്ങൾ (അഞ്ചുതരം ധാന്യങ്ങൾ വേവിച്ചത്) തേങ്ങ, ഇളനീര്, വെല്ലം (ശർക്കര) പഴം എന്നിവ പന്തലിൽ നിവേദിക്കും. നാല് കോണിൽ നാല് കണ്ണിത്തേങ്ങയും വെക്കുന്ന പതിവുണ്ട്. രാവിലെ വേലിയേറ്റസമയത്ത് ചടങ്ങുകൾ ആരംഭിക്കും. പിണിയാളെ കളത്തിലിറക്കുന്നതാണ് ആദ്യത്തെ ചടങ്ങ്. പിണിയാളിന്റെ കൂടെ മറ്റ് സ്ത്രീകളും പന്തലിലിറങ്ങും. ഭർത്തൃമതികളാണ് സാധാരണ കളത്തിലിറങ്ങുക. പുടവ ഉടുത്തതിന് മുകളിലായി തോളുകളോട് ചേർത്ത് മാറ് മറയത്തക്കവിധത്തിൽ രണ്ടാം മുണ്ടുടുത്താണ് പെണ്ണുങ്ങൾ കളത്തിലിറങ്ങുന്നത്. അപ്പോൾ പാട്ടുകാർ 'പന്തലിൽ കീയുന്ന പാട്ട്' പാടും. മദ്ദളം, കൈമണി എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ. ചിലപ്പോൾ ചെണ്ടയും ഉപയോഗിക്കും. ഇരുന്ന്കൊണ്ടാണ് പാട്ടുകാർ പാടുന്നത്. അമ്മായിയമ്മ വിളക്കും തളികയുമെടുത്തുകൊണ്ട് മുമ്പിൽ നടക്കും. തളികയിൽ മടക്ക്പുടവയും അല്പം അരിയും വെച്ചിരിക്കും. പന്തലിൽ കീയുന്ന സ്ത്രീസംഘത്തിന് മുമ്പിലായി ഒരു പെൺകുട്ടി നീങ്ങും. തുളസി, മാവില, ദർഭ എന്നിവ ചുരുട്ടിക്കെട്ടിയതുകൊണ്ടു വെള്ളം മുക്കിത്തെറിപ്പിക്കലാണ് കലശമാടൽ. അടുത്ത അമ്പലത്തിൽനിന്ന് കൊണ്ടുവന്ന പുണ്യാഹവും ചിലപ്പോൾ ഇതിന് ഉപയോഗിക്കാറുണ്ട്. ഈ സമയത്ത് കാണികളായ സ്ത്രീകൾ കുരവയിടും. "പൂരം തളിക്കുക" എന്നാണിതിന് പറയുക. കളത്തിന് മൂന്നു വലംവെച്ചശേഷം എല്ലാവരും അകത്തേക്കുതന്നെ പോകുന്നു. പിന്നീട് പിണിയാളെ രണ്ടാമതും കൊണ്ടുവന്ന് പന്തലിനുമദ്ധ്യത്തിൽ വിരിച്ചിരിക്കുന്ന വെള്ളയും കരിമ്പടത്തിൽ ഇരുത്തും.





### പേർത്ത് കെട്ടിവെക്കുക

അരി, പൂവ്, ചന്ദനം, മഞ്ഞക്കൊമ്പ്, കരിക്കട്ട എന്നിവ പേർത്തുകെട്ടിയ (ഓരോ ചെറിയ കെട്ടുകളാക്കി) ഒരു മൺകുടുക്കയിൽ വായ്പ്പൊതികെട്ടി പിണിയാളുടെ വലതുഭാഗത്ത് വെക്കും.

### ഗുരുസി ഉഴിയൽ (സന്ധ്കർമ്മം)

നൂറും മഞ്ഞളും ചേർത്തുണ്ടാക്കിയ ചുവന്ന ഗുരുസി കിണ്ണത്തിൽ എടുത്തു തിരി കത്തിച്ച് ഉഴിഞ്ഞ് വടക്കുഭാഗത്ത് മറിക്കും. ഈ സമയത്ത് പിണിയാൾ പന്തലിൽ കാൽ നീട്ടിയിരിക്കണം.

"ഓം അടിശുദ്ധിയായ നമഃ മുടിശുദ്ധിയായ നമഃ
മൂർത്തിതൊട്ട് മൂലാധാരം, സ്വാധിഷ്ഠാനം
മണിപൂരകം ഒമ്പതാംചുട്ടശരീരത്തിൽ
ബാധിച്ച ബാധകളും ദേവന്മാരും നീരോട്
നെലമിറങ്ങിപ്പോക.... ആദിമൂല ശ്രീഗുരവേ സ്വാഹാം ഗുരുവിനാണ"

എന്ന മന്ത്രം മൂന്ന് പ്രാവശ്യം ഉരുക്കഴിച്ച് ഗുരുസി ഉഴിയുന്നു. മൂർത്തി, മുഖം, നെഞ്ച്, ഇടം, വലം, നാഭി, മടി, കാൽമുട്ട്, പാദം എന്നിങ്ങനെ ഒമ്പത് സ്ഥാനങ്ങളിൽ തിരി കത്തിച്ച് ഉഴിയുന്ന സമ്പ്രദായവുമുണ്ട്. ഇതിന് ഓരോ സ്ഥാനത്തേക്കും പ്രത്യേകം പ്രത്യേകം മന്ത്രങ്ങളുണ്ടത്രേ. ആചാര്യന്റെ മന്ത്രത്തിനനുസരിച്ച് പരികർമ്മി ഓരോ സന്ധ്കളിലും ചേർത്ത് ഉഴിയുന്നതുകൊണ്ടാണ് സന്ധ്കർമ്മം എന്നും ഇതിന് പേരു വന്നത്. ശാപവും പാപവും ഒഴിക്കൽ എന്ന ചടങ്ങാണ് അടുത്തത്. ഈ സമയത്ത് ശാപവും പാപവും ഒഴിക്കുന്ന പാട്ട് പാടുകയും നെല്ലും അരിയും ഉഴിയുകയും ചെയ്യുന്നു. ശാപവും പാപവും ഉഴിയുക എന്ന ചടങ്ങ് രണ്ടാം ദിവസം പ്രഭാതത്തിലുമുണ്ട്.

### കന്നൽപ്പാട്ട്:

ഉച്ചയ്ക്കുശേഷം കന്നൽപാട്ടുകൾ പാടാൻ തുടങ്ങും. ഏതാണ്ട് സന്ധ്യയോടടുത്ത് കാമൻ, കന്നി എന്നീ തെയ്യക്കോലങ്ങൾ പുറപ്പെടും. അപ്പോൾ പാട്ടുകാർ മാരൻപാട്ടു പാടും

*"ധിം താം തൈ തിത്താതിന
ധിം താം തൈ തിത്താതിന"*

എന്ന താളത്തിൽ കാമനും കന്നിയും ആടുന്നു. അപ്പോൾ പിണിയാളും സഖിമാരും വിളക്കും തളികയുമായി പന്തലിൽ ഇറങ്ങിനില്ക്കും. സന്ധ്യകഴിയുന്നതോടെ കാമനും കന്നിയും അരങ്ങൊഴിയും.

സന്ധ്യയ്ക്കുശേഷം വണ്ണാന്മാർ കളമെഴുതും. അരിപ്പൊടി (പൂഴിയും കുമ്മായവും ചേർത്ത പൊടിയും ഉപയോഗിക്കും), കരിപ്പൊടി, മഞ്ഞപ്പൊടി, ചിന്തൂരം (മഞ്ഞൾപ്പൊടിയും നൂറും വെള്ളം ചേർക്കാതെ തിരുമ്മിച്ചുവപ്പിച്ചത്)

എന്നീ വർണ്ണങ്ങൾ ഉപയോഗിച്ചാണ് കളമെഴുതുന്നത്. അത്യപൂർവ്വമായി പച്ചയും ഉപയോഗിക്കാറുണ്ട്. മനയോലയും കട്ടനീലവും ചേർത്താണ് പച്ചപ്പൊടി ഉണ്ടാക്കുന്നത്. (ഇലപ്പൊടിയും ചിലപ്പോൾ ഉപയോഗിക്കാറുണ്ട്) ഗന്ധർവ്വന്റെ രൂപമാണ് കളമെഴുതുന്നത്. കളമെഴുതിക്കഴിഞ്ഞ് കലശമാടും. പിന്നെ പിണിയാളെ കളത്തിലിരുത്തും. പാട്ടുകേൾക്കാൻ കൂടുതൽ ആളുകളെത്തുന്നത് അപ്പോഴാണ്. വീട്ടുകാരും നാട്ടുകാരും ഭർത്താവിന്റെ വീട്ടിൽ നിന്നെത്തിയവരുമായി നല്ലൊരു ആൾക്കൂട്ടം അപ്പോഴുണ്ടാകും. അതോടെ പാട്ട് കൊഴുക്കും. കാണികളും അതിഥികളും പാട്ടുകാർക്ക് പണം നല്കും. ശ്രോതാക്കളെ ഉത്സാഹം കൊള്ളിക്കാനും പരിഹസിക്കാനും വിമർശിക്കാനും ഉതകുംവിധത്തിൽ കഥാസന്ദർഭത്തിനൊത്ത് പുതിയ പുതിയ വരികൾ നിമിഷംകൊണ്ട് ഉണ്ടാക്കിപ്പാടുന്ന പാട്ടുകാരുണ്ട്. തെയ്യക്കാർക്കുമാത്രം വശമുള്ള അണിയറഭാഷയിൽ വരികളുണ്ടാക്കിപ്പാടുന്ന വിരുതന്മാരും ഗായകസംഘത്തിലുണ്ടാകും. എന്നാൽ രാവേറെ ചെല്ലുന്നതോടെ പാട്ടിന് ഗൗരവം വെക്കുന്നു. ക്രമേണ പാട്ട് മുറുകുന്നു. അപ്പോൾ സമയം രാവിന്റെ അന്ത്യയാമത്തോടടുക്കും. മദ്ദളവും കൈമണിയും ചെണ്ടയും സജീവമാകുന്നു. വർണ്ണക്കളത്തിന്റെ വർണ്ണവും ഗന്ധവും ദീപക്കാഴ്ചകളും വാദ്യഘോഷങ്ങളും പാട്ടും ചേർന്ന് ഒരത്ഭുതാലക്തികരംഗം സൃഷ്ടിക്കുന്നു. അപ്പോൾ ഗന്ധർവ്വൻ പുറപ്പെടും. കതുവനൂർ വീരൻ തെയ്യത്തോട് സാദൃശ്യമുള്ളതാണ് ഗന്ധർവ്വന്റെ വേഷം. ഗന്ധർവ്വന്റെ കാൽച്ചിലമ്പിന്റെ തരിയിളക്കവും ചൂട്ടിന്റെ വെളിച്ചത്തിൽ തെളിയുന്ന ദൃശ്യവും രംഗത്തെ കൂടുതൽ കൊഴുപ്പിക്കും. പിണിയാളിന്റെ ഇടമാറും വലമാറും ചേർന്നിടം നോക്കി ഉണങ്ങലരി വാരിയെറിഞ്ഞുകൊണ്ടാണ് ഗന്ധർവ്വന്റെ പുറപ്പാട്. ഏത് പെണ്ണും അപ്പോൾ ഒന്ന് ഇളകിയാടിപ്പോകും. കലാശം കഴിഞ്ഞാൽ ഗന്ധർവ്വൻ പീഠത്തിലിരിക്കും. ആ സമയത്ത് പൊലിച്ചുപാട്ട് ആരംഭിക്കും. അത് കഴിഞ്ഞാൽ ഗന്ധർവ്വൻ അരങ്ങൊഴിയും.

### നീലകേശിയുടെ പുറപ്പാട്

നീലകേശി പുറപ്പെടുമ്പോൾ നേരം പുലർന്നിരിക്കും. ഈ സമയത്ത് പാട്ടുകാർ നീലകേശിപ്പാട്ട് പാടും. നീലകേശിപ്പാട്ട് പാടുമ്പോൾ നീലകേശിവ്യത്താകൃതിയിൽ ചുവടുവെക്കും. കെന്ത്രോൻപാട്ടിന്റെ അവസാനം പാടുന്ന പാട്ടാണിത്. ഈ പാട്ട് പയ്യന്നൂർ പാട്ടിലെ കഥയുടെ തുടർച്ചയായിക്കാണുന്നു എന്ന നിരീക്ഷണം ആദ്യമായി നടത്തിയത് പി. ആന്റണിയാണ്. (പയ്യന്നൂർ പാട്ട്: 51)

നീലകേശിത്തെയ്യത്തിന്റെ സാന്നിധ്യത്തിലും ശാപവും പാപവും ഉഴിയുക എന്ന ചടങ്ങ് നടത്തും.

*"ആകപ്പതിച്ചോരുള്ളം കാമൽ*
*അരിഞ്ചാപപിണിറ്റൊരുകൈ*
*ആർഭാഗത്ത് കൊടുപ്പ്തെന്നായ്*
*അക്കരമേലോ ഇക്കരമേലോ*
*ആര്യർപോകും ദേശത്തോ*
*ഉള്ളോനുള്ളോൻ പാതിരിയാടൻ*
*പറച്ചിനിപ്പറയൻ പുൾവടുവൻ*
*പോന്നെടംനോക്കി പൊറം ചൊല്ലിപ്പറവോർ*
*പാപികളായ് വരിക....*
*കണ്ണൻ ചെരട്ടയിൽ തീ കൊടുത്തവറ്*
*പാപികളായ്‌വരിക*
*മുരിക്കിൻ ചപ്പിലയിൽ നൂറുകൊടുത്തവർ*
*പാപികളായ് വരിക*
*വണ്ണാത്തിമാറ്റ് വെറും മാറ്റായ് കൊടുത്തവറ്*
*പാപികളായിവരിക....*
*നന്മയുംവരിക തിന്മയും പോന്ന്*
*വാണാളും വർദ്ധനവുണ്ടായിരിക്ക*
*ഇവർക്കെന്നാൽ...."*

*"ആനത്തേരപ്പെരുമലയെല്ലാം*
*ആടിപ്പാടിയുഴിയുന്നേൻ*
*നീലകേശി നിർമ്മലതായുടെ*
*വേച്ചിത്തം കഴിക്കുന്നേൻ*
*കുഞ്ഞന്നം കുരളാകേശിയുടെ*
*മഞ്ഞിഷ്ടം കഴിക്കുന്നേൻ"*

എന്നീ വരികൾ ആ പാട്ടിലുള്ളതാണ്.

തഞ്ചാവൂരിൽനിന്നു വന്ന താപസിയായിട്ടാണ് നീലകേശിയെ കരുതുന്നത്. കൂത്തും കുറിച്ച് മലയരികേ വഴിപോരുമ്പോൾ മലങ്കുറവനെ ചുട്ടചുടല കണ്ടു. അവിടുന്ന് ഒരു തീക്കൊള്ളി എടുത്ത് ചെഞ്ചാവൂരെ മാവൊടുകൊണ്ട് ചാരുന്നു. തരിയരനെ കൊല്ലുമെന്ന് ശപഥം ചെയ്യുന്നു. തുടർന്ന് കൂത്ത് നടത്താൻ ഒരുക്കം കൂട്ടുന്നു. കൂത്തിന്റെ വളർമ്മകേട്ട് തരിയരൻ എത്തുന്നു.

"ഞാൻ തോറ്റുവെങ്കിലെന്റൊരു മുല പണയം
നീ തോറ്റുവെങ്കിൽ നിന്റീതോരു തല പണയം"

അങ്ങനെ തലയും മുലയും വാത്പറഞ്ഞവർ ചൂത് കളിച്ചു. ചൂതിലും ചതുരംഗത്തിലും തരിയരൻ തോറ്റു. "എന്റീതോരു പഴംകുടിപ്പാവീട്ടുന്നു ഞാനും" എന്ന് പറഞ്ഞ് തരിയരനെ വെട്ടിക്കൊന്ന് കുടൽമാല കഴുത്തിലണിയുന്നു താപസി. ആ വേഷത്തിൽ തമ്മപ്പന്റെ കോയില്ക്കൽ എത്തി. കൂലവാണിയപ്പകയുള്ള നീ എന്റെ ശ്രീകൈലാസം, തീണ്ടി അശുദ്ധമാക്കരുതെന്നും വടവനൃതീർത്ഥത്തിൽ

(വടുകുന്നപ്പുഴ?) പുനൽകുളിക്കേണമെന്നും തമ്മപ്പൻ നിർദ്ദേശിക്കുന്നു. കുളി കഴിഞ്ഞെത്തുന്ന താപസി ദൈവക്കരുവായി മാറുന്നു.

നീലകേശിപ്പാട്ടിന്റെ അവസാനംവരുന്ന വരികളിൽ സാക്ഷാൽ ശക്തി സ്വരൂപിണിയായ അമ്മയായിട്ടാണ് നീലകേശിയെക്കുറിച്ച് പാടുന്നത്. കെന്ത്രോൻ പാട്ടിലെ നീലകേശി സാക്ഷാൽ അച്ചി (മാടായിക്കാവിലച്ചി) തന്നെയാണെന്ന് പഴയ തെയ്യക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. വെള്ളിമലയുടെ പൊൻമകളാണ് താൻ എന്ന് പയ്യന്നൂർ പാട്ടിലെ താപസി സ്വയം പരിചയപ്പെടുത്തുന്നതും ശ്രദ്ധേയമാണ്. നീലികേശിത്തെയ്യത്തിനും കർക്കിടോത്തിക്കും രൂപത്തിൽ വലിയ സാദൃശ്യമുണ്ട്. രണ്ട് തെയ്യവും കെട്ടുന്നത് കുട്ടികളാണ്. രണ്ടു തെയ്യങ്ങളും അമ്മ ദൈവങ്ങളാണെന്ന വിശ്വാസമുണ്ട്. കെന്ത്രോൻ പാട്ടും ആടിപ്പാട്ടും രണ്ടും ബാധോച്ചാടനകർമ്മങ്ങളാണ്. എല്ലാ ബാധോച്ചാടനകർമ്മങ്ങളും ഒടുവിൽ അച്ചിയിൽ സമർപ്പിക്കുക എന്നതാണ് വണ്ണാന്മാരുടെ ഒരു രീതി. "ഓറ്ക്ക് അടങ്ങാത്ത ഭൂതപ്രേപിശാചുക്കളില്ല" എന്നാണവരുടെ വിശ്വാസം. "കാളീസേവയിൽ അവർ പ്രത്യേകം തത്പരരാണ്." "ദാരികാന്തകിയായ കാളി (തായിപ്പരദേവത) വണ്ണാന്മാരാടെ പരദേവതയാണ്."[2] ബഹുഭൂരിപക്ഷം കാവുകളിലും പ്രാധാനപ്പെട്ട അമ്മദൈവത്തെ കെട്ടിയാടുന്നത് വണ്ണാന്മാരാണ്. തിരുവർകാട്ട് ഭഗവതിയുടെ ഒരു പൊലിച്ചുപാട്ടിൽ

*"കാളകണ്ഠരുടെ പൊൻമകൾ നീലമഹാകേശി*
*യെന്നല്ലോ നിങ്ങളെ തിരുനാമപ്പോരോ"*

എന്നു പറയുന്നുണ്ട്. നീലിയാർകോട്ടത്തമ്മ എന്ന തെയ്യത്തിനു പൊലിച്ചുപാടുന്നത് ഈ പാട്ടാണ് എന്നതും ശ്രദ്ധേയമാണ്.

## തെയ്യംപാടി കൂടികൂട്ടലും അഞ്ചടിയും

കളിയാട്ടം കഴിഞ്ഞ കാവിൻമുറ്റത്ത് ഏറ്റവും ഒടുവിൽ വണ്ണാന്മാർ നടത്തുന്ന പ്രധാനപ്പെട്ട ഒരു അനുഷ്ഠാനമാണ് തെയ്യംപാടി കുടികൂട്ടൽ. വെളക്കീരി ഉഴിയൽ എന്നും ഈ ചടങ്ങിന് നാമാന്തരമുണ്ട്. അറിഞ്ഞും അറിയാതെയും ഉറഞ്ഞും ഉറയാതെയും തെയ്യക്കാരൻ കെട്ടിയാടിയ ദൈവചൈതന്യത്തെ പള്ളിയറക്കകത്തെ "വെള്ളിശ്രീപീഠത്തിലും തിരുവായുധത്തിലും" കുടിയിരുത്തുക എന്നതാണ് ഈ അനുഷ്ഠാനത്തിന്റെ സങ്കല്പം. അന്തിത്തിരിയനും മറ്റ് അടിയന്തിരക്കാരും ഈ ചടങ്ങിൽ പങ്കെടുക്കേണ്ടതുണ്ട്. ജന്മാരിയായ വണ്ണാൻകാരണവർ രണ്ടാം മുണ്ടുടുത്ത് അരയിൽ മദ്ദളം കെട്ടി 'സോമാനത്തിൽ വാതുക്കൽ' നില്ക്കുന്നു. അന്തിത്തിരിയൻ, മറ്റടിയന്തിരക്കാർ എന്നിവരെക്കൊണ്ട് ചില കർമ്മങ്ങൾ ചെയ്യിച്ചശേഷം ചില ഈരടികൾ മൂളുന്നു. മൂന്നുതരം വിരുത്തങ്ങളിലാണ് ഈ പാട്ടുകൾ. മന്ത്രംപോലെ പവിത്രവും നിഗൂഢവുമായിട്ടാണ് ഈ വരികൾ കണക്കാക്കപ്പെടുന്നത്.





*"എത്തിരാവെഗം സരസ്വതിയാന*
*അമരാപതിയും വാഴ്ക"*
*"കാണവന്ന മഹാലോകർ കല്പനയായി*
*പലരും വാഴ്ക"*
*"ഒരൂരിൽ കൂത്ത് കെട്ടിയാ-*
*ഏഴൂരിൽ പിണിയൊഴിക"*

എന്നീ വരികൾ തെയ്യം പാടി കുടികെട്ടൽ എന്ന ചടങ്ങിലെ മൂന്നാം വിരുത്തത്തിൽ ഉള്ളവയാണ്. പയ്യന്നൂർ പാട്ടിലെ അഞ്ചടിയിൽ അതേ വരികൾ കാണാം.

### അഞ്ചടി

അഞ്ചടി എന്ന സാങ്കേതികപദംതന്നെ തോറ്റംപാട്ടുമായി ബന്ധപ്പെട്ടതാണ്. ഭഗവതിക്കോലങ്ങളുടെ തോറ്റംപാട്ടിലെല്ലാം അഞ്ചടികൾ ഉണ്ട്. എന്താണ് അഞ്ചടി എന്നതു സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. മദ്ദളത്തിലായാലും ചെണ്ടയിലായാലും അഞ്ച് 'ഉച്ച'വും അഞ്ച് 'മന്ദ'വും വീതമുള്ള 'അടി'മുട്ടിയിട്ടാണ് ഈ വിഭാഗത്തിലെ പാട്ട് പാടാറുള്ളത്. പയ്യന്നൂർ പാട്ടിൽ കാണുന്ന അഞ്ചടിയും ഈ രീതിയിൽ കൊട്ടിപ്പാടാൻ കഴിയും. അതുകൊണ്ടുതന്നെയായിരിക്കണം അഞ്ചടി എന്ന പേര് വന്നത്.

## വണ്ണാൻകൂത്തും പയ്യന്നൂർ പാട്ടും

വണ്ണാന്മാരുടെ അനുഷ്ഠാനകലകളിൽ പയ്യന്നൂർ പാട്ടുമായി ഏറ്റവുമധികം ബന്ധമുള്ളത് വണ്ണാൻകൂത്തിനാണ്. ഉത്തരകേരളത്തിലെ പൂരക്കളിയുടെ ആദിരൂപവുമായും വണ്ണാൻകൂത്തിന് ബന്ധം കാണാം. ഏതാണ്ട് നഷ്ടപ്പെട്ടു കഴിഞ്ഞ ഒരു കലയാണിത്. അപൂർവ്വം ചില കാവുകളിൽ ഇന്ന് വണ്ണാൻകൂത്ത് നടത്താറുണ്ടെങ്കിലും അതിന്റെ സ്വഭാവത്തിൽ വലിയ മാറ്റം സംഭവിച്ചിരിക്കുന്നു.

'തമിഴ്പ്പടി'യിലുള്ള 'ശാസ്ത്ര'ങ്ങളും കഥകളുമാണ് പണ്ട് വണ്ണാൻകൂത്തിൽ പറഞ്ഞിരുന്നത്. പറയുകയല്ല പ്രത്യേക ഈണത്തിൽ ചൊല്ലുകയാണ് പതിവ്. മത്തവിലാസം, കണ്ണെക്കഥ, നീലകേശിക്കഥ എന്നിങ്ങനെ 'തമിഴ്പ്പടി'യിലുള്ള കഥകളാണ് മുമ്പ് പറഞ്ഞിരുന്നത്. കഥകളോട്ചേർത്ത് 'കഥമ്മൽകഥകളും' (ഉപകഥകൾ) പണ്ട് പറഞ്ഞിരുന്നു. എന്നാൽ ഭാഗവതം, മഹാഭാരതം, രാമായണം തുടങ്ങിയ ഗ്രന്ഥങ്ങളിലെ കഥകൾ സംസ്കൃതശ്ലോകം ചൊല്ലി വ്യാഖ്യാനിക്കുകയാണ് ഇന്നത്തെ കൂത്തിൽ ചെയ്യുന്നത്. കൂത്തിലെ പഴയചടങ്ങുകൾ പലതും ഇന്ന് വിസ്മൃതമായിരിക്കുന്നു.

കാവുകളിൽ പെരുങ്കളിയാട്ടത്തോടനുബന്ധിച്ച് നടത്തിവരാറുള്ള ഒരനുഷ്ഠാനകലയാണിത്. നാലോ അഞ്ചോ ദിവസം നീണ്ടുനിൽക്കുന്ന പെരുങ്കളിയാട്ടത്തിന്റെ അവസാനദിവസമാണ് പ്രധാനദേവതയുടെ കോലം രംഗത്ത് വരു

ന്നത്. തൊട്ട് തലേദിവസം ഉച്ചയ്ക്ക് ശേഷമാണ് കൂത്ത് അരങ്ങേറുന്നത്. 'ശാസ്ത്രപരിചയത്തിനും', പുരാണപരിചയത്തിനും സാമൂഹ്യവിമർശനത്തിനും വിനോദത്തിനും കൂത്ത് പ്രയോജനപ്പെടുന്നു.

ആൺകൂത്ത്, പെൺകൂത്ത്, രണ്ട് ചങ്ങന്മാർ (ചങ്ങനും പുങ്ങനും എന്നും ഇവരെ വിളിക്കാറുണ്ട്) എന്നിവരാണ് വണ്ണാൻ കൂത്തിലെ വേഷങ്ങൾ. ആൺകൂത്ത് പെൺകൂത്ത് വേഷങ്ങൾ ശിവപാർവ്വതിമാരും ചങ്ങന്മാർ ഭൂതഗണങ്ങളുമാണ് എന്നാണ് വിശ്വാസം. പെരുങ്കളിയാട്ടത്തിന്റെ ഒരുക്കങ്ങൾ കാണാൻ വന്നെത്തുന്ന ശിവപാർവ്വതിമാരിൽനിന്ന് ശാസ്ത്രപുരാണാദികൾ കേൾക്കാനുള്ള സൗഭാഗ്യമാണ് കൂത്ത് പ്രദാനം ചെയ്യുന്നത്. കാലിൽ ചിലമ്പ്, പാടകം, മണിക്കയൽ. കയ്യിൽ വള, ചുടം, കടകം. അരയിൽ കണ്ണിവളയനുടുപ്പ്. മാറിൽ അങ്കിയാറ്, കഴുത്തിൽ കെട്ടുന്നത്, തലപ്പാളി, തൊപ്പിച്ചമയം, കറുത്തതാടിമീശ ഇതാണ് ആൺകൂത്തിന്റെ വേഷം. ഓലക്കുട, ചൂരക്കോല് എന്നിവയും കൂത്ത് ധരിച്ചിരിക്കും.

ആദ്യം ആൺകൂത്താണ് രംഗത്തു വരുന്നത്. കാവിൻ മുറ്റത്തു വന്ന് ദിക്ക്വന്ദനത്തിനും ദേവതാവന്ദനത്തിനും ശേഷം പടിപ്പുരയിലേക്ക് തിരിഞ്ഞ് സദസ്സിനെ വന്ദിക്കുന്നു.

"ഗംഗാകാമുകസൂനുവാരണമുഖൻ കാത്യായനീ നന്ദനൻ" എന്നാരംഭിക്കുന്ന ഗണപതിസ്തുതി, സരസ്വതീസ്തുതി എന്നിവയും "നെറ്റിക്കണ്ണും നിടിയ ജഡയും....." എന്നാരംഭിക്കുന്ന ശിവസ്തുതി എന്നിവയ്ക്കുശേഷം അതത് കാവിലെ ഭഗവതിയെ സ്തുതിച്ചുകൊണ്ടുള്ള ചെറുകീർത്തനങ്ങളും ആലപിക്കും.

സഭാവന്ദനം ഒരു പ്രധാന ചടങ്ങായിട്ടാണ് കരുതിവരുന്നത്. നിഴൽവണക്കം എന്നാണ് ഇതിന് പേര്. ഇതിനായി പ്രത്യേക പാട്ടുകൾ ഉണ്ടായിരുന്നു വത്രേ. നിഴൽ എന്ന പദം സദസ്സ് എന്ന അർത്ഥത്തിലാണ് ഇവിടെ ഉപയോഗിക്കുന്നത്. 'നിഴൽക്കഭയം' എന്ന് പയ്യന്നൂർ പാട്ടിലും കാണാം.

'കൂത്തുശാസ്ത്ര'മാണ് ആദ്യം പറയാൻ തുടങ്ങുക. ഹരീ.... എന്ന് നീട്ടിച്ചൊല്ലി മാതാവിനേയും പിതാവിനേയും ഗുരുവിനേയും ആദരിക്കുന്ന പാട്ടാണ് ആദ്യം ചൊല്ലുന്നത്. സൂര്യഭഗവാനെ സ്തുതിക്കുന്ന വരികളും ഈ പാട്ടിലുണ്ടായിരുന്നുവത്രെ. അതിനു ശേഷമാണ് നിഴൽവണക്കം. നിഴൽ വണക്കത്തിനുശേഷം ശാസ്ത്രം പറയാനാരംഭിക്കും.

പ്രപഞ്ചോൽപത്തി, മനുഷ്യോൽപത്തി, സാമുദ്രികശാസ്ത്രം, യോഗീശാസ്ത്രം എന്നീ 'ശാസ്ത്ര'ങ്ങളാണ് കൂത്ത് ശാസ്ത്രത്തിൽ പറഞ്ഞിരുന്നത്.

സൂരിയഭഗവാന് ഈ പ്രപഞ്ചോൽപത്തി ശാസ്ത്രത്തിൽ വലിയ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. മനുഷ്യോൽപത്തി സംബന്ധിച്ച ഒരു പരാമർശം ഉദ്ധരിക്കാം.





"ഓം ഇന്ദ്രസഭായോഗസദസ്യരേ
ഇഹത്തിലേ ഉങ്കൾ പിറക്കപ്പെട്ടതെപ്പടിയെൻറ്റാൽ
ശിവശക്തി സ്വരൂപമാന സ്ത്രീപുരുഷൈക്യത്തിൽ
ഹന്തതായ ആരുടെ ഗർഭകുമിളയിലെ
ബീജസങ്കലനം വരുകിറപ്പോതു
ഒന്നാം ദിവസം പുല്ലിൻമുനമെൽ
പനിനീർതുള്ളി പൊലെയാം
രണ്ടാംദിവസം നെല്ലിക്കപോലെയായിരിക്കും
..................................................................
ഒമ്പതാംദിവസം മാൻകിഴമെനിയുണ്ടാം
............................................................
ഒന്നാം മാസം കളുത്തും തോലും തലയുമുണ്ടാം
രണ്ടാം മാസം നിറച്ചൈപിണ്ഡമുണ്ടാം
...............................................................................
ഏഴാം മാസം എഴുപത്തീരായിരം നാഡിഞരമ്പുകളുണ്ടാകും.
ഒമ്പതാംമാസം ഓങ്കാരമെന്നപൊരുളുണ്ടായി..................
പത്താം മാസം എളുന്തപിള്ളൈപാടിളകി ഗർഭകുമിളയിലെ
സൂതികാവായു ആനതെ വന്തു വെദനയുണ്ടായി
പിടിവള്ളി ആനതൈവിട്ടു. പൂലോകത്തിലെ
മലമൽവീഴുവാറപ്പോലെ വീണപൊതുമുന്നെ
ഉണ്ടാന ഉണർവ്വുകളും തപസ്സുതാനങ്കളും
മന്തിരസ്തോത്തിരങ്കളും ഇതുയാവയും പൂലോകം
തൊട്ടപോതു മറന്തുപോയി പിളൈള......."

മനുഷ്യോൽപത്തിയെക്കുറിച്ച് പറഞ്ഞു കഴിഞ്ഞാൽ സാമുദ്രികശാസ്ത്രം, നാട്യശാസ്ത്രം, യോഗീശാസ്ത്രം എന്നിവയും പറയും. ശിവൻ യോഗീവേഷം ധരിക്കാനിടയായ കഥയാണ് യോഗീശാസ്ത്രത്തിലെ പ്രതിപാദ്യം. പൂരക്കളിയിലെ 'യോഗി' എന്ന വിഷയവും വണ്ണാൻകൂത്തിലെ യോഗീശാസ്ത്രവും അല്പം വ്യത്യാസത്തോടെയാണെങ്കിലും ഒരേ കഥയാണ് പറയുന്നത്.

മുനിമാരും ദേവന്മാരും രാക്ഷസന്മാരും സൂര്യചന്ദ്രാദികളും നാരദാദികളും യക്ഷകിന്നരന്മാരും അഷ്ടദിക്പാലകന്മാരും ഈരേഴുപതിനാലുലോകത്തുള്ളവരും ഭൂമിയുടെ ദോഷം തീർപ്പാനായി ഒത്തുചേർന്നു. എല്ലാവരും ഒരു മനസ്സായി ഒരുമിച്ചുകൂടിയപ്പോൾ ഭൂമിയുടെ ദോഷം തീർന്നു. എന്നാൽ ത്രിമൂർത്തികൾ തമ്മിൽ അവരവരുടെ പ്രവൃത്തികളിൽ പ്രാമുഖ്യം അവകാശപ്പെട്ടുകൊണ്ട് പിശകുണ്ടായി. അപ്പോൾ എല്ലാവരും കാൺകെ അവിടെയൊരു തേജസ്സ്വരൂപം പ്രത്യക്ഷപ്പെട്ടു. സർവ്വവ്യാപിയായ ആ തേജസ്സിന്റെ – ബ്രഹ്മ

ത്തിന്റെ - അടിമുടികണ്ട് ആദ്യം തിരിച്ചുവരുന്നവർ വിജയിക്കുമെന്ന് ശിവൻ അരുളിച്ചെയ്തു.

ഏറെദൂരം സഞ്ചരിച്ച വിഷ്ണു മടങ്ങിവന്ന് തന്റെ പരാജയം സമ്മതിച്ചു. അരയന്നത്തിന്റെ മുകളിലേറി സഞ്ചരിച്ച ബ്രഹ്മാവിന് ഏറെദൂരം സഞ്ചരിച്ചിട്ടും ബ്രഹ്മത്തിന്റെ അടിയോ മുടിയോ ഒന്നും കാണാൻ കഴിഞ്ഞില്ല. പരിക്ഷീണനായ ബ്രഹ്മാവ് ഏറെദൂരം ചെന്നപ്പോൾ നാഗമാലയെയും ഗോദാവരി എന്ന പശുവിനെയും കണ്ടു. ബ്രഹ്മത്തിന്റെ അടിമുടി കാണാനായി വിഷ്ണുവും താനും മത്സരിച്ചിറങ്ങിയ വിവരം ബ്രഹ്മാവ് അവരോടു പറഞ്ഞു. താൻ തിരിച്ചെന്ന് സദസ്സിൽവെച്ച് ബ്രഹ്മത്തിന്റെ അടിമുടി കണ്ടു എന്ന് കളവുപറയുമെന്നു നാഗമാലയും ഗോദാവരിയും അതിന് കള്ളസാക്ഷി പറയണമെന്നും ബ്രഹ്മാവ് ആവശ്യപ്പെട്ടു.

സദസ്സിലെത്തിയ ബ്രഹ്മാവ് താൻ ബ്രഹ്മത്തിന്റെ അടിമുടി കണ്ടുവെന്ന് കളവുപറഞ്ഞു. കോപിഷ്ഠനായ ശിവൻ നാന്മുഖന്റെ കളവുപറഞ്ഞ തല അറുത്തു. ബ്രഹ്മശിരസ്സ് ഭിക്ഷാപാത്രമാക്കി യോഗത്തെ പരിപൂർണ്ണമായി ഗ്രഹിച്ച് യോഗീവേഷംപൂണ്ട് ത്രിലോകങ്ങളിലും സഞ്ചരിച്ച് ഭൈക്ഷ്യം ഭുജിച്ചാൽ ബ്രഹ്മഹത്യാപാപം നശിച്ച് പരബ്രഹ്മത്തിൽ ലയിക്കുമെന്ന് വിഷ്ണു ശിവനെ ഉപദേശിച്ചു. അതനുസരിച്ച് ശിവൻ യോഗീവേഷം ധരിച്ച് ത്രിലോകങ്ങളിലും ഭിക്ഷാടനം ചെയ്തു മുക്തി നേടി.

ശാസ്ത്രകഥനത്തിനുശേഷം കഥകൾ പറഞ്ഞുതുടങ്ങും. മത്തവിലാസം, കണ്ണെക്കഥ, നീലകേശിക്കഥ, ദക്ഷയാഗം, കിരാതം എന്നിങ്ങനെയുള്ള കഥകളാണ് പറഞ്ഞിരുന്നത്. കഥകളോട് ചേർന്ന് സന്ദർഭാനുസരണം കഥമ്മൽക്കഥകളും പറഞ്ഞിരുന്നു. നീലകേശിക്കഥയാണ് കൂത്തിന്റെ ഏറ്റവുമൊടുവിൽ പറയുന്നത്. എല്ലാം 'അച്ചി'യിൽ സമർപ്പിക്കുക എന്ന വണ്ണാന്മാരുടെ വിശ്വാസമായിരിക്കാം ഇതിനു കാരണം.

വണ്ണാൻകൂത്തിൽ നീലികേശിക്കഥയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ട്. നീലകേശിക്കഥ പറയുമ്പോഴാണ് പെൺകൂത്ത് രംഗത്തു വരുന്നത്. കെന്ത്രോൻപാട്ടിലെ നീലകേശിത്തെയ്യത്തെയും ആടിപ്പാട്ടിലെ കർക്കിടോത്തിയെയും ഓർമ്മിപ്പിക്കുന്നതാണ് പെൺകൂത്തിന്റെ വേഷം. ശാസ്ത്രം പറയുമ്പോഴും മറ്റ് കഥകൾ പറയുമ്പോഴും ശ്രോതാക്കൾക്ക് കൂത്തിനോട് സംശയങ്ങൾ ചോദിക്കാം. ചിലപ്പോൾ തർക്കങ്ങളും നടക്കാറുണ്ട്. എന്നാൽ നീലകേശിക്കഥ പറയമ്പോൾ സംശയമോ, ചർച്ചയോ, തർക്കമോ പതിവില്ല. നീലകേശിക്കഥ തീരാറാകുമ്പോൾ ചങ്ങന്മാർ 'പുറപ്പെടുന്നു'. രണ്ടു കോമാളി വേഷങ്ങളാണ് ചങ്ങന്മാർ. ചങ്ങനും പൊങ്ങനും എന്നും ഇവരെ വിളിക്കാറുണ്ട്. ചങ്ങന്മാർ രംഗത്തു വന്ന് ചില തമാശരംഗങ്ങൾ സൃഷ്ടിക്കും. ഫലിതം ചങ്ങന്മാരുടെ കൂടപ്പിറപ്പാണ്. നീലകേശിക്കഥ പറഞ്ഞുകഴിഞ്ഞാൽ തിരുമുറ്റത്ത് വടക്കുഭാഗത്തായി ചില അനുഷ്ഠാനങ്ങൾ നടക്കും. 'വടക്കേൻഭാഗം' എന്ന ചടങ്ങുതന്നെ. വാഴപ്പോളകൊണ്ട്





നാലു കളങ്ങൾ തീർക്കുന്നു. നാലു കോണിലും നാല് കോത്തിരി കത്തിച്ചുവെക്കുന്നു. നിറനാഴി, ഉണക്കലരി, പുഴുക്കലരി, അവല്, മലർ, പഴം, ഇളനീർ, വെത്തിലടക്ക എന്നിവ ഓരോന്നായി അന്തിത്തിരിയനിൽ നിന്ന് ഏറ്റുവാങ്ങി 'തട്ടിൽ' (മണ്ഢലത്തിൽ) നിവേദിക്കുന്നത് ചങ്ങന്മാരാണ്. ഓരോ സാധനം വാങ്ങി നിവേദിക്കുമ്പോഴും അതത് സാധനത്തെക്കുറിച്ച് ചങ്ങന്മാർക്ക് ചില കാര്യങ്ങൾ പറയാനുണ്ടാകും. അതിൽ കളിയും കാര്യവുമുണ്ടാകും. നിറനാഴി വെക്കുമ്പോൾ നെൽവിത്തുകളെക്കുറിച്ചും നെല്ലിനെ ബാധിക്കുന്ന ഈതിബാധകളെക്കുറിച്ചും പറയും. സദസ്സിലുള്ള ആരെയും പരിഹസിക്കാൻ ചങ്ങന്മാർക്ക് അവകാശമുണ്ട്. നിവേദിക്കാനുള്ള അരി, മലർ എന്നിവ വളരെക്കുറവാണെങ്കിൽ അന്തിത്തിരിയനെയും കാവിലെ കാരണവന്മാരെയും അവർ വെറുതെ വിടില്ല. തേങ്ങയുടെ വലിപ്പം കുറഞ്ഞാലും, പഴത്തിന്റെ നീളം കുറഞ്ഞാലും, അടയ്ക്ക കണ്ടിച്ചതായാലും, അല്ലെങ്കിലും ചങ്ങന്മാർക്ക് ചിലത് പറയാനുണ്ടാകും. അവയിൽ ഏറിയകൂറും സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്നതുമായിരിക്കും. തിരുമുറ്റത്തുവെച്ച് അങ്ങനെ പറയുന്നതും പെരുമാറുന്നതും മോശമായി ആരും കരുതിയിരുന്നില്ല.

മുതിർച്ച കഴിഞ്ഞാൽ ആൺകൂത്തും പെൺകൂത്തുംകൂടി തട്ട് വലംവെക്കും. ആൺകൂത്ത് "ഹരീ...." എന്നാരംഭിക്കുന്ന ഒരു സ്തോത്രം പതുക്കെച്ചൊല്ലും. വലംവെക്കാൻ ചങ്ങന്മാരും കൂടെക്കൂടും. ആൺകൂത്തു ചൊല്ലുന്ന സ്തോത്രത്തെ ചങ്ങന്മാർ വികൃതമായി അനുകരിക്കും.

അതിനുശേഷം കുരുത്തോലകൊണ്ടുണ്ടാക്കിയ ഒരു താലി ചങ്ങന്മാരിൽ ഒരാൾ ആൺകൂത്തിന്റെ കയ്യിൽ കൊടുക്കുകയും ആൺകൂത്ത് അത് പെൺകൂത്തിന്റെ കഴുത്തിൽ കെട്ടാൻ ഒരുങ്ങുമ്പോൾ

"കെട്ടുവാൻ മുഹൂർത്തം വിധിച്ചൂകണിശൻ
കേശവൻകയ്യാലഴിക്കയാൽ
പണ്ടെങ്ങാണ്ടുള്ളത് വാഴ്ത്തി
കെട്ടല്ല തരിയരാ" എന്ന് മറ്റേ ചങ്ങൻ വിളിച്ചുപറയുകയും ചെയ്തിരുന്നുവത്രേ. "കെട്ടല്ലതരിയരാ" എന്നുമാത്രം ചങ്ങന്മാർ വിളിച്ചുപറയുകയും പതിവുണ്ടായിരുന്നുവെന്ന് മാട്ടൂൽ കുഞ്ഞിക്കണ്ണൻ വൈദ്യർ എന്ന കൂത്തൻ കാരണവർ പറയുന്നു. പിന്നീട് പാണിഗ്രഹണം നടക്കുന്നു. ആൺകൂത്തും പെൺകൂത്തും കൈകോർത്ത് തട്ടിനെ വലംവെക്കുന്നു. "കല്യാണം കഴിഞ്ഞു" ഇനി സദ്യ വേണം എന്ന് ചങ്ങന്മാർ വിളിച്ചുപറയുമ്പോൾ അന്തിത്തിരിയൻ അവർക്ക് ചെറുപഴങ്ങൾ എറിഞ്ഞുകൊടുക്കുന്നു. ചങ്ങന്മാർ ചേർന്ന് ചില തമാശരംഗങ്ങൾ സൃഷ്ടിക്കുന്നു. പിന്നീട് ആൺകൂത്തും പെൺകൂത്തും "ചവനം"(ശകുനം?) കാണുന്നു. അഞ്ച് വെത്തില, അഞ്ച് വാർപ്പ് (കഷണം) അടയ്ക്ക, ഒരു തേങ്ങ എന്നിവകൊണ്ടാണ് ചവനം കാണുന്നത്. ഓരോ വെത്തിലയും അടയ്ക്കയും തേങ്ങയും നിലത്തുവീഴുമ്പോഴും ചങ്ങന്മാർ ലക്ഷണം പറയും. തട്ടിൽ നിവേ

ദിച്ച സാധനങ്ങൾ (അവല്, മലർ, ഇളനീർ, പഴം, നിറനാഴി എന്നിവ) കവർന്നെടുത്തുകൊണ്ട് ചങ്ങന്മാർ രംഗം വിടുന്നു. ദക്ഷിണ സ്വീകരിച്ച് ആശിസ്സ് ചൊരിഞ്ഞുകൊണ്ട് ആൺകൂത്തും പെൺകൂത്തും അരങ്ങൊഴിയുന്നു.

## പൂരക്കളിയും വണ്ണാൻപാട്ടും

പൂരക്കളിയിലെ ചില ചടങ്ങുകളുമായി വണ്ണാൻകൂത്തിൻ സാദൃശ്യമുണ്ട്. പൂരക്കളിയിലെ 'യോഗി' എന്ന വിഷയംതന്നെയാണ് വണ്ണാൻകൂത്തിലെ യോഗീശാസ്ത്രം. ശിവൻ യോഗീവേഷം ധരിക്കാനിടയായ കഥയാണ് ഇതിൽ പ്രതിപാദിക്കുന്നത്. പൂരക്കളിയിലെ ആണ്ടും പള്ളും എന്ന ചടങ്ങും വണ്ണാൻകൂത്തിലെ ആൺകൂത്തും പെൺകൂത്തും ചേർന്നൊരുക്കുന്ന രംഗങ്ങളും കൂടുതൽ പഠനം അർഹിക്കുന്ന മേഖലകളാണ്. ഉത്തരകേരളത്തിലെ യോഗിസമുദായക്കാർ (ചോയി) നടത്തിവരാറുള്ള 'കേളിപാത്രം' എന്ന അനുഷ്ഠാനകലയുടെ പിന്നിലെ ഐതിഹ്യവും യോഗിശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. ഉടലിൽ ഭസ്മം പൂശി, വെള്ളമുണ്ടും അതിന് മുകളിൽ ചുവന്ന പട്ടും ധരിച്ച്, രുദ്രാക്ഷമണിഞ്ഞ്, കിരീടം ധരിച്ച്, ഒരു കയ്യിൽ മണിയും മറുകയ്യിൽ ചൂരക്കോലും ഭിക്ഷാപാത്രവുമായി വീടുകൾതോറും ചെന്ന് ഭിക്ഷ വാങ്ങിക്കുന്ന ശിവവേഷമാണ് കേളീപാത്രം. പൂരക്കളിയിലെ യോഗീനാടകവും കെന്ത്രോൻപാട്ടിലെ യോഗി എന്ന പൊറാട്ടും ഒരേ വിഷയമാണ് പ്രതിപാദിക്കുന്നത്. ശംഖ്, പളുങ്ക്, രുദ്രാക്ഷം, ചൂരക്കോല് എന്നിവയുടെ മാഹാത്മ്യത്തെക്കുറിച്ചുള്ള വണ്ണാൻകൂത്തിലെ പരാമർശങ്ങളും പൂരക്കളിയിലെ പരാമർശങ്ങളും സമാനത പുലർത്തുന്നു.

പത്തഞ്ഞൂറ് കൊല്ലംമുമ്പ് ഒരു കോലത്തുനാട്ട് രാജാവിനാൽ അറുകൊലചെയ്യപ്പെട്ട കൂടാളിത്തറയിലെ കുഞ്ഞിരാമൻ ഗുരുക്കളാണ് ഗുരുക്കൾ തെയ്യം. ഗുരുക്കൾ യോഗി സമുദായത്തിൽ (ചോയി) പെട്ടയാളായിരുന്നുവെന്ന് ഗുരുക്കൾ തെയ്യത്തിന്റെ മുൻപസ്ഥാനത്തിൽനിന്നു മനസ്സിലാക്കാം. ശംഖും പളുങ്കും രുദ്രാക്ഷവും ധരിച്ച യോഗിയത്രേ കുഞ്ഞിരാമൻ ഗുരുക്കൾ "നാല് നാല്പത്തെണ്ണായിരം യോഗീശ്വരന്മാരിലും മുമ്പായിപ്പിറന്നു എന്റെ കദിരിയത്ത് രാജാവ്..."

കോഴിക്കോട്ടെ തിരുവണ്ണൂർക്ഷേത്രത്തിലെ ശിലാലിഖിതം വായിച്ചെടുത്ത എം. ജി. എസ്. നാരായണൻ രേഖപ്പെടുത്തിയിട്ടുള്ളത് അവിടെ നാല്പത്തെണ്ണായിരവർ കാലിയാരെ ആരാധിച്ചിരുന്നു എന്നാണ്.

പയ്യാവൂർ ഊട്ട് ഉത്തരകേരളത്തിലെ പ്രധാന ഉത്സവമാണ്. പയ്യാവൂർ ഒരു തീർത്ഥാടനകേന്ദ്രമാണ്. കാസർഗോഡു മുതൽ കോഴിക്കോടുവരെയുള്ള പ്രദേശങ്ങളിൽ എന്നു മാത്രമല്ല കുടകിൽനിന്നും തീർത്ഥാടകർ അവിടേക്കെത്താറുണ്ട്. വ്രതമനുഷ്ഠിക്കുന്ന തീർത്ഥാടകർ ശംഖും പളുങ്കും രുദ്രാക്ഷവും ചൂരക്കോലും ധരിക്കുന്ന പതിവുണ്ട്. ബുദ്ധമതവുമായി പയ്യാവൂർ പെരുമാൾക്കുള്ള ബന്ധവും പഠനാർഹമായ വിഷയമാണ്. കണ്ണങ്ങാട്ട് ഭഗവതിയുടെ ആസ്ഥാനം പയ്യാവൂരാണ്.ചിലപ്പതികാരത്തിലെ കഥയുമായി കണ്ണങ്ങാട്ട് ഭഗവതിയുടെ അനുഷ്ഠാനങ്ങൾക്ക് വളരെയേറെ ബന്ധമുണ്ട്.





സാമൂഹ്യകഥയിലെ നായികമാരെ ദേവീപദവിയിലേക്കുയർത്തുക എന്നത് തെയ്യാരാധാനയുടെ സവിശേഷതയാണ്. കെന്ത്രോൻപാട്ടിലെ നീലകേശി, വണ്ണാൻകൂത്തിലെ പെൺകൂത്ത്, കർക്കിടോത്തി ഈ മൂന്ന് കഥാപാത്രങ്ങളും ശക്തിസ്വരൂപിണിയായ ദേവിയത്രേ. പയ്യന്നൂർ പാട്ടിലെ കരുത്തുറ്റ സ്ത്രീകഥാപാത്രമായ നീലകേശി കെന്ത്രോൻപാട്ടിലെത്തുമ്പോൾ ദേവീപദവിയിലേക്കുയർത്തപ്പെട്ടു കാണുന്നത് അതുകൊണ്ടായിരിക്കണം.

## പയ്യന്നൂർ പാട്ടിലെ വരികൾ - വണ്ണാൻകൂത്തിൽ

വണ്ണാൻകൂത്തിൽ പറഞ്ഞിരുന്ന നീലകേശിക്കഥതന്നെയാണ് പയ്യന്നൂർ പാട്ട്. ശ്രീ കീഴറ കണ്ണപ്പെരുവണ്ണാൻ ചൊല്ലിക്കേട്ട അറുപത്തഞ്ച് വരികൾ ചുവടെ ചേർക്കുന്നു.

1

"മതിയണിന്തരനും മാതും
മദകരിവേഷം പൂണ്ടു
മദംകിളർന്തടവിതന്നിൽ
മദിച്ചുടൻ നടന്നകാലം
മലമകൾ ജഠരം തന്നിൽ
ജനിച്ചുപെറ്റുണ്ടായ് വന്ന
മദമുഖനേകദന്തൻ
മനമിടർതെളിക വന്തേൻ....

2

ശിവനൊരു കോലം പൂണ്ടു
ശില്പമായരങ്ങുതന്നിൽ
കരിനരിത്തുകിലുമെല്ലും
കനൽക്കണ്ണും പുനലും ചൂടി
ശിവനൊരു ശിവഭ്രാന്താടി
ശിവവേഷം മുമ്പിൽവന്ത്
അരിയേനു അറിവ്തേടും
അറുമറക്കാതലാകും
കരുണയോടരങ്ങുതന്നിൽ
കളങ്കമറ്റാടും കൂത്തെ.....

3

നാമുനിഗുനാടകങ്ങളാടുന്നേരം
നലമിതു പശുപക്ഷിനാഗവാസി
ഖഗപതിയും കാളികാമൻ കാളിഭൂതം
കളങ്കമറ്റജ്ഞാനമൂർത്തി

ബ്രഹ്മൻവിഷ്ണു അറുമുഖനും
കരിമുകനു മാദരിച്ചേൻ
കാമവൈരി നാടകത്തെ കാൺകലുറ്റാൻ....

4
നാഗപ്പറകൊട്ടി നാലുപേർ വന്താർ
നന്മയോടറുപേർ മിഴാവൊടുവന്താർ
ആകപ്പതിനാറു മങ്കമാരോടു
ആയുസ്സുമായിരുവർ വീണയെടുത്താർ
കൂടക്കുലയിക്കുലക്കുണ്ഡലരിക്കുവാരി
കോദണ്ഡനായകൻ.... കൂത്തുവന്താനേ....

5
അരിയ നല്ല പൊൻമുടിക്ക് കിരിയും വൈത്തു
അതിനരികേ പൊന്നിൻപൂതിരുനെറ്റിക്കും
അരിയകാല്ക്ക് കാക്കിണങ്കും ചിലമ്പണിന്തു
അഴകൊടുപോൽ കൂത്താടുവാൻ
മുതിർന്നിനാരേ....

6
ഹരീവാഴ്ക വാഴ്ക നമ്മുടെ നല്ലോ-
രണിയാരങ്ങും വാഴ്ക
നമ്മുടെ നല്ലോരാട്ടാരങ്ങും വാഴ്ക
അണിയരങ്ങാവുതേ ബ്രഹ്മാണ്ഡംപോൽ
ആട്ടരങ്ങാവുതേ ഗർഭപാത്രം
അന്തിക്കൂത്താടുവരൻമകനും
ആനമുകവൻ കണാപതിയും
വന്താരുൾചെയ്ക തെഴിന്തിതമാടി
വാണീതുണക്കാനിലാദരവിൽ
ചിന്തതെളിന്തരയിൽ തുകിലും
ശ്രീകൃഷ്ണനമ്പിൽ കുളിന്തിടാവേ....

7
ചന്തമോടേ കവിചൊൽവതിനായ്
ശങ്കരനും വരമൻപരുളേ
ശങ്കരനാരദൻ നാന്മുഖനും
മറ്റുള്ള ദേവകൾ പലരും വന്തേൻ....

8
ഇന്നിഴലാവതു ദേവകളേ
ഇഴൽപ്പിറപ്പായതുനിന്നിഴലേ
നിന്നിഴലിൽ പരമാലകളും
നമ്മേയോഗാസ്തുതിക്കുംവണ്ണം
മങ്കയാം നാവിൽ സരസ്വതിയും
ക്ഷേത്തിരപാലനുമയ്യനുമായ്
വന്തേന്മനം കുടികൊണ്ടിങ്ങനേ...
വാഴ്ക പൊലിക നിഴൽക്കഭയം....

9
വന്തീദന്താപാപമറുക്കാൻ
സന്തതമഴകിന നാമവനുടൻപിറന്തു
രിന്തിരരും ജിഞ്ചിരവിധിമോക്ഷമില്ലാ-
ഞ്ഞിട്ടെന്തൊരുപാപമിതയ്യോ വിധിയോ
എഴുറുക്കും പൊൻചരടുമണപ്പാൻ
തന്തികിലാരുമെനിക്കൊരു മക്കളെ
താതുഭൂവനേ നീ എന്തിങ്ങുപോന്നേൻ...."

### കർക്കിടോത്തിപ്പാട്ട് (ആടിപ്പാട്ട്) 1

"ചാരുരസികത കലർന്നുള്ള കിളിക്കിടാവേ!
നേരെയൊരു കഥ പരിചൊടു പറകെന്നോട്
ഗൗരിപതീമൂന്നം കിരീടിക്ക് വരങ്കൊടുപ്പാൻ
പാരാതെടുത്തുള്ള രൂപമെന്ത് പറക ബാലേ!
വിരവിലതിനെനി കഥയായിപ്പറയാനായി
കരുണാനിധീ ഗുരുകൃപയാലേ പറയാമെല്ലാം
മുന്നം പശുപതി പ്രസാദത്താൽ ശരം ലഭിപ്പാൻ
മന്നൻ സുരപതി സുരൻ ചെന്ന് തപസ്സുചെയ്തു
കന്യാമണികളാം സുരാംഗനവിലാസത്താലും
സന്നമായിടാത്ത തപം കണ്ട് പാർവ്വതി ചൊന്നാൾ
മന്നീലിത്തരത്തിലൊരുവരും തപം ചെയ്തീല
നന്നായ് പ്രസാദിച്ചു വരമിന്നു കൊടുക്ക ശംഭോ
ഇന്ദുമുഖിയാകുമുമതന്റെ വചനം കേട്ടു
ചന്ദ്രക്കലാധരൻ ചിരിച്ചൊന്ന് പുണർന്ന് ചൊന്നാൻ
"കുന്നിൻ സുതേ, ബാലേ! കരിവരഗമനേ! ദേവീ!
കന്യാമണിയാളേ! സന്നതാംഗീ ശ്രവിക്ക ബാലേ!

ചിത്തേ ഇത്തരത്തിലഹങ്കാരം വളർന്നുള്ളോരെ-
യിത്രിലോകമതിലാരേയും ഞാൻ കണ്ടതുമില്ല
ഇന്ദ്രാവരജനെന്നെനിക്കുറ്റ സഖിയെന്നതും
ഇന്ദ്രൻ മമ താതൻ ഇന്ദുവക്ത്രൻ ഇന്ദുവംശജൻ
സോമകുലത്തിലും ആര്യമാവിൻ കുലം തന്നിലും
സാമ്യം മമശക്തിക്കെതിരായ നൃപനൊന്നില്ല.
ഇത്ഥമവനുള്ള മനോധാർഷ്ട്യം കളഞ്ഞ് വേണം
ചിത്തഹിതമായ പാശുപതം കൊടുത്തയപ്പാൻ
ചിത്തപരിപാകം പരിചൊടു വരുത്തിക്കൊണ്ട്
ചിത്തകോപമകന്ന് വരമിന്ന് കൊടുക്കുന്നുണ്ട്
ചിത്രധരനായ കിരാതനായ്ച്ചമയാം ഞാനും
മൽപ്രാണേശ്വരി പുളിന്ദിയായ്ച്ചമഞ്ഞീടേണം"
ചിത്രവനചര വടിവൊത്ത വരനെക്കണ്ട്
ചിത്രപാംഗീദേവി വനചരീവടിവായ്ത്തീർന്നു.
ആർത്ത് തിമർത്തൊക്കെ നടന്നിതുഭൂതസംഘവും
സുത്രാമാത്മജന്റെ സവിധത്തിലണഞ്ഞ നേരം
അന്ന് പന്നിരൂപം ധരിച്ചുള്ള മൂകനെ എയ്തു
പന്നികാരണത്താൽ കിരാതനും ധനഞ്ജയനും
കുന്ന് കലുങ്ങുമാറുടനടി പടതുടങ്ങി
നന്നായ് നടുങ്ങുന്നു ഭൂതസംഘപ്പടയുമപ്പോൾ
അന്ന് കഴിഞ്ഞുള്ള സമരത്തിൻ വർണ്ണന ചൊൽവാൻ
ഒന്നേ നമുക്കുള്ളൂ നാവതിനാൽ കുഴങ്ങീ ഞാനും
നന്നെക്കീറിയൊക്കെ മുറിഞ്ഞിതു വിശിഖം കൊണ്ട്
ചന്ദ്രക്കലാധരൻ തിരുമേനി ഒഴിവില്ലാതെ
പുള്ളിമൃഗാക്ഷിയാം ഉമയേറെ ഭയന്നുകൊണ്ട്
ഉള്ളം നടങ്ങുന്ന ശാപമൊന്ന് കൊടുത്തൂദേവി
ഇല്ലാഗതിയെന്ന വിജയന്ന് വരുത്തിക്കൂട്ടി
സ്വർലോകാധിപന്റെ തനയന്ന് വളർന്നു കോപം
വില്ലാലടിയൊന്നു കൊടുത്തിതു ശിവമൗലിയിൽ
മെല്ലെപ്പിടിച്ചിതു വില്ലിനെ ഗംഗയുമപ്പോൾ
കണ്ഠീരവംപോലെയടുത്തീതു വേടനുമപ്പോൾ
കണ്ഠം പിടിച്ചങ്ങു ചുഴറ്റുന്നൂ കിരീടിതന്നെ
കണ്ട് നിന്നവരും ഭയപ്പെട്ട് വിറച്ചീടുന്നു
ശുണ്ഠി പിടിച്ചുകൊണ്ടെറിഞ്ഞിതു വിയൻമാർഗത്തിൽ
അല്ലൽ വളരുമാറുടൻ വീണു ധരണീതന്നിൽ
വില്ലാളിയെന്നുള്ള നിലയൊന്നു നിനച്ചും കൊണ്ടും
കല്യാണാംഗനഹമെന്ന് മറന്നുകൊണ്ടും





"ആഹാ ജഗദീശാ സൂര്യപാണേ പാർവ്വതീകാന്താ
ദേഹം കുഴയുന്നു മരണം വന്നടുക്കുമിപ്പോൾ
ദേഹവിയോഗം വന്നണയുന്നുന്നോരദശയിങ്കൽ
ദേഹീവരം വിഭോ, ഫാലനേത്രാ! പാർവ്വതീകാന്താ!
കേട്ടു നൂറ്റവന്മാരീവിവരമെന്ന് വന്നീടിൽ
നാട്ടിലിരുന്നിട്ട് ഫലമെന്ത് ദേവദേവേശാ
കഷ്ടം സഹിച്ചുകൊണ്ടെത്രകാലം കഴിച്ചു ഞാനും
കഷ്ടപ്പെടുവാനോ അരുതിനി മേലിലും നാഥാ"
തത്രമൃത്ത്ർത്തുകൊണ്ട് ശിവലിംഗം ചമച്ചു ജിഷ്ണു
പത്രസമൂഹത്താൽ ജപിച്ചുകൊണ്ടർച്ചന ചെയ്തു
ഗാത്രം കിടുകിടെ വിറക്കുന്നു കുന്തീ പുത്രന്ന്
നേത്രം തുറപ്പാനോ അരുതാതെ ചമഞ്ഞു കഷ്ടം
ഗോത്രപതിയാകും സവ്യസാചിക്കുടൻ പ്രത്യക്ഷം
ചേർത്താമോദമോടെ കൊടുത്തീതു മൃഡാനീകാന്തൻ
ശത്രുസംഘമൊക്കെ ഒടുക്കുവാനുതകുമസ്ത്രം
മൃത്യുഞ്ജയദേവൻ കൊടുത്തിട്ട് മറഞ്ഞാൻ ശീഘ്രം."

**കർക്കിടോത്തിപ്പാട്ട് (ആടിപ്പാട്ട്)[2]**

ആദിഗിരിമേലൂർ മുകള്ന്ന് വരുന്ന തത്തേ
അഞ്ചമ്പനയുണ്ടോ കണ്ടുനീയുലകിലെങ്ങാൻ
അഞ്ചമ്പനുമുണ്ട് വെളുത്ത പാൽകുസുമമുണ്ട്
വെള്ളനിറമൊത്ത കുതിരയാനകളുമുണ്ട്
കുംഭഞ്ഞാറ്റുന്ന് കുളിരുള്ള പറമ്പത്ത്ന്ന്
കൂട്ടം പറയ്ന്നങ്ങീരൂപത്തെട്ടിളവേടന്മാർ
കൂട്ടം പറഞ്ഞുപോയ് കാട്ടിലെ മെരുഭം[1] നോക്കി
എന്നെക്കടിപ്പാനായ് എളമ്പുള്ളിനരിയും വന്നു
തുള്ളിക്കളഞ്ഞു ഞാൻ തുരുത്തീയിൽ വരുവോനാകിൽ
ഇയറ്കണകൊണ്ട് കണ്ണിലിട്ടെയ്താനാടീ
ആയംവലിയോര് കെണറ്റിലിട്ടടച്ചും വെച്ച്
എന്റെ തെനക്കൊത്ത മഴയൊന്ന് പെയ്തില്ലല്ലോ
കൊല്ലത്തിടി മൊയങ്ങീ കൊടുങ്ങല്ലൂർക്കാറ് താത്തു
അന്ന് രാക്കൊണ്ട് പൊയ്തോര് മാരിമഴ
അന്ന് കഴിഞ്ഞിട്ടങ്ങതിൽപ്പിറ്റേന്നതിൽപ്പിറ്റേന്നാൾ
സൂചിമുനക്കൊണ്ട് വന്നെന്റെ വെന്തിനെയും
മുള്ളിന്മുനക്കൊണ്ട് വന്നെന്റെ കരിന്തിനയും
വെള്ളക്കുരങ്ങന്റെ വാൽപോലെ വെന്തിനയും
കാരിക്കുരങ്ങന്റെ വാൽപോലെ കരിന്തിനയും

ഒന്നാം എലവിരിഞ്ഞ് ഒരു കമ്പ് കെട്ടീ തെന
രണ്ടാമെല വിരിഞ്ഞ് ഇര് കമ്പ് കെട്ടീ തെന
മൂന്നാമെല പിരിഞ്ഞ് മുക്കമ്പ് കെട്ടീ തെന
നാലാമെലവിരിഞ്ഞ് നാക്കമ്പ് കെട്ടീ തെന
അഞ്ചാമെല പിരിഞ്ഞ് അയ്ക്കമ്പ് കെട്ടീ തെന
ആറാമെല പിരിഞ്ഞ് അറുക്കമ്പ് കെട്ടീ തെന
ഏഴാനെല പിരിഞ്ഞ് അതിൽബയ്യേ ക്കതിരും വന്നു
എന്റെ തെനങ്കതിർപ്പൂമെയ്യിൽ പ്പൊലിഞ്ഞശേഷം
എന്റെ തെനങ്കതിർ മുറിപ്പാനായ്ക്കിളികൾ വന്നു
പെണ്ണേ, കിളിതെളി, കിളിതെളീ കുറത്തിപ്പെണ്ണേ
കിളികളെത്തെളിപ്പാനായ് കല്ലില്ല കബണയില്ല
കല്ലുങ്കവണയും കടുക്കച്ചെന്നെടുത്താനാടീ
ഒന്നാം മലയേറി ഒന്നോക്കീട്ടൊന്നെറിഞ്ഞു
ഒരു നൂറായിരം കിളികളെ കൊക്കോടിഞ്ഞു.
രണ്ടാം മലകേറി രണ്ടോക്കി രണ്ടെറിഞ്ഞു
രണ്ടു നൂറായിരം കിളികളെചെറകൊടിഞ്ഞു
കൊക്ക് ചുകന്നുള്ള കിളികളുണ്ടക്കൂട്ടത്തിൽ
കഴുത്തിൽ മാലയുള്ള കിളികളുമുണ്ടതിന്മേൽ
ഭാഷാ പതിനെട്ടും പഠിച്ചുള്ള കിളികളുണ്ട്
ശേഷം കിളികളും പറന്ന്പോയ്ക്കരയടങ്ങീ
പച്ചത്തെനകൊയ്യാൻ കൊറവനും കൊറത്തീംവന്നു
പച്ചത്തെനക്കൊയ്ത് മുറ്റിയിൽ വളച്ചും വെച്ച്
പച്ചത്തെന കുത്താനൊരാളില്ലാഉലക്കയില്ല
കല്ലാലുരലാക്കി കലമാൻന്തോൽ(ല്) മുറവുമാക്കി
നല്ല കുലയാനക്കൊമ്പ്രണ്ടങ്ങുലക്കയാക്കി
പച്ചത്തെന കുത്തി പലകമ്മേലരിയും ചാർത്തി
ശേഷയരികൊണ്ട് ഭഗവാനോരമോതേത്താക്കി.

**ആടിപ്പാട്ട് 3**

വെച്ച കണ്ണാടി വിളക്ക് പീഠം
വെണ്ണ നൽപൂക്കുല വെണ്ണച്ചാന്ത്
പൂക്കുലയും നല്ല വെള്ളരിയും
നന്ദാർവിളക്ക് തുളസി ബപ്പൂൻ
എല്ലാരും പോയിതോ തോഴിമാരേ
ഇഴലാർ മണൽപൊയ്ക പൂവിറുക്കാൻ
പൂവിടുംമുറ്റിതൊഴുതെടുത്ത്
പൂവായ്ക്കരമ്മരേ പോയെല്ലാരും



ചെക്കി, കുറിഞ്ഞി, മുല്ല, മല്ലിക
ചേമന്തിമന്ദാരം പൂവിറുത്തു
മല്ലപ്പൂവെല്ലാമുലർന്നപോലെ
മുവന്തിയാകുന്ന നേരമിപ്പോൾ
നല്ലൊരു മാല ചുഴന്നുകൊണ്ട്
ദേവരാജാവിന് ചാർത്തവേണം
അകമലര് പൂമലര് കൊണ്ടുവന്ന്
വലമുലക്കവച്ചമായ് നമസ്ക്കരിപ്പൂ
നേരിയകൂറയും നെയ്മഞ്ഞളും
നിച്ചലും നെച്ചിട്ടലങ്കരിപ്പൂ
അമരാർ പെരിഞ്ചെല്ലൂരമ്പലത്തിൽ
കോലം കൊണ്ടാടുന്നോരാടിദൈവേ
ആടിയെന്നുള്ളൊരു ദൈവം വന്നി-
ട്ടാടിച്ചാലുള്ള ഗുണങ്ങൾ കേൾക്ക
ആയുസ്സു വർധിക്കുന്നത്രയല്ല
വ്യാധിക്ക് നാശമായ് വന്നുകൂടും
കർക്കിടോത്തിതന്നുടെ കാരുണ്യത്താൽ
കാലിക്കിടാങ്ങളും പൂരിച്ചീടും
അർഥമനേകവും വർധിച്ചീടും
പുത്രരുമുണ്ടാകും മേലിൽ മേലിൽ
കർക്കിടോത്തി വന്ന് കളിച്ചാരപ്പോത് നെല്ലുംപൊന്നും
വാണാളും വർധനവുണ്ടായിരിക്ക.

**കർക്കിടോത്തിപ്പാട്ട് (ആടിപ്പാട്ട്)4**

അൻപിലരനും മങ്കയും ആനവടിവായ്ച്ചേർന്നു
അടവിയവിടക്കളിച്ച് പെറ്റുളനാം പൈതൽ
കുംഭീമുഖം കൊമ്പ് പടർന്നുള്ള ചെവികൾ രണ്ടും
കുംഭം കണക്കെ പൊൻനിറമൊത്ത കുടവയറും
മദിച്ച് നടക്കുന്ന മകനുണ്ണിഗ്ഗണേശനെന്റെ
മതിർത്തപഴം വെല്ലം കരിമ്പ് തേനിളനാരങ്ങ
തെളിവിനൊടെ വിരവിൽ പൊൻതളികതന്നിൽ
നിറയത്തരുന്നുണ്ട്... ഗജമുഖവാ...
സരസ്വതിയെന്റെ രസനത്തിൽ കളിക്കനന്നായ്
സരസീരുഹനേത്രൻ മുകുന്ദനും തുണക്കെന്നുള്ളിൽ
പാശുപതം പാണ്ഡു[2]തനയന് കൊടുപ്പതിന്നായ്
പശുപതിവേടച്ചമയങ്ങൾ ചമഞ്ഞുനന്നായ്
കണ്ടപ്പോഴേകുന്നിൻമകൾ വേടത്തരുണിയായി

കണ്ഠം കഴുത്തിൽ കല്ലയും മാല, കവിടിപൊരുന്നക്കെട്ടി
പട്ടമറംമാറ്റി കറുപ്പുകച്ചിലയും പൂണ്ടു
പെട്ടന്നതുശേഷിച്ചതുകൊണ്ടുത്തരീയം കെട്ടി
തോടയണിഞ്ഞുതോൾവളയിട്ടു കരങ്ങൾ തന്നിൽ
തൊടുകുറിമഞ്ഞക്കുറികളായ് തിലകം തൊട്ടു
ശംഖുമോതിരമിട്ടു പരിചൊത്ത വിരൽ പത്തിന്നും
ചരണതാരിങ്കൽ മണികച്ച മുറുക്കിക്കെട്ടി
നെടിയതലമുടി മകുടമായ് മുടിയിൽ കെട്ടി
വടിവൊടെഴുതി അഞ്ജനം കണ്ണുരണ്ടിനും
കൂട്ട, കൊടുവാള് കരം തന്നിലെടുത്തുകൊണ്ട്
കൂട്ടം ചുഴലുന്ന് കാളികൾ കൂളി ഭൂതകണങ്കളെല്ലാം
ചമഞ്ഞുമലമകൾ പുറപ്പെടുന്നതുകണ്ടപ്പോൾ
ചലനം പെരുതായ്വന്നിതു ചന്ദ്രക്കലാധരനും
പൊരുത്തമിവളെന്റെ തരുണിയെന്നുരസ്സിൽനണ്ണി
പൊരുന്ന പടവാർത്ത പറഞ്ഞുവേടനുമന്നേരം
വനത്തിലെഴുന്നള്ളി നായാടിക്കളിക്കവേണം
വനചരൻ വഴിമൊഴിയെന്നു നിനച്ചുദേവി
വേടൻ മുളവില്ലും ശരക്കോലും കരത്തിലേന്തി
വേട്ടക്കെഴുന്നള്ളി വലയും ചേകവരും നായും
പാർത്ഥൻ തപം ചെയ്യും വനത്തിങ്കലകത്തുപൂക്ക്
ചോരച്ചുമടുകണ്ടുടൻചെന്നു പെരുവേടൻതാൻ
ചോദിച്ചിതുപന്നി കിരാതനും കിരീടിയോട്
ബന്ധം നിനക്കെന്ത് മെരുവത്തെയടക്കിവെപ്പാൻ
വഞ്ചിക്കണമെന്ന് മനതാരിൽ നിരുപിച്ചിട്ടോ.
മാംസംഭുജിപ്പാനോ കൊതിപാരം നിനക്കുണ്ടെങ്കിൽ
മാനമോടെപന്നിമന്നവൻമാർക്കുറചെയ്തീടേണം
കപടമനമോടെ തപസ്സുചെയ്തിരിക്കുന്നേരം
കായക്കണക്കൂണായ് വരുത്തേണം മടികൂടാതെ
കടുപ്പം കൊടുവാക്ക് കിരാതൻ ചൊന്നതുകേട്ടപ്പോൾ
ജ്വലിക്കുന്നിതുകോപമുടനേ ഫൽഗുനനപ്പോൾ
കുലച്ചകുലവില്ല് ശരമൂരിപ്പിടിച്ചുകൈമേൽ
കുലഞ്ഞുപെരുവേടൻ ശരം മൈമേൽതറക്കുന്നേരം
ഇന്ദ്രസുതനമ്പു വരിഷിക്കുന്നതുകണ്ടപ്പോൾ
ഇന്ദുമുഖിയാം പാർവ്വതികണ്ട് ശപിച്ചുചൊന്നാൻ
തൂണീശരത്ത്ന്ന്[3] ശരമിന്ന് ഒഴിഞ്ഞുപോകാ
തൊടുത്തുവരുന്നമ്പ് പൂവമ്പായ് വരികവേണം
കണ്ടുകരക്കണ്ണ്[4]രുമയാളും കുസുമബാണം

കഷ്ടം! കരത്തിങ്കൽ കണയില്ലാതുഴന്നൂ പാർത്ഥൻ
മുഷ്ക്കൊടിച്ചു വില്ലിനെക്കൊണ്ടു മുടിവേടൻമേൽ
മുഷ്ക്കോടടിച്ചു ഗംഗ വില്ലിനെ പിടിച്ചുവന്നേരം
അടികൊണ്ടപ്പോഴേ വിശ്വരൂപം പൂണ്ടുണർന്നൂ നാഥൻ
അയ്യോ! ശിവനേ! ശങ്കരാ! വിഷ്ണു! വിരിഞ്ചാ! പോറ്റീ
പോറ്റീ, അടിയൻ ചെയ്തപരാധം ക്ഷമിക്കവേണം
തൊഴുതു വണങ്ങുന്ന വിജയനെ കണ്ടൂനാഥൻ
തഴുകിതോളാൽ കൊണ്ടുപിടിച്ചിരുത്തിതൻവലന്തുടമ്മേൽ
മൂലമുപദേശം മുഴുവനൊട്ടരുളിച്ചെയ്തു
തപസ്സിൻമൂലമായ് മുടിചൂടി വസിക്കനീപോയ്.

**കർക്കിടോത്തിപ്പാട്ട് 5**

കല്ല്യാണശീലേ! കിളികളേ!
നല്ല വിശേഷങ്ങൾ ചൊൽക ബാലേ
ചൊല്ലുവിനെങ്കിലോ കേട്ടുകൊൾവിൻ
ചൊല്ലേറു അർജ്ജുനനായ വീരൻ
ശത്രുജനത്തെ ജയിപ്പതിന്നായ്
അർധേന്ദ്രചൂടരെസേവ ചെയ്‌വാൻ
പാരാതെ പോയവൻ ഭക്തിയോടും
കൈലാസമാമല തന്നിൽച്ചെന്നു
കാലാരിതന്നെയും ധ്യാനിച്ചുള്ളിൽ
ഘോരമായുള്ള തപം തുടങ്ങി
ഇന്ദ്രാസുതന്റെ തപസ്സുകാണ്മാൻ
ചന്ദ്രക്കലാധരൻ പ്രീതനായി
അക്കാലം നാഥന്മാർ ദാനവാരി-
ശക്രാസുതന്ന് വരം കൊടുപ്പാൻ
വിക്രമമേറിയ വേടരൂപം
കൈകൊണ്ട് മാമല മങ്കയോടും
വമ്പേറും ഭൂതകണങ്ങളോടും
വമ്പിച്ചകാനനം തന്നിൽച്ചെന്നു
ഭൂലോകമൊക്കെ ഞെടുങ്ങുംവണ്ണം
ഭൂലോകനായകൻ വേട്ടയാടി
വേട്ടയുമാടി നടക്കു കാലം
പന്നഗഭൂഷണൻ മായയാലേ
ചെന്നിതുപാർഥന്റെ സന്നിധിയിൽ
അന്നേരമർജ്ജുനൻ തന്നെക്കൊൽവാൻ
വന്നൊരു പന്നിയെയ്തു വേടൻ

അമ്പുകൊണ്ടോടുന്ന സൂകരത്തെ
വമ്പനാം പാർത്ഥനും ബാണമെയ്തു
എന്നതുമൂലം പിണങ്ങിതമ്മിൽ
ചന്ദ്രാഭരണനും അർജ്ജുനനും
തങ്ങളിലുണ്ടായ യുദ്ധമെല്ലാം
ഇങ്ങനെയെന്ന് പറഞ്ഞുകൂടാ
വൻമഴപോലെ ശരങ്ങൾ തൂകി
ആഴികലങ്ങി, ഞെടുങ്ങിലോകം
അസ്ത്രങ്ങൾ കൊണ്ടുടൽ നീളെക്കീറി
രക്തമണിഞ്ഞങ്ങിരുപുറവും
കാണായനേരം മലമകളും
ബാണം വിജയനൊടുങ്ങിപ്പോകാ

അന്നേരം ബാണമൊടുങ്ങിപ്പോയി
തല്ലിനാനർജ്ജുനൻ വില്ലുകൊണ്ട്
തല്ലിയ വില്ല് പിടിച്ച് ഗംഗ
മെല്ലെയൊളിച്ചു തിരുജടയിൽ

എന്തിനിക്കീവണ്ണം വന്നതെന്നും
ചിന്തിച്ചാനർജ്ജുനൻ മാനസത്തിൽ
നൂറ്റവറ് ചൂതിൽ ചതിച്ചപോലെ
തോറ്റൂ വനം തന്നിലായി ഞങ്ങൾ

ഏറ്റമുണ്ടാകിയ സങ്കടത്തെ
മാറ്റുവാനാരുമില്ലാഞ്ഞ മൂലം
പാർവ്വതീകാന്തനെ സേവയെചെയ്തു
സേവയും ചെയ്തുതാൻ നിൽക്കുന്നേരം
ഈവണ്ണമെല്ലാം അനുഭവിക്കാ-
ഉത്തമമായ ശിവലിംഗത്തെ
സത്വരം നിർമിച്ചു മണ്ണുകൊണ്ട്
തത്രാദരത്തോടെ ഭക്തിയോടെ
പത്രപുഷ്പങ്ങളെയാരാധിച്ചു
ആരാധിച്ചീടിന പുഷ്പമെല്ലാം
പാരാതെ വേടൻ മുടിയിൽക്കണ്ടു
നേരെ ധനഞ്ജയൻ നോക്കുന്നേരം
തൃക്കണ്ണ് മൂന്നും തിരുജടയും
സർപ്പങ്ങൾകൊണ്ടുള്ള കുണ്ഡലവും
ആടും പുലിത്തോലരയിൽ ചാർത്തി





ഒത്തുള്ളരത്നം വിളങ്ങുംപോലെ
ഒത്തിവന്നാടുക ചിത്തമോദാൽ.

## കുറിപ്പുകൾ:

1 മെരുവം എന്നും പാഠഭേദം
2 പാണ്ണു എന്നുച്ചാരണം
3 തൂണീശരത്ത്ന്ന് – തൂണീരത്തിൽനിന്ന്
4 കരക്കണ്ടർ – കരക്കണ്ടർ എന്നുച്ചാരണം

## ആവേദകർ:

പയ്യന്നൂർ ശേഖരൻ
കീഴറ ഒതേനപ്പെരുവണ്ണാൻ, പി. ഒ. കീഴറ, കണ്ണൂർ ജില്ല
കീഴറ കണ്ണപ്പെരുവണ്ണാൻ, പി. ഒ. കീഴറ, കണ്ണൂർ ജില്ല
മാട്ടൂൽ കുഞ്ഞിക്കണ്ണൻ വൈദ്യർ, പി. ഒ. മാട്ടൂൽ, കണ്ണൂർ ജില്ല
ടി. പി. കണ്ണപ്പെരുവണ്ണാൻ, പെരിന്തലേരി, പി. ഒ. കൊയ്യം, കണ്ണൂർ ജില്ല.
മാവിച്ചേരി കണ്ണപ്പെരുവണ്ണാൻ, കണ്ടങ്കാളി, പയ്യന്നൂർ, കണ്ണൂർ ജില്ല
കുഞ്ഞിമംഗലം കുഞ്ഞിരാമപ്പെരുവണ്ണാൻ, പി. ഒ. കുഞ്ഞിമംഗലം, കണ്ണൂർ ജില്ല.

■

**പയ്യന്നൂർ പാട്ട്**
**പാഠവും പഠനങ്ങളും**

എഡിറ്റർ : പി. ആന്റണി
General Editor : Dr. Scaria Zacharia
Tuebingen Univesity Malayalam Manuscript Series No.1

പഠനങ്ങൾ : ഡോ. ജോർജ് ബൗമാൻ
പ്രഫ. എസ്. ഗുപ്തൻനായർ
ഡോ. എം. ലീലാവതി
എഡിറ്റർമാർ

വില : 40 രൂപ മാത്രം
കോപ്പികൾ ഡി.സി ബുക്സ്/ കറന്റ് ബുക്സ് ശാഖകളിൽ

# പയ്യന്നൂർ പാട്ടിന്റെ പശ്ചാത്തലവിചാരം

എം.ജി. എസ്. നാരായണൻ

ഇന്ന് നമ്മുടെ പയ്യന്നൂർ എന്ന സ്ഥലപ്പേര് പഴയന്നൂരായിരുന്നിരിക്കണം. ഇപ്പോൾ പയ്യന്നൂർ ആയതാകാം. പയ്യന്നൂർ പാട്ടിൽ പഴയന്നൂർ എന്നാണ് കൂടുതലും പ്രയോഗിക്കുന്നത്. ഒരുതവണ മാത്രമേ പയ്യന്നൂർ എന്ന് പ്രയോഗിച്ചിട്ടുള്ളൂ. ഈ കൃതിയിലെ പലഭാഗങ്ങളിലും പഴെന്നൂർ എന്നാണ് കൊടുത്തിട്ടുള്ളത്. പയ്യന്നൂർ എന്ന സ്ഥലത്തിന്റെ പേര് പഴയന്നൂർ എന്നായിരിക്കാം. അങ്ങനെയാണെങ്കിൽ തമിഴ് സംഘംകൃതികളുമായി ഇതിനെ ഏതെങ്കിലും രീതിയിൽ ബന്ധിപ്പിക്കാൻ കഴിയും. അകനാനൂറിലെ 44-ാം പാട്ടിൽ കുടവായിർകീരത്തനാർ എഴുതിയ പാലൈപാട്ടിൽ (അകനാനൂറ് വോള്യം ഒന്ന് 1981:175) വിവ: നെന്മാറ പി. വിശ്വനാഥൻ നായർ)

“നന്നനോറ്റൈ നറുംപൂണത്തി
തുന്നരുങ്കടുന്തിറർ കങ്കൻ കട്ടി
പൊന്നണിവൽവീർ പുന്റുറൈയെന്റാ
ങ്കന്റവർ കഴീളയ വളപ്പരുങ്കട്ടൂർ
പ്പരുന്തുപടപ്പണ്ണി പ്പഴൈയൻ പട്ടെന
ക്കണ്ടതുനോനാ നാകിത്തിൺടേർ
ക്കണൈയനകപ്പടക്കഴുമലന്തന്ത
പിണൈയലങ്കണ്ണിപ്പെരുംചൂട് ചെന്നി”

(പഴയൻ ചോഴരാജാവിന്റെ പടത്തലവൻ, ഇവൻ നന്നൻ മുതലായ ആറു സേനാപതികളും അവരവരുടെ സൈന്യത്തോടുകൂടിയിരുന്ന കൈനിലയെ സ്വസേനയോടുകൂടിച്ചെന്ന് ആക്രമിച്ച് അനേകം പേരെ കൊന്നൊടുക്കിയശേഷം ആ ശത്രുക്കളുടെ മാരകമായ ശസ്ത്രപ്രഹരമേറ്റ് മരിച്ചുപോയി. ഈ സംഭവം കണ്ടുനിന്ന പെരുംചൂട്ചെന്നി എന്ന ചോഴരാജാവ് സംഭൃതക്രോധഭാരനായി ചെന്ന് കഴുമംഗലം എന്ന ഊരിനെ ആക്രമിച്ച് അവിടെ ഉണ്ടായിരുന്ന കണയൻ എന്ന ചേരരാജാവിന്റെ സേനാപതികൾക്കും അധിപനായ സാംയുഗീനനെയും ആ ഗ്രാമത്തോടൊപ്പം പിടിച്ചടക്കി. മാമൂലനാർ എഴുതുന്ന തമിഴ്





സംഘംകൃതികളിലെ പാട്ടിൽ മോകൂരിലെ മൂപ്പനായ ഒരു പഴയനെക്കുറിച്ച് പറയുന്നുണ്ട്. മോരിയർ അതായത് മൗരിയർ തേരോടിക്കാൻവേണ്ടി മലതുരന്നു വഴിയുണ്ടാക്കി മോകൂരിലെ മൂപ്പനെ തോൽപ്പിച്ചു. മറ്റൊരുദിക്കിൽ ഏഴിമലയിലെ നന്നനെ/പഴയനെ തോൽപ്പിച്ചു എന്നും പരാമർശിക്കുന്നുണ്ട്.

## കാലം

ആദ്യകാലമലയാളകൃതി എന്നും പച്ചമലയാളകൃതി എന്നും പയ്യന്നൂർ പാട്ട് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ഇതിന്റെ കാലം വാസ്തവത്തിൽ നിർണ്ണയിക്കാൻ പ്രയാസമാണ്. ഇത്തരം ഫോക്ക്കൃതികളുടെ കാലം മാറിമാറി വന്നുകൊണ്ടിരിക്കും. ഇതിൽ പരാമർശിക്കുന്ന വസ്തുതകൾകൊണ്ടോ ആളുകളുടെയോ ഭരണകർത്താക്കളുടെയോ പേരുകൾകൊണ്ടോ കാലം നിർണ്ണയിക്കാം. ഏറിവന്നാൽ വളരെ സംശയാസ്പദമായി പറയാവുന്നത് ഒടുക്കത്തെ 104-ാമത്തെ പദ്യത്തിൽ

“ഉനതുംന്താരെയുരുക്കു മബെണ
ഉപ്പും കപ്പം മുലക്ക പൂഷണി”

എന്ന് പറയുന്നുണ്ട്.

ഇതിൽ താരെ എന്നു പറയുന്നത് മധ്യകാലകേരളത്തിലെ വെള്ളിനാണയത്തെക്കുറിച്ചുള്ള പരാമർശമാണോ എന്ന് ആലോചിക്കാം. അങ്ങനെയാണെങ്കിൽ 15-ാം നൂറ്റാണ്ടിനും 18-ാം നൂറ്റാണ്ടിനും ഇടയ്ക്കാണ് താരം എന്ന നാണയം പ്രചരിച്ചിരുന്നത്. അതിനെക്കുറിച്ച് ഗുണ്ടർട്ടിന്റെ ഡിക്ഷ്ണറിയിൽ പറയുന്നുണ്ട്. അതിന്റെ മൂല്യം കണക്കാക്കിയിട്ടുണ്ട്. കൃഷ്ണഗാഥയിൽ അതിനെക്കുറിച്ചുള്ള പരാമർശമുണ്ട്. കൃഷ്ണഗാഥയുടെ കാലം എന്ന പ്രബന്ധം ഞാൻ മുമ്പ് എഴുതിയിട്ടുണ്ട്. അത് വിജ്ഞാനകൈരളിയിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കൃഷ്ണഗാഥ ഞാൻ ഉടനീളം നോക്കിയതിൽ “കാരയ്ക്കവേണെങ്കിൽ താരം കൊണ്ടാ”. അതിൽ താരം എന്ന പ്രയോഗം നാണയം എന്ന അർത്ഥത്തിലാണ്. അതിൽ സംശയിക്കാനില്ല. ആ നാണ്യം നിലവിൽവന്നത് ഉത്തരകേരളത്തിലാണ്. അതിനെ ആസ്പദമാക്കി പയ്യന്നൂർപാട്ടിന്റെ കാലത്തെക്കുറിച്ചു പറയുകയാണെങ്കിൽ 15-ാം നൂറ്റാണ്ടിനും 18-ാം നൂറ്റാണ്ടിനും മദ്ധ്യേ ഉണ്ടായതായിരിക്കണം. ഇതിൽ താരെ എന്നു പറയുന്നത് താരം തന്നെയാണോ എന്നുറപ്പിക്കാൻ പറ്റില്ല. അഞ്ചടിയിൽ മൂന്നാമത്തെ വരിയിൽ

“ഗുണമുള്ളരാമെന്ദിരെരും കൊതകർമ്മരും ബാഴ്കാ”

കർമ്മരും എന്നതിന് വർമ്മരും എന്നായിരിക്കാം. പല ദിക്കിലും ഇങ്ങനെ വന്നതുകൊണ്ട് നമുക്കൂഹിക്കാവുന്നതാണ്. കൊണ്ടൈപടപ്പാട്ടിലും കോതകർമ്മരും എന്നുതന്നെ പറയുന്നുണ്ട്. മൂന്ന് കൊച്ചി രാജാക്കന്മാരെക്കുറിച്ച് കൊണ്ടൈപടപ്പാട്ടിൽ പറയുന്നുണ്ട്. അതിൽ ഒരാളെ കോതകർമ്മർ എന്നുതന്നെയാണ് പറയുന്നത്. ഇതിൽ അഞ്ചടിയും പാട്ടും ഒരേ കാലത്തുള്ളതാണോ ഒരേ കൃതി

യുടെ ഭാഗമാണോ എന്നു പറയാൻ പറ്റില്ല. അഞ്ചടി, പാടുന്ന കൂട്ടർ പിൽക്കാലത്ത് ചേർത്ത ആമുഖമായിക്കൂടായ്കയില്ല. കോത എന്നത് സംഘകാലം മുതൽ ഇക്കാലം വരെയുള്ള രാജാക്കന്മാരിൽ പലരും ഉപയോഗിച്ചുള്ള വാക്കാണ്. അതുകൊണ്ട് കോത എന്ന വാക്ക് കാലസൂചികയാവാൻ പ്രയാസമാണ്. വാമൊഴിവഴക്കത്തിലുള്ള പാട്ടുകളെ സംബന്ധിച്ച് കാലനിർണ്ണയത്തിനർത്ഥമില്ല. ചേരചോളപാണ്ഡ്യരെക്കുറിച്ചുള്ള പയ്യന്നൂർപാട്ടിലെ പരാമർശവും കാലബദ്ധമല്ലാത്ത ഒന്നാണ്. ആദ്യം മുതൽക്കേത്തന്നെയുള്ള കൃതികളിൽ മൂവരചൻമാരും ചേരചോളപാണ്ഡ്യന്മാരും വരുന്നുണ്ട്. അത്രയും പ്രസിദ്ധമായ ആർക്കിടൈപ്പൽ ബീജമാണ് ചേരചോളപാണ്ഡ്യന്മാർ. അത് ചരിത്രത്തിൽമാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അതിനെ ബന്ധിപ്പിച്ചാണ് എപ്പോഴും പറയാറുള്ളത്. എല്ലാ കൃതിയിലും കാണുന്നതുപോലെ ചരിത്രത്തിന്റെ ട്രെയ്സുകൾ പയ്യന്നൂർപാട്ടിലും കാണാം എന്നല്ലാതെ പ്രത്യേകിച്ചുള്ള രാഷ്ട്രീയചരിത്രത്തിന്റെ ട്രെയ്സുകൾ പയ്യന്നൂർപാട്ടിലില്ല.

## സ്ഥലം

പിന്നെ പറയാവുന്ന ഒന്ന് സ്ഥലങ്ങളെക്കുറിച്ചാണ്. ഇതിൽ നേരത്തെ പറഞ്ഞുവെച്ചിട്ടുള്ളത് പേരൂർ എന്നത് തൃശ്ശിവപേരൂരാകാം. കോയമ്പത്തൂരിനടുത്തുള്ള പേരൂരാകാം. അതിലും വലിയ ഒരു ശക്തി ആ വാദത്തിന് കാണുന്നില്ല. പെരിയ ഊരാണ് പേരൂർ. നല്ല ഊരാണ് നല്ലൂർ. ചിറ്റൂർ ചെറിയ ഊർ എന്നൊക്കെ പറയുന്നുതുമാതിരി, ഒരുപാടു ദിക്കിൽ പേരൂര് ഉണ്ട്. ഇതിൽ പേരൂരിനെക്കുറിച്ച് പറയുമ്പോൾ അവിടെ ഒരു അയ്യൻകോവിലുണ്ട് എന്നു പറയുന്നുണ്ട്. എനിക്ക് തോന്നിയിട്ടുള്ളത് പേരൂർ എവിടെയാകാം എന്നതിനെ സംബന്ധിച്ച് ആകെത്തുകയായിട്ടുള്ള ഒരു ഊഹം ഉത്തരകേരളത്തിലെവിടെയെങ്കിലും ആയിരിക്കാം എന്നതാണ്. ദക്ഷിണകേരളത്തിലേക്കോ അതിനപ്പുറത്തേക്കോ ഈ കൃതിയിൽ ആരും പോകുന്നില്ല. കപ്പലോടിച്ചുപോവുക എന്നു പറയുന്നത് പുഴവക്കത്തെക്കുറിച്ചാണ്. പുഴകളാണ് അതിൽ പരാമർശിക്കപ്പെടുന്നത്. പിന്നെ ഇതിൽ വാണിയർ എന്നു പറയുന്നതുകൊണ്ട് വാണിയരുടെ കഥയാണ് എന്ന് വ്യക്തമാണ്. വാണിയർ എന്ന പ്രയോഗം പല വൈദഗ്ദ്യമുള്ള ആളുകൾ, തൊഴിൽകൂട്ടങ്ങൾ ഇങ്ങനെയുള്ള പലർക്കും പൊതുപേരായി പറയുന്നുണ്ട്. മറ്റ് വ്യവസായമേഖലകളിൽ പലതും വാണിയം, വാണിജ്യം എന്ന് പറയുന്നുണ്ട്. വാണിയർ എന്നു പറയുന്നത് കച്ചവടക്കാരൻ എന്നു വ്യക്തമാണ്. വ്യാപാരികളായിട്ടുള്ള ഒരു സമുദായത്തിന്റെ കഥയാണ് കൂലവാണിയൻ എന്ന് പയ്യന്നൂർപാട്ടിൽ കാണുന്നത്. കൂലവാണിയൻ എന്നത് പഴയ പൗരാണികഗ്രന്ഥത്തിൽ ധാരാളം വന്നിട്ടുള്ളതാണ്. കൂലം എന്നാൽ കടൽക്കര എന്നാണർത്ഥം. നദിയുടെ കൂലം, കൂലം കുത്തിയൊഴുകുക ആ അർത്ഥത്തിലാണ്. കടൽകച്ചവടം നടത്തുന്ന വാണിയന്മാർക്കാണ് കൂലവാണിയൻ എന്നു പറഞ്ഞുവരുന്നത്. പഴയ ലിഖിതങ്ങളിൽ മുഴുവൻ കുലവാണിയൻ എന്നു കാണാത്തതുകൊണ്ടും കൂലവാണിയൻ എന്ന് കാണുന്നതുകൊണ്ടും പയ്യന്നൂർപാട്ടിലെ പരാമർശം കുലവാണിയനെക്കാൾ കൂലവാണിയനെക്കുറിച്ചാകാനാണ് സാധ്യത. തമിഴ്‌ലിഖിതങ്ങളിലും ധാരാളമായി കൂലവാണിയൻ എന്ന പ്രയോഗം വരുന്നുണ്ട്. തമിഴ്സാഹിത്യത്തിലും ചോളസാഹിത്യത്തിലും ഈ പ്രയോഗമുണ്ട്. ദക്ഷിണേന്ത്യയിലെ വ്യാപാരിസംഘങ്ങളെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ കേരളത്തിലെ അഞ്ചുവണ്ണം, മണിഗ്രാമം, വളഞ്ചിയർ, പട്ടണസ്വാമിമക്കൾ, നഗരത്താർ എന്നീ പല പേരുകളിലുള്ള വാണിജ്യസംഘങ്ങളെക്കുറിച്ചും പറയുന്നുണ്ട്. അഞ്ചുവണ്ണവും മണിഗ്രാമവും കേരളത്തിലും കേരളത്തിനു പുറത്തുമാണ്. അഞ്ചുവണ്ണം, മണിഗ്രാമം, കോവാതലച്ചെട്ടിപട്ടണസ്വാമിമക്കൾ എന്ന പരാമർശം പയ്യന്നൂർപാട്ടിൽ വരുന്നുണ്ട്. കോവാതലച്ചെട്ടി എന്താണ് എന്നുള്ളത് വേറൊരു പ്രശ്നമാണ്. ഗോവയാകാനുള്ള സാധ്യത വളരെ കുറവാണ്. കോവൈ എന്ന് കോയമ്പത്തൂരിനൊരു പേരുണ്ട്. കോവാതലച്ചെട്ടി എന്നത് അവിടെയാകാൻ സാധ്യതയുണ്ട്. ഉൾനാടൻ ദക്ഷിണേന്ത്യൻപ്രദേശങ്ങളും തുറമുഖകേന്ദ്രങ്ങളും തമ്മിൽ ഗാഢബന്ധമുണ്ടായിരുന്നു. കോയമ്പത്തൂരിലെയാണോ തലച്ചെട്ടി? അതിനൊരു സാധ്യതയുണ്ട്. കോവൈ നേരത്തെ ചേരന്മാരുടെ കേന്ദ്രമായിരുന്നു. ചരക്കുകൾ ഉൾനാടൻപ്രദേശങ്ങളിൽനിന്നും കടൽക്കരയിൽ കൊണ്ടുവന്നിട്ടാണ് കയറ്റിയയക്കുന്നത്. കപ്പലിൽ കയറ്റിയയക്കുന്ന സാധനങ്ങളുടെ ഒരു വലിയ പട്ടികതന്നെ പയ്യന്നൂർപാട്ടിന്റെ 97 മുതൽ 104 വരെയുള്ള പാട്ടുകളിൽ കൊടുക്കുന്നുണ്ട്. ഇറക്കുമതി കച്ചവടക്കാരാണ് കൂലവാണിയർ.

## പ്രയോഗങ്ങൾ

മഹോദയപുരം തലസ്ഥാനമായുള്ള ചേരരാജ്യത്തിന്റെ പഴയ ലിഖിതങ്ങളിൽ നിഴൽ എന്നു കാണുന്നുണ്ട്. രാജാവിന്റെ നിഴൽ എന്നു പറഞ്ഞാൽ രാജാവിന്റെ പ്രതിനിധി എന്നാണർത്ഥം. രാജാവിന്റെ ആളായി അയക്കുന്ന ആൾ എന്നുള്ള അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. വേണാട്ട് നിഴൽ എന്നുപറഞ്ഞാൽ വേണാട്ട് പ്രതിനിധി എന്നാണർത്ഥം. മധ്യകാലകേരളത്തിലെ പുരാലിഖിതങ്ങളിൽ നിഴൽ എന്ന് ധാരാളമായി പ്രയോഗിച്ചുകാണുന്നുണ്ട്. അഞ്ഞൂറ്റവർ എന്ന സംഘത്തിനും നിഴൽ എന്നു പറയുന്നുണ്ട്. ഒരു നാടുവാഴിയോട് ബന്ധപ്പെട്ട ആളുകളാണ് ഈ സംഘങ്ങൾ. അറുനൂറ്റവർ എന്ന സംഘത്തിനും നിഴൽ എന്നു പറയുന്നുണ്ട്. ക്ഷേത്രത്തിലെ ഊരാളന്മാരുടെ കൂട്ടത്തിനും നിഴൽക്കൂട്ടം എന്നു പറയുന്നുണ്ട്. സാമൂതിരിപ്പാടിന്റെ മധ്യകാലചരിത്രത്തിലെ മാമാങ്കത്തിന്റെ ചരിത്രം വരുമ്പോൾ നിഴൽക്കൂട്ടം എന്നു പറയാറുണ്ട്. തിരുനാവായ മണൽപ്പുറത്ത് നിഴൽക്കൂട്ടംകൂടി എന്നു പറയാറുണ്ട്. വലിയ കൂട്ടത്തിലുള്ള അകമ്പടിസൈന്യത്തിന് നിഴൽക്കൂട്ടം എന്നു പറയും. കൊടുങ്ങല്ലൂർ കാവിൽ നിഴലിരിക്കുക എന്നു പറയും. ഒന്നുകുറെയായിരം നിഴലരിക്കുക എന്ന് പഴയ ഗ്രന്ഥങ്ങളിൽ കാണാം. ക്ഷേത്രസഭക്ക് നിഴൽ എന്നു പറയും. ആ അർത്ഥത്തിലുള്ള നിഴൽ ഇവിടെയും പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ഒരുപക്ഷേ വട

ക്കൻപാട്ടിൽ നിഴൽ എന്ന പ്രയോഗം കാണാം. ചില ദിക്കിൽ നികൽ എന്നുപറയുന്നതും നിഴൽ എന്നുതന്നെയാണ്. ഛായ-ഒരിക്കലും പിരിയാത്തത്. വ്യക്തിയുടെയും വസ്തുവിന്റെയും കൂടെനിന്ന് ഒരിക്കലും പിരിയാത്തത് എന്നുള്ള അർത്ഥത്തിന്റെ വ്യാപ്തിയിലാണ് ആ പദം വരുന്നത്. ആ ക്ഷേത്രത്തിൽ ദേവതയുടെ പ്രതിനിധി എന്ന അർത്ഥത്തിലാണ് നിഴൽ എന്നു വരുന്നത്. മൂവൻ എന്ന പഴയ പദം വരുന്നുണ്ട്. മൂവൻ എന്നത് ഇരാമകുടമൂവന്റെ, കോലത്തുനാടുവാഴിയുടെ, ഒരു ബിരുദപ്പേരാണ്. അതും ചേരലിഖിതങ്ങളിലും ചോളലിഖിതങ്ങളിലും പാണ്ഡ്യലിഖിതങ്ങളിലും വന്നിട്ടുണ്ട്. അതുകൊണ്ട് മൂവർ, മൂന്നാളുകൾ എന്ന അർത്ഥത്തിലല്ല പയ്യന്നൂർപാട്ടിൽ ഉപയോഗിക്കുന്നത് എന്നു കൃത്യമായി പറയാവുന്നതാണ്. അഞ്ചടിയിൽ

> "*മുന്നെൽ നടക്കും ചെകവരും മന്തിരി മൂവരുമൊത്തുകൂടി*
> *എന്നുമെനിക്കെ ജയമാക എഴിലാർ കച്ചിൽ പട്ടിമെ*"

എന്നിടത്ത് മൂവർ എന്ന പ്രയോഗത്തിന് മൂന്നുപേർ എന്ന അർത്ഥമെടുത്താൽ പ്രയോഗം തെറ്റി. ശരിയാവില്ല. യോജിക്കില്ല. മൂവടിയോടിയ ആന എന്നത് പഴയ ചതുരംഗത്തിൽ മൂന്നടിയാണ് ആന നീങ്ങുക എന്നതിനെ സൂചിപ്പിക്കുന്നു. മന്ത്രിയും മൂവരും ഒത്തുകൂടി എന്നിടത്ത് മൂവൻ ഒരാളാണ്. ഏഴിമല രാജാവിനെ, കോലത്തുനാട്ടിലെ രാജാവിനെ ആയിരിക്കണം ഉദ്ദേശിക്കുന്നത്. അല്ലാതെ മൂന്നാളുകൾ എന്നല്ല ഉദ്ദേശിക്കുന്നത്. മൂന്ന് മന്ത്രിമാരാകാൻ വയ്യ. ചതുരംഗത്തിൽ രണ്ട് മന്ത്രിമാരെയുള്ളൂ. ഏഴിലാർകച്ചിൽപട്ടിമെ എന്ന പ്രയോഗം അങ്ങനെ പഴയ വാക്കിന്റെ പ്രത്യക്ഷീഭാവം എന്നു തോന്നിയ വേറൊരുപദം വാരാളികൾ എന്നതുമാണ്. വൃഷളികൾ എന്ന പദത്തിന്റെ പ്രാകൃതരൂപമാണോ വരാളികൾ എന്ന് ചിന്തിക്കാവുന്നതേയുള്ളൂ. പുരുഷാർത്ഥക്കൂത്ത് എന്ന ഗ്രന്ഥത്തിലൊക്കെ വൃഷളികൾ എന്ന് ധാരാളം വരുന്നുണ്ട്. പലേ മധ്യകാലരേഖകളിലും വൃഷളികൾ എന്നു വരുന്നുണ്ട്. വൃഷളൻ എന്നുപറഞ്ഞാൽ ശൂദ്രപുരുഷനും വൃഷളികൾ എന്നു പറഞ്ഞാൽ ശൂദ്രസ്ത്രീകൾ എന്നുമുള്ള അർത്ഥത്തിലാണ് അവിടെ വരുന്നത്. അതിൽനിന്നായിരിക്കാം, അതിനുള്ള പുച്ഛത്തിനുള്ള ദ്യോതകമായി കൊള്ളരുതാത്തവൻ എന്ന അർത്ഥത്തിലാണ് വഷളൻ എന്നു വന്നിട്ടുള്ളത്. ഏതായാലും വിറളി എന്ന് പാണന്മാരുടെ സ്ത്രീകൾക്ക് തമിഴ് സംഘങ്ങളുടെ കൃതികളിൽ പറയുന്നുണ്ട്. നൃത്തം അറിയുന്ന പാണന്മാരുടെകൂടെ നടക്കുന്ന സ്ത്രീകൾ എന്ന അർത്ഥത്തിലാണ് വിറളികൾ എന്നുവരുന്നത്. കൂത്ത് എന്ന വാക്കും പഴയ വാക്കാണ്. പഴയ പാരമ്പര്യത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതാണ്. തെളിഞ്ഞ മിഴാവിന്റെ ഒച്ചകൾക്കനുസരിച്ച് വാരളികൾ നടനമാടുക എന്ന് പറയുന്നതുകൊണ്ട് അതേ അർത്ഥത്തിൽ തന്നെയാണ് എന്ന് വരാവുന്നതാണ്. (പയ്യന്നൂർ പാട്ട് 81) വേറെ പേരൊന്നും കൃതിയിൽ പറയുന്നില്ല. അച്ഛനായ നമ്പുച്ചെട്ടിയുടെ പേര് പറയുന്നുണ്ട്. മകനായ നമ്പൂതരിയരന്റെ, നമ്പൂസരിയരന്റെ പേര് പറയുന്നുണ്ട്. അമ്മയായ കഥാപാത്രത്തിന്റെ പേര് പറയുന്നില്ല. മങ്ക എന്നേ പറയുന്നുള്ളൂ. മങ്ക എന്നുതന്നെയായിരിക്കാം നായികയുടെ പേര്.





## കഥ

കഥയുടെ ഗതിനോക്കിയാൽ വളരെ രസകരമായ അന്തരാർത്ഥമുള്ള മനഃശാസ്ത്രപരമായി പറഞ്ഞാൽ ആഴമുള്ള, കാവ്യസൗന്ദര്യമുള്ള, കഥയായിട്ടാണ് എനിക്ക് തോന്നുന്നത്. കാരണം നമുക്ക് മറ്റ് മണിപ്രവാളകഥകളൊക്കെ വളരെ ഗദ്യാത്മകവും വരണ്ടതും കാവ്യവിരുദ്ധവും എന്നു പറയാവുന്നതരത്തിലുള്ളതാണ്. ചരിത്രകാരന്മാർക്കു വേണ്ടി എഴുതിവെച്ച കൃതികളാണ് അവ. അരസികമായ കൃതികളാണ് അവ. അതിൽ ചിലത് ഹാസ്യകൃതികളാണ് എന്ന് ചിലർ പറഞ്ഞുവെച്ചിട്ടുണ്ടെങ്കിലും അതിലൊന്നും ഗഹനമായ കാവ്യസൗന്ദര്യമുള്ള കഥകളില്ല. ഇതിന്റെ കഥാബന്ധനം നോക്കിയാൽ ഒരു സ്ത്രീ കുട്ടികളില്ലാത്തതുകൊണ്ട് പലതവണ വിവാഹം കഴിക്കുന്നു. ഒടുക്കം വിവാഹം കഴിച്ചത് ഈ നമ്പുച്ചെട്ടിയെയാണ്. എന്നിട്ട് അവൾ പലതും നോറ്റ് പേരൂർ അയ്യൻ കോവിലിൽ മാത്കൂത്ത് നേർന്നതിന്റെ ഫലമായിട്ട് ഒരു മകൻ ജനിക്കുന്നു. ഏഴിമലയ്ക്കടുത്താണ് കച്ചിൽപട്ടണം എന്ന് ഈ സൂചനയിൽനിന്നും മനസ്സിലാക്കാം. ഇബ്ൻബത്തൂത്തയുടെ ഗ്രന്ഥങ്ങളിൽ ഒരുപാട് സ്ഥലങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ശ്രീകണ്ഠാപുരം, മാടായി, പന്തലായനി, എന്നിങ്ങനെ. കച്ച് ഇപ്പോൾ പറയുന്നത് ഭൃഗുകച്ചം Broach എന്ന് ഇംഗ്ലീഷിലേക്കു മാറിയിട്ടുള്ള ഗുജറാത്തിലുള്ള സ്ഥലമാണ്. അവിടുന്നു വന്നിട്ടുള്ള ആളുകളെ കച്ചികൾ എന്ന് ഇപ്പോഴും പറയാറുണ്ട്. കോഴിക്കോട് പറയുന്നുണ്ട്. കണ്ണൂരും പറയുന്നുണ്ടാകാം. കച്ചികൾ കൂടുതലായി താമസിക്കുന്ന ഒരു നഗരമാണോ കച്ചിൽപട്ടണം എന്ന പയ്യന്നൂർപാട്ടിലെ പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമല്ല. ഏഴിമലയുടെ ഓരത്തുള്ള കച്ചിൽപട്ടണം എന്നല്ലാതെ ഒരിടത്തും കൃത്യമായി പറയുന്നുമില്ല. കേവലം സാങ്കൽപികമായ ഒരു നഗരമാണോ എന്നും പറയാൻ പറ്റില്ല. പൂവെങ്കാപട്ടണം എന്ന് പയ്യന്നൂർ പാട്ടിൽ ഉപയോഗിക്കുന്നു. അതെന്താണെന്ന് വ്യക്തമല്ല. സാങ്കൽപ്പികനാമങ്ങളാണോ കച്ചിൽപട്ടണമെന്നതും പേരൂർ എന്നതും പൂവെങ്കാപട്ടണമെന്നതും ചിന്തിക്കേണ്ടതാണ്.

## നായിക

നായികയെ മങ്ക എന്ന് രണ്ടുമൂന്ന് ദിക്കിൽ പറയുന്നുണ്ട്. മനമങ്ക എന്നു പറയുന്നത് മനയിലെ മങ്ക എന്നുമാവാം. മങ്ക എന്നത് ശരിയായ പേരാണോ എന്ന ചോദ്യം നമുക്ക് ചോദിക്കാവുന്നതാണ്. മങ്കെ എന്നു വിളിക്കുന്നുണ്ട്. അവനാണ് നമ്പൂതരിയരൻ അല്ലെങ്കിൽ നമ്പൂസരിയരൻ. ആ സ്ത്രീ വഴിപാടിന്റെ കടം തീർക്കാൻവേണ്ടി കൂത്ത് കഴിക്കുന്നു. അത് അവൾക്ക് ജീവിത സാഫല്യം ഉണ്ടാക്കുന്നു. പേരൂരിലെ മന്നനായ നമ്പൂച്ചെട്ടിയിൽനിന്നുമാണ് ഇവൾക്ക് കുഞ്ഞ് പിറക്കുന്നത്. മറ്റ് എത്രയോ ഭർത്താക്കന്മാരുണ്ടായിരുന്നെ

ങ്കിലും. അയാൾ വലിയ പ്രമാണിയാണ്. സന്തോഷകരമായ ജീവിതസാഫല്യം തികഞ്ഞ ആ ചരിത്രമുഹൂർത്തത്തിലാണ് അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തമുണ്ടാകുന്നത്. അതും ഏറ്റവും നിസ്സാരമായ കാരണംകൊണ്ട്. സഹോദരന്മാർ ആറുപേര്. വാണിയന്മാരായ ഇവർ, കപ്പലിൽ വരുന്ന സമയത്ത് ആകസ്മികമായി കരയ്ക്കടുക്കുകയും അവിടെയെന്തോ കൂത്ത് നടക്കുന്നതുകണ്ടിട്ട് മതിലിന്മേൽ കയറി ഇരിക്കുകയും അപ്പോൾ ആരെടാ കള്ളന്മാർ മതിലിന്മേൽ കയറിയിരിക്കുന്നത്? ഒരു യോഗ്യതയുമില്ലാത്തവർ എന്ന് ഇവളുടെ ഭർത്താവും ഭർത്താവിന്റെ ആൾക്കാരും കൂടി ആക്ഷേപിച്ച് പറഞ്ഞ് അവരെ(ആങ്ങളമാരെ) അയ്യപ്പൻകോയിക്കൽവെച്ച് കൊന്നുകളഞ്ഞു. ഏറ്റവും സന്തോഷകരമാകേണ്ട ജീവിതമുഹൂർത്തത്തിൽ ഏറ്റവും വേദന അവൾക്കു സഹിക്കേണ്ടിവരികയാണ്. അതോടുകൂടി അവളുടെ ജീവിതം മാറുന്നു. അങ്ങനെ അവൾ ആറ്റുനോറ്റുണ്ടായ മകനെയും അവസാനം ഉണ്ടായ ഭർത്താവിനെയും വെടിഞ്ഞ് തപസ്വിയായിട്ട് പോവുകയാണ്. ആദ്യം കുറെക്കാലം തപസ്വിയായിട്ട് നടന്നതിനു ശേഷമാണ് ഭർത്താവിനെയും മകനെയും കിട്ടിയത്. അതെല്ലാം കഴിഞ്ഞിട്ട് തിരിച്ച് വീണ്ടും തപസ്വിയായിട്ട് അവൾ പോവുകയാണ്. പിന്നെ അവളെപ്പറ്റി കൃതിയിൽ പരാമർശമില്ല. അവൾ തിരിച്ചുവരുന്നത് മകൻ വളർന്നുവലുതായതിനുശേഷമാണ്. മകനെ നല്ല വാണിയനാക്കാൻവേണ്ടി അച്ഛൻ പല കാര്യങ്ങളും ഉപദേശിച്ചുകൊടുക്കുന്നു. മകന്റെ വളർച്ച കൃതിയിൽ ഭംഗിയായി വിവരിച്ചിട്ടുണ്ട്. മകൻ വളർന്നുവലുതാകുമ്പോൾ അവന്റെ പ്രഭാവത്തെപറ്റിയുള്ള നല്ലവരികൾ ഇതിലുണ്ട്. അവന് പന്ത്രണ്ടുവയസ്സാകുമ്പോൾ തന്നെ അത്രയധികം കേമനായി എന്നൊക്കെ പറയുന്നുണ്ട്. പിന്നെ പലതും പഠിച്ചിട്ടുണ്ടാകണം. തപസ്വിയായ ഈ സ്ത്രീ വന്ന് (അമ്മ) ചോദ്യം ചോദിക്കുന്നതിന് ഭംഗിയായിട്ട് ഉത്തരം പറയുന്നുണ്ട് മകൻ. പ്രഹേളികയായിട്ടുള്ള കുറേ ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. ഉത്തരം പറഞ്ഞതിനുശേഷമാണ് അവൾക്കു ദാനം ചെയ്യാൻ അവൻ തയ്യാറാകുന്നത്. ആ മകനെ വാണിയനാകാൻ പഠിപ്പിച്ചിട്ട് ഇയാൾ കപ്പലുമെടുത്തിട്ട് കച്ചിൽപട്ടണത്തിലേക്ക് മാറുകയാണ്. അതായത് ഇയാളുടെ ജീവിതത്തിലും മാറ്റംവന്നു. അവളുടെ ജീവിതത്തിൽ മാത്രമല്ല. നമ്പുച്ചെട്ടിയുടെ ജീവിതത്തിലും മാറ്റംവന്നു. പ്രായപൂർത്തിയായ അവനെയും കൂട്ടിപോവുകയാണ്. പിന്നീട് കച്ചിൽപട്ടണത്തിലെത്തിയപ്പോൾ കരയ്ക്കിറങ്ങി അവിടെ വലിയ ഗോഡൗൺ ഉണ്ടാക്കി. അവിടെ വാണിയം ചെയ്ത് അവിടെ വലിയ മാളികയുണ്ടാക്കി താമസിക്കുകയാണ്. അങ്ങനെ താമസിക്കുന്ന കാലത്താണ് ഈ സ്ത്രീ രണ്ടാമത് തപസ്വിയായി പ്രത്യക്ഷപ്പെടുന്നത്. ആരുമല്ലാത്ത നിലയ്ക്കാണ് അവൾ വരുന്നത്. അവൾ വഴിയന്വേഷിച്ച് അന്വേഷിച്ചാണ് അവിടെ വരുന്നത്. മകനെതേടിത്തന്നെയാണ് വരുന്നത് എന്നത് തീർച്ചയാണ്. അവളുടെ മനസ്സിൽ ആ ദുരന്തം ഉണ്ടായതിന്റെ ഫലമായി വിട്ടുപോയ ആ കുടുംബമാണ് മനസ്സിലുള്ളത്. ഭർത്താവിനെക്കുറിച്ച് അവൾക്ക് ചിന്തയൊന്നുമില്ല. കാരണം അവളുടെ ഭർത്താവാണല്ലോ ആറ് ആങ്ങളമാരെ കൊന്നത്. മകനെ അവൾക്ക് വിട്ടുകൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ടായിരിക്കണം വലിയ തപസ്വിയായിട്ടുപോലും, വലിയവിജ്ഞാനം സമ്പാദിച്ചിട്ടുപോലും, മകനെ അന്വേഷിച്ച് തിരിച്ചുവരുന്നത്. മകന്റെ കയ്യിൽനിന്നുതന്നെ ഭിക്ഷ വാങ്ങണം എന്നു വിചാരിച്ചിട്ട് മകന്റെ എല്ലാ തർക്കുത്തരങ്ങൾക്കും മറുപടി കൊടുത്തിട്ട് അവൾ ഭിക്ഷ സ്വീകരിക്കുന്നു. ഭിക്ഷ വാങ്ങിയതിനുശേഷം അവനോട് പറയുന്നത് ഞാൻ ഭിക്ഷയ്ക്കുവേണ്ടിയല്ല, നിന്നെ കൂത്തിന് ക്ഷണിക്കാൻവേണ്ടി വന്നതാണ് എന്നാണ്. ഇങ്ങനെ പറഞ്ഞിട്ട് പേരൂർ അയ്യപ്പൻകോയിക്കൽ കൂത്തുകാണാൻ വരണം എന്നു പറയുന്നു. ആദ്യമൊക്കെ അവൻ വിസമ്മതിച്ചെങ്കിലും ഒടുക്കം സമ്മതിക്കുന്നു. ഈ കാവ്യം മുഴുവനായി നമുക്ക് കിട്ടിയില്ലെങ്കിലും അങ്ങനെ സമ്മതിച്ചിട്ട് പോകാനൊരുങ്ങുമ്പോഴാണ് അച്ഛൻ തടസ്സപ്പെടുത്തുന്നത്. എന്തിനാണ് അച്ഛൻ അവനെ തടസ്സപ്പെടുത്തുന്നത്, പറഞ്ഞ് പേടിപ്പിക്കുന്നത്. നീ അവിടെ പോകരുത് എന്ന് ആദ്യമൊന്നും പറയുന്നില്ലെങ്കിലും പിന്നെപറയുന്നുണ്ട്. അവൾ നിന്നെ വെറുതെ വിടില്ല. അവളുടെ ആറ് ആങ്ങളമാരെ ഞാൻ കൊന്നുകളഞ്ഞു. പക്ഷേ അവൾ ഇവന്റെ അമ്മയാണെന്ന് അച്ഛൻ പറയുന്നില്ല. അതിനു പകരംവീട്ടാൻവേണ്ടി, കുടിപ്പകയ്ക്കുവേണ്ടി അവൾ നിന്നെയും കൊല്ലും എന്നാണ് അച്ഛൻ നമ്പൂതരിയരനോട് പറയുന്നത്. അപ്പോൾ മകൻ പറയുന്നത് ഞാൻ വാക്കുകൊടുത്തുപോയി എനിക്ക് പോകാതെ പറ്റില്ല എന്നാണ്. ഇത് അവളുടെ മനസ്സിലുള്ളതുകൊണ്ടായിരിക്കണം അവനെക്കൊണ്ട് സത്യംചെയ്യിക്കുന്നത്. ആണാണെങ്കിൽ നീ വാക്കു മാറ്ററുത് എന്ന് നമ്പൂതരിയരനോട് പറഞ്ഞിട്ടുണ്ടാവുക. ഇവനച്ഛനോടുപറയുന്നുണ്ട്. ഞാൻ ആണാണ് എന്റെ ആണത്തം തെളിയിക്കണമെങ്കിൽ എനിക്ക് പോകണം. അച്ഛൻ സമ്മതിച്ചാലും ഇല്ലെങ്കിലും ഞാൻ പോകും. അപ്പോൾ അച്ഛൻ പറയുകയാണ് അങ്ങനെയാണെങ്കിൽ നീ ചാവാളരെപ്പോലെ പോവുകയാണല്ലോ. അഞ്ചുവണ്ണം, മണിഗ്രാമം, കോവ്വാതലച്ചട്ടി, പട്ടണസ്വാമിമക്കൾ ഇവരെയൊക്കെ കൂട്ടിയിട്ട് പോകാം. തോഴരായ 14 വൻകിരിയക്കാരെയും (ഗൃഹക്കാരെയും) കൂട്ടിയിട്ടു വേണം പോകാൻ. കച്ചിൽ പട്ടിൽ വന്ന് എന്റെ കണ്ണുറങ്ങും. ഞാൻ തിരിച്ചുവന്നല്ലാതെ ഉറങ്ങില്ല എന്നു മകൻ അച്ഛനോട് പറയുന്നു. കുറെ സാധനങ്ങൾ കൊണ്ടുപോകണം. സാധനങ്ങൾക്ക് ഉറക്കമൊഴിച്ച് കാവൽ നിൽക്കണം, എന്നൊക്കെ പറയുന്നുണ്ട്. എന്നിട്ട് അതിൽ ഒരാളെയും കൂടെ കൊണ്ടുപോകണം. ഇത്രത്തോളം വന്നിട്ടും മകന്റെ അച്ഛനെ അവൾ തിരിഞ്ഞുനോക്കുന്നില്ല. അയാളുമായി യാതൊരു സംവാദവും നടക്കുന്നില്ല. മകനോട് യാതൊരു വിദ്വേഷവും അവളുടെ വാക്കുകളിലോ പ്രവൃത്തികളിലോ കാണുന്നില്ല. അവൾ പകവീട്ടുകയാണെങ്കിൽ മകനെയല്ലല്ലോ കൊല്ലേണ്ടത് അച്ഛനെയല്ലേ? അതുകൊണ്ടുതന്നെ അയാളോടായിരിക്കണം ഇവളുടെ പക മുഴുവൻ. എന്റെ ബലമായ സംശയം അത്രത്തോളം വളർത്തിക്കൊണ്ടുവന്ന അച്ഛനിൽനിന്നും ഈ മകനെ വേർപെടുത്തി നിർത്തി തന്റെയടുത്തേക്കുകൊണ്ടുപോവുക എന്നതിലാണ് പക

പ്രവർത്തിക്കുന്നത്. മകനുവേണ്ടിയുള്ള ഒരു യുദ്ധമാണ് ഇവളും നമ്പൂച്ചെട്ടിയും തമ്മിൽ നടക്കുന്നത്.

ഈ കഥയ്ക്ക് മനഃശാസ്ത്രപരമായി വളരെ പ്രാധാന്യമുണ്ട്. ഒരു പ്രണയവൈരാഗ്യബന്ധമാണ് ഇവർ തമ്മിലുള്ളത്. ഭർത്താവാണെങ്കിലും സ്വന്തം സഹോദരന്മാരെ കൊന്നയാൾ കൂടിയാണദ്ദേഹം. കുട്ടിയുടെ അച്ഛനാണെങ്കിലും കുട്ടിയെ തന്നിൽനിന്നകറ്റി സ്വന്തമാക്കിവെച്ചിട്ടുള്ളയാളാണ് അയാൾ. ഇയാളിൽനിന്നകറ്റിക്കൊണ്ടുവരാനുള്ള തന്ത്രം എന്ന നിലയ്ക്കായിരിക്കാം ഈ കൂത്തിനുവേണ്ടി മകനെകൊണ്ട് സത്യം ചെയ്യിക്കുന്നത്. ഈ പരിണാമഗുപ്തി എന്നെന്നേയ്ക്കും പരിണാമഗുപ്തിയായിതന്നെ നമ്മിൽ നിലനിൽക്കും. കിട്ടിയ ഭാഗംവെച്ചുള്ള കഥ നോക്കുമ്പോൾ മനഃശാസ്ത്രപരമായ ഉൾക്കാഴ്ചയുടെ സാമൂഹ്യപശ്ചാത്തലത്തിലുള്ള ഒരുപിരിമുറുക്കം സൃഷ്ടിക്കാവുന്ന കഥയുടെ വൈരുദ്ധ്യം ഈ കൃതിയുടെ സ്രഷ്ടാവിനോ സ്രഷ്ടാക്കൾക്കോ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിചാരിക്കാൻ വഴിയുണ്ട്. ആന്തരസംഘർഷത്തിന്റെ മൂർധന്യത്തിലേക്ക് എത്തിക്കുന്ന കാവ്യസാധനയുടെ കഴിവ് ഈ കൃതിയിൽ കാണാൻ കഴിയും. ഇത് (ഈ കൃതി) നമുക്ക് ഇതുവരെ കിട്ടിയിട്ടുള്ള മറ്റ് മണിപ്രവാളകൃതിയിൽനിന്ന് വളരെ വ്യത്യസ്തമായിട്ടാണ് അനുഭവപ്പെടുന്നത്. ഇങ്ങനെയുള്ള തീഷ്ണമായ അനുഭവത്തിന്റെ കഥ തെക്കൻപാട്ടുകളിലോ എടനാടൻപാട്ടുകളിലോ മണിപ്രവാളകൃതികളിലോ കാണുന്നില്ല. ജീവിതത്തിന്റെ ഏറ്റവും നല്ല മുഹൂർത്തത്തിൽ ഏറ്റവും ദുരന്തം സംഭവിക്കുക എന്നത് ഇങ്ങനെ സംഭവിക്കാവുന്നതാണ്. തെരഞ്ഞുപിടിച്ചുകൊണ്ടുവന്ന അതിന്റെ അനന്തരഫലങ്ങളെ ഇങ്ങനെ കൊണ്ടുവരികയും ചെയ്തു. കവിയുടെ കർമ്മകുശലത വളരെ സ്പഷ്ടമായി കാണാവുന്നതാണ്.

## പയ്യന്നൂർ പാട്ടിന്റെ മൂല്യം

കവിതയുടെ ഒരു ഘട്ടത്തിൽ പാണ്ടി തുഴയുന്നവർ പാണ്ടിയരും യോഗികളായ ബുദ്ധന്മാർ ചോഴികളും ആകാമെങ്കിലും മറ്റൊരു ഘട്ടത്തിൽ ചേര ചോളപാണ്ഡ്യരാജാക്കന്മാരെ പ്രതിനിധാനം ചെയ്യുന്നവയാണ്. ആ വാക്കുകൾ അത് ദക്ഷിണേന്ത്യൻ ചരിത്രബോധത്തിന്റെ കടന്നുകയറ്റമായേ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. കേരളത്തിനു പുറത്തോ ഉത്തരകേരളത്തിനു പുറത്തോ ഉള്ള ചരിത്രപരമായ ഒന്നിനെപ്പറ്റി പരാമർശമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. തൃശ്ശൂരുമായോ കോയമ്പത്തൂരുമായോ പേരൂരിനെ കല്പിക്കാൻ കഴിയുകയില്ല. പല സാധനങ്ങളുടെയും പട്ടിക കൊടുക്കുന്നതിൽ പല കൃതികളിലും കൊടുക്കുന്നതുപോലെ ഇതിലും വരുന്നുണ്ട്. പല വാക്കുകളും ഇതിലും വരുന്നുണ്ട്. ചരിത്രപരമായി നോക്കുകയാണെങ്കിൽ നമുക്ക് സുതാര്യമല്ലാത്ത നിരവധി വാക്കുകൾ കടന്നുവരുന്നുണ്ട്. ഒരുകണക്കിൽ അത് ശരിയാണെങ്കിലും അതിനു വേറൊരു വശമുള്ളത് നമുക്ക് വാണിജ്യത്തെപറ്റി പറയുന്ന കൃതികളില്ല എന്നതാണ്. നമ്മുടെ സാഹിത്യത്തിൽ അധികവും നമ്പൂതിരി, നായർ സാഹിത്യമാണ്. മണിപ്രവാളകൃതികൾ നമ്പൂതിരിമാരുടേതാണ്. നായർ എന്നുതന്നെ പറയാനില്ല. ഒരു കപ്പലിൽ ചരക്കുകൾ കൊണ്ടുപോകുന്ന ഒരു കൃതിയും നമ്മുടെ സാഹിത്യത്തിൽ വരുന്നില്ല. രണ്ടാം നൂറ്റാണ്ടിൽ മുസ്സിരിസ്സിൽനിന്നും അലക്സാണ്ഡ്രിയയിലേക്ക് പോയ ഒരു കപ്പലിനെക്കുറിച്ചുള്ള വിവരം അടുത്തകാലത്തായി കണ്ടുകിട്ടിയിട്ടുണ്ട്. ആ കപ്പൽ മുങ്ങിപ്പോയി. ആ കപ്പലിൽ ഉണ്ടായിരുന്ന സാധനങ്ങളുടെ വലിയ പട്ടിക നമുക്ക് ലഭിച്ചിട്ടുണ്ട്. അത് ആ കാലത്തെ ചരക്കുകളെക്കുറിച്ചുള്ള വലിയ ഉൾക്കാഴ്ചയുണ്ടാക്കിയിട്ടുണ്ട്. ഇതിലെ (പയ്യന്നൂർ പാട്ടിലെ) ചരക്കുകൾ തിരിച്ചറിയാൻ കഴിയുകയാണെങ്കിൽ അത് വലിയ ഒരു നേട്ടമാണ്. ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ കഴിയാത്ത പലതും പയ്യന്നൂർ പാട്ടിലെ ചരക്കുകളുടെ പട്ടികയിൽ ഉണ്ട്. ഇവിടെയുള്ളതും മറ്റ് സ്ഥലങ്ങളിലേക്ക് കയറ്റിയയക്കേണ്ടതുമായ സാധനങ്ങളുടെ വിവരണമാണ് അവ.

### കപ്പൽ കച്ചവടം

ഈ വാണിയന്മാർ തന്നെയാവാം കൂലവാണിയർ, പെനിൻസുലയുടെ ചുറ്റും പോകാവുന്ന കൂലവാണിയർ. പ്രധാനവാണിജ്യം കടൽക്കരയിലൂടെ കിഴക്കോട്ടും പടിഞ്ഞാറോട്ടും പോകാം. റോമിൽ ഒരു തുറമുഖനഗരം കുഴിച്ചുനോക്കിയപ്പോൾ ഇന്ത്യയിൽനിന്നു പോയ മൺപാത്രങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. അതിൽ പലതിലും തമിഴ് ബ്രാഹ്മിലിപിയുണ്ട്. അതിൽ അതിന്റെ ഉടമകളുടെ പേരുണ്ട്. അതിൽ ഒന്ന് ചാത്തൻ കണ്ണൻ എന്നാണ്. തമിഴ്നാട്ടിൽനിന്നുപോയ ആളുകൾ അവിടെ കച്ചവടം ചെയ്തിരുന്നു എന്നാണ് അതിന്റെ അർത്ഥം. മൺസൂൺ ഉപയോഗിച്ചുള്ള കച്ചവടം ധാരാളം ഉണ്ടായി എന്നതാണ്. അതുകൊണ്ട് റോമൻസാമ്രാജ്യത്തിൽനിന്ന് ഇങ്ങോട്ടുള്ള വരവ് മാത്രമല്ല ഇവിടെനിന്ന് അങ്ങോട്ടുള്ള പോക്കും ഉണ്ടായിരുന്നു എന്ന് തീർച്ചയാണ്.

കപ്പൽ നിർമ്മാണത്തെക്കുറിച്ച് പയ്യന്നൂർ പാട്ടിൽ കാണാം. പട്ടികതട്ടി പലകപാകി എന്നിങ്ങനെയുള്ള വരികൾ ശ്രദ്ധിക്കുക. ഇപ്പോഴും ബേപ്പൂരിൽ ചെന്നു നോക്കിയാൽ ഇതേ നിർമ്മാണരീതി കാണാം. വലിയ ഉരു ഉണ്ടാക്കുന്നത് ഇതേ രീതിയിൽതന്നെയാണ്.

### പള്ളികൾ

അഞ്ചടിയിൽ *ബട്ടമായുള്ള പള്ളി പരിശിനോടഞ്ചും ബാഴ്ക* എന്നു പറയുന്നത് മുസ്ലീംകളുടെ പള്ളിയാകാനാണ് സാധ്യത. ജോനകൻ എന്ന പദപ്രയോഗം ഇതിൽ വരുന്നുണ്ട്. നമ്മൾ കേരളം എന്നു പറയുമ്പോൾ നമ്പൂതിരിമാരുടെ ആധിപത്യമുള്ള കർഷകസമൂഹത്തെക്കുറിച്ചാണ് കേൾക്കാറുള്ളത്.

### ജനസമൂഹം

വാണിയസമൂഹത്തെക്കുറിച്ചുള്ള ഈ കൃതി വളരെ അപൂർവ്വമായ ഒന്നാണ്. നമ്മുടെ സന്ദേശകാവ്യങ്ങളൊക്കെത്തന്നെ നമ്പൂതിരിമാരും അമ്പലവാസി

കളും രാജാക്കന്മാരും പോകുമ്പോൾ ചിലതു കേൾക്കും എന്നല്ലാതെ, ഇതുപോലെ കപ്പൽകച്ചവടം നടത്തുന്ന വാണിയരുടെ ജീവിതം, അവരുടെ സംഘർഷം നിറഞ്ഞ ജീവിതം, പ്രണയം എന്നു പറയാൻ പറ്റില്ലെങ്കിലും ഉള്ള കുടുംബജീവിതവും ഒന്നും ഒരു കാവ്യങ്ങളിലും വന്നിട്ടില്ല. പയ്യന്നൂർ നമ്പൂതിരിമാരെപറ്റി പയ്യന്നൂർ പാട്ടിലില്ല. ചേരരാജാക്കന്മാരെപറ്റിയും ഒന്നും ഇല്ല. കോലത്തിരിമാരെപറ്റി ഒന്നും ഇല്ല, നായന്മാരെപറ്റി ഒന്നും ഇല്ല, തീയന്മാരെപറ്റി ഒന്നും ഇല്ല, അതാണ് പയ്യന്നൂർ പാട്ടിന്റെ പ്രത്യേകത. ഇങ്ങനെ ഒരു കൃതിയുണ്ടോ മലയാളത്തിൽ? ബപ്പിരിയൻ എന്നൊക്കെ ആകസ്മികമായി മാപ്പിളമാരെപ്പറ്റിയും മരക്കായന്മാരെപറ്റിയും പരാമർശമുണ്ട്. ചോഴിയൻ എന്ന ബുദ്ധപാരമ്പര്യമുള്ളവരെപറ്റിയും പരാമർശമുണ്ട്. വാണിയരാണ് ഇതിലെ കേന്ദ്രകഥാപാത്രങ്ങൾ. വാണിയരെപറ്റിയുള്ളതാണ് ചിലപ്പതികാരവും മണിമേഖലയും. ഇവ രണ്ടും വാണിയരുടെ കഥയാണ്. ചിലപ്പതികാരത്തെപറ്റി ഒരു പരാമർശവും പയ്യന്നൂർ പാട്ടിൽ ഇല്ല. പഴയ നീലകേശിയായിട്ട് ബന്ധമുള്ളതായി ചിലർ ചില അനുമാനങ്ങളൊക്കെ നടത്തിയിട്ടുണ്ട്. പ്രത്യക്ഷത്തിൽ ഒരു ബന്ധവും ഇല്ല. നമ്മുടെ പ്രാചീനകൃതികളൊന്നും പയ്യന്നൂർ പാട്ടുപോലെ ഒരു കൂട്ടായ്മക്കാരും അവകാശപ്പെടുന്നില്ല. ഏറിവന്നാൽ പറയാവുന്നത് വടക്കൻപാട്ടുകളെക്കുറിച്ചാണ്. വടക്കൻപാട്ടുകൾ ഒരു സമുദായത്തിന്റേതല്ല. തുറന്നതാണ്. ഇത് അങ്ങനെയല്ല. ഇത് വാണിയസമുദായത്തിന്റെ ഇതിഹാസമാണ് എന്നു പറയാവുന്നതാണ്. വണ്ണാന്മാരും മറ്റും ഇന്നും കൊണ്ടുനടക്കുകയും ചെയ്യുന്നു എന്നത് ഇതിന് അതുല്യമായ സ്ഥാനം നൽകുന്നു. ഇത് കൂലവാണിയരുടേതാണ് എന്നാണ് എന്റെ തോന്നല്. ചാലിയന്മാരും വാണിയരാണ്. ചക്കാലനായന്മാരും വാണിയരാണ്. പിൽക്കാല-മധ്യകാലമാകുമ്പോഴേക്കും നമ്മുടെ കടലോരങ്ങളിൽ കൂലവാണിയരുടെ ആധിപത്യം പോവുകയും യൂറോപ്യരുടെ കയ്യിലേക്കു വരികയും ചെയ്യുന്നു. അപ്പോൾ നാടൻചെട്ടികളുടെ കുറ്റിയറ്റു എന്നുതന്നെപറയാം. ഈ കൃതിക്ക് തീയ്യതി ഇല്ല. 16-ാം നൂറ്റാണ്ടിൽ രൂപപ്പെട്ടതായിരിക്കണം ഇതിന്റെ ചട്ടക്കൂട് എന്നു പറയാവുന്നതാണ്.

## മൂലകങ്ങൾ

സ്വർണ്ണം, ഇരുമ്പ്, ചെമ്പ്, ചൂളക്കൂട്, ആഭരണങ്ങൾ ഇങ്ങനെ വസ്തുക്കളെക്കുറിച്ച് പറയുന്ന ഭാഗങ്ങൾ പഠനാർഹമാണ്. താരതമ്യംചെയ്യേണ്ടതാണ്. പോർച്ചുഗീസുകാരുടെ കച്ചവടസാധനങ്ങളുടെ വലിയ പട്ടികയുണ്ട്. അതൊന്നും ഈ കൃതിയിൽ വരുന്നില്ല. പോർച്ചുഗീസ് പദങ്ങളും ഈ കൃതിയിൽ വരുന്നില്ല. പീരങ്കി വരുന്നില്ല എന്നത് വളരെ അത്ഭുതകരമാണ്. വെടിയും പടയും ഒന്നും വരുന്നില്ല. പ്രത്യേകിച്ച് കൂലവാണിയരായിട്ടും. പക്ഷേ പടയാളികൾ വരുന്നുണ്ട്. ഗർഭശുശ്രൂഷയും ജ്യോത്സ്യവും ചികിത്സയും വരുന്നുണ്ട്. കവടി (പരൽ) വരുന്നുണ്ട്. പുളികുടി ആഘോഷവും കൃതിയിലുണ്ട്. വളരെ പ്രബലമായ ഒരു സമുദായമായിരിക്കണം വാണിയർ. എങ്ങനെയോ സാഹിത്യത്തിൽ അതു വന്നിട്ടില്ല. സാഹിത്യം നമ്പൂതിരിയുടെയും അമ്പലവാസിയുടെയും കയ്യിലായതുകൊണ്ടായിരിക്കണം ഈ സമുദായങ്ങൾ നിശ്ശബ്ദജനസമുദായമായി തീർന്നിട്ടുണ്ടാവുക. നായന്മാർക്കുപോലും സാഹിത്യം ഇല്ല. 16-ാം നൂറ്റാണ്ടുവരെ നായന്മാർ നിരക്ഷരരാണ്. 16-ാം നൂറ്റാണ്ടുവരെ ബ്രാഹ്മണനോ അമ്പലവാസിയോ അല്ലാതെ ഒരൊറ്റ ഗ്രന്ഥകർത്താവും ഇല്ല.

## വാണി

വാണിയരുടെ ദേവതയാണ് വാണി എന്നു വന്നുകൂടേ? അക്ഷരമാല ഉണ്ടാക്കിയത് കച്ചവടക്കാരാണ് എന്ന ഒരു സിദ്ധാന്തമുണ്ട്. കാരണം അവർക്കാണല്ലോ വ്യാപാരത്തിൽ ഭാഷ എഴുതിവെക്കേണ്ട ആവശ്യം വരുന്നത്. മറ്റുള്ളവർ പാട്ടും ഒക്കെയായി കഴിയുന്നവരാണ്. എഴുതേണ്ട ആവശ്യം വന്നപ്പോഴാണ് ലിപി കണ്ടുപിടിക്കപ്പെട്ടത്. അല്ലെങ്കിൽ പാടിയാൽ പോരേ. വേദങ്ങളൊക്കെ അങ്ങനെയാണ് വന്നത്. ഇത് കണക്കും മറ്റും കൃത്യമായി എഴുതിവെക്കണം. ഞാൻ മനഃപാഠം പഠിച്ചത് ചൊല്ലിയാൽ നിങ്ങൾക്ക് വിശ്വാസമാകില്ല. വിശ്വാസമുണ്ടാക്കാനാണ് എഴുത്ത്. വാണിയനും വാണിയുമായി ബന്ധമുണ്ടാകാം. സമാന്തരത കണ്ടത് ദുർഗം എന്നതാണ്. ദുർഗം എന്നുപറഞ്ഞാൽ കോട്ടയാണ്. യുദ്ധത്തിന്റെ ഭഗവതിയാണ് ദുർഗ്ഗ. വാണിയന്റെ ദേവതയാണ് വാണി എന്നായിക്കൂടേ എന്ന ചോദ്യം ഞാൻ ഉന്നയിക്കുകയാണ്.

## വണ്ണാന്മാരും വാണിയരും

വാണിയരുടെ പാട്ട് വണ്ണാന്മാർ പാടിയാണ് സംരക്ഷിക്കുന്നത്. സമൂഹത്തിനുവേണ്ടി വണ്ണാന്മാർ സൂക്ഷിച്ചു എന്നേയുള്ളൂ. നേരത്തെ എല്ലാ ജാതികളും ഒന്നായ ഒരുകാലത്തുനിന്ന് ചിന്നിച്ചിതറിപ്പോയി വണ്ണാന്മാർ പാട്ടായി സൂക്ഷിക്കുന്നു എന്നു മാത്രമേയുള്ളൂ. വണ്ണാന്മാരും ഈ സമൂഹത്തിൽ ലയിച്ചുചേർന്ന വിഭാഗമാണ്. ■

# പയ്യന്നൂർ പാട്ടും ചരിത്രവും

**കെ. സി. വേണുഗോപാലൻ നമ്പ്യാർ**

പയ്യന്നൂർ പാട്ടിനെ കുറിച്ചുള്ള പഠനം പ്രധാനമായും മൂന്നു മേഖലകളിലൂടെയാവാം. ചരിത്രപരം, ഭാഷാശാസ്ത്രപരം, ഫോക്‌ലോർ ശൈലി എന്നിവ.

ഉള്ളടക്കത്തിൽ കാണുന്ന ചരിത്രപരാമർശങ്ങളുടെ സാംഗത്യത്തെ പരിശോധിച്ചവരിൽ പ്രമുഖരാണ് ഭാഷാശാസ്ത്രജ്ഞരും പുരാരേഖാതല്പരരുമായ ഗുണ്ടർട്ട്, വില്യം ലോഗൻ, ടി എ. ഗോപിനാഥറാവു എന്നിവർ. തിരിസാപള്ളി ചെപ്പേട് വായനയിൽ പ്രത്യക്ഷപ്പെട്ട 'അഞ്ചുവണ്ണം മണിക്കിരാമം' എന്ന കേരള തീരപ്രദേശത്തെ വാണിജ്യകൂട്ടായ്മയെ കുറിച്ചുള്ള പഠനത്തിലാണ് പയ്യന്നൂർ പാട്ടിനെക്കുറിച്ച് ചർച്ച നടന്നത്. അഞ്ചുവണ്ണം മണിഗ്രാമം എന്നീ വ്യാപാരസംഘടനകൾ അത്യുത്തരകേരളത്തിലെ പയ്യന്നൂർ പോലുള്ള പ്രദേശത്തും നിലവിലുണ്ടായിരുന്നുവെന്ന് പയ്യന്നൂർ പാട്ട് ഉദ്ധരിച്ച് ഡോ: ഗുണ്ടർട്ട് സമർത്ഥിച്ചു. മാത്രമല്ല ഭാഷാ ശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് പയ്യന്നൂർ പാട്ടിന് പതിമൂന്നാം നൂറ്റാണ്ടുവരെയെങ്കിലും പഴക്കമുണ്ടെന്നും പറഞ്ഞുവെച്ചു.

ഈ അഞ്ചുവണ്ണം, മണിഗ്രാമം എന്നീ വാണിജ്യകൂട്ടായ്മകളെകുറിച്ച് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ നിരവധി ചരിത്രകാരൻമാരും ഭാഷാശാസ്ത്രജ്ഞരും പയ്യന്നൂർ പാട്ടിനെ പരാമർശിക്കുന്നുണ്ട്. അതിൽ പ്രമുഖരാണ് ഡോ: കെ. എൻ. എഴുത്തച്ഛൻ; ടി. കെ. കെ. പൊതുവാൾ, കെ. ശിവശങ്കരൻ നായർ മുതലായവർ. ടി. എ. ഗോപിനാഥറാവു, വെങ്കയ്യ, വി. നാഗമയ്യ, കൂക്കിൽ കേളുനായർ, ഷൂൾസ് എന്നിവർ ആനുഷംഗികമായി ഇതിനെക്കുറിച്ച് പഠിച്ചവരാണ്.

ഭാഷാശാസ്ത്രപരമായ വിലയിരുത്തലുകൾ നടത്തിയതിൽ പ്രമുഖരാണ് ഗുണ്ടർട്ട്, ഇളംകുളം, ഉള്ളൂർ, എം. പി. ശങ്കുണ്ണി നായർ, ഗോവിന്ദപ്പിള്ള, ഗുപ്തൻനായർ, എം. ലീലാവതി, പയ്യന്നൂർപ്പാട്ടിന്റെ എഡിറ്റർ പി. ആന്റണി മുതലായവർ.

പയ്യന്നൂർ പാട്ട് ശുദ്ധമലയാളത്തിന്റെ പ്രാചീനരൂപം അല്ലെന്നും ചാലി





യരുടെ (ചെട്ടികൾ) ജീവിതരീതിയിലേക്ക് വെളിച്ചംവീശുന്ന ഒരു പഴംപാട്ട് മാത്രമാണെന്നും ഗുപ്തൻനായർ അഭിപ്രായപ്പെടുന്നു. ഇതിലെ ഭാഷ അന്നത്തെ നിലവാരപ്പെട്ട കാവ്യഭാഷയല്ല ഒരു വർഗ്ഗഭാഷയാണ് എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നു. പാട്ടിന്റെ കാലത്തെ സാമാന്യവ്യവഹാരഭാഷ ഈ പാട്ടിൽ കാണുന്നത് പ്രത്യേകം പഠനാർഹമാണെന്ന് ഡോ: ലീലാവതി അഭിപ്രായപ്പെടുന്നു.

നാടോടിപ്പാട്ട് എന്നനിലയിൽ പയ്യന്നൂർപ്പാട്ടിനെ സമീപിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത് പ്രാധാനമായും എഡിറ്റർ ആന്റണിതന്നെ. നാടൻ പാട്ടുകളുടെ ആഖ്യാനശൈലിയിലെ സമാനതകളും ഒരുക്കുശീലുകൾ നികത്തുമൊഴികൾ എന്നിവയെക്കുറിച്ചും അദ്ദേഹം ചർച്ച ചെയ്യുന്നു. പയ്യന്നൂർ പാട്ടിലെ കഥാഘടന പരിശോധിച്ച് അതിന്റെ തുടർച്ചയായി അനുഭവപ്പെടുന്ന നീലകേശിപ്പാട്ടിനോട് അത് ഘടിപ്പിക്കുന്നതും അദ്ദേഹംതന്നെ. നീലകേശിപ്പാട്ടാകട്ടെ അനുഷ്ഠാനഗാനം കൂടിയാണ്. വണ്ണാൻമാരുടെ കെന്ത്രോൻപാട്ട് എന്ന അനുഷ്ഠാനചടങ്ങിൽ ഒരു ഘടകത്തിൽ നീലകേശിയാട്ടം ഉണ്ട്. അതിനുള്ള പാട്ടാണ് നീലകേശിപ്പാട്ട്. ഒറ്റനോട്ടത്തിൽ തോറ്റംപാട്ടുപോലെ തോന്നും.

പുരാവൃത്തശാസ്ത്രപരമായോ, അനുഷ്ഠാനപരമായോ പയ്യന്നൂർ പാട്ടിനെ ഇനിയും കാര്യമായി ആരും സമീപിച്ചുകാണുന്നില്ല. ഈ കൃതിയുടെ ആമുഖമായ അഞ്ചടിതോറ്റം ആടിവേടനും കർക്കടോത്തിതെയ്യത്തിനും ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് അനുഭവസ്ഥരുടെ ഏറ്റുപറച്ചിൽ ഒരു പുതിയ അറിവ് പ്രദാനം ചെയ്യുന്നു.

പുരാവൃത്തത്തിന്റെ ശൈലിവെച്ചു നോക്കുമ്പോൾ ശക്തി ആരാധനയും ശൈവാരാധനയുമായി ബന്ധം കാണുന്നു. ശിവന്റെ തൃക്കണ്ണിൽ നിന്നുണ്ടായ, പൊട്ടിമുളച്ച കാളിതന്നെയാണാ നീലകേശിയെന്ന് ഡോ. എം. വി. വിഷ്ണു നമ്പൂതിരി സംശയിക്കുന്നത് സ്വാഭാവികംതന്നെ. കേശിക്ക് കാളി, ദുർഗ്ഗ എന്നൊക്കെ പുരാതനനിഘണ്ടുക്കളിൽ അർത്ഥകല്പന നടത്തുന്നുണ്ട് എന്നതും ഇത്തരുണത്തിൽ ചേർത്തുവായിക്കേണ്ടതുണ്ട്.

കെന്ത്രോൻപാട്ടിലെ നീലകേശി കൈലാസത്തിൽ തമ്മപ്പന്റെ അടുത്തേക്ക് ചെല്ലുന്നതും ദൈവക്കരുവായി തീരുന്നതും പ്രതിപാദിക്കുന്നുണ്ട്. അതിനാൽ നീലകേശിയെ അന്വേഷിക്കേണ്ടത് കാളീപുരാണങ്ങളിൽ ആണ്, പ്രത്യേകിച്ച് ഭദ്രകാളിയുടെ കെന്ത്രോൻപാട്ടിൽ. നീലകേശിയാട്ടത്തിനുശേഷം യോഗിയുടെ പുറപ്പാടാണല്ലോ. യോഗി ഭൈരവൻതന്നെ. ഭൈരവൻമാരെക്കുറിച്ച് വ്യത്യസ്ത ജാതിക്കാർക്കിടയിൽ. വ്യത്യസ്ത ഉപത്യപുരാവൃത്തമാണുള്ളത്. അതിൽ പാണൻമാരുടെ ഭൈരവൻ – ചെറുത്താണ്ടാർ ചിരാളൻ കഥയും പാട്ടുകളും – പയ്യന്നൂർ പാട്ടിനെ വല്ലാതെ ഓർമ്മപ്പെടുത്തുന്നു. ഈ ചിരാളൻ കഥ പെരിയ പുരാണം എന്ന ശിവപുരാണത്തിലുണ്ട്. അതിനാൽ പഴം തമിഴ്പാട്ടുകളിലും ആ കാല ഘട്ടത്തിൽ ഉത്തരമലബാറിലെ നാടോടിഗായകരായിരുന്ന പാണന്മാരുടെ പാട്ടുകളിലുമാണ്. ഇക്കഥ തേടേണ്ടത്. എട്ടുത്തൊകൈയിലെ പരിപാടൽ

എന്ന കൃതിയിൽ ഒരു തരിയരനെകുറിച്ചു പറയുന്നുണ്ട്. ചുരുക്കത്തിൽ പഴമ്പാട്ടുകളിലായിരിക്കാം തരിയരന്റെയും നീലകേശിയുടെയും വേരുകൾ തേടേണ്ടത്.

## പയ്യന്നൂരിന്റെ പ്രസക്തി

പയ്യന്നൂരിനു സമീപമുള്ള ഏഴിമല കേന്ദ്രമാക്കിക്കൊണ്ട് ഏ.ഡി ആദിശതകങ്ങളിൽ മൂഷക്വംശരാജാക്കന്മാരുടെ ഒരംശം നിലനിന്നിരുന്നത് സുവിദിതമാണല്ലോ. ഏഴിമലയും പരിസരപ്രദേശങ്ങളും പതിനഞ്ചാം നൂറ്റാണ്ടുവരെയെങ്കിലും പടിഞ്ഞാറെ തീരപ്രദേശത്ത് പ്രമുഖവാണിജ്യകേന്ദ്രമായിരുന്നു. സമുദ്രത്തിൽനിന്ന് ദൃശ്യസാധ്യതയുള്ള ഉയർന്ന കുന്നും പ്രകൃതിദത്തമായ തുറമുഖവും ആണ് ഈ സൗകര്യം ഒരുക്കിയത്. മുഷകവംശം കാവ്യത്തിൽനിന്ന് ലഭിക്കുന്ന ഐതിഹ്യരൂപത്തിലുള്ള വസ്തുതകളിൽനിന്ന് ഹേഹയ രാജ്യഭരണാധികാരികളിൽ നിന്നാണ് മൂഷകവംശരാജാക്കന്മാരുടെ ഉല്പത്തി എന്നു മനസ്സിലാകുന്നു. എങ്കിലും ഹേഹയം എവിടെയായിരുന്നുവെന്നോ ഹേഹയ രാജ്ഞി എങ്ങനെ ഏഴിമലയിൽ എത്തി എന്നതിനോ ചരിത്രപരമായ തെളിവുകൾ ലഭിച്ചിരുന്നില്ല. അടുത്തകാലത്ത് കൃഷ്ണാനദീതടങ്ങളിൽ നടത്തിയ പുരാപഠനത്തിന്റെ ഫലമായി മൂഷകവംശം കാവ്യത്തിൽ പ്രതിപാദിക്കുന്ന പല നാടുകളും എ.ഡി. ആദിയിൽ നിലനിന്നിരുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

ഹൈകം എന്ന് ഇന്നറിയുന്ന സ്ഥലത്തുനിന്നാണ് ഹേഹയം എന്ന നാമം ഉദ്ഭവിച്ചിരിക്കുന്നത്. കേകയം അതിന്റെ തത്ഭവമാണ്.

കദംബരാജാവായ ശാന്തിവർമ്മൻ അനുജനായ കൃഷ്ണവർമ്മനെ ദക്ഷിണദേശത്തിന്റെ ഭരണാധികാരിയായി നിയമിച്ചിരുന്നു. കേകയരാജകുമാരിയായിരുന്നു കൃഷ്ണവർമ്മന്റെ ഭാര്യ. പല്ലവരുടെ ആക്രമണത്തിൽ കേകയരുടെ രാജധാനി നശിപ്പിക്കപ്പെട്ടു. (History of South India നീലകണ്ഠശാസ്ത്രി) മാഹിഷ്മതിയായിരുന്നു കേകയ രാജധാനി എന്നും അവിടുത്തെ മൂഷകരാജപത്നിയായിരിക്കണം ഏഴിമലയിൽ എത്തിയത് എന്നും വേണം അനുമാനിക്കാൻ. കുന്താപുരം മുതൽ ഗോകർണ്ണത്തിനടുത്തുള്ള ഗംഗാവാടിനദിവരെയുള്ള പ്രദേശത്തിന് ഹൈകം എന്നായിരുന്നു പേര്. (ചില കേരളചരിത്രപ്രശ്നങ്ങൾ)

കദംബ, ഗംഗ, പല്ലവ മേൽക്കോയ്മകൾ ഏഴിമലയിലെ മൂഷകന്മാർ അംഗീകരിച്ചിരുന്ന മാഹിഷ്മതിയിലെ മഹാനാവികനെ (ശ്രേഷ്ഠിവർത്തകപ്രമാണി)യായിരുന്നു രാമഘടമൂഷികൻ മന്ത്രിമുഖ്യനായി നിയമിച്ചത്. ധാരാളം കപ്പലുകളുള്ള വർത്തകപ്രമാണിയായിരുന്നു ഈ ചെട്ടി. കർണ്ണാടകത്തിന്റെ പടിഞ്ഞാറൻ തീരപ്രദേശത്ത് ഇത്തരം വർത്തകപ്രമാണിമാർക്ക്. രാജഭരണത്തിൽ സുപ്രധാന പങ്കാളിത്തമുണ്ടായിരുന്നതായി പുരാരേഖകളിൽനിന്നു വ്യക്തമാണ് (ഡോ. കെ. എൻ. എഴുത്തച്ഛൻ - അഞ്ചുവണ്ണവും മണിഗ്രാമവും) ആറാം നൂറ്റാണ്ടുവരെ കൊങ്കണം ഭരിച്ചിരുന്നത് മഗധൻമാരായ മൗര്യൻമാരായിരിക്കണം.





കദംബരും ചാലൂക്യരും, രാഷ്ട്രകൂടരും മൂഷകവംശത്തിന്റേമേൽ പല ഘട്ടങ്ങളിലായി ആധിപത്യം സ്ഥാപിച്ചിരുന്നു എന്നതിന് ചരിത്രപരമായ തെളിവുകളുണ്ട്. കൊങ്കണതീരപ്രദേശത്തെ കൊങ്കിണിഭാഷ ഇക്കാലത്തും പൂർവ്വമാഗധിഭാഗമായിരുന്നു. അതുകൊണ്ടായിരിക്കും കൊങ്കണത്തിലെ മൗര്യൻമാരെ മഗധൻ എന്നും പറഞ്ഞിരിക്കുന്നത്. മാഗധിപ്രാകൃതവും ഇവിടുത്തെ മലയാളവും തമ്മിൽ ഉണ്ടായ സമ്പർക്കത്തിന്റെ സാഹചര്യങ്ങൾ വിശദീകരിക്കാനാണ് ഇത്രയും പറഞ്ഞത്. എ.ഡി. ആദിശതകങ്ങളിൽ ഉത്തരകേരളത്തിലേക്ക് കർണ്ണാടകത്തിൽനിന്ന് പ്രസരിച്ച ജൈനസ്വാധീനവും ജൈനപ്രാകൃതം, മാഗധിപ്രാകൃതം എന്നിവയ്ക്ക് ഇവിടുത്തെ ഭാഷയിൽ ഇടം നേടിക്കൊടുക്കുന്നു.

നിരവധി ജൈന/മാഗധി പ്രാകൃതപദങ്ങൾ പയ്യന്നൂർപ്പാട്ടിൽ കാണാം. വാമൊഴിയിലൂടെ കൈമാറിവന്ന ഗാനമെന്നനിലയിലും ചിലപ്പോൾ അനുഷ്ഠാനഗാനമെന്ന നിലയിലും നൂറ്റാണ്ടുകൾക്കുശേഷവും പ്രാകൃതപദങ്ങൾ അങ്ങനെത്തന്നെ നിലനിൽക്കുന്നത് കാണാം.

കൊങ്കണപ്രദേശത്തുനിന്ന് വന്ന ശ്രേഷ്ഠി(ചെട്ടി)യായിരുന്നല്ലോ ആദിമൂഷകന്റെ മന്ത്രിമുഖ്യൻ. അത്തരം ചെട്ടികളോ അവരുടെ പിൻതലമുറക്കാരോ ആയിരിക്കണം പടിഞ്ഞാറൻ തീരപ്രദേശത്തെ വാണിജ്യം നിയന്ത്രിച്ചിരുന്നത്. ഏഴിമലമുതൽ കൊല്ലംവരെയുള്ള പ്രദേശങ്ങളിൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയെങ്കിലും യവനർ, മുസ്ലീങ്ങൾ എന്നിവരോടൊപ്പം ചെട്ടികളും വ്യാപാരകൂട്ടായ്മയിലെ പ്രധാനപങ്കാളികളായിരുന്നു. (സ്ഥാണുരവിയുടെ ശാസനം, തിരസാപള്ളി, ചെപ്പേട്) കേരളത്തിൽ ബ്രാഹ്മണാധിപത്യത്തോടെ ചാതുർവർണ്ണ്യം പ്രബലമായെങ്കിലും മലയാളിസമൂഹത്തിൽ വൈശ്യജാതി ഉണ്ടായില്ല എന്നതും വ്യാപാരക്കുത്തകയിലേക്കുയർന്ന ചെട്ടികളുടെ പ്രാധാന്യം ഊന്നിക്കാണിക്കുന്നു. കർണ്ണാടക-തമിഴ് വർത്തകരെയാണല്ലോ ഇന്നും ചെട്ടി എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. ഏഴിമലക്കടുത്ത് തുറമുഖവാണിജ്യനഗരമായ പ്രദേശത്തിന് ഇന്നും എട്ടിക്കുളം എന്നാണല്ലോ പേര്. ചെട്ടിക്കുളമാണ് കാലാന്തരത്തിൽ എട്ടിക്കുളമായത്.

പ്രമുഖ വാണിജ്യനഗരങ്ങളിലെ കരം പിരിവ്, ഭരണം മുതലായവക്ക് പ്രധാന വണിക്കുകളെ അധികാരപ്പെടുത്തുകയും അവരെ നഗരാധിപന്മാരായി നിയമിക്കുകയും അവർക്ക് പല അവകാശങ്ങളും ചാർത്തിക്കൊടുക്കുകയും ചെയ്തിട്ടുള്ള നിരവധി പുരാരേഖകൾ ലഭ്യമാണ്.

അത്തരത്തിൽ കരാർ (കച്ചം)ചെയ്തു കൊടുത്ത നഗരമായിരിക്കാം കച്ചിൽപട്ടണം. പയ്യന്നൂർപ്പാട്ടിൽ പ്രതിപാദിക്കുന്ന കച്ചിൽ പട്ടണം പയ്യന്നൂരിന് വളരെയകലെയല്ല എന്നത് പാട്ടിൽനിന്നു മനസ്സിലാക്കാം കാരണം, 'പഴയന്നൂർ തെരുവെഴിനും പങ്ങിയുള്ളരെശെൻ' എന്ന് അഞ്ചടിയിൽ വ്യക്തമാക്കുന്നുണ്ടല്ലോ.

ഇതിൽ പറയുന്ന പെരൂർ അയ്യകൊയിൽ തൃക്കണാമതിലകം ജൈനക്ഷേത്രമായിരിക്കാൻ ഏറെ സാധ്യതയുണ്ട്. അയ്യൻ (ചാത്തൻ) ആണു പ്രതിഷ്ഠ.

അവിടെ മാതുകൂത്ത് പതിവുണ്ടായിരുന്നു. അവൈദികക്ഷേത്രമാണിത്. (പഴയശാസനങ്ങൾ) ബട്ടമായുള്ള പള്ളി പരിശിനൊടങ്ങും ബാഴ്കാ എന്ന വരി ഇതിവൃത്തത്തിലുള്ള ജൈനസ്വാധീനത്തെ കുറിക്കുന്നു. വട്ടം എന്നതിന് വൃത്തം എന്ന അർത്ഥമല്ല ക്ഷേത്രം എന്ന അർത്ഥമാണ് ഇവിടെ പ്രസക്തം. ഉദാ:- മുക്കാൽവട്ടം, പാലാരിവട്ടം എന്നിവയെല്ലാം ആദ്യകാല ജൈനക്ഷേത്രങ്ങളാണ്.

മണിഗ്രാമം എന്നത് കൊങ്കണത്തിനടുത്തുള്ള ഒരു വണിക് ഗ്രാമമാണ് എന്ന് ഇന്ന് ഏറെ കുറേ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അവിടുത്തുകാരായ ചെട്ടിമാരുടെ വ്യാപാരസംഘടനയായിരിക്കാം മണിഗ്രാമം.

പയ്യന്നൂർപ്പാട്ടിന്റെ പഠനത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ജൈന പ്രാകൃത പദങ്ങൾ താഴെ കൊടുക്കുന്നു.

1. വാണിയം - കച്ചവടം
   കുലവാണിയം - ധാന്യകച്ചവടം
   (കുലവാണിയം ആയിരിക്കാം)
   കച്ച + പട + വാണിയം - തുണിവ്യാപാരം പിന്നീട് ഈ പദം എല്ലാ വസ്തുക്കളുടെയും വ്യാപാരം എന്ന അർത്ഥത്തിൽ വാണിയം ആയി. വാണിയം < വാണിജ്യ (സംസ്കൃതം)
2. പട്ടം കൊടുക്കുക - രാജസ്ഥാനമേൽക്കുക.
   (കോനെപ്പോലെ ഉന്നതനാവുക)
3. ചൊട്ട - ചെറിയവാൾ
4. ബിയം - വിയം - ചെലവ്
   (വിയം < ജൈ. പ്രാ > സം. വ്യയം)
5. തലകുരപ്പതും - തലചുരപ്പതും
6. പാടകം - പാദസരം
7. അച്ച - അമ്മ < അജ്ജ
8. അച്ചൻ - മാന്യർ < ജൈ. പ്രാ അജ്ജ
9. ചങ്ങാത്തം - അകമ്പടി < ശംഘാത
   (ചങ്ങാടം എന്നത് അകമ്പടി ഓടം എന്ന അർത്ഥത്തിലാണ്. ഒന്നിലധികം ഓടങ്ങൾ കപ്പലിന് അകമ്പടി സേവിക്കുന്നവ)
10. മാതുക്കൂത്ത് - സ്ത്രീകൾ നടത്തുന്ന കൂത്ത് (സം. മാതൃകൂത്ത്)
11. ചോനകർ - ജോനകർ (സം. യവന)
12. അയ്യ < സം. ആര്യ
13. തൂത് - തൂതി - ഥുതി, സ്തുതി
14. പിച്ച - ദാനം > പ്രാ ഭിച്ഛാ >സം. ഭിക്ഷ
15. പൈക്കം > പ്രാ. ഭയക്ഖ > സം. ഭൈക്ഷ
16. പിഴ - പീഢ, ദുഃഖം
17. മുപ്പരച്ചനം - ആജ്ഞ (ഉത്തരവ്)
18. ഉരു - രൂപം, ശരീരം
19. മാതു - മാതർ (അമ്മ എന്ന അർത്ഥത്തിൽ)
20. ചാതു - ജൈന സന്യാസി > മാ. പ്രാ. സാധു
21. താവം - താപം, ദുഃഖം
22. നിച്ചൽ - നിത്യം (ജൈ. പ്രാ നിച്ച > സം.നിത്യ)
23. കച്ചിൽ പട്ടണം < കജ്ജ - തീരുമാനം, സമ്മതം (കച്ചപ്പട്ടണമായിരിക്കാം. വണിക്കുകൾക്ക് ചാർത്തിക്കൊടുക്കുന്ന സ്ഥലം.)
24. കുച്ചിൽ - Out House പടിപ്പുരയുമാവാം

ഈ പദങ്ങൾ കൂടാതെ ചില വരികളുടെ വിശദീകരണങ്ങൾ കൂടി ആവശ്യമാണ്. പത്താമത്തെ പദ്യത്തിൽ

അന്നെ നിമ്മകെനായൂവർത്തെനൊ
ശ്രീയൂവർത്തെനോ ചൊല്ലെന്നാൽ

(ഭദ്രേ നിനക്ക് ആയുർവേദവർത്തനായ പുത്രനെയോ ശ്രീയുർവർത്തനായി പുത്രനെയോ ആവശ്യം എന്നു പറയുക.) പെരൂരയ്യൻ വരം കിടന്ന സ്ത്രീയോട് ചോദിക്കുന്നതാണിത്.

(ഇരുപത്തിരണ്ടാം പദ്യം. അഞ്ചാംവരി)

ബാങ്ങുവിനിക്കൈയെരാർ കുലം - കച്ചവടപ്പണിക്കാർ

(മുപ്പത്തിമൂന്നിൽ ആറാമത്തെവരി)

ബെരുമാനന നമിസകരിച്ചെൻ - പെരുമാനെ നമസ്ക്കരിച്ചു

(നാല്പത്തി മൂന്ന് - നാലാം വരി)

പഴ്കൊളുതി - നീറ്റിൽ ഇറക്കി

(നാല്പത്തിനാലാം പദ്യം)

നായൻ നഗരി - പുഹാർ (പട്ടണം)

(നാല്പത്തി എട്ടാം പദ്യം)

കരവക്കൂട്ടം - കൈകൊട്ടൽ?

(അമ്പത്തൊന്നിൽ ഏഴാം വരി)

പെയന്നി - ചെലവ്

(അമ്പത്തേഴിൽ രണ്ടാംവരി)

നില്ലെയം ബ്ബീട്ടിൽ - വീട്ടിൽ

(അറുപത്തി മൂന്നിൽ ഏഴാം വരി)

പത്തി - ഭക്തി

(അറുപത്തി മൂന്നിൽ ഏഴാം വരി)

ബംകാളം പെരാതെ - തർക്കമുണ്ടാക്കാതെ

(അഞ്ചടി - രണ്ടാം ഖണ്ഡം)

അത്തി - ഹസ്തി (ആന)

പുത്തി - ബുദ്ധി പത്തി - ഭക്തി ■

# പയ്യന്നൂർ പാട്ടും കേരളപര്യടനവും

**കെ. ബാലകൃഷ്ണൻ**

മലയാളത്തിലെ ആദ്യത്തെ കാവ്യം എന്നു ചൊൽകൊണ്ട പയ്യന്നൂർ പാട്ട്. ചുരുങ്ങിയത് ആറേഴ് നൂറ്റാണ്ടുമുമ്പുതന്നെ അതിമഹത്തായ നാഗരികതയുടെ കേന്ദ്രമായിരുന്നു പയ്യന്നൂർ എന്നതിലേക്ക് വെളിച്ചംവീശുന്ന കൃതി. 1993 മെയ് മാസം ജർമനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാലയിൽ നടന്ന ഗുണ്ടർട്ട് ചരമശതാബ്ദി ആഘോഷവേളയിലാണ് പയ്യന്നൂർ പാട്ടിന്റെ പ്രസാധനത്തിന് തുടക്കം കുറിച്ചത്. അന്ന് ഡോക്ടർ സക്റിയാ സക്കറിയ പയ്യന്നൂർ പാട്ടിനെപ്പറ്റി വിശദമായി സംസാരിച്ചതായി ഓർക്കുന്നു.

അതിനും ഏതാനും മാസംമുമ്പ് തലശ്ശേരിയിൽവെച്ച് ഗുണ്ടർട്ട് അനുസ്മരണസമ്മേളനം നടക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഒരു പ്രദർശനം സംഘടിപ്പിക്കപ്പെട്ടു. ട്യൂബിങ്ങൻ സർവ്വകലാശാലയിൽനിന്നും മറ്റുമായി ഗുണ്ടർട്ടിന്റെ ശേഖരത്തിലെ മലയാളകൃതികൾ കണ്ടെടുത്ത് ഡോ. സ്കറിയാ സക്കറിയ മൈക്രോഫിലിം ചെയ്തു കൊണ്ടുവന്ന സാമഗ്രികൾ. അതിൽ പയ്യന്നൂർ പാട്ടിലെ പല ഓലകളുടെയും പകർപ്പുണ്ടായിരുന്നു. പയ്യന്നൂർ പാട്ട് ഇന്ന് കിട്ടിയ രൂപത്തിൽ നമുക്കു കിട്ടിയതിന് തലമുറകൾ കടപ്പെട്ടിരിക്കുന്നവരിൽ ആന്റണി നാലാമനാണ്. മഹാനായ ഡോ. ഗുണ്ടർട്ട്, അദ്ദേഹത്തിന്റെ ഇപ്പോൾ ജീവിച്ചിരിപ്പുള്ള ബന്ധുവായ ഡോ. ആൽബ്രഷ്ട് ഫ്രാൻസ്, ഡോ. സ്കറിയാ സക്കറിയ, പിന്നെ ആന്റണിയും. പയ്യന്നൂർ പാട്ടിലെത്തണമെങ്കിൽ രാമചരിതത്തെയും സൂചിപ്പിക്കാതെ വയ്യ.

മലയാളം ഒരു സ്വതന്ത്രഭാഷയായി രൂപാന്തരപ്പെട്ടുവരുന്ന ഘട്ടത്തിൽ ഉണ്ടായ കൃതി എന്ന അർത്ഥത്തിൽ ആദ്യകൃതിയായി രാമചരിതമാണ് അറിയപ്പെട്ടുപോരുന്നത്. ചീരാമകവിയാൽ വിരചിതമായ ഇരാമചരിതം അഥവാ രാമചരിതം.

*"ഊന മറ്റെഴുമിരാമചരിതത്തലൊരുതെല്ലൂഴിയിൽ ചെറിയവർക്കറിയുമാറുചെയ്‌വാൻ"*

എന്ന നാട്ടിലെ സാധാരണക്കാർക്കുവേണ്ടി രാമായണത്തിലെ അല്പഭാഗം എഴുതുന്നു എന്നാണ് കവി ആമുഖമായി പറയുന്നത്. യുദ്ധകാണ്ഡം മുഴുവനായും സുന്ദരകാണ്ഡത്തിലെയും മറ്റും കഥ ആനുഷംഗികമായും പറയുകയാണിതിൽ.

*"കാനനങ്കളിലരൻ കളിരുമായ്, കരിണിയായ്*
*കാർനെടുങ്കണ്ണുമ, തമ്മിൽ വിളയാടി നടന്ന*
*ന്റാ, നനം വടിവുള്ളാനവടിവായവതരി*
*ത്താതിയേ! നല്ലവിനായകനെന്മൊരലമലനേ*
*നാനാതൊന്റു തുനിയിന്റതിനെൻ മാനതമെന്റെ*
*നാളതാർ തന്നിൽ നിരന്തരമിരുന്തരുൾ തെളി-*
*ന്തൂനമറ്ററിവെനക്കു വന്തുതിക്കും വണ്ണമേ*
*യൂഴിയേഴിലും നിറൈന്ത മറൈ ഞാനപൊരുളേ!*
*നിറൈന്ത മറൈ ഞാനപൊരുളേ!"*

ശിവൻ കൊമ്പനാനയും കറുത്തു നീണ്ട കണ്ണുകളോടുകൂടിയ ഉമ പിടിയാനയുമായി കാട്ടിൽ കളിച്ചുമദിച്ചു നടന്ന കാലത്ത് പിറവിയെടുത്ത ഗണപതിഭഗവാനേ! വിനായകനെന്നു പ്രസിദ്ധനായ പരിശുദ്ധാത്മാവേ! ഏഴു ലോകങ്ങളിലും നിറഞ്ഞ വേദജ്ഞാനസാരമേ എന്റെ ഈ ഉദ്യമം വിജയിക്കുന്നതിന് ഊനമില്ലാത്ത അറിവ് വന്നുദിക്കുംവണ്ണം എന്റെ മനസ്സാകുന്ന താമരപ്പൂവിൽ നിരന്തരമിരുന്നു തെളിഞ്ഞരുളേണമേ!

രാമചരിതത്തിന്റെ തുടക്കം ഇങ്ങനെയാണ്. ആദ്യത്തെ മലയാള കൃതി എന്ന് ഇതിനെ എങ്ങനെ വിശേഷിപ്പിക്കും? രാമചരിതം മലയാളകൃതിയല്ല, തമിഴ്കൃതിയാണ് എന്നു പ്രമുഖരായ ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ദ്രാമിഡസംഘാതാക്ഷരനിബദ്ധം എതുക, മോന വൃത്തവിശേഷയുക്തം പാട്ട് എന്ന പാട്ടിന്റെ ലക്ഷണങ്ങൾ ഏറിയ കൂറും പാലിക്കുന്നു രാമചരിതം. ദ്രാവിഡത്തിൽനിന്ന് അഥവാ തമിഴിൽനിന്ന് മലയാളം രൂപപ്പെട്ടിരുന്ന കാലത്തേത്. സംസ്കൃതപദങ്ങളുടെ അധിനിവേശമില്ലെന്നത് എടുത്തുപറയുകയും വേണം.

പന്ത്രണ്ടാം നൂറ്റാണ്ടിലോ പതിമൂന്നാം നൂറ്റാണ്ടിലോ ഉണ്ടായിരുന്ന കേരളഭാഷയിൽ എഴുതപ്പെട്ട കൃതി എന്ന് രാമചരിതത്തെ വിശേഷിപ്പിക്കാം. അപ്പോഴും ഇതിവൃത്തം പരകീയമാണെന്ന പ്രശ്നം വരുന്നു. ഇതിഹാസപുരാണാദികളുടെ വിവർത്തനപ്രശ്നം വരുന്നു. ഇതിഹാസ പുരാണാദികളുടെ വിവർത്തനമോ ഉപാഖ്യാനമോ ആയിരുന്നു പഴയകാലത്ത് ഭാഷാസാഹിത്യം. രാമായണകഥയാണ് ഭാഷാസാഹിത്യം. രാമായണകഥയാണ് രാമചരിതത്തിലെന്നതിനാൽ അത് സ്വതന്ത്രകൃതി എന്നു പറയാനാവതല്ല.

പയ്യന്നൂരിലെത്തുമ്പോൾ രാമചരിതത്തിനെന്താണ് പ്രസക്തിയെന്ന ചോദ്യമുയരാം. കാര്യമുണ്ട്. കാൽനൂറ്റാണ്ടിലേറെക്കാലം കാലിക്കറ്റ് യൂനി

വേഴ്സിറ്റിയിലെ മലയാളവിഭാഗത്തിൽ പ്രവർത്തിച്ച, ഡോ. കെ.എൻ. എഴുത്തച്ഛനോടൊപ്പം ജോലി ചെയ്ത, ഡോ. കരുണാകര പൊതുവാൾ പറഞ്ഞു. എഴുത്തച്ഛൻ മാഷ് വന്നു രാമചരിതത്തിനു ചോദിച്ചപ്പോൾ 'ഞാൻ പടിമ്മന്ന് രണ്ട് ഗ്രന്ഥം എടുത്തു കൊടുത്തു' എന്ന് മാഷ് പറയുകയുണ്ടായി. എഴുത്തച്ഛൻ മാഷോട് ചോദിച്ചപ്പോൾ ശരിയാണെന്ന് സമ്മതിക്കുകയും ചെയ്തു. വിദ്വാൻ എ. കെ. കൃഷ്ണൻ മാസ്റ്ററുടെ വീട്ടിൽനിന്ന് രാമചരിതത്തിന്റെ രണ്ട് കോപ്പി താളിയോലഗ്രന്ഥം കിട്ടിയെന്നർത്ഥം. രാമചരിതത്തിന്റെ ഓലക്കെട്ടുകൾ കണ്ടുകിട്ടിയതിൽ പത്തും ഉത്തരകേരളത്തിൽ നിന്നത്രെ. അതിൽ ബഹുഭൂരിപക്ഷവും പയ്യന്നൂർ, നീലേശ്വരം മേഖലയിൽനിന്നും.

രാമചരിതത്തിന്റെ അപരനാമം മണിയാണിഗ്രന്ഥം എന്നാണ്. പയ്യന്നൂർ-കാഞ്ഞങ്ങാട് മേഖലയിലാണ് മണിയാണിമാർ, കോലയാന്മാർ എന്ന പേരിലറിയപ്പെടുന്ന സമുദായക്കാർ കൂടുതലായുള്ളത്. മണിയാണിമാർ തങ്ങളുടെ സ്വന്തം കൃതിയായി സൂക്ഷിക്കുക മാത്രമല്ല, കർണ്ണാടകത്തിൽ രാമായണത്തിനുപകരം രാമചരിതം വീടുകളിൽ വായിച്ചു പോന്നിരുന്നുപോൽ. ഇപ്പോഴും രാമായണത്തിനു പകരം രാമചരിതം വായിക്കുന്ന മണിയാണിസമുദായത്തിൽപ്പെട്ട ചില കുടുംബങ്ങളുള്ളതായി പറയുന്നു.

ഈ കാരണങ്ങളാലാവണം രാമചരിതം ഉത്തരകേരളത്തിൽ പ്രത്യേകിച്ച് പയ്യന്നൂർ പരിസരത്ത് ഉണ്ടായ കൃതിയായിരിക്കണം എന്ന ഒരഭിപ്രായമുയർന്നത്. ഡോക്ടർ ഗുണ്ടർട്ട് തന്നെയാണ് രാമചരിതത്തെക്കുറിച്ചും ആദ്യമായി ഭാഷാശാസ്ത്ര-ചരിത്രപരമായി പഠനത്തോടെയും ടിപ്പണിയോടെയും വ്യാഖ്യാനത്തോടെയും ആദ്യമായി പ്രസിദ്ധപ്പെടുത്തിയത്. ഉത്തരകേരളത്തിൽ ഇന്നും ഉപയോഗത്തിലുണ്ടെന്നതും മണിയാണിഗ്രന്ഥമെന്ന സംജ്ഞയുള്ളതും സാഹിത്യ-ചരിത്രപരമായി പ്രധാനപ്പെട്ട മറ്റു കാര്യങ്ങളുമൊക്കെ ചൂണ്ടിക്കാട്ടിയാണ് രാമചരിതത്തിന്റെ ഉത്തരകേരളത്തം കൃഷ്ണൻനായർ സ്ഥാപിക്കാൻ ശ്രമിച്ചത്. ഉത്തരകേരളമെന്നത് ഇക്കാര്യത്തിൽ പയ്യന്നൂരോ പരിസരപ്രദേശങ്ങളോ ആയി കരുതാനും ന്യായമുണ്ട്. എന്നാൽ കൈരളീപദ്യസാഹിത്യത്തിലെ പ്രഭാതനക്ഷത്രം എന്ന് ഉള്ളൂർ വിശേഷിപ്പിക്കുന്ന ചീരാമ (ശ്രീരാമന്റെ നാട്ടുഭാഷാരൂപം അഥവാ ആര്യച്ചിതൈവ് വന്ന രൂപം) കവി ഈ മേഖലക്കാരനാണെന്നതിന് ഉറപ്പൊന്നുമില്ല. സാഹിത്യചരിത്രകാരന്മാർ ആരും അതംഗീകരിക്കുന്നുമില്ല.

പയ്യന്നൂർ പാട്ടിനെകുറിച്ച് പറയാൻ പുറപ്പെട്ട് രാമചരിതത്തിലെത്തിയത് മേൽപറഞ്ഞ അഭിപ്രായമുള്ളത് സൂചിപ്പിക്കാൻ മാത്രമാണ്. സ്കറിയാ സക്കറിയ ട്യൂബിങ്ങനിൽനിന്നും ഓലക്കെട്ട് കണ്ടുപിടിക്കുന്നതുവരെ പയ്യന്നൂർ പാട്ടിലെ 16 വരികൾ മാത്രമേ നമുക്ക് അറിവുണ്ടായിരുന്നുള്ളൂ. ദി ലെജണ്ട് ഓഫ് പയ്യന്നൂർ എന്ന പേരിൽ ഡോ. ഗുണ്ടർട്ട് മദ്രാസ് ജേണൽ ഓഫ് ലിറ്ററേച്ചർ ആന്റ് സയൻസ് എന്ന മാഗസിന്റെ 1844 ഏപ്രിൽ ലക്കത്തിൽ എഴുതിയ





കുറിപ്പിൽ ഉദ്ധരിച്ച വരികൾ. നൂറ്റിരണ്ട് ഈരടികൾ മാത്രമാണ് ഗുണ്ടർട്ടിന് ലഭിച്ചതെന്നായിരുന്നു നാം മനസ്സിലാക്കിയത്. എന്നാൽ 104 പാട്ടുകൾ തന്നെ ഗുണ്ടർട്ട് ശേഖരത്തിൽനിന്നു കണ്ടുകിട്ടി. 419 ഈരടികൾ. എന്നിട്ടും കൃതി അപൂർണ്ണമായിത്തന്നെയിരിക്കുന്നു.

പയ്യന്നൂർ പാട്ടും അതിലെ കഥയുടെ രണ്ടാം ഭാഗമെന്നു തോന്നിക്കുന്ന നീലകേശിപ്പാട്ടും കണ്ടുകിട്ടുന്നു. ദീർഘം വേണ്ടിടത്ത് ഹ്രസ്വം ഉപയോഗിച്ചതടക്കം ഒട്ടനവധി ഭാഷാവൈകല്യങ്ങൾ പയ്യന്നൂർ പാട്ടിനുണ്ട്. കൃതി രചിക്കപ്പെട്ട പ്രദേശത്തിന്റെയും പാടിനടന്ന വിഭാഗത്തിന്റെയും ആ കാലഘട്ടത്തിലെ ഭാഷാഭേദമാണിതിലുള്ളതെന്ന പ്രശ്നവുമുണ്ട്. അതുകൊണ്ടുതന്നെ ഭാഷാശാസ്ത്രപരമായ ഇടപെടൽ പയ്യന്നൂർ പാട്ടിനുമേൽ ഇനിയുമുണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. ശരിയായ വ്യാഖ്യാനവും ആവശ്യമാണ്. കഥയിലെ അസാധാരണത പഴയകാലങ്ങളെക്കുറിച്ചും ആഴത്തിലുള്ള പഠനം ആവശ്യപ്പെടുന്നുണ്ട്. ഗവേഷണതത്പരർ അതിനു മുന്നോട്ടുവരേണ്ടിയിരിക്കുന്നു. അതെല്ലെങ്കിൽ സർവ്വകലാശാല അതൊരു പ്രോജക്ടായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

ഇനി, പയ്യന്നൂർ പാട്ടിന്റെ അകത്തേക്ക് കടക്കാം. പേരൂർ സ്വദേശിയായ നീലകേശി എന്ന സുന്ദരിക്ക് എത്ര വിവാഹം കഴിച്ചിട്ടും ആൺസന്തതി പിറന്നില്ല. പെൺസന്തതിയുണ്ടായിരുന്നോയെന്നാണെങ്കിൽ കഥയിൽ ചോദ്യമില്ല. അവൾ ഭിക്ഷുകിയായി നാടുചുറ്റി. അങ്ങനെയിരിക്കെ അവൾ കച്ചിൽപട്ടണത്തിൽ എത്തിപ്പെട്ടു. കച്ചിൽപട്ടണത്തിന്റെ അധിപൻ എന്നുതന്നെ വിശേഷിപ്പിക്കാവുന്ന വണിക്ക് പ്രമുഖനായ നമ്പുച്ചെട്ടിയെ കണ്ട് കാര്യങ്ങൾ വിവരിച്ചു. എന്തിനുപറയുന്നു ഒരു നിയോഗംപോലെ എന്ന് സാഹിത്യഭാഷയിൽ പറയാവുന്ന മട്ടിൽ അവർ വിവാഹിതരായി. ആൺസന്തതിയുണ്ടാവാൻ പേരൂരയ്യൻ കോവിലിൽ കൂത്തുനടത്തുന്നതിന് നേർച്ച നേർന്നു.

*"പത്തുമാസം തികഞ്ഞപ്പോൾ പകലുതിക്കും*
*ഭഗവാനാരെപ്പോലെ പൈതൽ - പിറന്നു*
*ചൊല്ലിൽ പെരിയവൻകച്ചിൽ പട്ടിൽ*
*ചൊമ്പുചെട്ടിക്കുമവൻ പിറന്നു*
*അല്ലെൽപ്പെട്ടെല്ലാരു ഒടിവന്നു*
*അപ്പെനെ കാൺമൊരു പദെശിപ്പാൾ*
*അല്ലുപകലുമിടയില്ലാതെ*
*ആഹാരദാനം കൊടുത്താർ ചെമ്മെ*
*നല്ലതും ചൊല്ലിട്ടു നാല്പത്തൊന്നാ*
*ന്നാളും കഴിഞ്ഞു പുലയുന്തീർന്നു."*

നാട്ടേക്ക് വലിയവനായ നമ്പുച്ചെട്ടിക്ക് മകൻ പിറന്ന വിവരമറിഞ്ഞ് നാട്ടുകാർ ഓടിയെത്തി. അവർ ചെട്ടിയെ അഭിനന്ദിച്ചു. രാപകലെന്യേ അന്ന

ദാനം നടന്നു. അങ്ങനെ 41 ദിവസം കഴിഞ്ഞു. നേർച്ചയുടെ കാര്യം ഓർമ്മവന്നു. എല്ലാവരും പേരൂരയ്യൻ കോവിലിലേക്ക് ചെന്നു.

കൂത്തുതുടങ്ങുകയായി. അജ്ഞാതനായ കവിയുടെ താളബോധത്തിന് നിദർശനമായ വരികൾ നോക്കുക.

*കുത്തിനുകൊട്ടും മിഴാവെലിയും*
*കുമിറ കുമിറ കുടുകുടിന*
*ച്ചാത്തിരനീതിയുടെ വഴിപൊമ്പൊൾ*
*ത്തകിടി തകിടിടി തകിടിടിനാ*
*വാദ്യമുഴക്കമിതെന്തിനു ചൊൽ*
*വരുവതീനുള്ളൊരു കാരെണ-*
*മെന്തന്നൊർത്തൂടെനവ്വഴി നെടി*
*ച്ചെന്നിട്ടുളവാകും ബാഴികെട്ടിനാ"*

ഈ സമയത്താണ് പല നാടുകളിലും വാണിഭം നടത്തി ഏറ്റവും പേരുകേട്ട പഴയന്നൂർ (പയ്യന്നൂർ) നഗരത്തിലേക്ക് കുലവാണിയർ എത്തുന്നത്. മരക്കലമേറി വരുന്ന അവർ പേരൂരയ്യൻ കോവിലിലെ കൂത്തിന്റെ മിഴാവൊലി കേട്ടു. കൂത്തിന്റെ വിശേഷങ്ങൾ രണ്ടാമതൊന്നാലോചിക്കാതെ കപ്പലിൽ നിന്നിറങ്ങി കോവിലനടുത്തെത്തി. അവർ അമ്പലത്തിന്റെ പാതാറിന്മേൽ കയറി നിന്ന് എത്തിനോക്കാൻ തുടങ്ങി. കൂത്ത് നടത്തിപ്പുകാരുടെയും കാണികളുടെയും ശ്രദ്ധയിൽ അവർപെട്ടു. വരത്തന്മാർ മതിലിൽ കയറി കൂത്തുകാണാനെന്തവകാശമെന്ന ചോദ്യമുയർന്നു. തങ്ങൾ ധാന്യക്കച്ചവടക്കാരാണെന്നും കൗതുകം കൊണ്ടു കാണാൻ വന്നതാണെന്നും അവരുടെ വിശദീകരണം. സമുദായാഭിമാനികളുണ്ടോ അതു കേൾക്കുന്നു. തർക്കം മൂത്തു. നമ്പുച്ചെട്ടി അടുത്തുവന്നു.

അങ്ങനെ നമ്പൂസരിയരന്റെ അഥവാ തരിയരന്റെ ജന്മത്തിന്റെ സന്തോഷംകൊണ്ടാടാൻ നടത്തിയ കൂത്ത് കൂട്ടക്കൊലയുടെ രംഗവേദിയായി. പേരൂരയ്യൻ കോവിലിൽ ചോരച്ചാലൊഴുകി. അപ്പോഴാണ് നീലകേശി സംഗതി അറിയുന്നത്. തന്റെ ആങ്ങളമാരാണ് കൊല്ലപ്പെട്ടതെന്ന് മനസ്സിലായതോടെ അവർ ആകെ മാറി. ദീനരോദനത്തിനു പകരം ആസുരമായ മുഖഭാവത്തോടെ നീലകേശി ശപഥം ചെയ്തു. നമ്പുച്ചെട്ടിയുടെ അപരാധത്തിന് മകനെ (തരിയരനെ) കൊന്ന് പ്രതികാരം ചെയ്യുമെന്ന പ്രതിജ്ഞ. അവൾ ഉടൻതന്നെ ഭർത്താവിനെയും മകനെയും ഉപേക്ഷിച്ച് നാടുവിട്ടു. ഒരു പുത്രനുണ്ടാകുന്നതിനായി ഒന്നിനുപിറകെ ഒന്നായി അരഡസനോളം വിവാഹം ചെയ്ത് നേർച്ചയായ നേർച്ചയൊക്കെ നേർന്ന് ഒടുവിൽ മോഹം പൂവണിയുന്നു. അത് തട്ടിയെറിഞ്ഞ് വീണ്ടും താപസവേഷം.

നമ്പൂസരിയരൻ നമ്പൂച്ചെട്ടിയുടെ ഓമനമകനായി വളർന്നു. കപ്പൽപ്പണി പഠിച്ചു. വാണിയം ചെയ്യുന്നതിൽ എല്ലാ വിരുതും ആർജ്ജിച്ചു. കച്ചിൽപട്ടണത്തിൽനിന്നും അവർ മരക്കലം തീർത്ത് കാവേരി പൂമ്പട്ടണംവരെ പോയി സാധനങ്ങൾ വില്പന നടത്തി പൊന്നും വെള്ളിയുമൊക്കെ നാട്ടിലേക്ക് കൊണ്ടുവന്നു. അന്യനാട്ടിൽനിന്നും കൊണ്ടുവന്ന സാധനങ്ങൾ കച്ചിൽപട്ടണത്തിൽ പാണ്ടികശാല നിർമ്മിച്ച് അതിൽ സൂക്ഷിച്ചു. അടുത്തത് പണിക്കാർക്ക് വീതം കൊടുക്കലാണ്; കൂലിയും.

നിറഞ്ഞ സംതൃപ്തിയോടെ നമ്പുചെട്ടിയും തരിയരനും ബംഗ്ലാവിൽ തിരിച്ചെത്തി.

അങ്ങനെയിരിക്കെയാണ് ഒരുദിവസം ഒരു പേക്കോലം അവിടെ എത്തിയത്. ഭിക്ഷ ഇരന്നുകൊണ്ട് ഒരു താപസി. പൈക്കം തരണമെന്ന് അവൾ നമ്പൂസരിയരനോട് അഭ്യർത്ഥിക്കുന്നു. തരിയരൻ മുകളിലത്തെ നിലയിലാണ്. താഴെനിന്നാണ് താപസിയുടെ അഭ്യർത്ഥന.

പൈക്കം നൽകാൻ നമ്പൂസരിയൻ സേവകന്മാർക്ക് നിർദ്ദേശം നൽകുന്നു. സേവകന്മാർ തരുന്ന ഭിക്ഷ താൻ സ്വീകരിക്കില്ല. ഇളന്തരിയരൻ തന്നെ ഭിക്ഷ നൽകണമെന്ന് താപസി (നീലകേശി തന്നെ. എന്നാൽ പേര് വ്യക്തമാക്കുന്നില്ല) ശാഠ്യം. വാണിഭക്കാരനായ താൻ നേരിട്ടു ഭിക്ഷ നൽകില്ല. അങ്ങനെ പതിവില്ലെന്ന് തരിയരന്റെ ശാഠ്യം. ഒടുവിൽ രക്ഷയില്ലാതെ തരിയരൻ ഒരു വാഗ്ദാനം നൽകുന്നു. തർക്കത്തിലേർപ്പെടാം. അതിൽ തന്നെ പരാജയപ്പെടുത്തുകയാണെങ്കിൽ സ്വന്തം കൈകൊണ്ടുതന്നെ ഭിക്ഷ നൽകാമെന്നാണ് വാഗ്ദാനം.

'ശാത്തിരംഞ്ചൊല്ലി നീയെറ്റു കൊള്ളൈ' എന്ന് നീലകേശി അത് സമ്മതിച്ചു തരിയരൻ പ്രശ്നമുയർത്തി.

*"മുന്നിൻന്നിറവും ഗുണവും ഞ്ചൊല്ലു*
*മുന്നിൻനലവും കുലവും ഞ്ചൊല്ലു*
*മൂന്നിന്നു ദെവസ മൂന്നും ഞ്ചൊല്ലു*
*മൂന്നിന്നും അക്ഷരം മൂന്നും ഞ്ചൊല്ലു*
*മൂന്നിനും കൊ (ക) ലുമാധാരവും ഞ്ചൊല്ലു*
*മൂന്നന്നീയെറ്റ മടവും ഞ്ചൊല്ലു*
*മൂന്നന്നിൻ കൈക്കുപൈക്കം*
*പെയ്തിവാൻ കല്പിച്ചതാർ തവൈശിപ്പെണ്ണേ"*

ഉരുളക്കുപ്പേരിപോലെ താപസിപ്പെണ്ണ് മറുപടി പറയുന്നു

*"മുന്നിൻന്നിറം ബൈള്ളിശെംപുപൊന്നു*
*മുന്നിൽ ഗുണം പശിദാഹമൊഹം*
*മൂന്നിനും ദെവസബ്രഹ്മൻ ബിഷ്ണുമഹേശ്വരൻ*
*മൂന്നിനു മക്ഷരം അകാരം ഉകാരംമ്മകാരം*
*മുന്നിനും കൊൽ മാത്രകൊൽ മതിക്കൊൽ ശുരക്കൊൽ*

*മുന്നിൻമുഖം പതിനൊന്നാകി നില്പു*
*മുത്തതു പാതിനൊന്നാകി നില്പു*
*മുത്തതു പാണിപാത്രവുമന്നമെറ്ററു നെരിഷാം*"

ഇങ്ങനെ എല്ലാറ്റിനും ഉത്തരം പറഞ്ഞ് ജേത്രിയായ താപസിക്ക് പൈക്കം നൽകാൻ അവൻ തയ്യാറാവുന്നു. പക്ഷേ അപ്പോൾ അവൾ പറയുകയാണ്, തരുവാന്മടിച്ചത് ഇനി തനിക്ക് വേണ്ട, പയ്യെന്നൂരിൽ മായക്കൂത്ത് നടക്കുന്നുണ്ട്. അതിനു വന്നാൽ മതി. വാരായ്കിലാണല്ല പെണ്ണോടൊക്കും എന്ന വല്ലാത്തൊരു വെല്ലുവിളിയോടെയാണ് അവൾ പോയത്. പണ്ട് അമ്മാവന്മാർക്കുണ്ടായതുപോലെ കൂത്തെന്നു കേട്ടതോടെ തരിയരന്റെ മനസ്സിൽ ആവേശം അലതല്ലി. പയ്യന്നൂരിലെ കൂത്തിനു പോയേ ഒക്കൂ.

അച്ഛനോട് സംഗതി പറഞ്ഞപ്പോൾ ആകെ കുഴഞ്ഞു. താപസി വന്നതും കൂത്തിനു ക്ഷണിച്ചതും ക്ഷണം സ്വീകരിച്ചതുമറിഞ്ഞപ്പോൾ നമ്പുച്ചെട്ടി ക്ഷുഭിതനായി. ഒരു കാരണവശാലും പോകരുതെന്നും പോയാൽ താൻ ചത്തുകളയുമെന്നും ചെട്ടിയാരുടെ പ്രഖ്യാപനം. തർക്കം മൂത്തു. പണ്ട് കൂത്തു നടന്നപ്പോഴുണ്ടായ സംഭവവും തരിയരനെ കൊന്നുകളയുമെന്ന് അവന്റെ അമ്മ ശപഥം ചെയ്തതും അപ്പോൾ സാഹചര്യത്തിന്റെ സമ്മർദ്ദംനിമിത്തം മകനെ അറിയിക്കേണ്ടി വന്നു. പെണ്ണ് ആണിനെ കൊല്ലുകയോ എന്ന് ലാഘവത്തോടെ അവൻ ചോദിക്കുന്നു. പോകാൻ വിട്ടില്ലെങ്കിൽ താൻ ചത്തുകളയുമെന്ന ഭീഷണിയും. ഒടുവിൽ നമ്പുച്ചെട്ടി വഴങ്ങി. വെറുംകയ്യോടെ കൂത്തിനുപോകുന്നതിന് പകരം നന്നായി വാണിയം (കച്ചവടം) ചെയ്യാൻ ഒരുങ്ങിവേണം പോകാൻ എന്ന് ചെട്ടിയാർ ഉപദേശിക്കുന്നു

"*എന്തു ഞാൻ ബാണിയം കൊണ്ടുപോവു*"

എന്ന് തരിയൻ ചോദിക്കുന്നു. അതിനുള്ള മറുപടിയായി

"*ബാണിയം ഞൊല്ലാം പലതരവും*
*പഴയെന്നൂർ വിക്കുന്ന വാണിയെങ്ങെൾ*"

എന്ന് ഡസൻ കണക്കിന് സാധനങ്ങളുടെ പേര് വിവരിക്കുകയാണ് നമ്പുച്ചെട്ടി. ഒമ്പത് പാട്ടുകളിൽ സാധനങ്ങളുടെ പേർ പറഞ്ഞുകൊണ്ടുതന്നെ പാട്ട് അവസാനിക്കുന്നു.

പയെന്നൂരിൽ കൂത്തുനടക്കുന്നതും അവിടെ തരിയരൻ എത്തുന്നതും പിന്നെ നീലകേശിയുടെ ശപഥം നടപ്പായോ എന്നും മറ്റുമുള്ള കാര്യങ്ങൾ പയ്യന്നൂർ പാട്ടിന്റെ ലഭ്യമായ പാഠത്തിൽ ഇല്ല. ഡോ. ഗുണ്ടർട്ട് പയ്യന്നൂരിൽ താമസിച്ച് പഠിച്ച് ഓലയിൽ എഴുതിപ്പിച്ചതാണ് ലഭ്യമായ ഭാഗങ്ങൾ. ശേഷമുള്ള കഥാഭാഗങ്ങളുടെ ഓല ഗുണ്ടർട്ടിന്റെ പക്കൽ നിന്ന് അഥവാ ട്യൂബിങ്ങൻ സർവ്വകലാശാലയിൽനിന്നു നഷ്ടപ്പെട്ടതാണോ? അല്ലെന്നതിന് ഗുണ്ടർട്ടുതന്നെ





തെളിവ് തരുന്നുണ്ട്. ഗുണ്ടർട്ടിനു പാടിക്കിട്ടിയത് അത്രമാത്രമാവാം. ഒരുപക്ഷെ പയ്യന്നൂർ പാട്ടിൽ നാം ഊഹിക്കുന്നതുപോലെ കഥ അവസാനിപ്പിക്കാതെ കവി ഇടക്കുവെച്ച് നിർത്തിക്കളഞ്ഞതാവുമോ.

പയ്യന്നൂർ പാട്ടിന്റെ രണ്ടാം ഭാഗമല്ലാത്തതും എന്നാൽ ലഭ്യമായ പയ്യന്നൂർ പാട്ടിന്റെ കഥയുടെ അനുസ്യൂതിയായി കരുതാവുന്നതുമായ ഒരു ഭാഷാകാവ്യം പിൽക്കാലത്ത് ലഭ്യമായിട്ടുണ്ട്. വണ്ണാനും കെന്ത്രോൻ പാട്ടും എന്ന കൃതിയിൽ ഡോ. എം. വി. വിഷ്ണുനമ്പൂതിരി ശേഖരിച്ചു ചേർത്ത നീലകേശിപ്പാട്ട്. ഗർഭബലികർമ്മത്തിന് വണ്ണാന്മാർ പാടുന്ന പാട്ടാണ് നീലകേശിപ്പാട്ട്. പുത്രലാഭത്തിനുവേണ്ടി നടത്തുന്ന ഒരു അനുഷ്ഠാനമാണ് – ബോധോച്ചാടനക്രിയയാണ് ഗന്ധർവൻ പാട്ട് അഥവാ കെന്ത്രോൻ പാട്ട്. പയ്യന്നൂർ പാട്ടിന്റെ പാഠം ഗുണ്ടർട്ടിനുശേഷം ആദ്യമായി കൂലംകഷമായി പഠനത്തിന് വിധേയമാക്കിയ പി. ആന്റണിതന്നെയാണ് നീലാകേശിപ്പാട്ടെന്ന കെന്ത്രോൻപാട്ട് പയ്യന്നൂർ പാട്ടിലെ കഥയുടെ അനുസ്യൂതിയാണെന്ന കണ്ടെത്തലിന്റെ ഉടമ. എൺപതു വരിയേ നീലകേശിപ്പാട്ടിലുള്ളൂ. പത്തു വീട്ടിൽ പൈക്കമിരന്നു നടന്ന താപസി മലയരികെ പോകുമ്പോൾ മലങ്കുറവനെ ചുട്ട ചുടല കണ്ടു. അവിടുന്ന് ഒരു തീക്കൊള്ളിയെടുത്ത് ചെഞ്ചാരവുരെ മാവിനോട് കൊണ്ടുചാരുന്നു. എത്രയും പെട്ടെന്ന് തരിയരന്റെ തലയെനിക്കു പണയമാകേണം എന്ന പ്രാർത്ഥനയും ശപഥവും തുടർന്ന് മായക്കൂത്ത് നടത്താൻ തയ്യാറെടുപ്പ് നടത്തുന്നു. കൂത്ത് നടക്കുന്നതറിഞ്ഞ തരിയരൻ ആനപോലെ കുളം ചാടി കുളികഴിഞ്ഞ് ഉണ്ണിച്ചങ്ങനെ (ദാസൻ) ക്കൊണ്ട് കെട്ടും എടുപ്പിച്ച് താപസിയെച്ചെന്നു വിളിക്കുന്നു താപസിയാകട്ടെ മായച്ചൂതും ചതുരംഗവും വെച്ചു നിരത്തി ഒരു പലക ചൂതൊടുചതുരംഗം പോർമുനയേണം എന്ന് തരിയരനോട് ആവശ്യപ്പെടുന്നു.

"*ഞാൻ തോറ്റുവെങ്കിലെന്റൊരു മുലപണയം*
*നീ തോറ്റുവെങ്കിൽ നിന്റിതൊരു തല പണയം*" എന്ന വ്യവസ്ഥയിൽ കളി തുടങ്ങുന്നു. ചൂതിലും ചതുരംഗത്തിലും തോറ്റ തരിയരനെ മടിയിൽ കിടത്തി എന്റിതൊരു പഴം കുടിപ്പാ വീട്ടുന്നു ഞാനും എന്ന് പറഞ്ഞ് അയാളെ വെട്ടി കൊന്ന് കുടൽമാല കഴുത്തിലണിയുകയാണ് താപസി. ആ വേഷത്തിൽ തമ്മപ്പൻ കോയിലിൽ (ശിവക്ഷേത്രം) എത്തിയ അവളോട് കുലവാണിയപകയുള്ള നീ എന്റെ ശ്രീ കൈലാസം തീണ്ടി അശുദ്ധമാക്കരുതെന്നും വടവന്യതീർത്ഥത്തിൽ പോയി കുളിച്ച് ശുദ്ധി വരുത്തണമെന്നും നിർദ്ദേശിക്കുന്നു. കുളികഴിഞ്ഞെത്തുന്ന താപസി ദൈവക്കരുവായി, തെയ്യമായി മാറുന്നു.

പയ്യന്നൂർ പാട്ടിന്റെ ഭാഗംതന്നെയാണ് എന്നു കഥകൊണ്ട് തോന്നിപ്പോകും. കൂത്തിന് വിളിച്ച് കൂത്തിനുമുമ്പുതന്നെ കള്ളച്ചൂതിൽ തോല്പിച്ചശേഷം വകവരുത്തുകയാണ് തരിയരനെ. പയ്യന്നൂർ പാട്ടിൽ താപസിയുടെ ക്ഷണമനു

സരിച്ച് കൂത്തിനു പോകുമ്പോൾ വലിയ തയ്യാറെടുപ്പോടെയാണ് പോക്ക്. എന്നാൽ നീലകേശിപ്പാട്ടിൽ തരിയരൻ ഉണ്ണിച്ചങ്ങൻ എന്ന ഒരു സേവകനെ മാത്രം കൂട്ടിയാണ് പുറപ്പെടുന്നത്. പറയത്തക്ക വ്യത്യാസം ഇതു മാത്രമാണ്. നാടൻപാട്ടും നീലകേശിപ്പാട്ടും പയ്യന്നൂർ, കുഞ്ഞിമംഗലം പ്രദേശങ്ങളിലെ വണ്ണാന്മാർ പരമ്പരയായി പാടിവന്നതാണ്, ഇപ്പോൾ ഏതാണ്ട് വിസ്മൃതമായെങ്കിലും. പയ്യന്നൂർ പാട്ടിന്റെ ഭാഗമാണെന്നറിഞ്ഞുകൊണ്ടല്ല അവർ പാടിവന്നതെന്നുമാത്രം. നേരത്തെ പറയാതെവിട്ട ഒരാമുഖം, അഞ്ചടി കൂടിയുണ്ട് പയ്യന്നൂർ പാട്ടിന്. ഉത്തരകേരളത്തിൽ വേടൻ എന്ന ഒരു തെയ്യമുണ്ട്. കർക്കടകതെയ്യങ്ങൾ, കർക്കിടോത്തിതെയ്യം എന്നും അറിയപ്പെടും.

ആടിയും വേടനും. പത്തോ പന്ത്രണ്ടോ വയസ്സുള്ള ആൺകുട്ടിയാണ് വേടൻ കെട്ടുക. മുഖത്തെഴുതി ചെറിയ ഉടുത്തുകെട്ടും മുടിയുമായി വേടൻ നീലകേശിയുടെയും കോലം ധരിച്ചവനാണ് ഞാൻ. പയ്യന്നൂർ പാട്ട് പുസ്തകരൂപത്തിൽ കണ്ടപ്പോൾ  ഞാൻ വല്ലാതെ അത്ഭുതപ്പെട്ടുപോയി. കുഞ്ഞിമംഗലത്ത് അധ്യാപകനായ വൈ. വി. കണ്ണൻ അനുസ്മരിച്ചു.  ബി. എക്ക് പഠിക്കുമ്പോഴാണ് പയ്യന്നൂർ പാട്ടിനെപ്പറ്റി  ആദ്യം കേട്ടതും  വായിച്ചതും. ഡോക്ടർ ഗുണ്ടർട്ട് ഒരു ലേഖനത്തിൽ ഉദ്ധരിച്ച 16 വരികൾ മാത്രമേ നമുക്ക് കണ്ടുകിട്ടിയിട്ടുള്ളുവെന്നാണ് പഠിച്ചതും പരീക്ഷയെഴുതിയതും. പക്ഷേ ജർമ്മനിയിൽനിന്നും സ്കറിയാ സക്കറിയ കൊണ്ടുവന്ന് പുസ്തകമാക്കി അടിച്ചിറക്കിയത് കയ്യിൽ കിട്ടിയപ്പോൾ ഞെട്ടി. ഞാൻ വീടുകളിൽ ചെന്ന് പാടിയ തെയ്യമ്പാട്ടല്ലയോ ഇത്?

കണ്ണൻ മാസ്റ്റർ പറഞ്ഞു. പയ്യന്നൂർ പാട്ടിന്റെ അഞ്ചടിയാണ് കർക്കടോത്തി തെയ്യത്തിന്, വേടൻ പാട്ടിന് ഉപയോഗിച്ചുകൊണ്ടിരുന്നത്.

തന്റെ അച്ഛൻ പയ്യന്നൂർ പാട്ടിലെ കുറേയധികം പാട്ടുകൾ പാടുന്നത് കേട്ടതായും അദ്ദേഹം അനുസ്മരിക്കുന്നു.

പയ്യന്നൂർ പാട്ടിലെ സ്ഥലനാമത്തെപ്പറ്റി പഠനങ്ങൾ ഇനിയും നടക്കേണ്ടതായിട്ടാണുള്ളത്. ലഭ്യമായേടത്തോളം  വിവരങ്ങൾ വെച്ച് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭേദങ്ങളുണ്ട്. കച്ചിൽപട്ടണം ഏഴിമലയ്ക്കടുത്തുള്ള ഒരു പുരാതന തുറമുഖനഗരം എന്നാണ് ഡോ: ഗുണ്ടർട്ട് നിഘണ്ഡുവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഴയ താലൂക്ക് ആസ്ഥാനമായ കവ്വായി തന്നെ കച്ചിൽപട്ടണം എന്ന് ഇന്ന് പൊതുവെ വിശ്വസിക്കപ്പെട്ടുപോരുന്നു. പയ്യന്നൂരിൽനിന്നും രണ്ടു കിലോമിറ്ററോളം അകലെയാണ് കവ്വായി-നഗരസഭാപരിധിക്കകത്തുതന്നെ.

കവ്വായി അതല്ലെങ്കിൽ മാടായിക്കടുത്തുണ്ടായിരുന്ന  ഒരു തുറമുഖം എന്ന് കച്ചിൽപട്ടണത്തെ തിരിച്ചറിയാം. അടുത്തില എന്ന സ്ഥലനാമം അടുത്ത കച്ചിലയുടെ രൂപമാറ്റമാണെന്നും അടുത്തില ചാലിയരുടെ ഒരു കേന്ദ്രമാണെന്നും അടുത്തിലയിൽ മാത്രമായി ഒരു ക്ഷേത്രമുണ്ടെന്നും അതിനാൽ കച്ചിൽപട്ടണം





അടുത്തിലയുടെ തൊട്ടടുത്ത സ്ഥലമായിരുന്നിരിക്കണമെന്നും  ടി. ടി. കെ പൊതുവാൾ 1983-ൽ മാതൃഭൂമി ആഴ്ചതിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. അടുത്തില സുപ്രസിദ്ധമായ മാടായിയുടെ തൊട്ടടുത്തുള്ള സ്ഥലമാണ്. മാത്രവുമല്ല മരക്കലത്തിലേറി അരദിവസംകൊണ്ട് പയ്യന്നൂരിലെത്താനാവുമെന്ന് പയ്യന്നൂർ പാട്ടിൽ സൂചനയുണ്ട്. അതുകൊണ്ട് മാടായിക്കടുത്തുള്ള തുറമുഖമാവാം കച്ചിൽപട്ടണം എന്ന അഭിപ്രായം അപ്രസക്തമല്ല. നേരെമറിച്ച് കവ്വായിയാണെങ്കിൽ വിളിപ്പാടകലെയാണ് പയ്യന്നൂർ. കപ്പലിൽ ചുറ്റേണ്ട പ്രശ്നമില്ല. കഥയിൽ ചോദ്യമില്ല!

ഗുണ്ടർട്ടിന് പറ്റിയ അബദ്ധം പിന്നീടുള്ള പണ്ഡിതന്മാരെല്ലാം ആവർത്തിച്ചതാണ് പേരുരയ്യൻ പ്രശ്നത്തിൽ കാണുന്നതെന്ന് വളരെ പ്രസക്തമായ ഒരു നിരീക്ഷണം ഡോ. ടി. പവിത്രന്റേതായി ഉണ്ട്. പേരൂർ എന്നത് ശിവപേരൂർ അതായത് തൃശൂർ ആണെന്നാണ് ഗുണ്ടർട്ടും പ്രഫ. ഗുപ്തൻ നായർ വരെയുള്ളവരും പറയുന്നത്. തെയ്യസംസ്കാരത്തിനു പുറത്തുള്ള തൃശൂരുമായി ഒരു ബന്ധം ഇവിടെ അപ്രസക്തമാണ്. പേരൂർ എന്നത് എരമത്തിന് തൊട്ടടുത്തുള്ള പേരൂൽ ആണെന്നാണ് ഡോ. പവിത്രൻ പറയുന്നത്.

പേരൂരിൽ (പേരൂൽ) വളരെ പഴക്കം ചെന്ന ഒരു ശിവക്ഷേത്രമുണ്ട്. അവിടെമുമ്പ് നേർച്ചയായി കുത്ത് നടത്താറുണ്ടായിരുന്നുവത്രെ (കരിവെള്ളൂർ ശിവക്ഷേത്രത്തിൽ നേർച്ചയായി കൂത്ത് ഇന്നും തുടരുന്ന കാര്യം ഓർക്കുക.) മാടായിയിൽ നിന്ന് തലസ്ഥാനം ഒഴിവാക്കി അല്പകാലം എരമം തലസ്ഥാനമാക്കി മൂഷകവംശം ഭരണം നടത്തിയെന്ന പ്രാധാന്യമുണ്ട്. പണ്ടേ പ്രസിദ്ധമായ സ്ഥലം എന്നർത്ഥം.

എന്നാൽ പേരൂരയ്യൻകോവിലിൽ കൂത്തു നടക്കുമ്പോൾ മിഴാവിന്റെ ഒലികേട്ട് കൂലവാണിയർ (നീലകേശിയുടെ ആങ്ങളമാർ) എത്തിയല്ലോ. മരക്കലമേറി വരുന്നവർ എങ്ങനെ അതുവഴി എത്തി എന്ന പ്രശ്നമുണ്ട്. കഥയാണ്. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഇന്നത്തെ അറിവിന്റെ വെളിച്ചത്തിൽ ചോദ്യങ്ങൾ പ്രസക്തമാണോ. ആശാന്റെ സീതാകാവ്യത്തിൽ വാല്മീകി മഹർഷി തപോവനത്തിൽനിന്നും സീതയെ ശ്രീരാമസന്നിധിയിലേക്ക് (നൈമിശാരണ്യത്തിലേക്ക്) കൂട്ടിക്കൊണ്ടുപോകുന്നുണ്ടല്ലോ. അതിൽ സമയവും ദൂരവും പൊരുത്തപ്പെടുന്നില്ലെന്ന് ആശാനുമേൽ വലിയ ഒരാരോപണം എ.പി.പി. നമ്പൂതിരി ഉന്നയിക്കുകയുണ്ടായി. നമ്പൂതിരി മുഴക്കോലുമായി നടക്കുന്നു എന്ന് അതിനെ തച്ചുശാസ്ത്രജ്ഞൻ കൂടിയായ എൻ. കോയിത്തട്ട പരിഹസിച്ചതായി ഓർക്കുന്നു. അതുപോലെ മുഴക്കോലുമായി നടക്കേണ്ടതില്ല. എങ്കിലും പയ്യന്നൂർ പാട്ടിലെ സ്ഥലപ്രശ്നം ആഴത്തിലുള്ള പഠനത്തിന് വിഷയമാക്കേണ്ടത് അനിവാര്യമാണ്. ■

# പയ്യന്നൂർ പാട്ട് പഠനങ്ങൾ: അനുശീലനത്തിന്റെ പാഠങ്ങൾ

**വി. ദിനേശൻ**

*ഗുണ്ടർട്ടും ഉള്ളൂരും ഇളംകുളവും അവരവരുടെ ഉത്തമബോധ്യമനുസരിച്ച് തിരുത്തലുകൾ വരുത്തിയാണ് പാട്ടുകൾ ഉദ്ധരിക്കുന്നത്.*
*-സ്കറിയ സക്കറിയ.*
*(പി. ആന്റണി, പയ്യന്നൂർ പാട്ട്, പു. XXVIIIXXIX)*

*നേരത്തെ പറഞ്ഞതുപോലെ പാടിയവന്റെയും പകർപ്പെഴുതിയവന്റെയും പ്രമാദങ്ങളും നിജമില്ലായ്മയും പരിഗണിച്ചുകൊണ്ടുവേണം ഭാഷയെപറ്റി എന്തെങ്കിലും പറയാൻ.*
*- എസ്. ഗുപ്തൻനായർ, പയ്യന്നൂർ പാട്ട് ഒറ്റനോട്ടത്തിൽ*
*(പി. ആന്റണി, P. 44)*

പയ്യന്നൂർ പാട്ടിനെ പഠനവിധേയമാക്കിയ സ്കറിയാ സക്കറിയയും എസ്. ഗുപ്തൻനായരും ഒരുപോലെ പറഞ്ഞുപോകുന്ന മുകളിൽ കൊടുത്ത പ്രസ്താവനകളിൽ പരോക്ഷമായി അടങ്ങിയിരിക്കുന്ന ഒരുകാര്യം തിരുത്തലുകളെയും പ്രമാദങ്ങളെയും നിജമില്ലായ്മയെയും തിരിച്ചറിയുന്നതും ക്രമപ്പെടുത്തുന്നതും പയ്യന്നൂർ പാട്ടിന്റെ നേരിലേക്കെത്താൻ വഴിയൊരുക്കുമെന്നും, അത് പാട്ട് പ്രക്ഷേപിപ്പിക്കാൻ ശ്രമിച്ചിരുന്ന അർത്ഥത്തെയും കാലത്തെയും കൃത്യമായി അറിയാൻ പര്യാപ്തമാക്കുമെന്നാണ്. ഇത് സാധ്യമാണോ? അതല്ലെങ്കിൽ ഇത് സാധ്യമാകേണ്ടതുണ്ടോ? ഈ ഉദ്ദേശത്തോടെ ഇവിടെ ഉണ്ടായിട്ടുള്ള പഠനങ്ങൾ ചെയ്യുന്നതെന്താണ്? അത്തരം പഠനങ്ങളിലും പാഠങ്ങളിലും അവർപോലുമറിയാതെ കടന്നുവരുന്ന പഠിതാവിന്റെ സാമൂഹ്യാവസ്ഥ ഒരുക്കിയെടുക്കുന്ന അവരുടെ മനോനില(Mentality) എന്താണ്? ഈ മനോനിലയെ അനാവരണം ചെയ്യാൻ കഴിയുമോ? കഴിയുമെങ്കിൽ അവ നൽകുന്ന പാഠമെന്തായിരിക്കും? ഇത്തരം ചോദ്യങ്ങളെ അടിസ്ഥാനമാക്കി പയ്യന്നൂർ പാട്ടിനെക്കുറിച്ചുണ്ടായ





ഏതാനും പഠനങ്ങളെ പുനർവായനയ്ക്ക് വിധേയമാക്കുകയാണ് ഈ കുറിപ്പിൽ ചെയ്തിരിക്കുന്നത്.

പയ്യന്നൂർ പാട്ടിന്റെ കാലത്തെക്കുറിച്ച് പഠനവിധേയമാക്കിയ ഏതാണ്ട് എല്ലാവരും എന്തെങ്കിലും പറഞ്ഞുവെയ്ക്കുന്നുണ്ട്. ഇവരിലാരുംതന്നെ ഇതിന്റെ നിർമ്മിതിയുടെ കാലത്തെ 15-ാം നൂറ്റാണ്ടിനിപ്പുറത്തേക്ക് കൊണ്ടുവരുന്നില്ല. പക്ഷേ നിർഭാഗ്യമെന്നുപറയട്ടെ, അക്കാലത്തെ, അതുമല്ലെങ്കിൽ ഗുണ്ടർട്ടിന് ഈ കൃതി സിദ്ധമായ 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധംവരെയുള്ള കാലങ്ങളിൽ, പയ്യന്നൂർ പാട്ടിനെക്കുറിച്ച് വർത്തമാനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നും, ഉണ്ടായിരുന്നുവെങ്കിൽ അതെന്താണെന്നും അറിയാനുള്ള മാർഗ്ഗം നമുക്കേതായാലും ഇന്നില്ല. അതായത് പയ്യന്നൂർ പാട്ടിനെക്കുറിച്ചുള്ള ആദ്യത്തെ കുറിപ്പ് നമുക്ക് ലഭിക്കുന്നതുതന്നെ ചുരുങ്ങിയത്, നിലവിലുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തി പറയുകയാണെങ്കിൽ, അതുണ്ടായതിനുശേഷം 4-5 നൂറ്റാണ്ടുകളെങ്കിലും കഴിഞ്ഞിട്ടാണ്. ചില വിമർശകർ പറയുന്നതുപോലെ അപ്പോഴേക്കും അതിൽ പരാമർശവിധേയമായ പല സ്ഥാപനങ്ങളും സംസ്കൃതിയും ഇല്ലാതായിട്ടുണ്ട്. ഉള്ളവതന്നെ അതിന്റെ പഴയ അർത്ഥങ്ങൾവെടിഞ്ഞ് പുതിയവ തേടിയും മറ്റെന്തോ ആയി മാറിയിട്ടും ഉണ്ട്. സാധാരണയായി നമ്മൾ നമ്മുടെ തന്നെ ആലോചനകൾ സാധ്യമാക്കുന്ന അവസ്ഥയെ അന്വേഷണ പരിശോധനകൾക്ക് വിധേയമാക്കാത്തതുകൊണ്ട്, ഈ അവസ്ഥയിൽ നമ്മളോരോരുത്തരും ചെയ്യുക നമ്മുടെതന്നെ യുക്തിയെ പഠനവിധേയമാക്കുന്ന വസ്തുവിലേക്ക് ആവേശിപ്പിക്കലാണ്. ഇങ്ങനെയൊന്നും നടക്കുന്നുണ്ടെന്ന് തിരിച്ചറിയുക പോലും ചെയ്യാതെ ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ പയ്യന്നൂർ പാട്ടിനെപറ്റിയുള്ള പഠനങ്ങളുടെ ഗതിയും മറ്റൊന്നല്ലെന്നു കാണാം.

ഗുണ്ടർട്ട് പയ്യന്നൂരിന്റെ ഐതിഹ്യം (The legend of Payyanur) എന്ന പേരിലാണ് പയ്യന്നൂർപാട്ടിനെക്കുറിച്ച് എഴുതിയിരിക്കുന്നത്. പയ്യന്നൂരിന്റെ ഐതിഹ്യമെന്താണെന്ന് ഈ കുറിപ്പിലൂടെ കടന്നുപോകുന്ന ഒരാൾക്ക് അറിയാൻ കഴിയില്ല. പകരം പരിചിതമാകുക പയ്യന്നൂർപാട്ടിന്റെ ഇതിവൃത്തവും, അദ്ദേഹം ഇതിൽ പ്രാധാന്യത്തോടെ പരിശോധിക്കുന്ന കച്ചവടസംസ്കൃതിയെയുമായിരിക്കും, ആകെയുള്ള 104 പാട്ടുകളിൽ എടുത്തുദ്ധരിക്കുന്നതും പഠനവിധേയമാക്കുന്നതും വർത്തകസംഘങ്ങളായി കണക്കാക്കുന്ന അഞ്ചുവണ്ണം, മണിഗ്രാമം, പട്ടിണ സ്വാമിമക്കൾ തുടങ്ങിയ പദങ്ങൾ വരുന്ന ഭാഗം മാത്രമാണ്. അദ്ദേഹം എഴുതുന്നു. "I believe that the people of Anjuvannam and Manigramam here mentioned as belonging to your country, can only mean Jews and christians(or Manicheans) who, for commerce sake, settled also beyond the Perumal's territoties". നമുക്കറിയാം കൊളോണിയൽ വ്യാപാരത്തിന്റെ ചുമലേറിയാണ് മിഷണറി പ്രവർത്തനങ്ങൾ ഇവിടെ(എവിടെയും) എത്തിയതെന്നും, അവ എല്ലായ്പ്പോഴും പരസ്പരപൂരകങ്ങളായി നിന്നിരുന്നുവെന്നും.

കൊളോണിയൽ സംസ്കൃതിക്ക് ആവശ്യമായ രീതിയിൽ മലയാള ഭാഷയെ പഠിക്കാനും മനസ്സിലാക്കാനും ഉതകുന്ന നിഘണ്ടുവും, വ്യാകരണ ഗ്രന്ഥവും രചിക്കാനാണ് ഗുണ്ടർട്ട് പിന്നെ പയ്യന്നൂർ പാട്ടിനെ ഉപയോഗിച്ചത്. പരകീയപദങ്ങളും ഭാഷയുടെ ഘടനയും ഹൃദിസ്ഥമാക്കുകയും അന്യഭാഷാ ഉപയോക്താക്കൾക്കായി ഒരുക്കിവെക്കുകയും ചെയ്യുമ്പോൾ എങ്ങനെയാണ് പയ്യന്നൂർ പാട്ടിന്റെ ഹൃത്തിലെത്താൻ ഇത്തരം സംരഭങ്ങൾക്ക് കഴിയുക?

കൊളോണിയൽ ഭരണത്തിന്റെ ആദ്യനാളുകൾവരെ ഇവിടെയുണ്ടായിരുന്ന മലയാളഭാഷാപ്രയോഗം പരിശോധിക്കുന്ന ഏതൊരാൾക്കുമറിയാൻ കഴിയുന്നകാര്യം നാം ഇന്നു കാണുന്നപോലുള്ള വിരാമചിഹ്നങ്ങളോ വിവൃതോകാരമോ, ഹ്രസ്വദീർഘ ഏകാരത്തെ വിശേഷിപ്പിക്കുന്ന ചിഹ്നമോ ഇല്ലായിരുന്നുവെന്നു മാത്രമല്ല വാക്കുകളെ വ്യവച്ഛേദിച്ചറിയാനായി അവയ്ക്കു തമ്മിൽ അകലം സൂക്ഷിക്കുന്ന രീതിയുമില്ലായിരുന്നു. ഇത് വിശദമാക്കാൻ ഉദാഹരണങ്ങൾ എത്രവേണമെങ്കിലും നിരത്താവുന്നതാണ്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ച ഒരു നോവലിന്റെ പേര് ഫുൽമൊനിയെന്നും കൊരുണയെന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ എന്നാണ്. ഇവിടെ മുകളിൽ പറഞ്ഞ ഭാഷാപ്രയോഗങ്ങളുടെ അഭാവം കാണാം. ഏതാണ്ടിതുപോലെ തന്നെയാണ് ഗുണ്ടർട്ടിന്റെ ശേഖരത്തിൽനിന്നും കണ്ടെടുത്ത പയ്യന്നൂർ പാട്ടിന്റെ ഘടനയും. ഉദാഹരണത്തിന്:

*"പൊവാൻബിലക്കിനെത്തിരെയും*
*പൊക്കൊഴിപ്പാനരുതിഞ്ഞുതതിപ്പൊൾ*
*ചാവളരെപ്പോലെ നീയലപൊവും*
*ചങ്ങാതം ബെണം പെരികെയിപ്പൊൾ"*

ഇതേ വരികൾ ഗുണ്ടർട്ട് തന്റെ പഠനത്തിൽ പകർത്തിയെഴുതുമ്പോൾ വരുന്ന മാറ്റം ശ്രദ്ധിക്കുക.

*"പൊവാൻ വിലക്കിനെൻ എത്തിരയും*
*പൊക്കൊഴിപ്പാൻ അരുതാഞ്ഞു തതിപ്പൊൾ*
*ചാവളരെപ്പോലെ നീ അകലപ്പൊവും*
*ചങ്ങാതംവേണം പെരികയിപ്പോൾ"*

വാക്കുകളെ മുറിച്ചും, നിവർത്തിയും, കൃത്യമാക്കിയും ഒരുക്കിനിർത്താനുള്ള വ്യഗ്രത ഇവയിൽകാണാം, അത് ആ ഉദ്യമത്തിന്റെ പൂർണ്ണതയിലെത്തിയില്ലെങ്കിലും ഇത് മലയാളഭാഷയെ അനുശീലനം (Discipline) ചെയ്യുന്നതിലേക്കായി ബോധപൂർവ്വം ഗുണ്ടർട്ട് ചെയ്തതാണെന്ന വാദമില്ലെങ്കിലും പാശ്ചാത്യരീതിയിലൂടെ ഉരുവംവെച്ച മാനസികത(Mentality) അനിവാര്യമാക്കിതീർത്ത ഇടപെടലായിരുന്നു വെന്നേയുള്ളൂ. ഈ അനുശീലനം മലയാളത്തിൽ പിന്നെയും തുടരുന്നുണ്ട്, ഇത് എന്തിനാണെന്നോ, എങ്ങനെ





യാണെന്നോ, അവ സാമൂഹ്യതയിൽ എങ്ങനെ പ്രവർത്തിക്കുന്നതെന്നോ തിരക്കാതെ, മറ്റൊരു രീതിയിൽ പറഞ്ഞാൽ, കൊളോണിയൽ ആവശ്യങ്ങളുണ്ടാക്കിയെടുത്ത കാര്യങ്ങൾ ഉത്തമമെന്നു കരുതി അതു മാനദണ്ഡമാക്കിവച്ച് ഗുണദോഷങ്ങൾ കണക്കാക്കുന്ന രീതിയും, അതെത്തിപ്പിടിക്കാനുള്ള വ്യഗ്രതയും തുടങ്ങിയെന്ന് ഉത്തരം. കൊളോണിയൽ വീക്ഷണത്തിലൂടെ പരുവപ്പെട്ട ചിന്താമണ്ഡലത്തിലൂടെ പര്യവേഷിക്കുന്നതുകൊണ്ടാകണം ഉള്ളൂർ മുകളിൽകൊടുത്ത വരികളെ ആവശ്യമായ ടിപ്പണികളോടെ ഒരുക്കി/ഒതുക്കി നിർത്തുന്നത്.

*പോകാൻ വിലക്കിനേനെത്തിരയും;*
*പോക്കൊഴിപ്പാനരുതാഞ്ഞുതിപ്പോൾ.*
*ചാവാളരെപ്പോൽ നീയകലെപ്പോവൂ;*
*ചങ്ങാതം വേണം പെരികെയിപ്പോൾ.*

ഇതേ പാശ്ചാത്യ-ആധുനികചിന്താപദ്ധതിയുടെ ഭാഗമായി ടെലിയോളജിക്കൽ ആയ, പ്രദർശനപരമായ, സങ്കൽപ്പത്തിൽ തീർത്തും വിശ്വാസമുള്ളതുകൊണ്ടായിരിക്കണം ഡോ. എം. ലീലാവതി അപരിഷ്കൃതാവസ്ഥയിൽനിന്നും പരിഷ്കൃതാവസ്ഥിയിലേക്കുള്ള മലയാളഭാഷയുടെ യാത്രയ്ക്കിടയിൽ ഇവയെ ഇഴചേർക്കുന്ന കണ്ണിയെന്ന സങ്കൽപ്പത്തിൽ പയ്യന്നൂർ പാട്ടിനെ കാണുന്നത്; അതുകൊണ്ടാണ് ഇത് വാനരനും നരനുമിടയിലുള്ള വിട്ടുപോയ കണ്ണിയാകുന്നത്.

പി. ആന്റണിയുടെ പഠനം മറ്റുള്ളവർ ചെയ്തതുപോലെ പാഠത്തിനകത്ത് നേരിട്ടുകയറി ഇടപെടുന്നതിനു പകരം പാഠത്തെ സംവൃതം (envelop) ആക്കിക്കൊണ്ടുള്ള ഇടപെടലാണ് നടത്തിയിരിക്കുന്നത്; വാക്കുകൾക്ക് പിൻകുറിപ്പിൽ അർത്ഥങ്ങൾ നൽകിയും കഥയുടെ ദിശാവ്യതിയാനങ്ങളെ സൂചിപ്പിച്ചും, വിവരണങ്ങൾ നൽകിയും, ചില വാദങ്ങളെ സമർത്ഥിക്കാൻ പൂർവ്വസൂരികളെ ഉദ്ധരിച്ചും പാഠത്തിനും പഠനത്തിനും ആധികാരികതയുണ്ടാക്കാനുള്ള ആവേശം കാണാം. ആന്റണിയുടെ മുൻതലമുറക്കാർ വാക്കുകളെയും വരികളെയും മാത്രമേ ഒരുക്കി നിർത്തുകയും കൃത്യത ഉണ്ടാക്കുകയും ചെയ്തുള്ളൂവെങ്കിൽ ഇദ്ദേഹത്തിന് അതിനുമപ്പുറം കൃതിക്ക് തന്നെ പൂർണ്ണത ഉണ്ടാക്കണമെന്ന ആഗ്രഹമാണ്. അതാണ് അദ്ദേഹത്തെ നയിക്കുന്നതും. അതുകൊണ്ടാണ് നീലകേശിപ്പാട്ടിലേക്ക് തിരിഞ്ഞ് സമാനത കണ്ടെത്താൻ തുനിയുന്നത്. താരതമ്യപഠനം യഥാർത്ഥ വസ്തുതയിലേക്ക് നമ്മെ എത്തിക്കുന്നതിനുള്ള മതിയായ മാർഗ്ഗമാകുമെന്ന ചിന്തയും മറ്റേതെങ്കിലും ചിന്താപദ്ധതിയുടെ ഉരുത്തിരിഞ്ഞു വരലല്ല. ചുരുക്കത്തിൽ, പയ്യന്നൂർ പാട്ട് പഠനങ്ങളൊന്നും നാളിതുവരെയായി കൊളോണിയൽ ആധുനികത നമുക്ക് സമ്മാനിച്ച ജ്ഞാനമണ്ഡലത്തെ ഭേദിച്ച് കടന്നുപോയിട്ടില്ല.

## ഗ്രന്ഥസൂചി


1. ഡോ. അജിത്കുമാർ, എൻ. പയ്യന്നൂർ പാട്ട്. ഭാഷാപോഷിണി, പുസ്തകം 26, ലക്കം 4, സപ്തംബർ 2002.
2. ആന്റണി. പി. (എ. ഡി) പയ്യന്നൂർ പാട്ട് : പാഠവും പഠനങ്ങളും, ഡി. സി. ബുക്സ്, കോട്ടയം, 1994.
3. ഉള്ളൂർ എസ്. പരമേശ്വര അയ്യർ, കേരളസാഹിത്യചരിത്രം കേരള സർവ്വകലാശാല, തിരുവനന്തപുരം, 1956.
4. ഗുണ്ടർട്ട്, ഹെർമൻ The legend of Payyanur. Madras journal of Literature and Science, April 1844.
5. ഗുപ്തൻനായർ, എസ്. പയ്യന്നൂർ പാട്ട് : ഒറ്റനോട്ടത്തിൽ. പി. ആന്റണി (എഡി).
6. രാഘവൻ. സി., പൊലി ത്രൈമാസിക, ഫോക്‌ലോർ അക്കാദമി.
7. ലീലാവതി. എം., ഭാഷാ പരിണാമപഠനത്തിൽ പയ്യന്നൂർ പാട്ടിന്റെ പ്രാധാന്യം. പി. ആന്റണി (എഡി)
8. ശങ്കുണ്ണി നായർ എം. പി. - പയ്യന്നൂർ പാട്ട് കാണുക. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഡിസംബർ 2, 1956.
9. സ്കറിയാ സക്കറിയ, ആമുഖം; പി. ആന്റണി (എഡി). പയ്യന്നൂർ പാട്ട്




# വാമൊഴിരൂപങ്ങളിലെ ലിംഗപദവി

**കെ. ആർ. സജിത**

സമൂഹാധികാരത്തിന്റെ പ്രത്യയശാസ്ത്രനിർമ്മിതിക്കുള്ളിലാണ് സ്ത്രീയും പുരുഷനും ജൈവികമായ പ്രവൃത്തികളിൽ മുഴുകുന്നത്. സ്ത്രീയുടെ സാമൂഹികവൃത്തികൾ കുടുംബപരവും പുരുഷന്റേത് കുടുംബബാഹ്യവുമായാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. അതുതന്നെയാണ് ലിംഗപദവിക്കടിസ്ഥാനം. സ്ത്രീയെയും പുരുഷനെയും നിർവ്വചിക്കുന്ന അനേകം വ്യവഹാരരൂപങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അവ സ്വഭാവപരവും സൗന്ദര്യപരവും കർത്തവ്യപരവും ആണ്. സൗന്ദര്യപരമായി കുന്നത്തുസൂര്യൻ ഉദിച്ചപോലെ എന്ന് പുരുഷനെയും വയനാടൻ മഞ്ഞൾ മുറിച്ചപോലെ എന്ന് സ്ത്രീയെയും പറഞ്ഞുവയ്ക്കുമ്പോൾ പുരുഷന്റെയും സ്ത്രീയുടെയും ലോകബോധം രൂപപ്പെടുന്നതുകൂടിയാണ് വെളിപ്പെടുന്നത്. വർണ്ണപരമായി ഒന്നാണെങ്കിലും സൂര്യൻ എന്താണെന്നും മഞ്ഞൾ എന്താണെന്നും തിരിച്ചറിയേണ്ടതുണ്ട്. മാധ്യമങ്ങളിലൂടെ രൂപപ്പെടുത്തുന്ന പുതിയ വ്യവഹാരങ്ങളുമുണ്ട്. സാമൂഹിക വ്യവഹാരങ്ങളുടെ ദൃശ്യവും ശ്രാവ്യവുമായ രൂപങ്ങളാണത്. സാഹിത്യ സംസ്കാരങ്ങൾ സാങ്കേതികമായി സ്ഥിരരൂപം ആർജ്ജിച്ചവയാണ്. അവ പഠനപ്രകൃതിയുടെ ഭാഗമായപ്പോൾ കണ്ടും കേട്ടും വളരുന്നവ സാഹിത്യത്തിന്റേതായി. അത് മാതൃകയുമായി. ഇത്തരം അറിവ് മാതൃകകൾക്ക് സമാന്തരമായി ഒറ്റതിരിഞ്ഞ പൊടിപ്പുകളും ഉണ്ടായി. അവയെ കണ്ടില്ലെന്നു നടിച്ചും കാലാന്തരത്തിൽ രൂപമാറ്റം നടത്തിയുമാണ് അധികാരഘടന അതിൽ ഇടപെട്ടത്. പയ്യന്നൂർ പാട്ടിലെ നായിക നീലകേശി ഇത്തരമൊരു മാതൃകയാണ്. പൊതുവ്യവഹാരങ്ങളിലെ സ്ത്രീ സങ്കല്പത്തിൽ നിന്നും വേറിട്ടുനിൽക്കുന്ന പയ്യന്നൂർ പാട്ടിലെ സ്ത്രീത്വം അപാരമായ സ്ത്രീസാധ്യതകളെ മുന്നോട്ടുവയ്ക്കുമ്പോൾ അത് എത്രമാത്രം കോയ്മാധീനമാണെന്ന് ഉണ്ണിയാർച്ചയുടെയും പുരുഷാദേവിയമ്മയുടെയും പാഠങ്ങളെ ഉപയോഗിച്ചുകൊണ്ട് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ.

## പയ്യന്നൂർ പാട്ട്

മലയാളസാഹിത്യത്തിൽ നമുക്ക് നഷ്ടപ്പെട്ടുപോയ ഒരു കാവ്യമാണ് പയ്യന്നൂർ പാട്ടെന്ന് 1958 ഡസംബറിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എം. പി. ശങ്കുണ്ണിനായർ എഴുതുമ്പോൾ ഗോവിന്ദപ്പിള്ളയും ഉള്ളൂരും അവരുടെ സാഹിത്യചരിത്രങ്ങളും ഈ അറിവിനെ സ്ഥിരീകരിച്ചുകഴിഞ്ഞിട്ടുണ്ടായിരുന്നു. ഇളംകുളമാകട്ടെ എതുകമോന തുടങ്ങിയ പ്രാസങ്ങൾ അനുസരിച്ചിട്ടുള്ള ഈ കാവ്യം കലാപരമായി ലീലാതിലകത്തിനു മുന്നേ ആണെന്നു പറയുകയും ചെയ്തു. 1991–92 കാലഘട്ടത്തിൽ ജർമ്മനിയിലെ ട്യൂബിങ്ങൻ യൂണിവേർസിറ്റിയിൽ ഗുണ്ടർട്ടുശേഖരത്തിൽനിന്നും ഡോ. സ്കറിയാ സക്കറിയ പയ്യന്നൂർ പാട്ട് കണ്ടെടുക്കും വരെ പാട്ടുകാണാതെതന്നെ സാഹിത്യവിദ്യാർത്ഥികൾ പയ്യന്നൂർ പാട്ടിനെപറ്റി പഠിച്ചുകൊണ്ടിരുന്നു. പുസ്തകം പ്രസിദ്ധീകരിച്ചുകഴിഞ്ഞപ്പോഴാണ് ടി. പവിത്രൻ എന്ന പയ്യന്നൂരുകാരൻ കുഞ്ഞിമംഗലം പഞ്ചായത്തിലെ എടനാട് എന്ന സ്ഥലത്തെ വണ്ണാൻ സമുദായക്കാർ വേടൻപാട്ടിനുപയോഗിച്ചിരുന്ന തോറ്റംപാട്ടാണ് പയ്യന്നൂർ പാട്ട് എന്നു പറഞ്ഞു മുന്നോട്ടുവന്നത്. (ടി. പവിത്രൻ:- ഖനിജം സോവനീർ: 76) ജീവിച്ചിരിക്കുമ്പോൾത്തന്നെ മരിച്ചതായി പ്രഖ്യാപിച്ചിരുന്ന പാട്ടിന്റെ മൂല്യം മനസ്സിലാകണമെങ്കിൽ ഡോ. എം. ലീലാവതിയുടെ വാക്കുകൾ ശ്രദ്ധിക്കണം. വാനരനും നരനുമിടയ്ക്കുള്ള വിട്ടുപോയ കണ്ണി (Missing Link) കണ്ടെത്തിയാൽ നരവംശശാസ്ത്രജ്ഞന്മാർക്ക് അതൊരു നിധിയാണ്. അതുപോലെയുള്ള ആഹ്ലാദം മലയാളസാഹിത്യത്തിന്റെയും മലയാളഭാഷയുടെയും ചരിത്രം പഠിക്കുന്നവർക്ക് ഡോ. സ്കറിയാ സക്കറിയ നൽകിയിരിക്കുകയാണ്. (TULM-1:48) ഗുണ്ടർട്ടിന്റെ ശേഖരത്തിലുള്ള ഈ പാഠത്തിനുശേഷം ഇന്നും പാടിവരുന്ന പാഠങ്ങളിലേക്കെത്തുമ്പോൾ നിരവധി വ്യതിയാനങ്ങൾ പയ്യന്നൂർ പാട്ട് സ്വീകരിച്ചിരിക്കാം. എം. വി. വിഷ്ണുനമ്പൂതിരി വണ്ണാന്മാരും പുലയരും പാടുന്ന ഗർഭബലി ചടങ്ങായ കെന്ത്രോൻപാട്ടിലും ഇതിനോട് ചേർന്നുവരുന്ന നീലികഥയുണ്ടെന്ന് പറയുമ്പോൾ (2000:260) പാഠഭേദങ്ങളുടെ ഉറവ് സമൃദ്ധമാണെന്നുതന്നെയാണ് വെളിപ്പെടുന്നത്.

**കഥ:** നായിക (നീലകേശി) അഞ്ചാറു വിവാഹം ചെയ്തിട്ടും ആൺകരു ഒന്നിനെയും പെറ്റില്ല. ഇനി പരദേശം നടപ്പേൻ എന്നു നിനച്ച് അവൾ പിച്ചക്കുപോയി. കച്ചിൽപട്ടണത്തിൽവെച്ച് നമ്പുനഗരക്കോനായ നമ്പുച്ചെട്ടിയെ വിവാഹം ചെയ്തു. പേരൂരയ്യൻ പെരുംകോവിലിലെ പൊന്നിൻമാളിക കീഴിലിരുന്ന് ഒരു പൊൻമകനെ തരണമേ എന്ന് മുന്നൂരാപ്പകൽ പ്രാർത്ഥിച്ചു. നേർച്ചയായി മാതുകൂത്തും കഴിപ്പിച്ചു. പത്തുംതികഞ്ഞ് പകലുദിക്കും പകവാനെപ്പോലെ ഒരാൺകുഞ്ഞിനെ പെറ്റു. നമ്പുസരിയരൻ എന്നു പേരിട്ട് നാൽപ്പത്തൊന്നാം നാൾ കൂത്തും സദ്യയും നടത്തി. കൂത്തിന്റെ മിഴാവൊലി കേട്ടെത്തിയ കൂലവാണിയർ നാട്ടുകാരുമായുണ്ടായ ബഹളത്തിൽ മരിച്ചു. മരിച്ചവർ ആങ്ങളമാരാണെന്ന് നീലികേശി മനസ്സിലാക്കി. തന്റെ ആങ്ങളമാരുടെ മരണത്തിനുത്തരവാദി ഭർത്താവാണെന്നറിഞ്ഞ് പകരം ചോദിക്കാൻ നിശ്ചയിച്ച് ഭിക്ഷുണിയായി ദേശാന്തരം പോയി. വർഷങ്ങൾക്കുശേഷം അച്ഛനും മകനും കൂടിയിരിക്കുമ്പോൾ ഒരു ഭിക്ഷുകി വന്ന് പൈക്കം ചോദിച്ചു. ഭിക്ഷുകിയും അരനും തമ്മിൽ ശാസ്ത്രതർക്കം നടന്നു. അയാൾക്ക് അവളെ തോൽപ്പിക്കാനായില്ല. പഴയന്നൂരിൽ കൂത്തുനടക്കുന്നുണ്ടെന്നും അതു കാണാൻ വരണമെന്നും ഭിക്ഷുകി അയാളെ ക്ഷണിച്ചു. അച്ഛനെ എതിർത്ത് പഴയന്നൂരിലേക്കുപോകുന്നു നമ്പുസരിയൻ. അതോടെ ഗുണ്ടർട്ടിന്റെ പയ്യന്നൂർ പാട്ട് തീർന്നു. ഇതിന്റെ തുടർച്ച കെന്ത്രോൻപാട്ടിലെ നീലികേശിപ്പാട്ടിൽ എഡിറ്റർ പി. ആന്റണി കാണുന്നു. എൺപതുവരികളുള്ള ഈ പാട്ടിൽ,

> “*ഞാൻതോറ്റുവെങ്കിലെന്റൊരു മുല പണയം*
> *നീതോറ്റുവെങ്കിൽ നിന്റിതൊരു തലപണയം*”

എന്ന വ്യവസ്ഥയിൽ ചൂതിൽതോറ്റ തരിയരനെ മടിയിൽ കിടത്തി എന്റിതൊരു പഴം കുടിപ്പാവീട്ടുന്നു ഞാനും എന്നുപറഞ്ഞ് അയാളെ കുത്തിക്കൊല്ലുന്നു. വടവന്യതീർത്ഥത്തിൽ പോയി ശുദ്ധിവരുത്തിയ താപസി ദൈവക്കരുവായി മാറുന്നു.

പയ്യന്നൂർ പാട്ടും നീലകേശിപ്പാട്ടും ഒരേകഥയുടെ തുടർച്ചകളാണെന്നുസ്വീകരിക്കാം. പയ്യന്നൂർ പാട്ടിന്റെ പ്രസിദ്ധീകരണത്തോടെ ഇതു പയ്യന്നൂർ കൂട്ടായ്മ പാടുന്നു എന്നു സമ്മതിച്ചതുതന്നെയാണിതിനു സമാധാനം.

## ഉണ്ണിയാർച്ച

കേരളസ്ത്രീകളിൽ ഏറ്റവും ധൈര്യശാലിയാണ് ഉണ്ണിയാർച്ച. അച്ഛനും ആങ്ങള ആരോമലിനുമൊപ്പം അങ്കം പഠിച്ചവളാണ്. പക്ഷേ ഉണ്ണിയാർച്ചയ്ക്ക് പേടിത്തൊണ്ടനായ രാമൻകുട്ടിയായിരുന്നു ഭർത്താവ്. ഭർതൃഗൃഹത്തിൽ (ആറ്റുംമണമേൽ) ഊണും കഴിഞ്ഞുറങ്ങുമ്പോൾ അല്ലിമലർക്കാവിലെ കൂത്ത് സ്വപ്നം കണ്ടു. കൂത്തു കാണാൻ പോകണമെന്ന് വാശിപിടിച്ച ആർച്ചയെ ഭർതൃപിതാക്കൾ നിരുത്സാഹപ്പെടുത്തി. ഒടുവിൽ ഭർത്താവുമൊത്ത് ജോനകർപുളപ്പുള്ള നാഗപുരത്തങ്ങാടിയിൽ പോയ ഉണ്ണിയാർച്ച ജോനകരുടെ കുറുമ്പുകുറയ്ക്കുന്നു. ഈ കഥയാണ് ഏറ്റവും പ്രസിദ്ധവും. അടിക്കാനായ് നിങ്ങളും വന്നതെങ്കിൽ വന്നങ്ങടിക്കെടോ കൈയ്യന്മാരേ എന്നു പറഞ്ഞു നില്ക്കുന്ന ഉണ്ണിയാർച്ചയുടെ പേരുകേട്ടപ്പോൾ ജോനകരുടെ മൂപ്പൻ തലചുറ്റി വീണുപോയി. ആ ഉണ്ണിയാർച്ചയെ കേരളം മുഴുവൻ എടുത്തു ഘോഷിച്ചു.

> “*പെണ്ണായഞാനും വിറയ്ക്കുന്നില്ല*
> *ആണായനിങ്ങൾവിറയ്ക്കുന്നെന്തേ*”

എന്ന ഉണ്ണിയാർച്ചയുടെ ചോദ്യവും ഏവരും കൊണ്ടാടിയതാണ്. എം. ടി. വാസുദേവൻ നായർ ഒരു വടക്കൻ വീരഗാഥ എന്ന സിനിമയിലൂടെ ഉണ്ണി

യാർച്ചയുടെ മറ്റൊരുമുഖം വെളിപ്പെടുത്തിയപ്പോൾ കേരളത്തിന്റെ ആകെയുള്ള സ്ത്രീപ്രാതിനിധ്യം തകർന്നുപോയി എന്നായിരുന്നു സാംസ്കാരികകേരളത്തിന്റെ പ്രതികരണം. എന്നാൽ വലിയ ആരോമൽ ചേകവർ എന്ന പാട്ടുകഥയിൽ ആരോമലിനു കൂട്ടുപോകാൻ ചന്തുവിനെ വിളിക്കാനായി കൊഞ്ചിക്കുഴഞ്ഞുചെല്ലുന്ന ഉണ്ണിയാർച്ചയോട്,

*"നിന്നുടെവാക്കതുമെനിക്കറിയാം*
*പണ്ടുപറഞ്ഞുചതിച്ചോളല്ലേ*
*ഇപ്പോഴേ നീയും മറന്നുപോയോ*
*ഒരുകുറി നിൻവാക്കു വിശ്വസിച്ചു*
*നിന്റെയരികത്തുവന്നുഞാനും*
*മുറ്റമടിക്കുന്ന ചൂലുകൊണ്ടേ*
*എന്തിനവിടം പറയുന്നു ഞാൻ*
..........................................
..........................................
*ആക്കാര്യം ഓർമ്മ മറന്നുപോയോ*
*എന്നുടെ നേരേന്നു പോകനീയേ" (പു:51)*

എന്നു പറയുന്നത് സാംസ്കാരികകേരളം കേട്ടില്ല. മറ്റൊന്നു ജോനകർ ഉണ്ണിയാർച്ചയെപറ്റിപറയുന്നതാണ്.

"ഇരുനാവുള്ളൊരു പെണ്ണാണേ"

ഉണ്ണിയാർച്ചയെ പറഞ്ഞു സമാധാനപ്പെടുത്തുവാൻ കെട്ടിലമ്മയെ ആളുകൾ നിയോഗിക്കുമ്പോൾ ഇരുനാവുള്ള പെണ്ണിനെ എങ്ങനെ പറഞ്ഞു സമാധാനിപ്പിക്കും എന്നായിരുന്നു അവരുടെ പ്രശ്നം. ഇരുനാവുള്ള പെണ്ണു മാത്രമല്ല ഈഴവത്തിയും തണ്ടാത്തിയുമാണ് ഉണ്ണിയാർച്ച.

1. ഈഴവൻകുലത്തിലൊരു പെണ്ണല്ലാണേ
2. ഒന്നിങ്ങുകേൾക്കണം തണ്ടാത്ത്യോരേ
3. എടവട്ടത്തങ്ങാടി ആൽത്തറമേൽ ഒരു
   ഈഴോനും ഈഴോത്തീം വന്നിരിപ്പൂ
4. ഒന്നിങ്ങുകേൾക്കണം തണ്ടാത്തിയേ

ധൈര്യശാലിയുടെ പ്രതിനിധിയാകുമ്പോൾതന്നെ കേരള ജാതിഘടനയുടെ ഇരകൂടിയാണ് ഉണ്ണിയാർച്ച. വായനക്കാരന്റെയോ കേൾവിക്കാരന്റെയോ ഉള്ളിൽ കാലത്തെഴുന്നേറ്റു കുളിച്ചു മുറ്റമടിച്ചു കഞ്ഞിവെച്ചു അച്ഛനുമമ്മയെയും വിളിച്ചുണർത്തുന്ന ഉണ്ണിയാർച്ചയില്ല. അങ്കക്കലികൊണ്ട സർവ്വാഭരണവിഭൂഷിതയായ ഉണ്ണിയാർച്ചയാണുള്ളത്. എം.ടി.യുടെ ആഖ്യാനത്തിലും സമ്പന്നതയുടെ മടിയിലാണ് ഉണ്ണിയാർച്ച.





## പുരുഷാദേവിയമ്മപ്പാട്ട്

ഉള്ളൂരിന്റെ സാഹിത്യചരിത്ര(വാല്യം 1)ത്തിൽ തെക്കൻപാട്ടുകളെ വിശദീകരിക്കുമ്പോഴാണ് പുരുഷാദേവിയമ്മപ്പാട്ടിനെ വിവരിക്കുന്നത്. കൂവയൂർ (നെയ്യാറ്റിൻകര കോവലൂർ) എന്ന ദേശത്ത് ചെമ്പൻമുടി മന്നൻ എന്ന രാജാവ് ജനിച്ചു. അതിനു സമീപമുള്ള പെണ്ണരശുനാട്ടിലെ തമ്പുരാട്ടിയുടെ മകളായി പുരുഷാദേവിയെന്നൊരു സ്ത്രീരത്നവും ജനിച്ചു. പുരുഷാദേവി ബാല്യത്തിൽതന്നെ ആയുധവിദ്യയിലും അശ്വാരോഹണത്തിലും അത്യന്തം വിദഗ്ധയായിരുന്നു. പുരുഷാദേവി തന്റെ പ്രഭാവത്തെ പ്രദർശിപ്പിക്കുന്നതിനായി കോട്ടകളുറപ്പിച്ച് അദ്ദേഹത്തിന്റെ മാർഗ്ഗം നിരോധിച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്തു. അപ്പോൾ ആ രാജാവ് ഒരു സൈന്യവുമായി പെണ്ണരശുനാട്ടിലേക്കു ചെല്ലുകയും അവിടെവെച്ച് അദ്ദേഹവും രാജപുത്രിയും തമ്മിൽ അതിഘോരമായ ഒരു യുദ്ധമുണ്ടാവുകയും ചെയ്തു. അന്ന് ആ മഹതിക്ക് ഒമ്പതുമാസം ഗർഭമായിരുന്നു. ഒടുവിൽ "പച്ചൈപാളൈ പിളർപ്പതുപോലെ" തന്റെ വയറുപിളർന്നു കുഞ്ഞിനെ എടുത്ത് അതുകൊണ്ട് ആ സ്ത്രീ രാജാവിനെ എറിഞ്ഞു. അപ്പോൾ ആ മാനിയായ ക്ഷത്രിയൻ പങ്കംചെയ്താളേ പുരുഷാദേവി എന്നു പറഞ്ഞുകൊണ്ട് വാൾമുനയിൽചാടി ആത്മഹത്യചെയ്തു. അശ്വാരൂഢയായ പുരുഷാദേവിയുടെ മരണവും അപ്പോഴേക്കും കഴിഞ്ഞിരുന്നു.

പല ഭാഗങ്ങളായി മുപ്പത്തിമൂന്ന് വരികൾ ഉള്ളൂർ ഉദ്ധരിക്കുന്നുണ്ട്. ചെമ്പൻ മുടിമന്നന് പുരുഷാദേവി അയക്കുന്ന പ്രതിസന്ദേശത്തിന്റെ ഭാഗങ്ങൾ അവരുടെ വീറിനെ പ്രകടിപ്പിക്കുന്നതാണ്:

*"എന്തനുട നാടുവാടിതീർത്തമാടിപ്പോണമാനാൽ*
*ഏറിവാറ കുതിരൈയിറങ്കിവരവേണം*
*ഇട്ടുവരും മെതിയടി കഴറ്റിവരവേണം*
*പിടിത്തുവരും മന്തിരവാൾ വൈത്തുവരവേണം*
*കാലാളും തുരൈപതിയും വിട്ടുവൈത്തുമന്നവരും*
*കാൽനടയായിങ്കവരലാമേ*
*കോടിപടൈകൂടി മന്നർതീർത്തമാടുവരികിലുമോ*
*കോഴിയിൻ കുഞ്ചും പരുന്തും പോലെ*
*കോട്ടൈവിട്ടുവിട്ടിടുവേനെന്നെ"*

എന്റെ നാട്ടിൽകൂടി തീർത്ഥയാത്രയ്ക്കുപോകണമെങ്കിൽ, കുതിരപ്പുറത്തുനിന്നിറങ്ങി ഇട്ടുവരുന്ന മെതിയടി ഊരിപ്പിടിച്ചുവരുന്ന മന്ത്രവാൾ മാറ്റിവെച്ച് കാലാളെയും സേനാപതിയെയും വിട്ട് മന്നവൻ കാൽനടയായി (നിരായുധനായി) വരണം. സൈന്യസമേതനായിട്ടാണ് വരവെങ്കിലോ കോഴിക്കുഞ്ഞിനെ പരുന്തുപോലെ വിരട്ടിവിടും.

തീർത്ഥയാത്ര എന്നുപറഞ്ഞ് പെണ്ണരശുനാടിനെ അക്രമിക്കലാണോ ചെമ്പൻമുടിമന്നന്റെ ഉദ്ദേശ്യം എന്ന് പുരുഷാദേവിയമ്മ സംശയിക്കുന്നുണ്ട്. അതുകൊണ്ടാണ് വ്യവസ്ഥകൾ ചെയ്തത്. പെണ്ണരശുനാട് ആറ്റിങ്ങലായിരിക്കാം, മന്നൻ തീർത്ഥയാത്ര പോകുന്നത് വർക്കലയായിരിക്കാം എന്ന് ഉള്ളൂർ സന്ദേഹിക്കുന്നുണ്ട്.

പ്രൊ. ജെ. പത്മകുമാരി പുരുഷാദേവിപ്പാട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (കേരളീയതയുടെ നാട്ടറിവ്-5:31) ലോകം വിറപ്പിക്കുന്ന വിമലനെ വധിക്കുവാൻ പെണ്ണരശുനാട്ടിലെ പുരുഷാദേവി ശിവനെ അയക്കുന്നു. ശിവൻ പരാജിതനായപ്പോൾ വിഷ്ണുവിനെക്കൂട്ടി യുദ്ധംചെയ്ത് വിമലനെ തോൽപ്പിച്ചു. അവന്റെ ശിരസ്സ് കൈയിൽ പിടിച്ച് മറ്റസുരന്മാരുടെ തലകൾ മാലയായി കഴുത്തിലും കൈകാലുകൾ അരയിലും അണിഞ്ഞ് ഭീകരരൂപിയായി പുറപ്പെട്ട പുരുഷാദേവിയുടെ സംഹാരസ്വഭാവമില്ലാതാക്കാനാവണം ഹരൻ ശിശുവായി പിറക്കാൻ തീരുമാനിക്കുന്നു. ഇതുവരെയാണ് ഈ പാഠത്തിലെ കഥ. പെണ്ണരശുനാട്ടിലെ പുരുഷാദേവിയെ ശിവനോടും വിഷ്ണുവിനോടും ബന്ധപ്പെടുത്തിയാണ് ഈ പാഠം നിലനിൽക്കുന്നത്. തെക്കൻപാട്ടിന്റെ സാംസ്കാരികസവിശേഷതകൾ ഉൾക്കൊള്ളുന്ന ഈ പാഠം ഉള്ളൂരിന്റേതുമായി പൊരുത്തപ്പെടുന്നില്ല.

*"മണ്ണരശി പെണ്ണരശി എന്റെ പുരുഷാദേവി*
*അമ്മയൊടു ചെമ്പൻ മുടിമന്നരും"*

എന്ന വരികളിലെ ചെമ്പൻമുടിമന്നൻ മാത്രമാണ് രാജകഥയിലും ആവർത്തിക്കുന്ന പൊതുതലം. ഈ പാഠത്തിലെ 'ചെമ്പൻ മുടിമന്നൻ' പരാമർശത്തിൽമാത്രം ഒതുങ്ങിനിൽക്കുകയാണ്. പാഠവ്യത്യാസങ്ങളെക്കുറിച്ച് പ്രൊഫ. പത്മകുമാരിയോട് അന്വേഷിച്ചപ്പോൾ ഉള്ളൂരിന്റെ പാഠം ഇപ്പോൾ ലഭ്യമല്ല എന്നാണറിഞ്ഞത്. നിലവിലുള്ള പാഠത്തെപ്പറ്റി അവർ പറയുന്നത് കിട്ടിയിടത്തോളം കഥ പുരാണങ്ങളിലെല്ലാം കാണുന്നതിന്റെ രൂപവ്യത്യാസത്തോടുകൂടിയ ആഖ്യാനമാണ്. സംഹാരമൂർത്തിയായ ശിവനെക്കൊണ്ട് കഴിയാത്ത സംഹാരങ്ങളും തിരുമാലെന്ന വിഷ്ണുവിന്, പ്രപഞ്ചസ്ഥിതിയുടെ നിയന്താവിന്, സാധിക്കുമെന്ന് ചിത്രീകരിക്കുകയാണീ പാട്ടിൽ. ശൈവ-വൈഷ്ണവ ആരാധകരുടെ മത്സരബുദ്ധിയായിരിക്കാം ഈ ചിത്രീകരണത്തിനു നിദാനം. ഏതായാലും പെണ്ണരശു നാടുവാഴുന്ന പുരുഷാദേവിയമ്മ ശൈവർക്കും വൈഷ്ണവർക്കും ആദരണീയയാണ്. പെണ്ണരശുനാട് ആറ്റിങ്ങലാണെന്നും മറ്റും ഉള്ളൂർ ഊഹിച്ചതിന് തെളിവുകളുടെ സഹായമൊന്നുമില്ല. അഗസ്ത്യരാമായണത്തിൽ ഒരുപെണ്ണരശുനാടിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. വിഷ്ണുഭക്തരുടെ നാടാണതും. ശ്വേതദ്വീപെന്നുപേരുകൊടുത്ത പ്രസ്തുതസ്ഥലം ലോകത്തിലെ ഒരു സങ്കൽപ്പഭൂമിയാകണം. അതുപോലെ ഒരു നാടൻകവിയുടെ സങ്കൽപ്പത്തിൽ വിരിഞ്ഞ പെണ്ണരശുനാടിന്റെ നായികയാണ് പുരുഷാദേവിയെന്നു കരുതാം.





*"നാരിമാർകളില്ലാലെ പുരുഷന്മാരും*
*നാടതിലെ ഇല്ലെഎന്റ് മുനിമാർകളുരചെയ്താർ"*

എന്നു കാണുന്നതിനാൽ മാതൃസങ്കൽപ്പത്തെ സർവ്വോപരി ആരാധിച്ച സമൂഹത്തിന്റെ സംഭാവനയാണീ പാട്ടെന്നു വേണം മനസ്സിലാക്കാൻ.

ആറ്റിങ്ങലിനടുത്തുള്ള വേളിയുമായി ബന്ധപ്പെട്ട ഇത്തരം ഒരു കഥയുണ്ട്. അത് കോതറാണിയുടേതാണ്. കേരളത്തിന്റെ സാസ്കാരികചരിത്രത്തിൽ (1994: 409) ഉദ്ധരിച്ചിട്ടുള്ള ഐതിഹ്യപ്രകാരം കോതമംഗലത്തെ പുലയറാണിയായിരുന്ന കോതറാണിയുടെ മകളെ വിവാഹംചെയ്യാനായി അടുത്തനാട്ടിലെ രാജാവ് ആഗ്രഹം പ്രകടിപ്പിച്ചു. റാണി അത് നിഷേധിച്ചു. അതിനെത്തുടർന്നുണ്ടായ യുദ്ധത്തിൽ റാണിയെ രാജാവ് തോൽപ്പിച്ചു. ഈ റാണിയുടെകോട്ടയാണ് വേളിക്കായലിനടുത്തെ പുലയനാർകോട്ട. ഉള്ളൂരിന്റെ പാഠം ഒരു പെണ്ണരശിയെ(പെണ്ണുരാജാവിനെ) മുന്നോട്ടുവയ്ക്കുമ്പോൾ ചരിത്രത്തിൽ അതിനു സമാന്തരമായി കഥയുള്ളത് കോതറാണിയുടേതാണ്. ഈ രണ്ടു റാണിമാരും തകർക്കുന്നത് ആൺരാജാക്കളെയാണ്. ഉള്ളൂരിന്റെ പാഠത്തിന്റെ അഭാവവും പുതിയപാഠത്തിന്റെ ഉദയവും കോതറാണിയുടെ കഥയും കൂട്ടിവായിക്കുകയാണെങ്കിൽ പുതിയ പാഠത്തിന്റെ അവതാരം കൃത്യമായ ചരിത്രസന്ദർഭങ്ങളിൽ നിന്നാവണമെന്നു കരുതാം. സ്ത്രീ ഭരിക്കുന്ന കീഴാളരാജവംശത്തിന്റെ ഉന്മൂലനത്തോടൊപ്പം ബൃഹദാഖ്യാനങ്ങളുടെ പിൻബലത്തോടെയുള്ള ഹൈന്ദവ ആഖ്യാനത്തോടാണ് നിലവിലുള്ള പാഠം ചേർന്നുനിൽക്കുന്നത്.

ഇവിടെ സ്വീകരിച്ച മാതൃകകളിൽ പയ്യന്നൂർ പാട്ടിൽ അമ്മ മകനെ നോമ്പുനോറ്റിരുന്നു വധിച്ചു. ഉണ്ണിയാർച്ച മനുഷ്യസഹജമായ തന്ത്രശാലിത്വമുള്ളവളായിരുന്നെന്ന് പാട്ട് പറയുന്നു. മൂന്നാമത്തെ മാതൃകയിൽ അധികാരിയായ പുരുഷാദേവിയമ്മ ഗർഭസ്ഥശിശുവിനെ ശത്രുവിനെതിരെ എറിഞ്ഞുമരിക്കുന്നു. അതിന്റെ തന്നെ രണ്ടാംപാഠത്തിൽ പുരുഷാദേവിയമ്മ എന്ന് സാഹിത്യകേരളം മുഴുവൻ അറിഞ്ഞ പാഠത്തെ തിരസ്കരിച്ചുകൊണ്ട് പുതിയൊരു പുരുഷാദേവിയെ മുന്നോട്ടുവെക്കുന്നു. പെണ്ണരശുനാട്ടിലെ രാജ്ഞിയാണവർ, പെണ്ണുങ്ങൾ ധീരതകാട്ടിയാൽ പെണ്ണരശുനാട്ടുകാർ എന്നുവിളിക്കുക നമ്മുടെ നാട്ടുവ്യവഹാരങ്ങളിലുണ്ട്. പെണ്ണ് അരശാണ് പെണ്ണരശ്. പെണ്ണ് അരചൻ അന്നർത്ഥം. പെണ്ണ് രാജാവ് എന്ന് രാജാക്കന്മാരിൽനിന്ന് വേർതിരിച്ചുപറയുന്നതിന്റെ അർത്ഥം തന്നെ സ്ത്രീരാജാക്കൾ സാധാരണയല്ലാത്തതുകൊണ്ടാണ്. പുരുഷൻ ദേവി അമ്മ എന്ന പേരും അസാധാരണസ്ത്രീസ്വഭാവമുള്ളവൾ പുരുഷനാണെന്നുതന്നെയാണ് സ്ഥാപിക്കുക. ആണിനെയും പെണ്ണിനെയും പയ്യന്നൂർപാട്ട് നിർവ്വചിക്കുന്നതിങ്ങനെയാണ്.

1. പെണ്ണുങ്ങളുണ്ടോ പണ്ടെയ്യം കൊൾവൂ (പാട്ട്. 66)
2. വരായ്കിലാണല്ല പെണ്ണോടൊക്കും (79)

3. ആണിനഴകല്ല തമ്മപ്പാകേൾ (83)
4. കൊല്ലാമോ ആണിനെപ്പെണ്ണുങ്ങൾക്കു (87)

പെണ്ണുങ്ങൾ ഭിക്ഷയെടുക്കാറില്ല. വാക്കുതെറ്റിച്ചാൽ നീ ആണല്ല പെണ്ണാണ്. ആണിനെ പെണ്ണുങ്ങൾ കൊല്ലാറുണ്ടോ തുടങ്ങിയ സന്ദർഭങ്ങൾ നമ്പുസരിയരൻ തപസ്വിയുമായി ശാസ്ത്രതർക്കത്തിൽ ചൊല്ലുന്നതിനെപ്പറ്റിയുള്ള താണ്. അവയെല്ലാം സ്ത്രീ സാധാരണമായ നിലപാടല്ല നീലകേശി എടുത്ത തെന്നു സൂചിപ്പിച്ചുകൊണ്ടിരിക്കുന്നു. ആൺപെൺതിരിവിന്റെ ഘടനയെ സൂക്ഷിച്ചുകൊള്ളുമ്പോഴും ആ ഘടന വിഭാവനംചെയ്യുന്ന ഈ കഥ വ്യത്യസ്തമാണ്. ആറ്റുനോറ്റുണ്ടായ ആൺകരുവിനെ അമ്മ പന്ത്രണ്ടുവർഷം കാത്തിരുന്നു പകവീട്ടിക്കൊല്ലുന്ന കാടിന്റെ സത്തയെ നിഗൂഢവും പ്രാകൃതവുമായ ധർമ്മവ്യവസ്ഥയായി ആന്റണി(2000:54) ചൂണ്ടിക്കാട്ടുന്നു.

ഇടശ്ശേരിയുടെ പൂതപ്പാട്ട് വരമൊഴി മാതൃകയായി സമീപിക്കാവുന്നതാണ്. വാമൊഴിയിൽനിന്ന് വരമൊഴിയിലേക്ക് കേന്ദ്രീകരിക്കപ്പെട്ടതുകൂടിയാണീ പാഠം. പെറ്റവയറിനെപ്പറ്റിക്കുന്ന പൊട്ടപ്പൂതത്തിന്റെ മുമ്പിൽ അമ്മ കണ്ണുപറിച്ചുവെച്ചു കുട്ടിയെ നേടുകയാണ്. അപാരശക്തിയുള്ള പൂതം അമ്മയ്ക്കുമുമ്പിൽ പൊട്ടയാവുന്നത് മാതൃത്വം ദിവ്യമായതുകൊണ്ടാണ് എന്നു സ്ഥാപിക്കുന്ന ഈ കവിത വളരെയേറെ സ്വീകരിക്കപ്പെട്ട ഒന്നാണ്. ഈ കവിതയെ ഏറ്റുവാങ്ങുന്ന സാംസ്കാരികബോധം പുരുഷാദേവിയെ തിരസ്കരിക്കുന്നു. കുട്ടിയെ എറിഞ്ഞ് മാനം രക്ഷിച്ചവൾ അമ്മയല്ല എന്ന കണ്ടെത്തലായിരിക്കാം പുതിയ പുരുഷാദേവിയുടെ ജനനത്തിനു പിന്നിൽ.

പുരുഷാദേവിയമ്മ അധികാരത്തിലെ സ്ത്രീപ്രതിനിധിയാണ്. നീലകേശി മാതൃത്വത്തിനേറ്റ തിരിച്ചടിയും. ഉണ്ണിയാർച്ച ധീരവനിതാരത്നവുമാണ്. ആങ്ങളയ്ക്കൊപ്പം ആണായി വളർത്തപ്പെട്ട ഉണ്ണിയാർച്ച അന്നത്തെ സമൂഹത്തിലെ സ്ത്രീപ്രാതിനിധ്യം വഹിക്കുന്നില്ല. എങ്കിലും ജാതിഘടനയ്ക്കുള്ളിലെ, ആണധികാരഘടനയ്ക്കുള്ളിലെ, തന്ത്രശാലിയായ ഉണ്ണിയാർച്ചയെ വടക്കൻപാട്ടുകൂട്ടായ്മയ്ക്കുവെളിയിലെ കൂട്ടായ്മകൾക്കു പരിചിതമല്ല. പൊതുഘടനയിലേക്ക് എം. ടി. ഉണ്ണിയാർച്ചയെ ചന്തുവിന്റെ പക്ഷത്തുനിന്നുകൊണ്ടവതരിപ്പിച്ചപ്പോഴും പാട്ടിലെ ഉണ്ണിയാർച്ചയിൽനിന്നും 'മാന്യമായ' ദൂരമേ പാലിച്ചിരുന്നുള്ളൂ. ചന്തു ആട്ടിയോടിക്കുന്ന ഉണ്ണിയാർച്ചയെ ജനം നിരാകരിച്ചേക്കുമെന്ന ഭയം എം.ടി.ക്കും ഉണ്ടായിരിക്കാം. ഉണ്ണിയാർച്ചയെന്ന കഥാപാത്രത്തിന് ഈ സ്വഭാവം നന്നായിരിക്കില്ലെന്ന വിവേചനാധികാരം 'സ്വഭാവശുദ്ധി'യുള്ളവളായിരിക്കണം സ്ത്രീകളെന്ന പുരുഷകേന്ദ്രീകൃതചിന്തകളിൽനിന്നും രൂപപ്പെട്ടതാണ്. വിജയത്തിനുവേണ്ടിയുള്ള പുരുഷന്റെ ശ്രമങ്ങൾ അവന്റെ കേമത്തത്തിന്റെ ഭാഗമാകുമ്പോൾ സ്ത്രീ സ്വീകരിക്കുന്ന അതേമാർഗ്ഗം നേരെ എതിരായി മാറുന്നതും ഇതിലടങ്ങിയിരിക്കുന്നു. ഉണ്ണിയാർച്ച ഒരു 'ശുദ്ധസ്വഭാവ'ത്തിനു വെളിയിലായപ്പോൾ സാംസ്കാരികകേരളം ഞെട്ടിയത് അതുകൊണ്ടാണ്.





## നീലകേശിയുടെ ലിംഗപദവി

നീലകേശിയുടെ ജീവിതത്തെ ഇങ്ങനെ അടയാളപ്പെടുത്താം.

1. അഞ്ചാറുവിവാഹം ചെയ്തു.
2. ആൺകരു ജനിച്ചില്ല.
3. കുടുംബം ഉപേക്ഷിച്ച് ദേശസഞ്ചാരം
4. നമ്പുച്ചെട്ടിയുമായി വിവാഹം.
5. നേർച്ചയുടെ ഫലമായി ആൺകുട്ടി.
6. കുഞ്ഞിന്റെ ചടങ്ങും ആങ്ങളമാരുടെ മരണവും.
7. വീണ്ടും കുടുംബം ഉപേക്ഷിക്കുന്നു.
8. താപസിയാകുന്നു
9. വൈരാഗ്യപൂർവ്വം മകനെ ശാസ്ത്രതർക്കത്തിനു വിളിക്കുന്നു.
10. മകൻ നിഷേധിക്കുന്നു-അവന്റെ ആൺബോധത്തെ തട്ടിയുണർത്തുന്നു.
11. വാദപ്രതിവാദത്തിൽ ജയിക്കുന്നു.
12. മകനെ കൊല്ലുന്നു.

11,12 ഘടകങ്ങൾ പയ്യന്നൂർ പാട്ടിലേതല്ല. നീലകേശിയിലേതാണ്. തുടർച്ചയെന്നനിലയിലാണ് ഒറ്റപാഠമായി സ്വീകരിച്ചത്.

നിലവിലുള്ള ബന്ധത്തിൽ കുട്ടികളില്ലാതെയാവുമ്പോൾ മറ്റു വൈവാഹികബന്ധങ്ങളിലേക്കു നീങ്ങുന്നത് പുരുഷന്മാരാണ്. ഇവിടെ നീലകേശി എന്ന സ്ത്രീയാണ് സ്വാതന്ത്ര്യം സ്വീകരിക്കുന്നത്. ആൺകരു വേണ്ടിവരുന്നത് പുരുഷന്റെ തുടർച്ചയ്ക്കോ പുത്രാധികാരഘടനയിലെ ലോകത്തെ മുന്നോട്ടുവെക്കുമ്പോഴോ ആണ്. സ്ത്രീയാണ് കർതൃസ്ഥാനത്തുനിൽക്കുന്നത്. ആൺകുട്ടിയില്ലാതെവരുന്ന നീലകേശിയുടെ അടുത്ത പ്രവൃത്തി പരദേശം നടക്കലാണ്. ആങ്ങളമാരെ വധിച്ചെന്നറിയുന്ന അവൾ "കൊൾവനെന്നാങ്ങളമാർക്കുവേണ്ടി" (പാട്ട്: 27) എന്നു പറഞ്ഞ് വീണ്ടും കുടുംബത്തെ ഉപേക്ഷിക്കുന്നു. രക്തത്തിനു പകരം ചോദിക്കുന്ന 'കാടിന്റെ സത്ത' സ്വന്തംരക്തത്തിൽതന്നെയാണ് ചെന്നുനിൽക്കുന്നത്. ആങ്ങളമാരെ കൊന്നയാളിനെ ചോരയുടെ വിലയറിയിക്കാൻ അയാളുടെ കുഞ്ഞിനെ കൊല്ലുന്നു. ആ കുഞ്ഞ് തന്റേതുകൂടിയാണെന്നത് കൊലയ്ക്കുപകരമാകുന്നില്ല. വർഷങ്ങൾ കാത്തിരുന്നുണ്ടായ കുഞ്ഞിനെ വർഷങ്ങൾ കാത്തിരുന്ന് കൊല്ലുകതന്നെ ചെയ്തു. പെണ്ണോട് ശാസ്ത്രതർക്കം നടത്താൻ മടിക്കുന്ന തരിയരനെ അവന്റെ ആൺബോധത്തെ ഉണർത്തിച്ചുപറയുന്നത് 'നീ പെണ്ണോടൊക്കും' എന്നാണ്. അതായത് നിലവിലുള്ള സമൂഹഘടനയെ എതിർക്കുന്ന നീലകേശി കാര്യസാധ്യത്തിനായി അതിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. വീടു വിടൽ, ശാസ്ത്രതർക്കം, കുഞ്ഞിനെ കൊല്ലൽ ഇവ സാധാരണഗതിയിൽ സ്ത്രീക്കു നിഷിദ്ധമായ ലോകങ്ങളാണ്. കഥാഗാനങ്ങളിൽ യാത്രയുടെ ചിത്രം ആണിന്റെ വെട്ടിപ്പിടുത്തങ്ങളുടേതാണ്. ഒതേനൻ പൊന്നി

യംകോട്ട പിടിക്കുന്നതും ചെങ്ങന്നൂരാദി അതിരമ്പുഴക്കോട്ട പിടിക്കുന്നതും എടനാടൻ അച്ഛന്റെ ചാവേറു നടത്തുന്നതും നീണ്ടയാത്രകളിലാണ്. ആണിന്റേതായ ഏതു പാട്ടിലും വീരതയുടെ കാര്യസ്വീകരണത്തിന്റെ യാത്ര കഥയുടെ ക്രിയാംശവുമായി ശക്തമായ ബന്ധത്തിലാണ്. ഇതിലെ ക്രിയാംശവും യാത്രയിലൂടെയാണ് ഇഴപിരിയുന്നത്. പണ്ടുമുതലേ പരദേശം നടക്കുന്ന പുരുഷനെ കണ്ടെത്താം. അവിടെ സ്ത്രീയില്ല. ആധുനികസാഹിത്യത്തിൽ 'യാത്ര' കഥാനായകന്റെ ജ്ഞാനയാത്രയാണ്. അറിവുകളും ജോലികളും തേടി ദേശാന്തരം പോകുന്ന നായകൻ ഇന്ദുലേഖ മുതലുണ്ട്. ഗ്രാമത്തിൽനിന്നും പുറപ്പെട്ട് നഗരത്തിലെത്തിച്ചേരുന്ന ആ യാത്രകൾ എസ്. കെ. പൊറ്റക്കാടിന്റെ സഞ്ചാര സാഹിത്യങ്ങളിലൂടെ നിർണ്ണയിക്കപ്പെട്ടുകിടക്കുന്നു. ആൺകുട്ടികളെ പ്രസവിക്കാത്തതുകൊണ്ട് എന്തു ചെയ്യണമെന്നു നിശ്ചയമില്ലാതെ പരദേശം നടപ്പേൻ എന്നു നിശ്ചയിച്ചാണ് പേരൂരുനിന്നും പുറപ്പെടുന്നത്. ആദ്യം കച്ചിൽപട്ടണത്തിലും പിന്നെ പയ്യന്നൂരേക്കും നീലകേശി യാത്രചെയ്യുന്നു. നമ്പുസരിയരൻ കച്ചവടത്തിനായി പൂവെങ്കാപട്ടണത്തിൽ പോകുന്നു. നീലകേശിയുടെയും മകന്റെയും യാത്രകൾക്ക് വ്യാപിച്ചുകിടക്കുന്ന ഭൂപടമാണ് പശ്ചാത്തലമാകുന്നത്. സന്ദേശകാവ്യങ്ങളിലെ ദേശാന്തരങ്ങളുടെ ഘടനപകരുന്നതുമാത്രമേ സാഹിത്യചരിത്രങ്ങൾ രേഖപ്പെടുത്തുന്നുള്ളൂ. കഥാഗാനങ്ങളിലെ ഈ ദേശപ്പകർച്ച കതിവന്നൂർവീരൻ തോറ്റത്തിൽ മലയാളവും കുടകുമലയുമായി വ്യാപിക്കുന്നു. കഥാഗാനങ്ങളിലെ ആൺയാത്രകൾക്കു സമംതന്നെയാണ് നീലകേശിയുടെ യാത്രയും.

കുടുംബം ഉപേക്ഷിക്കുന്നതും താപസിയാകുന്നതും കുഞ്ഞിനെ കൊല്ലുന്നതും സ്ത്രീസ്വഭാവങ്ങളെ വെല്ലുവിളിക്കുന്ന മറ്റു ഘട്ടങ്ങളാണ്. ഇവയ്ക്കു പകരംവെക്കുന്ന സ്ത്രീമാതൃകകൾ പുരുഷാദേവിയമ്മമാത്രമാണ്. അവർ കുഞ്ഞിനെ വയറുപിളർന്നെടുത്ത് ശത്രുവിനെ എറിയുന്നു. നീലകേശി ആങ്ങളമാരുടെ കൊലയ്ക്കു പകരം ചോദിക്കുന്നു. നീലകേശി പുരുഷസ്വഭാവങ്ങളോടടുത്തുനിൽക്കുന്നതും, വെല്ലുവിളിക്കുന്നതുമായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ പ്രവൃത്തികളെ സ്വീകരിക്കുന്ന ഘടനയല്ല സമൂഹത്തിനുള്ളത് എന്നു വ്യക്തമാകുന്നത് മകന്റെ വാക്കുകളിൽനിന്നുതന്നെയാണ്. ദേശാടനം, വാദപ്രതിവാദം എന്നീ ചലനാത്മകവും ബൗദ്ധികവും ആയ പ്രവൃത്തികൾ സമൂഹം പുരുഷനുവേണ്ടി വിഭാവനം ചെയ്തതാണ്. അതുകൊണ്ടാണ് നീലകേശിയുടെ ചെയ്തികളെ നമ്പുസരിയരൻ എന്ന ആൺതലമുറ അത്ഭുതപൂർവ്വം കാണുന്നത്.

സ്ത്രീയുടെ നീക്കങ്ങളെ സമൂഹം നേർരേഖയുടെ തിരശ്ചീനതയിലാണ് പ്രതീക്ഷിക്കുന്നത്, ആണിന്റേത് തലയുയർത്തിനിൽക്കുന്ന ഔന്നത്യത്തിന്റേതുമാണ്. സമൂഹത്തിലെ സ്ത്രീവൃത്തികളെ തിരശ്ചീനതലത്തിലും പുരുഷന്റേത് ലംബതലത്തിലും രേഖപ്പെടുത്തിയാൽ നീലകേശിയുടേത് തിരശ്ചീനവും ലംബവും ഇഴചേർന്ന ശക്തമായ ഊടുബലത്തിലാണ്. പക്ഷേ സമൂഹം ഇതുൾക്കൊള്ളുന്നില്ല. 'കനിചാലതാപസിപ്പെണ്ണി'ൽ നിന്നും 'കങ്കാളരൂപി'യിലേക്കു മാറുന്ന തരിയരന്റെ സംബോധന ഇതു വെളിപ്പെടുത്തുന്നു. ആണധികാരഘടനയിൽ സ്ത്രീക്കുവെച്ച ലിംഗപദവിയിലല്ല നീലകേശി എന്നുതന്നെയാണ് പാട്ടിന്റെ ആന്തരികയുക്തികൾ പറയുന്നത്.

നീലകേശിയും ഉണ്ണിയാർച്ചയും പുരുഷാദേവിയമ്മയും സ്ത്രീ പ്രതിനിധാനങ്ങളല്ല, ഒറ്റതിരിഞ്ഞ രൂപങ്ങളാണ്. ഇത് വാമൊഴിയിലേ കാണുന്നുള്ളൂ. വരമൊഴിയിൽ രേഖപ്പെടുത്തിയ ശക്തയായ സ്ത്രീ ഉമ്മാച്ചുവിൽ ഒറ്റപ്പെട്ടു നിൽക്കുന്നു. സ്ത്രീ എന്തായിരിക്കണമെന്നു നിശ്ചയിക്കപ്പെടുന്നതിനെ വെല്ലുവിളിച്ചുകൊണ്ടാണ് ഈ മാതൃകകളുടെ നിൽപ്പ്. ഇവ നിലവിലുള്ളതോ ആയിരുന്നതോ ആയ സ്ത്രീപ്രതിനിധാനങ്ങളല്ല. പക്ഷേ ഇവ ഗംഭീരമായ സ്ത്രീത്വങ്ങളാണെന്നു പറയപ്പെടുന്നു. അത് ഏതളവിൽവരെ എന്ന് അവയ്ക്കുള്ളിലും വെളിയിലും പ്രവർത്തിക്കുന്ന അധികാരരൂപങ്ങൾ പ്രകടമാക്കിക്കൊണ്ടേയിരിക്കും. കാരണം, വാമൊഴിയും വരമൊഴിയും രൂപപ്പെടുന്നത് ഒരേ സാമൂഹികാവസ്ഥയ്ക്കുള്ളിലാണെന്നതുതന്നെ.

നീലകേശി മരണാനന്തരം ദൈവക്കരുവായി. വണ്ണാന്മാരും പുലയരും ഗർഭബലിക്കുള്ള ചടങ്ങിൽ (ഗർഭിണിയുടെ ബാധയൊഴിക്കൽ) ഗന്ധർവ്വൻപാട്ടായി പാടുന്നു. പൊതുബോധത്തിൽ, നീലകേശി സ്ത്രീസഹജമല്ലാത്തതുകൊണ്ടുതന്നെ അമാനുഷികപ്രവൃത്തികളാണ് ചെയ്യുന്നത്. ഇതിന്റെ ന്യായീകരണമാകുന്നു ദൈവക്കരുവാകൽ. മകനെ കൊന്നവളുടെ പാട്ടുപാടി ഗർഭിണിയുടെ ബാധയൊഴിക്കാൻ മുതിരുന്നതിലൂടെ സുരക്ഷിതത്വം ആവശ്യപ്പെടുന്നു. ഉണ്ണിയാർച്ചയിൽ അമാനുഷികതകളില്ലാത്തതിനാൽ സമൂഹാംഗീകാരം ലഭിച്ച സ്വഭാവത്തെ മാത്രം വാഴ്ത്തിപ്പാടി. പുരുഷാദേവിയമ്മയെ പൊതുബോധത്തിനു നിരാകരിക്കേണ്ടിവന്നതിനാൽ ബൃഹദാഖ്യാനങ്ങളോട് ചേർത്തുകെട്ടി ദൈവാംശമാക്കി തൃപ്തിയടഞ്ഞു. അങ്ങനെ സമൂഹാധികാരം ഏതിനെയാണോ ആഗ്രഹിക്കുന്നത് അതിലേക്കു പാകപ്പെടുത്തി വിതരണം ചെയ്യുന്നതിലൂടെ ഇതാണ് മികച്ചത് ഇങ്ങനെയാണ് വേണ്ടത് എന്ന ബോധത്തെ വളർത്താൻ കഴിയുന്നു. ഇത്തരം നിർമ്മിതികളെ ഏകീകരിച്ചുകൊണ്ടുപോകാനാണ് ഭരണകൂടങ്ങൾക്ക് എളുപ്പവും. വാമൊഴിരൂപങ്ങളും അവ രൂപംകൊള്ളുകയും സംവേദനം ചെയ്യുന്നതുമായ മൂല്യവ്യവസ്ഥയുടെ പ്രതിനിധാനങ്ങളാണ്. അതുകൊണ്ടുതന്നെ ആണധികാരവ്യവസ്ഥയിലെ സ്ത്രീലിംഗപദവിക്കും ഉപാധികൾക്കും അനുസരിച്ചുമാത്രമേ വ്യത്യാസം വരികയുള്ളൂ. ഇവിടെ സ്വീകരിച്ച മൂന്നു മാതൃകകളും സംസാരിക്കുന്നത് അതാണ്. ■

# പയ്യന്നൂർ പാട്ടും സംസ്കാരവും

**ടി. പവിത്രൻ**

ഉത്തരകേരളത്തിൽ ഓരോ സമുദായക്കാർക്കും അവരവരുടേതായ അലക്കുകാരും ക്ഷൗരക്കാരും പൂജാരികളും നിലനിന്നിരുന്നു. അവരെ ആ ജാതിയുടെ ഉപവിഭാഗങ്ങളായി കണക്കാക്കിയിരുന്നു. എട്ടില്ലം കരുമനകളായ തീയ്യന്മാരുടെ അലക്കുകാരാണ് വണ്ണാന്മാർ. ക്ഷൗരക്കാരാണ് കാവുതിയർ. കാവുതീയരാണ് തീയർ മരിച്ച് കഴിഞ്ഞാലുള്ള പുലയടിയന്തരം കഴിച്ച് തളിച്ച് ശുദ്ധമാക്കി വീണ്ടും സമുദായത്തിലേക്ക്-കർമ്മാനുഷ്ഠാനങ്ങളിലേക്ക്-പ്രവേശിപ്പിക്കുന്ന പൂജാരികൾ. ഈ സമുദായങ്ങൾക്ക് നെല്ലും പണവും മറ്റു വിഭവങ്ങളും അലക്കുകൂലിയായി, ക്ഷൗരക്കൂലിയായി, പൂജാക്കൂലിയായി നല്കുകയും വേണം. ഈ രീതിയിലാണ് ജാതിവ്യവസ്ഥ നിലനിന്നിരുന്നത്.

## വണ്ണാന്മാരും പയ്യന്നൂർ പാട്ടും

തെയ്യം കെട്ടാനും ആടിയും വേടനും കെട്ടാനുമുള്ള അവകാശം, ഓണം, വിഷു പോലുള്ള നല്ലോരു നാളിൽ നെല്ലും പണവും ലഭിക്കാനുള്ള അവകാശം എന്നിങ്ങനെയുള്ള അവകാശങ്ങൾ ചിറക്കൽ തമ്പുരാനിൽനിന്നും വണ്ണാൻ സമുദായക്കാർക്ക് ചാർത്തിക്കിട്ടാറുണ്ട്. ഇതിനെയാണ് ചെറുജന്മാവകാശം എന്നു പറയുന്നത്. (രാഘവൻ പയ്യനാട്, 1998:28) ഇത്തരം തൊഴിലുകളോ അനുഷ്ഠാനമോ അലക്കുജോലികളോ ഇല്ലാത്ത സമയത്ത് വീടുകളിൽ ചെന്ന് കിടക്കനിറക്കുന്നതും വണ്ണാന്മാരുടെ ജോലിയാണ്. വണ്ണാത്തിമാറ്റ് വിലക്കുക. ജാതിഭ്രഷ്ടിനു തുല്യമായ ഒരു ശിക്ഷാരീതിയായിരുന്നു. വണ്ണാത്തി മാറ്റ് ഋതുമതിയാകുന്ന കാലങ്ങളിൽ കിട്ടാത്തതുകൊണ്ട് മതംമാറിയ സ്ത്രീകൾ പഴയകാലത്തുണ്ടായിരുന്നു. ജാതി-ജന്മി നാടുവാഴിവ്യവസ്ഥ ശിഥിലമായപ്പോൾ ഈ ആചാരം മാറുകയും ചെയ്തു.

കർക്കിടകം, ചിങ്ങമാസങ്ങളിൽ ഉത്തരമലബാറിൽ കെട്ടിയാടുന്ന കുഞ്ഞിത്തെയ്യങ്ങളാണ് ആടിവേടനും കർക്കടോത്തിയും ഓണത്താറും മറ്റും. വണ്ണാൻ സമുദായക്കാർക്ക് കിട്ടിയ ചെറുജന്മാവകാശം. കൊച്ചുകുട്ടികളെ മുഖത്തെഴുതിച്ച്, ചെറിയ കിരീടം ചൂടിച്ച്, ആട ചാർത്തിച്ച് ഓരോ വീടുകളുടെ മുന്നിലും വന്ന് ലളിതമായ ചുവടുകളോടെ ചെയ്യുന്ന അനുഷ്ഠാനനൃത്തമായ കർക്കടോത്തി ആടാനാണ്. കൊട്ടാനും പാടാനും മുതിർന്ന ഒരാളുണ്ടാകും. പാട്ടും നൃത്തവും കഴിയുന്നതോടെ ഈതിബോധകളകലും എന്നാണ് എല്ലാവീട്ടുകാരുടെയും വിശ്വാസം. അവസാനം ഗുരുസി കലക്കി വടക്കുപുറത്ത് മറിക്കുന്നതോടെ ഒരു വീട്ടിലെ കർക്കടോത്തിയുടെ അനുഷ്ഠാനം തീരുന്നു. കർക്കിടകം പതിനാറിന് മലയന്മാരുടെ വേടനും കർക്കിടകം ഇരുപത്തെട്ടിന് വണ്ണാന്മാരുടെ കർക്കടോത്തിയും കെട്ടിയാടാറാണ് പതിവ്. ഓരോ വീടുകളിൽനിന്ന് അരിയും പണവും ശേഖരിച്ച് തെയ്യക്കാരൻ കുട്ടി അടുത്ത വീടുകളിലേക്ക് നീങ്ങുന്നു. വണ്ണാന്മാരുടെ കെന്ത്രോൻപാട്ട് ഗർഭപീഡ അകറ്റാനുള്ള അനുഷ്ഠാനമാണ്. തീയ്യസമുദായക്കാരാണ് പൊതുവേ കെന്ത്രോൻപാട്ടു കഴിപ്പിക്കാറ്. തീയ്യരുടെ പിതൃദൈവമായ തൊണ്ടച്ചൻ തെയ്യം അല്ലെങ്കിൽ വയനാട്ടു കുലവൻ, മുത്തപ്പൻ തുടങ്ങിയ തെയ്യം കെട്ടിയാടിവരുന്നത് വണ്ണാൻ സമുദായക്കാരാണ്. വണ്ണാൻ സമുദായക്കാർ പയ്യന്നൂർ, കുഞ്ഞിമംഗലം പ്രദേശങ്ങളിൽ കെട്ടിയാടിവരുന്ന കർക്കടോത്തിയുടെ പാട്ടാണ് പയ്യന്നൂർ പാട്ട്. ആടിയും വേടനും കർക്കടോത്തിയും മറ്റു കുട്ടിത്തെയ്യങ്ങളുടെയും പാട്ടുകളുടെ സവിശേഷത അത് മറ്റ് തെയ്യങ്ങളുടെ തോറ്റം പാട്ടുപോലെ പൂർണ്ണമായ കഥ ഒരു വീട്ടിൽ പാടാറില്ല എന്നതാണ്. അതുകൊണ്ട് അപൂർണ്ണമായ പാട്ടുകളാണ് പ്രകടനത്തിൽ ഉപയോഗിക്കാറ്.

## പേരും പൊരുളും

ഫോക് കൃതികളുടെ പേരുകൾ അത് കെട്ടിയുണ്ടാക്കുകയും പാടി നടക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾ നല്കുന്നവയല്ല. ഡോ. ചേലനാട് അച്യുതമേനോനാണ് ഉത്തരകേരളത്തിലെ നാട്ടിപ്പാട്ടുകളെ, വടക്കൻപാട്ടുകളെന്ന് ആദ്യമായി വിളിച്ചത്. അക്കാദമിക്ക് സമൂഹം വിളിക്കുന്ന ഇത്തരം പേരുകൾ പഠനത്തിന്റെയും വിഭജനത്തിന്റെയും സൗകര്യത്തിനനുസരിച്ച് വിളിക്കുന്നതാണ്. ഇത്തരം പേരുകൾ പാടിനടക്കുന്ന സമൂഹങ്ങളുടെ ബോധങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും അരിച്ചിറങ്ങുകയും പിന്നെ അത് അവരുടെ ബോധതലങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു.

വണ്ണാന്മാരുടെ കർക്കടോത്തി, വണ്ണാൻകൂത്ത്, കെന്ത്രോൻപാട്ട് എന്നിവയെല്ലാം ഉപയോഗിക്കുന്നതാണ് പയ്യന്നൂർ പാട്ട്. കർക്കടോത്തിപ്പാട്ട് പാടിയതുപോലെ ഓലയിൽ പകർത്തിച്ച് ശേഖരിച്ച സ്ഥലമായതുകൊണ്ട് പയ്യന്നൂർ പാട്ടെന്ന് പേരിട്ട് സംരക്ഷിച്ചത് ഡോ. ഹെർമൻ ഗുണ്ടർട്ടാണ്. ഒരു നാടൻ വാമൊഴി സംസ്കാരത്തിലെ പാട്ടിനോടും അതിന്റെ സംസ്കാരത്തോടും പുലർത്തേണ്ട എല്ലാ മര്യാദകളും അദ്ദേഹം പുലർത്തിയിരുന്നു. എന്നാൽ പില്ക്കാല പണ്ഡിതന്മാർ ഇതിനെ സമീപിച്ചത് നോക്കുക.

ഗുണ്ടർട്ടിന്റെ വിവരണംവെച്ചുകൊണ്ട് മഹാകവി ഉള്ളൂർ പയ്യന്നൂർപ്പാട്ടിനെപ്പറ്റി കേരള സാഹിത്യചരിത്രത്തിന്റെ ഒന്നാം വാല്യത്തിൽ (342, 343) ഹ്രസ്വ

മായി ഉപന്യസിക്കുന്നുണ്ട്. ഉദ്ധരിച്ച 16 വരികളും ഗുണ്ടർട്ട് ഉദ്ധരിച്ചവതന്നെ. പ്രകടമായ തെറ്റുകൾ തിരുത്തിയിട്ടുണ്ട്. ഹ്രസ്വമായ ഒകാരം ദീർഘമാക്കുകയും ചെയ്തു. (പ്രൊഫ. എസ്. ഗുപ്തൻ നായർ, പയ്യന്നൂർ പാട്ട് (1994:41) ഒറ്റനോട്ടത്തിൽ, പയ്യന്നൂർ പാട്ട്. കേരള പഠനകേന്ദ്രം, എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി, ഡിസം. 1994, പുറം. 41).

## കൂത്ത്

പയ്യന്നൂർപാട്ടിൽ 9-ാം പാട്ടുതൊട്ടു 88-ാം പാട്ടുവരെ ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന പദമാണ് കൂത്ത്. ചാക്യാന്മാരുടെ കൂത്തല്ല ഇവിടെ പരാമർശിക്കുന്നത്; വണ്ണാൻ കൂത്ത്. മലയിക്കൂത്ത് പോലുള്ള തെയ്യം അനുഷ്ഠാനവുമായി ബന്ധപ്പെട്ട കൂത്തുകളെ കുറിച്ചാണ്. കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് എന്ന സ്ഥലനാമങ്ങൾ തിമിരിക്കടുത്തും മറ്റും ആയി രണ്ടു സ്ഥലത്ത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മധ്യകേരളത്തിലെ ചാക്യാർ കുടുംബക്കാർ തളിപ്പറമ്പിന്റെ പ്രാന്തപ്രദേശങ്ങളിൽനിന്ന് പലായനം ചെയ്തവരാണ്. എല്ലാ ചാക്യാർകുടുംബക്കാരും ആദ്യം കഥ പറയേണ്ടത് തളിപ്പറമ്പിലാണ്. മാടായിക്കാവ്, കരിവെള്ളൂർ ശിവക്ഷേത്രം എന്നിവിടങ്ങളിൽ ഒരു മാസം മുഴുവൻ കൂത്ത് അനുഷ്ഠാനം നിലനിൽക്കുന്നുണ്ട്. കരിവെള്ളൂർ ശിവക്ഷേത്രത്തിൽ വിരുത്തികൂത്ത് നടത്തിയാൽ കുട്ടികളുണ്ടാകും എന്നാണ് വിശ്വാസം. തൃക്കരിപ്പൂർ രാമവില്യം കഴകത്തിൽ കൂത്ത്, കൂത്തൊളി എന്നീ രണ്ടു തെയ്യാനുഷ്ഠാനങ്ങൾ പെരുങ്കളിയാട്ടത്തിനുണ്ടായിരുന്നു.

കുട്ടികൾ ഉണ്ടാവാനും അനൈശ്വര്യങ്ങൾ നീങ്ങാനും വണ്ണാൻ കൂത്ത് കഴിപ്പിക്കുന്ന രീതി ഉത്തരകേരളത്തിലെ വിശ്വാസികളുടെ ഇടയിലിപ്പോഴുമുണ്ട്.

*"ബെതാ മാതെരാൾ കൊൾകിൽലൊ*
*പെരുരയ്യെൻ പെരികൊയിലിൽ*
*മാതുകൂത്തു നെർന്നാടി വൈക്കിലോ*
*മൈന്തനെപ്പെറ്റാൾ മനമങ്കാതാൻ"*
*(പയ്യന്നൂർപാട്ട്: 9-ാം പാട്ട്, 5-8 വരി)*

പേരൂരയ്യൻ പെരുങ്കോയിലിൽ - മാതമംഗലത്തിനടുത്തുള്ള പേരൂല് ശിവക്ഷേത്രത്തിൽ - മാതുകൂത്ത് നേർന്നതുകൊണ്ടാണ് മനമങ്ക മകനെപ്പെറ്റതെന്നാണ് 9-ാം പാട്ടിൽ പറയുന്നത്.

പൊൽകൂത്ത് നർന്നന്ന് രാവ് രാവ്) 10-ാം പാട്ട് 4-ാം വരി പൊൻകൂത്ത് നേർന്നത് രാവിൽ രാവിൽ താരെയും കൂത്തും പലവുനാറിന്നാർ (17-ാം പാട്ട് 4-ാം വരി - നാണയവും കൂത്തും പലതവണ നേർന്നു.) പൊൽക്കൂത്താടുവാൻ ശാങ്കിമാരെ (19-ാം പാട്ട് : രണ്ടാം വരി) പുലരെച്ചെന്നതിലുളവായാർ പൊൽകൂത്താട്ടു മുതൃത്തീനരെ (19-ാം പാട്ട്: 5ാം വരി) കൂത്തിനുകൊട്ടും മിഴാവെലിയും (20-ാം പാട്ട് : 1-ാം വരി. മിഴാവൊലിയും) ഓങ്ങിയ കൂത്തിനു പാങ്ങറിയാത്ത വെരൊപ്പമിരിപ്പതു കൂഴയല്ലെയൊതാൻ (22-ാം പാട്ട് : 7-8 വരി)

*"കൂത്ത് കെട്ടവെൻ കെട്ടവെന്നശയാൽ*
*കൊണ്ടെൽ മാളിക കീഴിറങ്ങിനാൻ*
*ചാത്തിരത്തിലോപാരിതത്തിലോ*
*നാടകത്തിലൊ കൂത്തു താൻ*
*ആത്തിയം പറെയാതെ ശൊൽ*
*ആർക്കുറിച്ച കൂത്തുമികെ"*
*(59-ാം പാട്ട്)*

ആര് കുറിച്ച കൂത്താണിത്. ശാസ്ത്രത്തിലോ ലൗകികത്തിലോ നാടകത്തിലോ ആണോ കൂത്ത് പെടുക. കൂത്ത് കേട്ടവൻ മാളിക വീടുവിട്ടു താഴെയിറങ്ങി ചോദിക്കുന്നതിനുള്ള ഉത്തരം പറയുന്നതു നോക്കുക.

*"പഴയെന്നൂർ കുലവാണിയെൻ വീട്ടിൽ*
*പണ്ടനെർന്ന കൂത്തിണ്ടിതയ്യ"*
*(60-ാം പാട്ട് : 1-2 വരി)*

*"അന്നാളെ കൂത്തിനു വന്നുണ്ടൊ നീ*
*വാരായ്കിലാണല്ല പെണ്ണൊടൊക്കും*
*വന്നവഴിക്കെ പയെന്നൂർപ്പൊയി*
*മായക്കൂത്താട്ടു മുതുർക്കുന്നാളെ"*
*(79-ാം പാട്ട് : 5-8 വരികൾ)*

*"മായക്കൂത്തിമ്മണി മിഴാവൊശകൾ"*
*(80-ാം പാട്ട് : 1-ാം വരി)*

*"കൂത്തിന്മിഴാവത തമ്മപ്പാ"*
*(81-ാം പാട്ട് : 7-ാം വരി)*

*"ബാണിയഞ്ചെയ്‌വാൻ പഴയെന്നൂർപ്പൊയി*
*മായക്കൂത്തുണ്ടതു കണ്ടുവന്നാൽ"*
*(83-ാം പാട്ട് : 1-2 വരി)*

*"വെണ്ണിയർകൂത്തു ഞാൻ കണ്ടു വന്നാൽ*
*പീടിക വാണിയഞ്ചെയ്‌വെനെന്നാൻ"*
*(83-ാം പാട്ട് : 7-8 വരികൾ)*

*"യെന്നുന്നീയക്കൂത്തു കാണ്മാൻ പൊവാൻ*
*യെന്മനമൊ ഓന്നു ചൊല്ലുന്നില്ലെ."*
*(84-ാം പാട്ട് : 1-2 വരി)*

*"യിന്നു നീയക്കൂത്തു കാണ്മാൻ പോകിൽ*
*നാവെ പുരിച്ചു ഞാൻ ഞ്ചാകുന്നുണ്ടേ"*
*(84-ാം പാട്ട് : 7-8 വരി)*

*"പൊല്ക്കൂത്തു കണ്ടു പുലരുമ്മുന്നെ"*
*(85-ാം പാട്ട് : 6-ാം വരി)*

*"ഐെയ്യപ്പൻ കൊയില്ക്കൽ കൂത്തടിച്ചെൻ"*
*(86-ാം പാട്ട് : 4-ാം വരി)*

*"കന്നൽക്കൂത്താടിപ്പെൻങ്ങാൻമ്മകനെ കെൾ"*
*(88-ാം പാട്ട് : 5-ാം വരി)*

കൂത്ത് എന്നുള്ള പദം, നാടകം, നൃത്തം, ഒരു തെയ്യം, മക്കളുണ്ടാകാൻ നേരുന്ന വണ്ണാൻ കൂത്ത്, വേണിയർ കൂത്ത് ദൈവക്കൂത്ത്, സ്ത്രീക്കൂത്ത് എന്നിങ്ങനെ നിരവധി അർത്ഥതലങ്ങളിലാണ് പയ്യന്നൂർ പാട്ടിലുപയോഗിക്കുന്നതെന്ന് കാണാം. ആഭ്യന്തരതെളിവുകളിൽ നിന്നും ബാഹ്യതെളിവുകളിൽനിന്നും ചാക്യാർ കൂത്തിൽ നിന്ന് ഭിന്നമായ അനുഷ്ഠാനമാണ് ഉദ്ദിഷ്ടം എന്ന് സുവ്യക്തം.

## ഇതിവൃത്തം

*"ബെള്ളലിൽ ചൊറുട്ടി നൽപ്പെരിട്ടു*
*നമ്പൂസരിയരെൻനാമമെന്നെ"*
*(27-ാം പാട്ട് : 5-6 വരി)*

നമ്പൂസരിയരനാണ് പയ്യന്നൂർപ്പാട്ടുകഥയിലെ നായകൻ. അവന്റെ അമ്മയായ നീലകേശിയാണ് നായിക.

*"നീലകെശിക്കൂടെയാങ്ങളമാർ*
*വട്ടമതെന്ന മരക്കലമെറി"*
*(21-ാം പാട്ട് : 4-5 വരി)*

പയ്യന്നൂരിൽ വെച്ച് നീലകേശിയുടെ ആങ്ങളമാരെ അവളുടെ ഭർത്താവ് കൂത്തു കാണുമ്പോൾ കൊല്ലുന്നു. തന്റെ ഭർത്താവിനോടു കുടിപ്പക വീട്ടാൻ തന്റെ വയറ്റിൽ വളരുന്ന കുഞ്ഞിനെ അവൾ വളർത്തിയെടുത്ത സവിശേഷമായ കഥയാണ് ഇതിന്റെ ഇതിവൃത്തം.

## സ്ഥലങ്ങൾ, ജാതികൾ

*"ജന്മാത്തിൽപ്പിഴ ചെയിതിലൊ*
*നമ്പൂന കൊരുകൊനൊരു ചെട്ടി"*
*(7-ാം പാട്ട് : 6-7 വരി)*

പയ്യന്നൂർപാട്ടിലെ ഇതിവൃത്തപ്രകാരം നമ്പുചെട്ടി കച്ചിൽ പട്ടണക്കാരനാണ്. അതിനടുത്തു തന്നെയാണ് പാഴി. പേരൂരയ്യന് മാതുകൂത്ത് നേർന്നാണ് നമ്പൂസരിയരെനെ കിട്ടിയത്. പയ്യന്നൂരിൽ നടക്കുന്ന കൂത്തുകാണുമ്പോൾ നീലകേശിയുടെ ആങ്ങളമാർ മതിലിന്റെ മേലെക്കേറിയിരുന്നു. ആചാരം തെറ്റിച്ചതിന് നീലകേശിയുടെ ആങ്ങളമാരെ നമ്പുചെട്ടി അല്ലെങ്കിൽ ചൊമ്പുചെട്ടി കൊല്ലുന്നു.

കച്ചിൽ പട്ടണം അടുത്തിലയാണെന്ന് ടി.കെ.കെ കൊതുവാൾ സ്ഥാപിച്ചിട്ടുണ്ട്. പാഴി അടുത്തിലക്ക് തെക്കു ഭാഗത്താണ് സ്ഥിതിച്ചെയ്യുന്നത്. (പവിത്രൻ ടി., നാവും പാഴിയും, ചിറക്കൽ ടി. സ്മാരകഗ്രന്ഥം, 1994, 173-177)

*"കുഴിപറെയും ഞ്ചിലർ ഞങ്ങളിതല്ലെ*
*കുലവാണിയെർ കടലൊടി വരുന്നതു ഞങ്ങൾ*
*പാഴികളുണ്ടോ വളർകുല ചൈവ്യ."*
*(23-ാം പാട്ട് : 1.3 വരികൾ)*

*"ചൊല്ലിൽ പെരിയവങ്കച്ചിൽ പട്ടിൽ*
*ചൊമ്പു ചെട്ടിക്കുമവൻ പിറന്നു."*
*(പയ്യന്നൂർ പാട്ട് 18-ാം പാട്ട് : 1-2 വരി)*

കച്ചിൽപട്ടിൽ നിന്നും കുറച്ചു ദൂരം കപ്പലോടിച്ചാലെത്തുന്ന സ്ഥലമാണ് പൂവെങ്കാപട്ടണം, പയ്യെന്നൂർ എന്നിവ. പയ്യന്നൂർ, പഴയെന്നൂർ എന്നെല്ലാം പറയുന്നത് പയ്യന്നൂരും പേരൂർ പെരിങ്കോയിൽ മാതമംഗലത്തിനടുത്തുള്ള പേരൂല് ശിവക്ഷേത്രവുമായിരിക്കാം. എരമം ഏഴിമല രാജാക്കന്മാരുടെ സ്ഥാപകനായ ഇരാമകുടമൂവൻ താമസിച്ച സ്ഥലമാണ്. എരമത്ത് പ്രാചീനമായ ഒരു കോട്ടയും കോട്ടക്കുന്നും ഉണ്ടായിരുന്നു. ഈ പ്രദേശത്തിനടുത്തുനിന്നാണ് നാനാതീയർക്കും വളിഞ്ചർക്കും അധികാരാവകാശങ്ങൾ ചാർത്തിക്കൊടുക്കുന്ന ചാലപ്പുറം രേഖ ഡോ: എം.ജി.എസ്. കണ്ടെടുത്തത്. രേഖയുടെ അവശേഷിച്ച ശിലാശാസനം ഇപ്പോഴും എരമത്തുണ്ട്. ഇപ്പോൾ മാതമംഗലം എരമം പിലാത്തറ ഭാഗത്ത് വളിഞ്ചർ ക്ഷൗരവൃത്തി ചെയ്ത് ജീവിക്കുന്ന ജാതിക്കാരാണ്. അടുത്തില, പഴയങ്ങാടി ഭാഗം വാണിയരുടെയും ചാലിയന്മാരുടെയും കേന്ദ്രമാണ് ഇപ്പോഴും. അടുത്തില പണ്ട് ഒരു കോവിലകം നിലനിന്നിരുന്നു. ചെട്ടി എന്ന പദം വാണിയരെയും ചാലിയന്മാരെയും മറ്റു വ്യാപാരികളെയും വ്യപദേശിക്കാൻ ഉപയോഗിക്കുന്നു. ആശാരിമാരുടെ വാസസ്ഥലമാണ് അടുത്തില-പഴയങ്ങാടി ഭാഗങ്ങൾ. പഴയങ്ങാടി ആശാരിമാർക്ക് കാവും ആചാരക്കാരും ഇപ്പോഴും ഉണ്ട്. നമ്മുടെ വാണിയന്മാരുടെ കച്ചവടസാമർത്ഥ്യം (ബലതു) പിൻതലമുറക്കുപദേശിച്ചു കൊടുക്കുന്നതു നോക്കുക:

*"ബാണിയംഞ്ചെയ്വാനു ബലതുവെണം*
*പലർകൈയിലാകൊല്ല ശിൽക്കണക്കു*
*ബെണമിതിനൊട്ടുതു കൊള്ളെ*
*നാന്നാതെ നല്ല വചനം ബെണം*
*നായകനെ നീയെന്നും കെളിവണ്ണം*

*കാണിയും ബീശവും ശിൽക്കണക്കും*
*കാണമ്പൊഴെ കൊണ്ടച്ചാർത്തിവെച്ചു"*
*(35-ാം പാട്ട് : 1-8 വരി)*

ബീശം (വീതം) ബലത് (സാമർത്ഥ്യം) നാന്നാതെ (ചീത്തയല്ലാത്ത) നല്ല വചനം, ചിലാനത്തിന്റെ പോലും കണക്ക് ചാർത്തിയെഴുത്ത് ഇവ കച്ചവട ജാതികളുടെ സംസ്കാരത്തിൽ ലയിച്ച് ചേർന്നിട്ടുണ്ട്. വാണിയന്മാരുടെയും ആശാരിമാരുടെയും ജാതികൾ ഉപയോഗിക്കുന്ന പദങ്ങൾ പാട്ട് കെട്ടിയുണ്ടാക്കുന്ന ഈ സമൂഹത്തിനു നിത്യപരിചിതമാണ്. കച്ചിൽപട്ടണത്തിൽ ഒരുകാലത്ത് കപ്പൽപണിക്കാരും കപ്പൽ പുരകളും നിറഞ്ഞിരുന്നു എന്ന് പയ്യന്നൂർ പാട്ടിൽ നിന്ന് തെളിയുന്നു.

*"കപ്പെൽ കീർത്തിമികച്ചെഴും കച്ചിൽപട്ടിൽ*
*കീഴിപ്പണീ മെൽപ്പുര കെട്ടിനാരെ"*
*(36-ാം പാട്ട് : 7-8 വരി)*

*"പട്ടികതട്ടിപ്പലപാകി*
*പാർക്കെല്ല കപ്പെലഴകും മുന്നെ*
*ഒട്ടും മടിക്കയൊ വെണ്ട നിങ്ങൾ*
*ഓമലിളമനച്ചെരൊടാശാരി*
*കെട്ടെകാലത്തു പണിതുടങ്ങി*
*കാരിയം ബാലെ (?) മുറിഞ്ഞുതിപ്പൊൾ*
*കിട്ടുമിതിൽ തൊപ്പൊനൊട്ടൊ ഞാനോ*
*കീഴമെ കൈയിതാട്ടി നിപ്പനെന്നാൻ"*
*(37-ാം പാട്ട്)*

*"താട്ടും കൈകൊട്ടും കടുകച്ചെത്തീ*
*കപ്പെലും കുടവെ വാകരിതാഴ്ത്താർ*
*മീട്ടുമിരണ്ടു പലകവെച്ചാർ*
*മെൽവാരിതൊഴിക്കവിരെഞ്ഞുടെന്മെ-*
*ക്കൂട്ടം മരക്കലംന്തീർന്നുതിപ്പൊൾ*
*കൂമ്പിനു പൊവാനും കാലമയൊ*
*കാട്ടിൽ മരക്കൂമ്പു വെട്ടിവന്നു*
*കപ്പെലും ന്നീർക്കിഴിക്കത്തുടങ്ങിനാരെ"*
*(38-ാം പാട്ട്)*

താട്ട്, കൈ കൊട്ട്, കടുക്കച്ചെത്തീ, വാക്കരി, മീട്ടും (മേടും), മേൽവാരി, താഴി, മേക്കൂട്ടം ഇങ്ങനെ ആശാരിമാരുപയോഗിക്കുന്ന പദങ്ങളാണ് നിരത്തിയിരിക്കുന്നത്. കപ്പൽപണി തുടങ്ങിയ കാലം, പ്രതിഫലം വാങ്ങുന്ന ആശാരികീഴിൽ കൈ ആട്ടി (കാട്ടി) നില്ക്കണം, കപ്പൽ പണി തീർന്നാൽ ബട്ക്ക് ഉണ്ടാക്കുന്നത് കാട്ടിലെ മരക്കൂമ്പ് കൊത്തിയിട്ടാണ്. നീർക്കിഴിക്കുന്നത് (നീരിലിറക്കുന്നത്) ബഞ്ചീരി, വഞ്ചാവ് എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചിട്ടാണെന്നും പാട്ടിൽ നിന്നും മനസ്സിലാവുന്നു. ചൊഷൻണിയാനാരെ (16-ാം പാട്ട് : 1-ാം വരി) (ചൊട്ടൻ കണിയാരേ) എന്നത് കണിയാനെന്ന ജാതിയെ സൂചിപ്പിക്കുകയും ചെയ്യുന്നു.

മരക്കലത്തിന്റെ കൂടെ ചങ്ങോടങ്ങളോ കള്ളപ്പാത്തികളോ കൂടെ കൊണ്ടുപോകുന്നത് ആഴമില്ലാത്ത സ്ഥലത്തു പലപ്പോഴും നിർത്തേണ്ടി വരുമ്പോഴാണ്. കൂടെ ചങ്ങോടം തിരുകിക്കൊണ്ടാണ് വണികന്റെ യാത്ര. കൂടെ പാണ്ടി അല്ലെങ്കിൽ കെട്ടുമരം തുഴയുന്ന പാണ്ടിയർ അല്ലെങ്കിൽ വള്ളുവരുമുണ്ട് പെരുമ്പുഴയച്ഛനാണ് വള്ളുവരുടെ പിതൃദൈവം. വപ്പുരവർ കപ്പൽ പണിക്കാരായ മുസ്ലിംമതത്തിൽപെട്ട ആളുകളാണ്; ചോനവർ മാപ്പിളമാരും. ഉത്തരകേരളത്തിലെ തീരപ്രദേശങ്ങളിൽ ചീന തുഴയുകയും കപ്പൽപണി ചെയ്യുകയും അതു പുഴയിലിറക്കുകയും ചെയ്യുന്നവരാണ് ചോനവർ അല്ലെങ്കിൽ ജോനകർ എന്ന മാപ്പിളമാർ. ചോഴിയർ; ചോയികൾ എന്ന ജാതിക്കാരാണ്. ഇവരെക്കുറിച്ച് 40-ാം പാട്ടിൽ പറയുന്നത് നോക്കുക:

*"നെടുനെടയൊടിന നിട്ടൊടം*
*കുടത്തിരുകിന ചങ്ങൊടം*
*കുടത്തിരുകിന ചങ്ങൊടം*
*കൊയിൽപ്പണിയതു കൊടുപുരം*
*പാടിപ്പാടിന വപ്പുരവർ"*

മരക്കാന്മാരെക്കുറിച്ചുള്ള ചൊല്ലുകളും പാണ്ടിയർ ചൊനവർ ചൊഴിയെർ എന്നിവരെക്കുറിച്ചും പയ്യന്നൂർ പാട്ടിൽ പരാമർശിക്കുന്നുണ്ട്. ചോളം, പാണ്ടി, യവനം എന്നീ ദേശവാസികളെക്കുറിച്ചും ആകാം.

## ചൊല്ലുകൾ

നിട്ടോട്ടം ഓടുക, ഓടം മാടായിലോളം പോന്ന് എന്നാ എന്റെ ഓലക്കെട്ടും അങ്ങെത്തിക്കോട്ട് എന്നീ ചൊല്ലുകൾ നമ്മുടെ പുഴയിലും കടലിലും ഉള്ള ജലവാഹനങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളാണെന്നോർക്കുക. ഒരൂരിൽക്കൂത്തു കെട്ടിയാൽ ഏഴൂരിൽ പിണി ഒഴിക എന്നതു ബോധോച്ചാടനകർമ്മത്തെക്കുറിച്ചുള്ള ചൊല്ലാണ്. പയ്യന്നൂർ പാട്ടിന്റെ അഞ്ചടിയിൽ ഈ ചൊല്ല് അങ്ങനെ തന്നെ കൊടുത്തിട്ടുണ്ട്. അനപത്യതാദോഷം തീർക്കാൻ മാക്കപ്പോതി വണ്ണാന്മാരെക്കൊണ്ടു കെട്ടിയാടിക്കാറുണ്ട്. കന്ന് വിലങ്ങി ചാവൽ, പത്തും തികഞ്ഞു പ്രസവിക്കൽ തുടങ്ങിയ ചൊല്ലുകളും ഈ പാട്ടിൽ കാണാം.

## സ്ഥലനാമങ്ങളും ചരിത്രവും

പാഴി, വളപട്ടണം, വളപട്ടണം കോട്ട, വളപട്ടണം നഗരം, വളയനാടും രാമേശ്വരവും (രാമ തെരു), വളപട്ടണത്തിനു ചുറ്റുമുള്ള അഞ്ചുപള്ളികൾ, പഴെ

ന്നൂർ തെരു (പയ്യന്നൂർ തെരു), വേഴും പങ്ങിയുള്ളരെശൻ, ഏഴിലുള്ള നെല്ലും പൊന്നും (ഏഴിമല), നന്തി, വടകര, ഏഴിലാർ കച്ചിൽപട്ടിമെ, കച്ചിൽ പഷ്ണം (അടുത്തില), പേരൂല്, പാഴി, പൂവെങ്കാപട്ടിണം (വെങ്ങര), പേരൂൽ നഗരി, പേരൂരയ്യൻ പെരുങ്കോയിൽ പെരിയവങ്കച്ചിൽ പട്ടിൽ ഇങ്ങനെ നിരവധി സ്ഥല ങ്ങളെക്കുറിച്ച് പയ്യന്നൂർ പാട്ടിൽ പറയുന്നുണ്ട്. ഇവ ഉത്തരകേരളത്തിലെ സ്ഥല ങ്ങളാണ്.

### പദസംസ്കാരം

അകംഞ്ചുടർ (മനസ്സിന്റെ ചൂട്) അത്തിയെല്ല് (അസ്ഥിയെല്ല്-പര്യായങ്ങൾ ആവർത്തിക്കുന്നു). ഉച്ചിലണിയും (ഉച്ചിയിലണിയും) ഉയർത്തു പിടിക്കും (ഉ യർത്തിപ്പിടിക്കും) പ്പാറ്റെൻ (മുഴുവൻ) കൂഷണം (കൂട്ടണം) പഷ്ണം (പട്ടണം) കന്നി കോതകർമ്മർ (കോതവർമ്മർ രാജാക്കന്മാർ) ഗുരിക്കെൾ (ഗുരുക്കൾ) കുരു വികൾ (കരുക്കൾ) കന്നിമാർ (കന്യമാർ) പിണി (ദുർദേവത-പ്രേതം) ഉത്തമെൻ (ഉത്തമൻ) കാലിന്നിണ (ഇണക്കാല്-കുട്ടി) അവര (അവരെ) എനി (ഇനി) ആക്കി കൾ) (ചെയ്യുന്നവർ) ആയിധം (ആയുധം) നിയമം (നിത്യം) നിച്ചൽ (നിത്യം) പുഴുന്നെയി (വെരുകിൻ മദദ്രവം - ഒരു മരുന്ന്) നാന്നാതെ (നന്നല്ലാതല്ല - നല്ല) നിന്ന (നിന്നെ) വന്നുണ്ടോ (പോകുന്നുണ്ടോ) കല്പെന (കല്പന) വിയം കൊടുത്തും (വിശ്രമം കൊടുത്തു) വേളാക്കുലം (കടൽക്കുലം - മരക്കായന്മാർ, പാണ്ടിയർ തുടങ്ങിയവർ) ഒരം (നിറം - ഉറപ്പ്) ആത്തിയം (നുണ) കമിച്ച് (കമി ഴ്ത്തി) ചമെയിന്നതും (ചമയുന്നതും) ഇല്ലുത് (ഉള്ളത്) ഒക്കും (ഒരുപോലെ) കുരിക്കെൾ (ഗുരു) കൊവണം (ഗോപനം - മറക്കൽ) അലസാതെ (കളയാതെ) ആണ്മ (ആണത്തം) ആങ്ങെള (ആങ്ങള) അരികിലിരിന്ന് (അടുത്തിരുന്നു) അയ്യാണ്ട് (ആ ആണ്ട്) അല്ലെല് (ദുഃഖം) ആൺകാരുമെത്തം (ആണത്തം) അന്തി (സന്ധ്യ) ഇങ്ങനെ നാടൻ പദങ്ങളുടെ സംസ്കാരം പയ്യന്നൂർ പാട്ടിലാകെ നിറഞ്ഞു നില്ക്കുന്നു. തമ്മപ്പൻ (തന്നച്ഛൻ) ആണ (സത്യമിടൽ) പേറ്റി (പേ റ്റിച്ചി - മലയിയാണ് പേറ്റിച്ചിയുടെ ജോലി ഉത്തരകേരളത്തിൽ നിർവ്വഹിച്ചു വരുന്നത്). തേഞ്ചോറും (തേൻ ചോറും - ഇത്തരം അനുനാസികമാധുര്യപ്രയോ ഗങ്ങൾ പയ്യന്നൂരിലും പരിസരത്തിലെയും ഭാഷാഭേദങ്ങളിൽ സുലഭമാണ്. ചോറൂട്ട് (ചോറൂണ്) എല്ലാ ജാതികളെയും സ്വാധീനിച്ച ആചാരം ആണ്. തലക്കാവേരി, കണ്ണൂർ ജില്ലയുടെ അതിർത്തിയായ രാജഗിരിയിൽനിന്ന് നാഴികകൾ മാത്രം അക ലെയുള്ള സ്ഥലമാണെന്നോർത്താലേ അർത്ഥബോധം ഉണ്ടാവുകയുള്ളൂ.

## പയ്യന്നൂർ പാട്ടിലെ വ്യാകരണം

പയ്യന്നൂർ ഭാഷാഭേദം പൂർവ്വഭാഷാ സംരക്ഷണം നിലനിർത്തുന്ന ഭാഷാ ഭേദങ്ങളിലൊന്നാണ്. ഉഇ (ഉയി-ഉഇയോ, ഉഇഎന്റപ്പാ) എന്ന ഒരു ദ്വിസ്വരം ഉപ യോഗിക്കുന്ന പ്രദേശമാണ് പയ്യന്നൂർ. ഉ-അ എന്ന ദ്വിസ്വരം തിരുവനന്തപുരം ഭാഷാഭേദങ്ങളിലും (ക്വോഴി, ജ്വോലി-ഉ-അ) ധാരാളമായി ഉപയോഗിക്കാറുണ്ട്.





പൂർവ്വമധ്യസ്വരമായ എകാരം ഉച്ചാരണത്തിൽ നിലനിൽക്കുന്നതു നോക്കു ക. അതുപോലെയുള്ള ഭാഷാപ്രയോഗങ്ങളിലെ മറ്റു വ്യാകരണസവിശേഷത കളും സംഗ്രഹിക്കാം.

1. ഇ/അ വിനിമയം - ദെക്ഷണ (ദക്ഷിണ)
2. അ/ആ വിനിമയം - ദേവാകെൾ (ദേവകെൾ)
3. അ/എ വിനിമയം - അമെരപതി (അമരപതി)
   കല്പെന (കല്പന) പട്ടിണനകെരം (പട്ടിണ നഗരം)
   ബളെർ പട്ടിണം (വളർപട്ടിണം) ഉത്തമെൻ (ഉത്തമൻ)
   കടെഞ്ഞെടുത്തു (കടഞ്ഞെടുത്തു) വാണിയെർ (വാണിയർ) തുടങ്ങിയവ.
4. അ/ഇ വിനിമയം - പട്ടിണത്തു (പട്ടണത്തു ) തുടങ്ങിയവ.
5. ഇ/ഉ് വിനിമയം- വാഴിക (വാഴ്കാ) തുടങ്ങിയവ.
6. ഇ/എ വിനിമയം - ഗുണമുള്ളരാമെന്ദിരരും (ഗുണമുള്ള രാമിന്ദിരരും)
   - വിശേഷണ വിശേഷ്യപ്പൊരുത്തം, പൂജകപ്രത്യയം എന്നിവ ശ്രദ്ധിക്കുക.
7. എ/ഇ വിനിമയം - മുന്നെൽ (മുന്നിൽ) എഴുന്നീറ്റു (എഴുന്നേറ്റു)
8. ഉ/ഇ വിനിമയം - മേലോഴികിന്നതു (മേലൊഴുകുന്നത്) ചതിരങ്കം
   (ചതുരങ്കം) പെണ്ണിങ്ങൾ (പെണ്ണുങ്ങൾ) മച്ചിനനെ (മച്ചുനനെ)
   ഇരിന്നോരു (ഇരുന്നോരു) മുതുർക്കുന്ന (മുതിർക്കുന്ന)
9. മധ്യസ്വരാഗമം - മന്തിരി -(മന്ത്രി) ചന്ദിരാ (ചന്ദ്ര ക്ഷേത്തീരാവലെനും
   (ക്ഷേത്രപാലനും)
10. ക/വ വിനിമയം - കോതകർമ്മരും (കോതവർമ്മരും) പച്ചപ്പകിഴത്തഴയു
    മതെന്റെ (പച്ചപ്പവിഴത്തഴയുമതന്റെ)
11. യ/ന വിനിമയം - ഓടിന (ഓടിയ)
12. പഴെന്നൂർ/പയ്യന്നൂർ - ചിലപ്പോൾ രണ്ടുരൂപങ്ങളും ഉപയോഗിക്കാറുണ്ട്.
13. മ/ന വിനിമയം - നുപ്പത്തുരണ്ടുമതാ (മുപ്പത്തു രണ്ടുമതാ)
14. ട/ഷ വിനിമയം - കച്ചിൽ പഷ്ണം (കച്ചിൽ പട്ടണം) മൈയിൽ
    കൂഷണമന്റെ (മെയ്യിൽ കൂട്ടണമെന്റെ) ചൊഷൻ (ചൊട്ടൻ)
15. വ/ബ വിനിമയം - ബളെർ പട്ടണം (വളപട്ടണം) ബട്ടമായുള്ള പട്ടണം
    (വട്ടമായുള്ള) ബരം ( വരം) ബളയെ (വളയെ)
16. വ/മ വിനിമയം - നിമർത്തു (നിവർത്തു) മന്നെൻ മീണ്ടു പോയി
    (മന്നൻ വീണ്ടുപോയി)
17. ഇ/ഋ വിനിമയം - മുതൃത്തീനരെ (മൃതിർത്തീനരെ) ഊമൃതൃത്താർ
    (ഊമുതിർത്താർ) നാറിർന്നാർ (നേർന്നാർ)

18. ഇ/ഉ വിനിമയം - പുളന്നിട്ട് (പിളർന്നിട്ട്)
19. വ/പ വിനിമയം - പാശി (വാശി)
20 അ പ്രതിഗ്രാഹിക പ്രത്യയം. കുറിപോലവീണതിന (കുറിപോലെ വീണതിനെ)

പലതരം വ്യാകരണസവിശേഷതകൾകൊണ്ട് നിറഞ്ഞതാണ് പയ്യന്നൂർ പാട്ട്. പൈക്കുമ്പോൾ കിട്ടുന്നതാണ് പൈക്കം. നമ്മുടെ ചരിത്രവും പദസംസ്കാരവും മറ്റു മുദ്രകളും നിറഞ്ഞതാണ് പയ്യന്നൂർപ്പാട്ട്.

## പദലോറും വാക്യലോറും

പയ്യന്നൂർപ്പാട്ടിന്റെ പദലോറും (wordlore) വാക്യലോറും (sentence lore) വാക്യചരതവും കാലദേശങ്ങളിലൂടെ പരിണമിക്കുകയാണ്. ആ പരിണാമഗതി രേഖപ്പെടുത്താനാണ് പഠിതാവിന്റെ വെല്ലുവിളി. ക്ലേശകരമാണ് ഇത്തരം സമ്പ്രദായം. കൃത്യതയും നിശ്ചിതത്വവും അവകാശപ്പെടാനാവാത്തും നീട്ടിവയ്ക്കപ്പെടാവുന്നതുമായ ഇത്തരമൊരു പഠനമാതൃകയിലേക്കു വായനക്കാരെ ക്ഷണിക്കുന്നു. ഉദാഹരണത്തിന് ചരിത്രം സമകാലികസംസ്കാരം, ഭാഷ എന്നിവയുമായി കലർന്നൊഴുകുന്ന പയ്യന്നൂർപ്പാട്ട് എന്ന സങ്കല്പനമാണ് ഇവിടെ സ്വീകരിക്കുന്നത്. പാട്ടുകൂട്ടായ്മയിൽ വരുന്ന മാറ്റം പാട്ടിന്റെ രൂപത്തിലും പൊരുളിലും മാറ്റമുണ്ടാക്കുന്നു. അതായത്, ഫോക്‌ലോർ പ്രക്രിയയിലാണ് പയ്യന്നൂർപ്പാട്ട്. ആ നിലയ്ക്ക് പയ്യന്നൂർപ്പാട്ടിന്റെ പൊരുൾ തിരിക്കാനുള്ള പരിശ്രമങ്ങളാണ് ഇനി ഉണ്ടാവേണ്ടത്. പാഠകേന്ദ്രീകൃതമായ പഠനത്തിൽനിന്നുണ്ടാകേണ്ട മാറ്റവും വളർച്ചയുമാണിത്.

പഷണം, പഷ്ണി, പട്ടണം, പട്ടിണി എന്നിവ പയ്യന്നൂർ ഭാഗത്തും കണ്ണൂർ പ്രദേശത്തും മറ്റും ഉപയോഗിക്കുന്ന പദങ്ങളാണ്. ഇത് മനസ്സിലാക്കുന്ന വായനയിൽ കൃതിയുടെ പദതലം ഭംഗിതരംഗിതമാകുന്നു. അഞ്ചാന്നീർ കുളിക്കുന്ന് എന്നത് ഋതുമതിയായ സ്ത്രീ വീട്ടിലും അമ്പലത്തിലും പാതിത്യം തീർന്ന് സമൂഹത്തിലേക്ക് പ്രവേശിക്കുന്നതിനെക്കുറിക്കുന്ന വാക്യമാണ്. കന്ന് വിലങ്ങി ചാവുക പ്രസവിക്കുക എന്ന ചൊല്ലിന്റെ വാക്യം ചത്തുപൊംങ്കന്നു വിലങ്ങയെന്നു(പയ്യന്നൂർ പാട്ട്: 17-ാം പാട്ട് 3-ാം വരി)ള്ള വാക്യത്തിൽ നിഴലിച്ചു കാണാം.

നാടോടിപ്രയോഗം, പ്രകടനം, പദലോർ, വാക്യലോർ എന്നിവയെല്ലാം പരിഗണിച്ചാവണം നാടോടിപ്പാട്ടിന്റെ വ്യാഖ്യാനം. ആ നിലയ്ക്കു പയ്യന്നൂർപ്പാട്ടിന്റെ വ്യാഖ്യാനം തയ്യാറാക്കാനുള്ള പദ്ധതിയുടെ തുടക്കം കുറിക്കുയാണ് ഇവിടെ. നാട്ടറിവിന്റെ വഴിയിൽ പയ്യന്നൂർപ്പാട്ടിലൂടെ ഒരു ഓട്ടപ്രദക്ഷിണമാകാം. പയ്യന്നൂർ എന്ന സാംസ്കാരികമേഖലയുടെ ഭാഷാനുഭവമാണ് ഇവിടെ വ്യാഖ്യാനത്തിനുള്ള പ്രധാനപ്പെട്ട ഊർജം.





## വ്യാഖ്യാനം

ഡോ. ഹെർമ്മൻ ഗുണ്ടർട്ട് ശേഖരിച്ച, ഡോ. സ്കറിയാ സക്കറിയ ജനറൽ എഡിറ്ററായി പ്രസിദ്ധീകരിച്ച പി. ആന്റണി എഡിറ്ററായി പ്രസിദ്ധീകരിച്ച പയ്യന്നൂർ പാട്ടിലെ 104 പാട്ടുകളുടെ അർത്ഥവ്യാഖ്യാനമാണ് ചുവടെ ചേർത്തിരിക്കുന്നത്:

### അഞ്ചടി

എത്രയും വേഗത്തിൽ സരസ്വതിയും അമരപതിയും വാഴ്ക. കാണാൻ വന്ന മഹാലോകരുടെ കല്പന പോലെ പലരും വാഴ്ക. ഗുണമുള്ള ഇന്ദ്രാദികളും കോതവർമ്മരും വാഴ്ക. വാണ് മതിലും കവരും ഉള്ള വളപട്ടണം വാഴ്ക. പട്ടണത്തുകോട്ടയും പട്ടണനഗരവും വാഴ്ക. ഇഷ്ടമായ വളനാടും രാമേശ്വരവും വാഴ്ക. വട്ടമായുള്ള അഞ്ച് പള്ളികളും പരിശോടെ വാഴ്ക. നഗരങ്ങൾ തോറുമുള്ള നാരിമാർ പലരും വാഴ്ക. മികവുള്ള കന്യകമാരും (മികവുള്ള കരുക്കൾക്കും) ഇതിലേ ജയമുണ്ടാകട്ടെ. ജഗത്തിൽ വന്നതെല്ലാം ജയം എനിക്കുണ്ടായി നില്ക്കും ഗുരുക്കൾക്കും ഗുരുദക്ഷിണവെച്ച് ഗുരുക്കളെ പൂജിപ്പിക്കട്ടെ. മാതാപിതാക്കൾക്ക് ജന്മാന്തരമോക്ഷമുണ്ടാകട്ടെ. ഒരു സ്ഥലത്ത് കൂത്ത് കെട്ടിയാൽ ഏഴ് ഊരിൽ അനൈശ്വര്യങ്ങളും പിണിയും ഒഴിയട്ടെ. നാടുതൊട്ടുനഗരംവരെ നന്തി വടകരവരെ ഭാഗ്യമുണ്ടായിരിക്കട്ടെ.

അത്തിയെല്ലാധാരമാക്കി ഉൾച്ചൂടിനെയും അസ്ഥിയെയും രണ്ടിനെയും ആധാരമാക്കി ഉത്തമനായ ആചാര്യനാൽ (ആശാരിയാലോ) ഒരുമിച്ച് കടഞ്ഞെടുത്തു ബുദ്ധിയുള്ളവരൊത്തു പുതുമണത്തുവെച്ച് പഴെനൂർ വാകകൊണ്ടു തന്നെ ഉണ്ടാക്കിയ കരുക്കളാൽ ചൂതുകളിച്ചു.

പഴെനൂർ തെരുവേഴിനും ഭംഗിയായി നിൽക്കുന്ന ഈശൻ വാഴ്ക. ഏഴിലുള്ള (ഏഴുതെരുവിലും ഉള്ള) നെല്ലും പൊന്നും എളിയവരുടെ നെറിയും (നേരും) പരക്കുകയും വാഴുകയും ചെയ്യട്ടെ. തഴച്ചു (നിറഞ്ഞു) നിന്റെ മേലുള്ള താലി മുഴുവൻ ഞാൻ പഴെയൂർ വന്നു നിന്ന വാണിയൻ ചൂതിൽ കൊണ്ടു.

### ചതുരംഗവർണ്ണനയും പന്തയവും

മന്നവൻ ഏറുന്ന കുതിരകളും മൂന്നടിയോടിയ ആനയും മൂലയിലൂടെ ഓടുന്ന തേരുകളും മുപ്പത്തിരണ്ട് കരുക്കളും മുന്നിൽ നടക്കുന്ന ആളുകളും (ചേകവരും) മന്ത്രിയും കൂടി മൂവെരും ഒത്തുകൂടി എന്നും എനിക്ക്തന്നെയാണ് ജയമുണ്ടാകുക; ഏഴിലുള്ള (ഏഴിമലയിലുള്ള) കച്ചിൽ പട്ടിണത്തിൽ. കച്ചിൽ പട്ടണം എന്റെതാണ്. തലവാണിയൻ മെയ്യിലുള്ള അലങ്കാരം എന്റേതാണ്.

നിത്യവും പൂശും ചന്ദനമെന്റേതാണ്. ചങ്ങനും കെട്ടും (ചങ്ങനും പുങ്ങനും എന്റേതാണ്) എന്റേതാണ്. ഉച്ചിയിലണിയും പുഷ്പവും ഉയർത്തി

പ്പിടിക്കുന്ന കുടയും എന്റേതാണ്. പച്ചപ്പവിഴത്തഴയും എന്റേതാണ്. വാണിയൻ വേഗത്തിൽ ചതുരംഗം തോറ്റു.

**പാട്ടുകളുടെ രത്നച്ചുരുക്കം:**

ശ്രീ ഗണപതിക്കായി നമസ്ക്കാരം. അവിഘ്നം ഭവിക്കട്ടെ.

1.

അന്തികൂത്താടുന്ന ശിവന്റെ പുത്രനും ആനമുഖവനായ ഗണപതിയും വന്ന് ഉള്ളം തെളിഞ്ഞ് അരുളിച്ചെയ്യുക. വാണീദേവി എന്നിൽ ആദരവോടെ തുണയ്ക്കുക. ചിന്തതെളിഞ്ഞ് ശ്രീകൃഷ്ണനും അവന്റെ ദയ ചന്തത്തോടെ വിശദമായി കവിത ചൊല്ലുന്നതിന് പാമ്പിന്മേലുറങ്ങുന്ന ശങ്കരനും അമ്പിനാൽ വരം തരണമേ.

2.

ശങ്കരനാരായണൻ, ബ്രഹ്മാവ്, ചന്ദ്രൻ, സൂര്യൻ, ഇന്ദ്രൻ, മൺമകൾ, വടമകൾ, പൂമകൾ, ഗംഗ, ഉർവ്വശി, മേനക, ക്ഷേത്രപാലൻ, അയ്യൻ, സരസ്വതീമങ്ക മറ്റുള്ള പല ദേവകളും, വന്ന് എന്റെ നാവിൽ അനുഗ്രഹിക്കേണമേ...

3.

വന്ന് എന്റെ മനസ്സിൽ കുടികൊണ്ട് സഭയ്ക്ക അഭയമായി വാഴ്ക പൊലിക. എപ്പോഴും ചിന്തകൾ തെളിഞ്ഞ എന്നിൽ അരുളുക. പൊടുന്നനെ ഉത്തമരായ ഭക്തരോട് കൂടിച്ചേർന്ന് ഈ മന്ദിരവാസികൾ വൈദികരും, കാമദേവനും മയിച്ചനും ആര്യനും മൂന്നുപേരും പിഴ തീർത്ത് മൂന്ന് ലോകത്തിലും പ്രസിദ്ധമായ സഭയെ അരുളുക.

4.

ഈ സഭയാകുന്ന ദൈവങ്ങളെ, ഇതിൽ പ്രധാനിയാകുന്ന ഇന്ദ്രനെ, നല്ല സഭയിൽ കവിക്കൂട്ടങ്ങളുണ്ടാകുന്ന നാലു വേദജ്ഞാനികളും നീതിക്കനുസരിച്ച് വന്ന് ഈ സഭയിൽ കവിത ചൊല്ലേണം. ആകാശചാരികളായ ദേവന്മാർ എന്റെ ആധികളെല്ലാം കേൾക്കുംവണ്ണം ഞാൻ എന്റെ കവിത ചൊല്ലുന്നു.

5.

പാപം ചെയ്യാത്ത എന്നെ അറിയൂ. അടിയന് ആരും തുണയില്ല. അഞ്ചാറു വിവാഹം ചെയ്തിട്ടാരും ഒരു ആൺകുഞ്ഞിനെ പെറ്റില്ല. എന്തുചെയ്യും എന്ന് നിനച്ച് എല്ലാ പരദേശങ്ങളിലും നടക്കുന്നു. പേരൂർ നഗരിയിൽ ഭിക്ഷക്കെന്ന് വിചാരിച്ച് എഴുന്നേറ്റു നടന്നു.

6.

അവൾ പിച്ചക്ക് എഴുന്നേറ്റു നടന്നു. കച്ചിൽ പട്ടണം വാഴ്വോനല്ലോ. അച്ചോ! നിൻ പുറം ആട്ടി ഇവയെല്ലാം മാറിൽ കല്പിച്ചത് മച്ചുനിയനെതന്നെയല്ലേ. പച്ചപ്പാല് കൊണ്ട് കാല് കഴുകിച്ചിട്ടു പള്ളിക്കട്ടിലിൽ കിടക്ക നിവർത്തിയിട്ടു.





ഈ മലനാട്ടിൽ ഉച്ചക്ക് ഊൺമുതിരുന്നത് കണ്ടാൽ ഈ മലനാട്ടിൽ സാദൃശ്യപ്പെടുത്താൻ മറ്റൊന്നും ഇല്ല.

7.

നാട്ടിനും നഗരത്തിനും മികവുള്ള വിശ്വാസത്തിനും പലവകയ്ക്കും മികവുള്ളത് എന്തായാലും കെട്ടാം. ജന്മത്തിൽ പിഴ ചെയ്തുപോയില്ലേ. അതുകൊണ്ട് നാട്ടുകാരുടെ വീട്ടിലെല്ലാം ഞാൻ ഇരന്നു നടക്കാം. ജന്മത്തിൽ പിഴ ചെയ്തില്ലയോ നമ്പൂച്ചെട്ടി. കളിക്കാരോ അറിയാത്തവരോ കണ്ടാൽ അയ്യോ നീ എന്ത് ചെയ്തു എന്താ വന്നത് എന്ന് ചോദിക്കും.

8.

എന്റെ പാപം നശിപ്പിക്കാനാണ് വന്നത്. അച്ഛൻ, അമ്മ, ഞാൻ, എന്റെ സഹോദരർ, ഇന്ദ്രരൂപമായിരിക്കുന്ന ഹരൻ പുത്രമോക്ഷമില്ലാഞ്ഞ് ആണ് എന്റെ ഈ വിധി! ഇതെന്തൊരു പാപമാണച്ചോ. ഇതെന്റെ വിധിയോ? ഏഴ് പൊൻചരടെടുത്ത് എനിക്ക് തന്നു. പക്ഷേ ആരും എനിക്കൊരു മക്കളെ തന്നില്ല. സാധുവായി (സന്യാസിയായി) പോവാനാണ് ഞാൻ ഇന്ന് ഇങ്ങനെ പോവുന്നത്.

9.

സാധുവായി പോകുന്നതും തല കുരച്ചതും (ചുര-ചെര-മുണ്ഡനം) താപസിയായതും നീ പറയുക. സ്ത്രീയേ! മുമ്പേ കൈയ്യിലുള്ള വേണ്ടുന്ന കാരുണ്യവും നീ കൊണ്ടുവരൂ. വേദപ്പെണ്ണ് ഒരാളെ സ്വീകരിച്ച് (ഗർഭം ധരിച്ച്) പേരൂരയ്യൻ പെരുംകോവിലിൽ പെൺകൂത്ത് നേർന്ന് ആടിച്ചാണ് മനമങ്കയായ അവൾ മകനെപ്പെറ്റത്.

10.

മങ്കയെ മന്നവൻ വീണ്ടെടുത്തു എന്നിട്ട് പേരൂരയ്യൻ പെരുംകോവിലിൽ പൊൻമാളികയുടെ താഴെ ഇരുന്നു. പൊൽകൂത്ത് നേർന്ന അന്നതന്നെ രാത്രിയിൽ മൂന്നുറക്കം ഉറങ്ങുന്ന നേരത്ത് പേരൂരയ്യൻ വന്ന് മകനായി ശ്രീയുള്ള മകനായി വർത്തിക്കൂ എന്ന് പറഞ്ഞു.

11.

നല്ല മനസ്സുള്ളൊരു നല്ല പൊന്മകനെ ദൈവമേ നീ തരണം. (തരവേണം) അയ്യോ! നിന്റെ പ്രസാദത്താൽ എന്റെ മകൻ എനിക്കു ഇഷ്ടപ്പെട്ടവനാകുകയും വേണം. ഭംഗിയുള്ള നല്ല പൊൻപട്ടവും കണ്ണും അതുപോലുള്ള ജ്ഞാനവും അവനിൽ എത്തണം. അവന് പ്രസിദ്ധി വിരിയണം. എന്റെ മനസ്സുപൂർണ്ണമാക്കി ഞാൻ നിന്നെ തൊഴുന്നു.

12.

ആ സമയത്ത്, എണീറ്റ് നടന്നപ്പോൾ, ഹൃദയകമല (പുണ്ഡരീക) ത്തിന്ന് താഴെയായി കുന്നിമണിയോളം നല്ലകറ വസ്ത്രത്തിൽ വീണതിനെ നിമിത്ത

മായി കണ്ടു. അന്നുതന്നെ ഭർത്താവ് നംപു ചെട്ടി വന്നു. നല്ല ഉറ്റവരായ പലരും വന്നണഞ്ഞുകൊണ്ടിരുന്നു. അന്നവിടെ കല്യാണമുണ്ടു തീർന്നിട്ട് അവൾ ഋതുമതിയായതിന് ശേഷം അഞ്ചാം ദിവസത്തെ കുളി കുളിച്ചുവന്നു.

13.

അഞ്ചാം ദിവസകുളി കുളിച്ച് പെരിങ്കോയിൽ പ്രവേശിച്ചു. വലത്തുവെച്ചു കിഴക്കു നോക്കിനിന്നു. തേൻ ചോരുന്ന തീർത്ഥവും തിരുവെണ്ണീറും തൃക്കുറ്റെഴും പെരുമാന്റെ കൈയാൽ സ്വീകരിച്ചു. തങ്ങാതെ തന്റെ കോവിലകത്തു കേറിയ അവളുടെ തലയിൽ പലരുംകൂടി അരിചാർത്തീ (അരി ഇരിച്ചു) വെണ്മ പോകാതെ അമൃതുണ്ടുതീർന്നു. പെട്ടെന്ന് ചെന്നു പള്ളിയറത്തളത്തിൽ പ്രവേശിച്ചു.

14.

പള്ളിയറത്തളത്തിൽ പ്രവേശിച്ച അവൾക്ക് ഗർഭമുണ്ടായി. പ്രിയംപെട്ട മൂന്നു ദിവസം കഴിഞ്ഞയുടനെ അവളുടെ മുലക്കണ്ണുവണ്ണം വെക്കുകയും കറുത്തിരുളുകയും ചെയ്തു. പൊല് ചോറുണ്ടു. പാവുതിന്നു. പുഷ്പഭംഗിയിൽ പിള്ള രൂപപ്പെട്ടുവരുംതോറും ഛർദ്ദിയും പനിയും തലനോവും കൊണ്ട് അവൾ ഉഴന്നു. ദാഹമകറ്റാനും ഉറങ്ങാനും കഴിയാതെ ദുഃഖിച്ചിട്ട് ഒമ്പതാം മാസമായി.

15.

മാസം തികഞ്ഞിട്ട് പുളികുടി എന്നാണ് എന്ന് നിശ്ചയിക്കാൻ വരൂ പെരും കണിയാരേ! ചോദിച്ച മുഹൂർത്തം ഗണിച്ച് പറയാൻ കവടിയുണ്ടോ കയ്യിൽ? തിന്മയൊന്നും പറയരുത്. എന്റെ ഇല്ലത്തിന് എവിടെ തൂണിടേണം. ഒരു കാതം വഴി ഇടവിട്ട് കൊണ്ടും വീടകലം കല്പിച്ചുകൊണ്ടും വേണം തൂണിടാൻ.

16.

കണ്ടതു പറയൂ ചൊടൻ കണിയനാരേ. പുളികുടിക്കാനുള്ള മുഹൂർത്തം വേഗം പറയൂ. ഉണ്ടാകിലിപ്പോൾ കഴിക്കുന്നതാണ് നല്ലത്. ഊണിന് പോവാനുള്ള സമയമായോ? സുന്ദരിമാരെല്ലാം കൂടി വളപുളികുടി ആഘോഷം നടത്തി. ഉണ്ണുകയും കുളിക്കുകയും ആർത്തുവിളിക്കുകയും ചെയ്തു. ഒമ്പത് പോയി പത്താംമാസം ആയി.

17.

പത്തും തികഞ്ഞ് പ്രസവിക്കാൻ പരിചയമുള്ള ഒരുത്തി പേറ്റിച്ചിയായി വേണം. അല്ലെങ്കിൽ കൂഞ്ഞ് വിലങ്ങിചത്തുപോകും. നാണയവും കൂത്തും പലകുറി നേർന്നു. പത്തുതവണ നിലവിളിച്ച് പ്രസവിച്ചു. പകലുദിക്കും സൂര്യനെപ്പോലുള്ളതാണ് കൂട്ടി. ആറാംനാൾ ആഘോഷം തന്നെ. ഏഴാനാളെന്താണെന്ന് ചൊല്ലാനും എനിക്കു കഴിയില്ല.

18.

പേർകേട്ട വലിയ കച്ചിൽപട്ടണത്തിൽ ചൊമ്പുചെട്ടിക്കാണ് അവൻ പിറന്നത്. ദുഃഖിച്ചെല്ലാവരും ഓടിവന്നു. കുഞ്ഞിനെ കാണുന്നവർക്കും ഉപദേശിക്കുന്നർക്കും രാപ്പകലില്ലാതെ അന്നദാനം ചെയ്തു. നല്ലത് പറഞ്ഞിട്ട് നാല്പത്തൊന്ന് നാൾ കഴിഞ്ഞു പുലയും തീർന്നു.

19.

പുലരെ പോകണം പൊൽകൂത്താടുവാൻ ശാങ്കിമാരേ! ആലസ്യം ഇല്ലാതെ ചെന്ന് ആ പേരൂർനഗരിയിൽ അയ്യന്റെ പെരുകോവിലിൽ എല്ലാവരും പ്രവേശിച്ചു. ചിലരുടെ കൂത്തിന് കല്പിച്ചാർക്കാൻ ദേവിയും മകനും തന്നെ പോയി. പുലർകാലത്ത്തന്നെ മുതിർത്ത പൊൽകൂത്തിൽ ചെന്നു ചേർന്നു.

20.

കൂത്തിന് കൊട്ടുന്ന മിഴാവൊച്ചയും കുമിറകുമിറ കടുകടിന എന്ന ഒച്ചയും. ശാസ്ത്രനീതിയുടെ വഴിയിലൂടെ പോകുമ്പോൾ തകിടിടി എന്ന ഇത്പോലെയുള്ള വാദ്യമുഴക്കമിതെന്താണ്? ഇങ്ങനെ വരുന്നതിനുള്ള കാരണമെന്ത് എന്ന് ഓർത്ത് ആ വഴി നേടിച്ചെന്നിട്ടുളവായ വഴിയിൽ (തടസ്സമുണ്ടാക്കുന്ന രീതിയിൽ) കെട്ടിക്കൊണ്ട് ഇരുന്നു.

21.

കെട്ടിയ പുഴയിലും പയ്യന്നൂർ നഗരത്തിലും കഴിവോടെ കപ്പൽ ഓടിപ്പോയി. നീട്ടിയ വിരലിന് പൊന്നണിയിക്കാൻ നീലകേശിയുടെ ആങ്ങളമാർ വട്ടമരക്കലത്തിൽ (കപ്പലിൽ) പല തുറകളിൽ പോയി കച്ചവടം ചെയ്തു. ആങ്ങളമാർ നാട്ടിൽ മികച്ച പയ്യന്നൂർ നഗരത്തിൽ ഗുണത്തോടെ പ്രവേശിച്ചു.

22.

ആങ്ങളമാർ വന്നപ്പോൾ വഴിയിലുള്ള ഗോപുരമതിലിൽ അറിയാതെ കല്മതിലിൽ തടഞ്ഞിരുന്നുകൊണ്ട് ഒരു ഭാഗത്ത് ഇരുന്നു. പിന്നോട്ടുപോകൂ ദുഷ്ടകുലത്തിലെ വഴിപോക്കരേ എന്നും ഓങ്ങിയ കൂത്തിന്റെ ഭംഗിയറിയാത്തവർ ഒരുമിച്ചിരിക്കുന്നത് ചീത്തയല്ലേ എന്നും ചോദിച്ചു.

23.

ചീത്തപറയുന്നവർ ഞങ്ങളല്ല. കടലോടിവരുന്ന കൂലവാണിയരാണ് ഞങ്ങൾ. പാഴിയിൽ ജനിച്ചു ജീവിച്ചവർ വലിയ കൊലപാതകം ചെയ്യില്ല.പറ്റാത്ത വിശേഷവും പറഞ്ഞുണ്ടാക്കുന്നത്. താഴ്ന്ന കടൽദ്വീപിന്റെ ബലമിടയിലൊഴുകുന്ന താഴ്ന്ന കടൽ തടകിടയെന്ന മിഴാവിന്റെ ഒച്ചയും ഓശയും പ്രതിധ്വനിച്ചു. ഭംഗിയിൽ കെട്ടിയ കൂത്തൻ അനായാസത്തിൽ ആചാരം ചെയ്തിട്ടരികിലിരുന്നതാണോ?

24.

കുലവാണിയരറിയേണ്ട ആചാരങ്ങൾ ആണത്തംകണ്ട് അറിയേണ്ടതു നീയല്ലേ. നീയതു കേട്ടോളൂ എന്ന് വാശിപറഞ്ഞ് നിറഞ്ഞു. പയ്യന്നൂർ വാഴുന്ന മന്നവൻ അപ്പോൾ നീചനെ എന്ന് പറഞ്ഞു ചുരിക എടുത്തു.

25.
മണ്ണിൽ ചകരിക്കുഴി നടുവിലേക്ക് വാണിയവസ്തുക്കൾ വലിച്ചെറിഞ്ഞ് ചേർമരത്തോടും മാവിനോടും ചേർത്ത് വെട്ടികെട്ടിത്തൂക്കി. അവരുടെ മേലോട്ടൊഴുകുന്ന ചോരയുടെ മണം കേട്ട് നരിവന്ന് ചുറ്റും പിളർന്നിട്ടു തിന്നാൻ തുടങ്ങി. കാക്കകൾ ഈ ചോരയുള്ള ശരീരഭാഗം കൊത്തി പയ്യന്നൂർ മാടത്തിൽ കൊണ്ടിട്ടത്കൊണ്ട് അവിടെയൊക്കെ ചോരയായിത്തീർന്നു.

26.
കാലത്ത്തന്നെ തന്റെ ആങ്ങളമാരുടെ സത്യം അതാണെന്നറിഞ്ഞ് എല്ല് വാരി വെക്കുകയും (അസ്ഥി ശേഖരിക്കുകയും) സന്ദർഭം വരുമ്പോൾ ഞാൻ ചെന്ന് പകവീട്ടും എന്ന് അവൾ (നീലകേശി) നിശ്ചയിക്കുകയും ചെയ്തു.

27.
എന്റെ ആങ്ങളമാർക്ക് വേണ്ടി കൊലപ്പകയോടെ വളരുന്ന കുഞ്ഞിന് നിന്റെ പേരിട്ടു. പെണ്ണ് ആറുമാസം കഴിഞ്ഞപ്പോൾ പാത്രത്തിൽ ചോറൂട്ടി നല്ല പേരായ നമ്പൂസരിയരൻ എന്നുതന്നെ ഇട്ടു. കുഞ്ഞിന് പന്ത്രണ്ടുവയസ്സു കഴിഞ്ഞപ്പോഴുള്ള പെരുമ എനിക്ക് പറയാൻ കഴിയില്ല.

28.
മദ്ദളം, കാഹളം, പടഹം, ചിഹ്നം, വാൾ, ചുരിക, അരക്കാൽ, കൈത്താളം, വിട്ടർ, ഇട്ടി, കുന്തം, കട്ടാരം, ചൊട്ട, കടുത്ത, വജ്രം, ശൂലം, കൈക്കത്തി, പരിച, വാള്, വേല് ഇങ്ങനെ എത്രയും മികവുള്ള ആയുധങ്ങളാണ് ഏറ്റവും മികവുള്ള കച്ചിൽപട്ടിണത്തിലുള്ളത്.

29.
പട്ട്, തുണി, ദെവാക്ക്, വണ്ടാവ്, നെല്ല്, ചെമ്പ്, പൊന്ന്, ഇടക്ക, ഉടുക്ക്, താളം, കുഴൽ, കൊമ്പ്, താര, വീണ എന്നിവയെ എല്ലാവർക്കും ഇഷ്ടംവരുമാറ് വാഴ്ത്തിപ്പറയുന്ന അർത്ഥങ്ങളുള്ള ഇടമാണ് ഓമൽ ഇളന്തരിയരന്റെ മികച്ചിരിക്കുന്ന കച്ചിൽപട്ടണം.

30.
മികച്ച ധനവാനായി മാറിയാൽ ആണത്തത്തെ ഞാൻ പറഞ്ഞുതരാം. പുത്രരായാൽ പുരുഷാർത്ഥമുണ്ടാകണം. പുണ്യപുരുഷരായ നമുക്ക് പരമേശ്വരനോടു ഭക്തിയുണ്ടാകണം. പരമേശ്വരപാദം പണിഞ്ഞുവന്ന ആൾ സത്യത്തിൽ ഉറച്ചുനിന്നാൽ നിന്റെ വീട്ടിൽതന്നെ സ്ഥാനം കിട്ടും.

31.
പറഞ്ഞുതന്ന ശിക്ഷയും ആചാരവും എത്രയും നന്ന്. മോനേ ഭൂമിയിൽ മാലോകർ കേൾക്കുംവണ്ണം നീ വാക്കുകൾ അതേപോലെ പാലിച്ചിട്ടുണ്ട്. ഇന്നും എന്നും മറക്കാവുന്നതല്ല ഇത്. ഇങ്ങനെ പറയുന്നവരാരും ഇല്ല. ഇന്നുഞാൻ നിന്റെ മകനായിപിറന്നിട്ട് എന്ത് ഗുണകർമ്മം ആണ് ചെയ്യേണ്ടത്.





32.
അന്തണപുത്രരായി പിറന്നാൽ അഞ്ചുവർഷം മറ്റൊരിടത്ത് ചെന്ന് ഓത്ത് കഴിച്ച് ജീവിക്കണം. രാജാക്കന്മാരുടെ മക്കളായാൽ ആനയും കുതിരയും ചേർത്ത് യുദ്ധം ചെയ്യണം. ശൂദ്രൻ ശൂദ്രരുടെ മക്കളായാൽ ചുരികകൊണ്ട് പല രീതിയിൽ പയറ്റിനിൽക്കണം. നല്ല കച്ചവടക്കാരുടെ മക്കളായാൽ വെള്ളിയും പൊന്നും എടുത്ത് ഉരക്കും.

33.
വെള്ളിയും പൊന്നും നന്നായി ഞാൻ അറിയും. വേണ്ടുവോളം തുണി ഞാൻ കണ്ടറിയും. കാവും തളവും എനിക്കറിയാം. കച്ചവടം ചെയ്യാനും എനിക്കറിയാം. എള്ളോളം ബുദ്ധി എനിക്ക് തന്ന എന്റെ പെരുമാനനെ ഞാൻ നമസ്കരിച്ചു. കുട്ടികളായിരിക്കുന്ന കാലം തൊട്ടേ കച്ചവടം എന്താണെന്ന് എനിക്കറിയാം.

34.
പിഴ എഴുതി കണക്കുവെക്കണം. വേണ്ടുന്ന ഗ്രന്ഥങ്ങളൊക്കെയും കേൾക്കണം. പഴയ എല്ലാ കാര്യവും പണവും നിയമങ്ങളും മനസ്സിലാക്കണം. നാഴിയും കോലും കൊണ്ട് അളന്നുകൊടുക്കണം. നാലുവഴിയും ചിന്തിച്ച് കാണണം. നാഴിയും മൂഴക്കും ഉഴക്കും ആഴക്കും ആയി നാട്ടുകാരുടെ കയ്യിൽ ആയിപ്പോകും.

35.
കച്ചവടം ചെയ്യാൻ കഴിവ് വേണം. പലരുടെ കയ്യിലും ആയി കണക്ക് ചിന്നിപോകരുത്. അതിനല്പം സാമർത്ഥ്യം വേണം. വേണ്ടുന്ന ശരിയെല്ലാം കണ്ടുകൊള്ളണം. ചീത്തയാകാത്ത നല്ല വാക്കുകൾ വേണം. നായകനായ നീ കേൾക്കണം. കാണിയും (അല്പവും) വീതവും ചില്ലിക്കണക്കും അപ്പപ്പോൾതന്നെ എഴുതിവെക്കണം.

36.
എഴുതിവെക്കുന്ന കണക്ക് പലതും നിറയെ ഉണ്ടാകും. കപ്പൽ ഉണ്ടാക്കാൻ ബാലന് മോഹമുണ്ട്. നീരിന് മേലെ വലിയ മരം വേണം. ചെത്തിചിപ്പിളിയിട്ടു വേണ്ടുവോളം ഉള്ള തച്ച്കിട്ടുന്ന രീതിയിൽ മരത്തിന്റെ കണക്കു ഉണ്ടാക്കി. ചൊമ്പ്രാണി കപ്പലോളം ഉള്ള കപ്പൽ വേണം. കപ്പൽ പ്രസിദ്ധിയുള്ള കച്ചിൽപട്ടണത്തിൽ കിഴിപ്പണി ചെയ്യാനുള്ള മേൽപ്പുര കെട്ടി.

37.
പട്ടിക അടിച്ച് അതിനുമേലെ പലകപാകി. കപ്പൽ ഇളക്കുന്നതിന് എത്രനേരത്തേതന്നെ കഴിയുമോ അത്രയും നേരത്തെ താമസിപ്പിക്കാതെ കപ്പൽ പണി തുടങ്ങണം. ഓമൽ ആയ ആശാരി ഇങ്ങനെ കേട്ടകാലത്തുതന്നെ പണി തുടങ്ങി. നിങ്ങൾ എല്ലാം കീഴെ കൈകാണിച്ചു നിന്നാൽ ഇതിനെക്കാൾ അധികം

കാര്യം (കൂലി) കിട്ടുമെന്നു പെൺകൊടി മുറിച്ചു പറഞ്ഞു.

38.

താങ്ങുന്ന മുൻഭാഗം മിനുസത്തിൽ ചെത്തി കപ്പൽ മുഴുവൻ താഴ്ത്തിപ്പണിതു. ഈരണ്ട് പലക വെച്ച് മീട്ടി. മേൽവാരിയും താഴ്ഭാഗം വരെയുള്ളവയും മേക്കൂട്ടവും തീർത്ത് കപ്പൽ പണിതു. കപ്പലിറക്കാനുള്ള കൂമ്പിന്നു പോവാൻ സമയമായി എന്നു പറഞ്ഞു. കാട്ടിൽ പോയി മരക്കൊമ്പ് ബടുക്കാക്കാൻ വേണ്ടി മുറിച്ചുകൊണ്ടുവന്നു. കപ്പൽ നീറ്റിലിറക്കിത്തുടങ്ങി.

39.

കപ്പൽ നീറ്റിലിറക്കി എന്നു പറഞ്ഞു. നിശ്ചയമായും വന്നു വെള്ളത്തിന്റെ വിതാനം നോക്കി. ആർപ്പുവിളിച്ച് ഇളംകൂമ്പൂനാട്ടീട്ടങ്ങനെ നാലു നങ്കൂരവും താഴ്ത്തി. നീർക്കിഴിക്കുന്ന പണിക്ക് മകന് വാശിയേറി. നീണ്ട കൂമ്പും ബഞ്ചീരയും ആര് പിടിക്കും വഞ്ചാവ് ആര് പിടിക്കും എന്ന് പറഞ്ഞു നീറ്റിലിറക്കിത്തുടങ്ങി.

40.

നീണ്ടദൂരത്തിൽ പെട്ടെന്നുതന്നെ നെടുനെടെ ഓടുന്ന നീണ്ട ഓടവും ചങ്ങാടവും കൂടെ തിരുകിയ കപ്പൽ ഓടാൻ തുടങ്ങി. വലിയ ഉത്സവാഘോഷങ്ങളോടെയാണ് ഈ ജോലികൾ ബപ്പുരവർ എന്ന മാപ്പിളമാർ പാട്ടുപാടിക്കൊണ്ടു ചെയ്തത്. പാണ്ടിയർ (പാണ്ടി തുഴയുന്നവർ -ചങ്ങാടം തുഴയുന്നവർ ജോനകർ (മാപ്പിളമാർ) ചോഴിയെർ (ചോയികൾ) എന്നിവരെല്ലാവരും ഒരുമിച്ചുകൂടി വണികാ ആര് ആര് മുന്നിലെത്തും എന്ന് പറഞ്ഞുകൊണ്ട് കപ്പലോടിച്ചു തുടങ്ങി.

41.

ചിതറിത്തെറിച്ച കുരുമുളകു ഉടനെ വാങ്ങി ഇടയിലെല്ലാം നിറക്കൂ. കടുപ്പത്തിൽ ഓരോരാളുടെയും ഉടൽ വിളിയാടിക്കൊണ്ട് ഇത് ചെയ്തു. കുട്ടികൾ പേടിച്ചോടി.

42.

ചരക്ക് കരക്കുണ്ടായിരുന്നത് കപ്പലിൽ കണിശമായി ചവിട്ടിക്കുത്തിനിറച്ച് അടച്ചുപൂട്ടി. പൊരുത്തമുള്ള സമയത്തുതന്നെ നാളെ നാം പുറപ്പെടണം. നാളെ നാം കരുത്തരായി കപ്പലോടിക്കണം എന്ന് പറഞ്ഞു.

43.

നല്ല നേരത്ത് കപ്പലിൽ കേറി; നായകൻ; ചോകോന്മാർ, മരക്കായന്മാർ എന്നിവരെല്ലാം ഒരു കുറവും വരാതെ ആഗ്രഹത്തിനനുസരിച്ച് കപ്പൽ പഴുതു നോക്കി ഓടിച്ചുതുടങ്ങി. കല്ല്, കാറ്റ്, കടൽഭയം, വലിയതിരഭയം, ഓളഭയം ഇത്തരം അല്ലൽഭയമില്ലാതെ അഴകുള്ള പൂമ്പട്ടണത്ത് കപ്പൽ ചെന്നു.





44.

കാശിന് അരിവാങ്ങി കപ്പലിൽവന്ന് വെളിച്ചമുള്ള സമയത്ത് തന്നെ ഊണുകഴിച്ചു. ഏഴിമലയുടെ മുകളിന്റെ നേരെയാണ് കപ്പൽ താഴുന്നത്. താണ് ആ മലക്കു പുറമേയുള്ള പൂഴയിലൂടെ കപ്പൽ പോയി. മുന്നിൽ പൂവെങ്കാ പട്ടണം കാണുന്നു. നായെൻനഗരത്തിൽ പോകൂ എന്ന് പറഞ്ഞ് കപ്പൽ നാട്ടുപുഴയിലൂടെ ഓടിത്തുടങ്ങി.

45.

കടലിൽ ഓടുമ്പോൾ ഇടിപൊടിപൊടിക്കുന്നു. വെള്ളം പെരുകിവരുന്ന ഭംഗിയാണ് മലയുടെ മറവിൽ. മറുകടൽ മറുകരമേൽ നെടുനെടെ വിളയാടുന്ന നെടുവരപോലുള്ള നിഴലു(സഭ)ണ്ടായി. ഉടലോടെ ഉയിരോടെ കുതൂഹലത്തോടെ പോകൂ എന്നവർ പറഞ്ഞു.

46.

കുതൂഹലത്തോടെ പോകുന്ന ഏഴുകരയും ഏഴുകടലും കടന്ന് അതിൽ പലയിടത്തേക്കും പോയി. പല ദ്വീപുകളിലും പോയി. നീങ്ങാൻ ബുദ്ധിമുട്ടുന്നത്, വിധിയാണ് ചതിയല്ല കേൾക്ക്. പൊൻമല കണ്ടു.

47.

പൊന്മലയുടെ മേലെ പോയി അന്നു കപ്പൽ നിന്നു. ഇത് വിധിയാണ് എന്ന് കരുതി ഇതിലുള്ള കച്ചവടവസ്തുക്കളെല്ലാം വാരി കടലിലെറിഞ്ഞു. പകരം പൊന്നും കയറ്റി തിരികെവരൂ എന്നുപറഞ്ഞു.

48.

പായവിരിയെ കപ്പൽ വലിഞ്ഞോടുക. കപ്പലിന് തുണയായി കനൽക്കാറ്റേ വീശൂ. കരവക്കൂട്ടം മുഴങ്ങിയ കാലം കൊട്ടുംപാട്ടും കളിയും വിനോദം എന്നിവയായിരുന്ന കടൽക്കപ്പൽ വരുന്നതുകണ്ടാലെപ്പോഴും. കര നിറയെ ഭൂമിയും വെള്ളവും ഏതെന്നറിയാത്ത രീതിയിലുള്ള കപ്പലുകൾ കച്ചിൽപട്ടണത്തിൽ കണ്ടു.

49.

കച്ചിൽ പട്ടണത്തിലുള്ളവർ വന്ന കപ്പലിന്റെ അകത്ത് വരൂ എന്ന് ഒച്ചയോടെ ആർത്ത് വിളിച്ചു. ആ പ്രദേശമെല്ലാം കൊടികെട്ടിയും വാർപ്പുതാലവും വെള്ളരിയും വിലയുള്ള വെള്ളിവിളക്കും തണ്ണീർക്കുടവും വെച്ചിട്ടെതിരേറ്റു. പെട്ടെന്നുതന്നെ കപ്പലിലെ ചരക്ക് ഇറക്കി.

50.

ചരക്കിറക്കി മച്ചിലും മരത്തിലും പൊരുത്തപ്പെടുത്തി വെച്ചു. ഒരുത്തരും പോകരുത്. നമുക്കെല്ലാവർക്കും കൂടി കപ്പൽ കരക്കുകയറ്റണം. വലിയ കൂമ്പിനെ നാം പിടിച്ചെടുക്കണം. വരുത്തരായ മുപ്പുരജനങ്ങളും വന്ന് പാണ്ടിയാല കെട്ടി.

51.
പാണ്ടിയാലയുടെ പണിതീർന്നു. പാണ്ടിയാലയുടെ കണക്കുകാണാൻ പല രുംവരിക. നിങ്ങളെല്ലാവരും വീതം വാങ്ങുവിൻ. വെള്ളിയും പൊന്നും എടുത്ത്, ഏർപ്പെട്ട ചേകോർക്കെല്ലാം കൊടുത്ത് അവരെ വിശ്രമിപ്പിച്ചു. വേണ്ടുന്നതിതാണെന്നു കരുതി ചേകോർക്കെല്ലാം സമ്മാനംകൊടുത്തു വീതംകൊടുത്തു അച്ഛനും മകനും പോയി മച്ചിൽ പ്രവേശിച്ചു.

52.
മച്ചിലിരുന്നിട്ടു വട്ടും ചൂതും വളരെ നേരം ചതുരംഗവും കളിച്ചുകൊണ്ടിരിക്കുമ്പോൾ പോക്കോലരൂപം ധരിച്ച് പെരുവഴിയിലൂടെ ഒരുത്തിവന്നു. മച്ചിലെ പൊന്നാരവും മാളികയും കണ്ടപ്പോൾ കച്ചിൽപട്ടണത്തിൽ നമ്പൂസരിയരൻ എന്നാണ് പേരെന്ന് അവൾ നിശ്ചയിച്ചു.

53.
തീർത്ത തിരുനീരും ഒരു കയ്യിൽ ചൂരത്തോലും (ചൂരക്കോലും) ഉള്ള തിരുശരീരത്തിൽ എല്ലും ചിലമ്പും ഉണ്ട്. മറ്റൊരു കയ്യിൽ മണിയും ഉണ്ട്. കരുകര മുറിക്കാവുന്ന കരുനിലക്കത്തിയും കവണയും താമ്പാളവും ഒരുകയ്യിലുണ്ട്. വീട്ടിലെ വിളക്കായ കുലപണിയരേ അടച്ച (വീട്ടിലെ പണിക്കാരേ) ഗോപുര വാതിൽ തുറക്കൂ.

54.
വാതിൽ തുറക്കൂ. വാതിൽ പിൻവഴികൾ തുറക്കൂ. വ്യാപാരികളായ മക്കളോടു ഒരുത്തി പറഞ്ഞു. അയ്യോ! താപസിയാണ് ഞാൻ. ഉള്ളൂറുന്ന പട്ടിണി കൊണ്ടാണ് ഞാൻ വരുന്നത്. വിധി നിമിത്തം എല്ലായിടവും ഇരന്ന് ഭിക്ഷയുണ്ണുന്നു. വെള്ളിമലക്ക് പോവുന്നവളല്ലോ ഞാൻ; കാതിൽ മണികനകങ്ങൾ വിളങ്ങുന്ന കച്ചിൽപട്ടണത്തിലിളന്തരിയരാ!

55.
കച്ചിൽപട്ടണത്തിൽ ഇളന്തരിയരനോ കാൽക്കടലിലേക്ക് അരികെ ഓടിപ്പോയി. പിള്ളേരേ! പരിശുദ്ധ ഗോപുരവാതിൽ തുറന്ന് അവൾക്ക് ഭിക്ഷ കൊടുക്കൂ. അച്ചോ! താൻ ഈ വേളാക്കുലമെന്ന് ശ്രീയായി ചിലർ വലുതാക്കിപ്പറഞ്ഞപ്പോൾ പച്ചപ്പൊൻതകിടും പല പൊൻനൂലുകളും വാങ്ങിക്കൊണ്ട് പോയിക്കോ എന്ന് ഇളംന്തരിയരൻ പറഞ്ഞു.

56.
എന്നാൽ കുട്ടികളുടെ വീട്ടിൽനിന്നും വലിയചെട്ടികളുടെ കയ്യിൽനിന്നും ഭിക്ഷ സ്വീകരിക്കില്ല (എന്നു പറഞ്ഞു). ഒന്നായി നിന്നവൻ. ഒരു അമ്മക്കൊരു മകനായ ഓമനയായ ഇളംന്തരിയരൻ ഭംഗിയിൽ ഭിക്ഷ തന്നാൽ ഞാൻ സ്വീകരിക്കും. മകനേ! കടുകതൈലം പോലുള്ള ആണുങ്ങളെല്ലാം നന്നായിട്ടുവരും. നാരായണ! ഭഗവാനിവിടെ വാഴും.





57.
നാരായണ ഭഗവാനേ! ഇങ്ങു നമ്പൂതരിയരൻ വീട്ടിൽ വരാഞ്ഞിട്ട് പല കൊല്ലം കഴിഞ്ഞു. പരദേശങ്ങളിലെല്ലാം ഞാൻ മറഞ്ഞു. ചേരൻ ചോളൻ പാണ്ടി എന്നിങ്ങനെയുള്ള നാട്ടിലലഞ്ഞും അമ്പലവാതിൽ പുറപ്പെടുന്നു എന്നു ഉളറിനിന്നു.

58.
ഉള്ളോനായാലും ഇല്ലാത്തവനായാലും ഞാൻ ഉളറിവരുന്നു. വളർമാമല ചെഞ്ചിടയോന്റെ മകളാണ് ഞാൻ. വരുന്നതും പോകുന്നതും ഒഴിയാതെ ഇളവാണിയനെ നേടി ഇവിടേക്കു വന്നതാണ് ഞാൻ. ഇതാ ഞാൻ പയ്യന്നൂർക്കു പോരുന്നു. അഴകിൽ ജനങ്ങളെല്ലാം ഒത്തുകൂടിയാടികീന്നേരം പൊൽക്കൂത്ത് ഇതാ തുടങ്ങുന്നു.

59.
കൂത്ത് കേട്ടവൻ കേട്ടവൻ ആശയാൽ ഉയർന്ന മാളികയിൽ നിന്ന് കീഴേക്കിറങ്ങിവന്നു. ശാസ്ത്രത്തിലോ കൂത്ത് ചൊല്ല്. കനിചാല താപസിപ്പെണ്ണേ വരൂ. ശാസ്ത്രത്തിലോ ലൗകികത്തിലോ നാടകത്തിലോ കൂത്ത്. ആദ്യം പറയാതെ ചൊല്ലൂ. ആര് നേർന്ന കൂത്താണ് ഇത്.

60.
പയ്യന്നൂർ കുലവാണിയർവീട്ടിൽ പണ്ടേ നേർന്ന കൂത്താണിത്. അഴകുള്ളതായി ചമയുന്നതിനും ഇതിന്റെ അർത്ഥം അറിയുന്നതിനും ആരും ഇല്ല. അഴകിൽ മികച്ച പൊൻമലനാട്ടിൽ ഇളന്തരിയരനാണ് നീ മകനേ! അഴകുള്ളതായ കഥയും പൊരുളും പറയാം. അതിനാണ് ഞാൻ ഇവിടേക്ക് വന്നത്.

61.
വലിയ അഴകുള്ളതായ ഏത് ഊരിൽനിന്നാണ് നീ ഭംഗിയിൽ വരുന്നത്? അത് ചൊല്ലൂ. വന്നതെന്ത്? നിനക്കുള്ള വേല ചൊല്ലൂ. ഭിക്ഷ ഇരക്കയോ മറ്റോ ഉണ്ടോ ചൊല്ലൂ. നിനക്ക് ചേർന്നതാര്? നിന്റെ ഉടപ്പിറന്നതാര് ചൊല്ലൂ? കേളികേട്ട അമ്മയും അച്ഛനും ആര്? മാത്രമല്ല എന്നോട് നീ ആര് എന്ന് ചൊല്ലൂ. എന്നോടു ഈ പരിശയങ്ങു നീ വാങ്ങൂ.

62.
വാങ്ങൂ! ഗോപുരവാതിൽ തുറക്കാൻ വന്ന നിന്റെ രൂപം എങ്ങനെയുള്ളതാണ്. ഞാനകത്തേക്ക് പോയി. നീ പുറത്തേക്കും പോയി. ഒന്നു ചൊല്ലൂ. അതിന്റെ അക്ഷരം ഇപ്പോൾ പറയൂ. നീ നീങ്ങി അല്പം അരികത്തു നില്ക്കൂ. മങ്കേ! നീ ഭിക്ഷയുടെ കപാലമേന്തിയതെന്തേ? പെട്ടെന്ന്തന്നെ അഴകിലറിയുന്നതു നീ വേഗം പറയൂ. യൂദ്ധത്തിനായ വന്ന കങ്കാളരൂപീ.

63.
മകനേ! എന്റെ കയ്യിൽ കങ്കാളവേഗവും കപാലമോക്ഷവും മാത്രമേയുള്ളൂ. കാളയുടെ നാഥനായ പരമേശ്വരൻ തങ്ങുന്ന പെരുംകോവിലിലെ നീലമലയും

അവിടെ നടക്കുന്ന കൂത്തും നിന്നോട് പറയാം. ഭിക്ഷ കപാലത്തിൽ വാങ്ങു കയും ചെയ്യാം. വലിയ കാഹളം ആവർത്തിക്കാതെ തന്നെ വാതിൽ തുറന്നു മടിക്കാതെ എന്റെ കൈക്കു ഭിക്ഷ തരൂ.

64.

ഞാൻ ഭിക്ഷ പണ്ടു തൊട്ടേ കൊടുക്കാറില്ല. കച്ചവടംചെയ്യും കുട്ടികളും പെണ്ണുങ്ങളും മാത്രമേ ഭിക്ഷ കൊടുക്കാറുള്ളു. ആ കഥ ഒന്നും പറയണ്ട. ആരോടും പറയാനുള്ളതും ഈ വാർത്ത തന്നെ. തേന്മൊഴിയായ സ്ത്രീയേ നീ കേൾക്കൂ. ഭിക്ഷ വാങ്ങാൻ മറ്റെവിടെയെങ്കിലും പോകൂ. ഭിക്ഷ തന്നാൽ കൈക്ക് രോഗം വരും. മറ്റെവിടെയെങ്കിലും പോകുന്നതാണ് നല്ലത്.

65.

എന്നാൽ ഒരു പന്ത്രണ്ടുകൊല്ലം കൂടിട്ടാണ് ചെല്ലുന്നത്. എല്ലായിടത്തും പോകു കയും ഇല്ല. ഞാനോ തനിയേ? ഞാനോ പെണ്ണ്? മൂന്നില്ലത്തിലേറെ പോയി പെട്ടെന്ന്തന്നെ കിട്ടാതെ വരികിൽ എന്റെ കയ്യിലുള്ള കപാലം ഞാൻ കമിഴ്ത്തി എറിയും. അതുകൊണ്ടുതന്നെ അനേകം നാശം വരും. ഭിക്ഷ ചെയ്തവർക്ക് നരകമുണ്ടാകില്ല. നമ്പൂതരിയരാ നീ ഭിക്ഷ തരൂ!

66.

താ എന്ന് ആശിക്കുന്ന താപസിപ്പെണ്ണേ തന്നാൽ തന്നെ നീ എങ്ങനെയാണ് സ്വീകരിക്കുക. വേഗത്തിൽ ചിന്തിക്കൂ. പെണ്ണുങ്ങൾ പണ്ട് ഭിക്ഷ വാങ്ങാറി ല്ല. ആ എന്നൊരാൾ പൂ ആഃ എന്നൊരാകാരം. ആ രൂപം നീയറിയുക. ആ തെരുവും പെൺപിറന്നൊരും ഒക്കും. തരൂ എന്ന് ഇരന്നാൽ തരുന്നവനാണോ ഞാൻ? ശാസ്ത്രം ചൊല്ലി വാങ്ങിക്കൊള്ളൂ.

67.

ഇടത്ത് കയ്യിലുള്ള കപാലത്തിൽ വാങ്ങും. കയ്യിലുള്ള മരം (വാദ്യം) കോലു കൊണ്ടുകൊട്ടി വാങ്ങും. കേളീപാത്രവും കയ്യിലുണ്ട്. അതിൽ വിരലുകൊണ്ട് കപാലം, പാത്രം, കൈ - ഇവ മൂന്നും കൊട്ടി ഞാൻ വാങ്ങും. കോമള പെൺകൊടിയും പെൺവിലാസിയും ആണ് ഞാൻ.

68.

മൂന്നിന്റെയും നിറവും ഗുണവും പറയൂ. മൂന്നിന്റെയും നന്മയും കുലവും പറ യൂ. മൂന്നിന്റെയും ദേവന്മാരെ പറയൂ. മൂന്നിനും അക്ഷരം മൂന്നും ചൊല്ലൂ. മൂന്നിന്നുള്ള അളവുകോലും സ്ഥാനവും പറയൂ. മുന്നിൽനിന്ന് ഏല്ക്കുന്ന അടവും പറയൂ. മൂന്നിന്റെ മുഖം പറയൂ. മൂത്തതേത്? മുമ്പ് നിന്റെ കൈയിൽ ഭിക്ഷ തന്നവൻ ആര്? താപസിപ്പെണ്ണേ! ഇങ്ങനെ കല്പിച്ചതാര്?

69.

മൂന്നിന്റെ നിറം വെള്ളി, ചെമ്പ്, പൊന്ന്. മൂന്നിന്റെ ഗുണം പശിയും ദാഹവും മോഹവും. മൂന്നിന്റെയും ദേവസ്വം ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ. മൂന്നിനും അക്ഷരം അകാരം ഉകാരം മകാരം. മൂന്നിന്റെയും കോൽ മാത്രക്കോൽ, മതി ക്കോൽ, ചൂരക്കോൽ. മൂന്നിന്റെ മുഖം പതിനൊന്നായി നില്പൂ. മൂത്ത പാണി പാത്രം വാങ്ങി നേരിടാം.

70.

നേരിടാമെന്നു നീ പറഞ്ഞത് ശരിയാകും. നടുങ്ങാതെ നീ വാങ്ങിയ ഭിക്ഷ ഏ തെന്ന് പറയൂ. ഭൂമിയിലെ ന്യായം ഞാൻ കേൾക്കുകയാണെങ്കിലോ കുറ്റക്കേ ടാണെന്ന് നീ വിചാരിക്കരുത്. ഊരിൽ നടക്കുന്ന ആചാരവും ഉപദേശവും സ്വീകരിച്ച ഉടനെ ഞാൻ നിനക്കു ഭിക്ഷ ചെയ്യും. നാരീ! നീ എന്നോടെതിരു പറയുകയാണെങ്കിൽ ദിവസം തോറും ആദ്യം ഇടുന്ന ഭിക്ഷ ഏതാണെന്ന് പറയൂ.

71.

ആദ്യം ഇടുന്നത് കണ്ണുരണ്ടും. ആദ്യമായി വാങ്ങിയത് നീരും ചോറും. പിന്നെ ഏവരും നൽകുന്നത് ഉണങ്ങ്. വിളയിടയിലുള്ള വസ്തുക്കളെല്ലാം വാങ്ങി. പറഞ്ഞ വഴി ഇവയല്ലാതെ വേറെയുണ്ടോ? പറയൂ. ചോദ്യം ചെയ്താൽ ഇപ്പോൾ അറിയാം. മുന്നിൽ നടന്ന ദേവസ്വം പറയൂ. ആദ്യം നീ സത്യം പറയൂ.

72.

ഉത്തമേ! ഞാൻ നിന്റെ കൈക്ക് ഭിക്ഷ തരണമെന്നും നീ വാങ്ങണമെന്നും കല്പിച്ചത് ആര്? താപസിപ്പെണ്ണേ സത്യം പറയൂ. നിന്നെ പ്രസവിച്ച മുന്നില്ലം പറയൂ. മുമ്പേ ഇരന്നൂണ് കഴിച്ച ദേശം പറയൂ. ഭക്തകളിൽ മികച്ച നീ പല വിധത്തിലുള്ള ഭക്തിയോടെ മുമ്പ് ഏറ്റസ്ഥാനം പറയൂ. അല്പംപോലും വെറു ത്തില്ല. നീ ഇതെല്ലാം പറഞ്ഞാൽ ഭിക്ഷ തരാം.

73.

പണ്ടു ഭിക്ഷ വാങ്ങാൻ കല്പിച്ചതു ശിവനാണ്. പണ്ടു ബ്രഹ്മാവിന്റെ ശിരസ്സ റുത്ത പാപം കഴിക്കും ഞാൻ എന്ന് പറഞ്ഞ് എട്ടുദിശയിലും പന്ത്രണ്ട് ഭിക്ഷ വാങ്ങി. ലോകവും ജലവും മണ്ണും വിണ്ണും ഒന്നായിക്കണ്ട് കാലം നിറഞ്ഞി ല്ലേ. കടൽ വെറുതേ നിറച്ചിരുന്നു.

74.

പറഞ്ഞതെല്ലാം ഞാൻ ഇപ്പോൾ കേട്ടു. നിന്നെ ഒട്ടും തോല്പിക്കാൻ കഴി യാഞ്ഞ് അന്നത്തെ നാളും ആഴ്ചയും രാശിയും ഏത് എന്ന് പറയൂ. അമ്പല വാസിയായ നീ വന്ന നേര് ഏതെന്ന് പറയൂ. നിന്ന സ്ഥലം ഏതാണെന്നു പറ യൂ. നീ മറഞ്ഞു നില്ക്കുന്ന വേഷത്തെക്കുറിച്ച് പറയൂ. അന്നിട്ട പേര് പറയൂ. ശ്രേഷ്ഠേ! ആരാണ് ഗുരു. ആരായിട്ടാണ് നീ ഇവിടെ വന്നത്.

75.

എന്റെ ശ്രീ പൂർണ്ണനീലമാമലമേൽ നിന്ന് വരുന്നു. ഞാൻ വാസുകി എന്ന പാമ്പിനെ അണിഞ്ഞിരിക്കുന്നു. എന്റെ നാള് മൂലവും ആഴ്ച ഞായറും. മേടം

രാശിയിലാണ് ഞാൻ വന്നിട്ടുള്ളത്. അന്നിട്ട പേര് തന്നെഇന്നും. അന്നേതാളാകാശഗോപനം കൊണ്ട് ദയതന്നുവോ ആ സദാശിവനാണ് എന്റെ ഗുരു. നീയുമായി മൊഴിചെയ്യാൻ ഞാൻ ഇവിടെ വന്നു നിന്നു.

76.
നീ വന്ന വാതിലിന്നു ശാസ്ത്രം പറയൂ. മടിയില്ലാതെ നിന്റെ കയ്യിൽ ഭിക്ഷ തരാനാണിത്. ഇപ്പോൾ ഒന്ന് കേൾക്കുന്നുണ്ട്. ഓമലായ യുവതിയായ പെൺവിലാസീ! തന്നതാര്? വാങ്ങിയതാര്? എത്രയും താമസിക്കാതെ പറയൂ. പറഞ്ഞാൽ നിനക്ക് മറ്റെവിടെയെങ്കിലും പോയി ചോദിച്ച് ഇരന്നിട്ട് ഉണ്ണാമല്ലോ.

77.
ഉണ്ണുന്ന ഒരു വാതിലേ ഉള്ളു. ഒമ്പതുവാതിലും വേറെ നില്ക്കാം. കാണുന്ന രണ്ടു കട്ടിലക്കാലിലും കാമദേവൻ വസിച്ചിട്ടുണ്ട്. മുകളിലുള്ള മേൽപ്പടിമേൽ വിഷ്ണുദേവൻ വസിച്ചിട്ടുണ്ടാകും. അഴകുള്ള താഴത്തെപ്പടിയിൽ ബ്രഹ്മാവാണ് വസിക്കുന്നത്. ഇതൊക്കെ വിചാരിച്ച് ഭിക്ഷ തന്നാൽ തന്നതും വാങ്ങിയതും താൻ തന്നെ.

78.
തനിയേ തന്നെ കതകപ്പോൾ തുറന്നു. താലത്തിൽവെള്ളരിയും വിളക്കും വെക്കൂ. ഗണപതിയെ ആധാരമാക്കി ഞാൻ ഭിക്ഷ തരുന്നു. താനേ പൊൻകൈകൊണ്ട് മുത്തും സ്വർണ്ണവും രത്നങ്ങളും വാരിത്തരുന്നു ഞാൻ. വാനേറും ശിവപുത്രീ! നീ വാതിലിന്റെ അകത്ത് വന്ന് വാങ്ങൂ.

79.
വന്നിട്ട് നിൻ കൈ വളരെ കൊട്ടി വാഴുക. അരിമണി, കനകം എന്നിവ ഇട്ടത് തൂവിക്കളഞ്ഞല്ലോ. തരുവാൻ മടിച്ചത് ഇപ്പോൾ ഓർക്കുന്നു. ആ നാളിൽ കൂത്തിനു വരുന്നുണ്ടോ നീ. വരായ്കിൽ നിങ്ങൾ ആണല്ല; പെണ്ണിന് സമമാണ്. വന്ന വഴിക്ക്തന്നെ പയ്യന്നൂർപ്പോയി മായക്കൂത്ത് നിവേദിച്ചു.

80.
മായക്കൂത്തിന്റെ മണിയുന്ന മിഴാവൊച്ചകൾ മണ്ണും വിണ്ണും അവസാനിക്കുന്നതുപോലെ കേൾക്കാൻ തുടങ്ങി. നിറഞ്ഞ ഇടിയോടുകൂടി കടൽ പൊടിയുന്നപോലെ തോന്നി. കടുതിടു എന്ന് മുഴങ്ങിത്തട്ടിയ മിഴാവിന്റെ ശബ്ദം ഉയർന്നു. കച്ചിൽപട്ടണത്തിലിളന്തരിയരന്റെ ദേശച്ചെവിയാകെ പൊടിഞ്ഞും ഒടിഞ്ഞും ചിതറുന്നതുപോലുള്ള മിഴാവിന്റെ ശബ്ദമാണ് ഉയർന്നത്.

81.
തെളിഞ്ഞ മിഴാവിന്റെ ഘോഷത്തിനനുസരിച്ച് വാരളികൾ നടനമാടുക. ചേരുന്ന എന്റെ മിഴാവിന്റെ ശബ്ദമാണോ? അത് വേറെയായി മുഴങ്ങുന്നതാണോ? അതോ കളിയാണോ? പെൺതാപസിയാള് കരുതിവന്ന് എന്നോടിന്നാൾ നിശ്ചയം ചെയ്തത് എളുപ്പമല്ല. കൂത്തിന്റെ മിഴാവിതാ തമ്മപ്പാ! (തമ്മപ്പൻ-അച്ഛൻ) ഇനി അങ്ങ് അടിയന് വിട നല്കൂ.



82.
വിടയരുളൂ എന്ന് അവൻ പറഞ്ഞ വാർത്ത കേട്ടു അച്ഛനും പേടിച്ച് ദേഷ്യപ്പെട്ടു. വിട അരുളൂ എന്ന് പറയാൻ നിനക്ക് തോന്നുന്നല്ലോ. മകനേ നീ എന്താണ് പറഞ്ഞത്. ജനങ്ങളെ പേടിച്ചിട്ടാണ് സമ്മതം തരുന്നത്. അവിടേക്ക് പോകുന്നവരാരുമില്ല. ഋതുമതിയായ പെണ്ണ് നിന്റെ കൈയിൽ പിടിക്കണമെങ്കിൽ തെരുവിലിരുന്നു നീ കച്ചവടം ചെയ്യണം.

83.
പയ്യന്നൂർ പോയി മായക്കൂത്ത് കണ്ട് തിരിച്ചുവന്നാൽ ഞാൻ കച്ചവടം ചെയ്യും. തോണിയിൽ കയറിയതിന് ശേഷം തുഴ കൈവിട്ടുപോയാൽ തോന്നാത്ത സ്ഥലത്തേക്കായിരിക്കും കപ്പലടുക്കുന്നത്. തമ്മപ്പാ! ഭിക്ഷ യാചിക്കുന്നത് ആണിന്നഴകല്ല അധികപ്പറ്റാണ്. വേണിയർ കൂത്ത് കണ്ടുവന്നാൽ ഞാൻ പീടികക്കച്ചവടം ചെയ്യും.

84.
നീ ആ കൂത്ത് കാണാൻ പോകണമെന്ന് എന്നും എന്റെ മനസ്സ് പറയുന്നില്ല. ശ്രേഷ്ഠയായ പെൺപിറന്നോരുടെ ആങ്ങളമാരെ കോടാലിയാൽ കൊന്നുകളഞ്ഞതുകൊണ്ട് ചെന്നവർ തിരിച്ചുവരില്ല. ചെറുമികളുടെ ചൊല്ല് വിശ്വസിക്കാറുണ്ടോ? നീ ഇന്നു കാണാൻ പോയാൽ നാവ് പറിച്ച് ഞാൻ ചാകും.

85.
തമ്മപ്പാ! ചാവാൻ നിനക്കരുത്. ശാസ്ത്രം മുട്ടിക്കാൻ വേണ്ടുന്ന ചൊല്ലാണ് അന്വേഷിക്കേണ്ടത്. വേവുന്നതീയിൽ വിറകിടല്ലേ! വെള്ളിയാഴ്ച തന്നെ പോകണം. പോവാനും ചാവാനും എന്ത്? ഇത് കേൾക്ക് തമ്മപ്പാ! പൊൻകൂത്ത് കണ്ടു പുലരുന്നതിനുമുമ്പ്തന്നെ ചാകാതെ ഞാൻ വരും. എന്നാൽ നീ യാത്രക്ക് മുതിരുക.

86.
എന്നും നീ എന്നോട് എതിര് പറയുകയാണെങ്കിൽ നിന്നോട് ഒന്ന് ഞാൻ പറയാം. അന്നൊരുകുഞ്ഞിന് നേർന്ന് അയ്യപ്പൻ കോവിലിൽ കൂത്ത് കെട്ടിച്ചു. അന്ന് ആറുവാണിയ യുവാക്കൾ എന്റെ അരികിൽ മതിലിന്റെമേലെ ഇരുന്നിട്ടുണ്ടായിരുന്നു. മകനേ! ഞാൻ അന്ന് അവരെ കൊന്നു. പകരം അവർ നിന്നെയും കൊല്ലും.

87.
ആണിനെ പെണ്ണുങ്ങൾക്ക് കൊല്ലാൻ കഴിയുമോ. കുഴപ്പം എന്നോട് പറയണ്ടാ. ആ പെൺപിറന്നോർക്ക് ചുരികയും വാളും വില്ലും സമർത്ഥമായി പയറ്റിപ്പരിചയമുണ്ടോ? എല്ലാവരോടുംചെയ്യുന്നത് എന്നോട് ചെയ്യാൻ കഴിയുമോ? എന്ത് ഇരുട്ടാണ് പറയുന്നത്? അച്ഛാ! നില്ക്കാതെ പോയി ഞാൻ ഉടനേ വരും. നിങ്ങൾ എന്നെ വിലക്കരുത് എന്നേ എനിക്ക് പറയാനുള്ളൂ.

88.
എന്റെ മകനേ! നിന്നെ കൊന്നു എന്ന് കേട്ടാൽ നീ അവിടത്തെ പെൺപിറന്നോർക്ക് ചേരും. എനിക്കും അച്ഛനും ശേഷം ആക്കികൾ അവരുടെ നാട്ടിൽ ചെന്നാൽ കന്നൽകൂത്ത് ആടിക്കും. മകനേ!  നീ കേൾക്ക്. കണ്ടുകൊള്ളൂ. നീ എങ്ങും പോകണ്ടാ.

89.
ഇപ്പോൾ നീ പോകിൽ എന്നെ കൊന്നേക്കൂ. ഞാനെങ്ങെങ്കിലും തൂങ്ങിചാവും. നീ പോകരുത്.  അമ്മയും പൊന്നപ്പനും സത്യം. ഏതെങ്കിലും ദേശാന്തരങ്ങളിൽപ്പോയി ചത്തു എന്നുള്ള വാർത്ത കേൾക്കാം. ആയുധം കണ്ടാൽ അതിൽ ചേർന്നു ചാകും. ഭിക്ഷയിരന്ന് ഞാൻ താപസിയാകും. നീ ഒന്നും സമ്മതിക്കുന്നില്ലെങ്കിൽ നീണ്ട കയറിട്ടു തൂങ്ങിച്ചാവും.

90.
നീ പോകുകയാണെങ്കിൽ ഞാൻ ചാവും നിശ്ചയം. പെൺപിറന്നോർതായ ശാസ്ത്രകാര്യം ഇരുന്നുപറയും.  ആ വലിയ വാത് നീ സ്വീകരിച്ചാൽ തലകീഴായി തൂങ്ങിക്കിടക്കേണ്ടിവരും. അവളുടെ കഴിവ് നിനക്കറിയില്ല. അവൾ കൂടിപ്പകക്കുവേണ്ടി നിന്നെക്കൊല്ലും. പൂമകൾ സത്യം, നീ പോകൂ എന്ന് എന്റെ നാവുകൊണ്ട് പറയില്ല.

91.
സമ്മതിച്ചാലും ഇല്ലെങ്കിലും ഞാൻ പോകും. കൂട്ടിന്ന് തോഴർ പലരും വരും. നാം എല്ലാവരും ശനിയാഴ്ച നല്ലനേരം നോക്കി അനുമതി വാങ്ങണം.  അഴകിൽ മികച്ച കച്ചിൽപട്ടണത്തിൽ ചൊമ്പുസരിയരൻ മുന്നിൽ നടന്നു. നില്ക്കാതെ വീണു നമസ്ക്കരിച്ചു.  തമ്മപ്പാ! നീയാണ സത്യം ഞാൻ പോകുന്നു.

92.
പോകാൻ എത്രയും ഞാൻ വിലക്കി.  പോക്ക് ഒഴിവാക്കാനരുതാഞ്ഞ് ഇപ്പോൾ ചാവളരെ പോലെ നീ അകലെപോകും.  വലിയ ചങ്ങാത്തം വേണം.  കോവാതലച്ചെട്ടിയെയും അഞ്ചുവണ്ണ മക്കളെയും മണിഗ്രാമം മക്കളെയും നമ്മളെക്കൊണ്ട് കഴിയുന്ന നാലുനഗരത്തിലെയും കുലീനരായ തൊഴിലാളികളെയും ചേർത്തുള്ള ചങ്ങാത്തം വേണം.

93.
നാലർകുടിക്കു ചേർന്നവരെ സ്വീകരിച്ചു. ആ നാട്ടിലെ പതിനാലു വൻഗൃഹക്കാരായ പട്ടണസ്വാമിമക്കളെ തോഴരായിക്കൂട്ടിയിട്ടുണ്ട്. ഇവരെ തോല്പിക്കാനുള്ളവരാരും ഈ നാട്ടിലില്ല.  ആരുടെ കാലുപിടിച്ചിട്ടായാലും കച്ചിൽപട്ടണത്തിൽ തിരിച്ചുവന്നുതന്നെ ഞാൻ ഉറങ്ങും.





94.
കണ്ടവരൊക്കെ പോകുന്നപോലെയല്ല പോകേണ്ടത്.  കരുത്തരായി കച്ചവടം ചെയ്യണം. രൂപംമാറി മിണ്ടാതെ നിൽക്കണം. ഒരുത്തരെയും വിശ്വസിക്കരുത്. മികച്ച ഭണ്ഢാരപ്പെട്ടി വഴിയിൽനിന്നും മാറ്റിവേണം സൂക്ഷിക്കാൻ.  ഇതിനെ പലരും ഉറങ്ങാതെ കാത്തുകൊള്ളണം. കൊണ്ടാരത്തിന് (കഴുത്തിലെ മാലക്ക്) താഴ്ത്തിയും കൂട്ടിയും കഴിവുള്ളവരായി കച്ചവടം ചെയ്യണം.

95.
നഗരത്തിലേറെ വില്ക്കുന്നതെന്ത്? ആളുകൾ ആഹ്ലാദിച്ച് വീര്യത്തോടെ വാങ്ങുന്നതെന്ത്? എന്താണ് ഞാൻ കച്ചവടം ചെയ്യാൻ കൊണ്ടുപോകേണ്ടത്?  തമ്മപ്പാ! മകനോട് പറയൂ. ഐശ്വര്യമായി ഞാൻ പുറപ്പെടുമ്പോൾ മാറ്റമില്ലാതെ പറയണം. രാജാക്കന്മാർക്ക് പാകത്തിലുള്ള രത്നം, സ്വർണ്ണമാല തുടങ്ങിയ സാധനങ്ങൾ ഇഷ്ടമായ കച്ചവടത്തിൽ ഇന്നതരം വിലക്ക് കൊണ്ടുപോകണം എന്ന് പറയണം.

96.
പയ്യന്നൂർ വില്ക്കുന്ന സാധനങ്ങൾ പലതരവും പറയാം.  കൈയിൽ അല്പം ധനമല്ലാതെ മറ്റൊന്നും വേണ്ടാ. കാഴ്ചരത്നങ്ങളും സ്വർണ്ണങ്ങളും,  മോതിരങ്ങളും സ്വർണ്ണവളയങ്ങളും, നീണ്ട മെയ്ത്താലി, കാതില, കാപ്പ്, മുത്ത്, മാണിക്യം, വൈരം, രത്നങ്ങൾ, മൂന്നുലോകവും പ്രശസ്തമായ വൈരമാല, വിലയില്ലാത്ത പൂവസ്ത്രങ്ങൾ, അല്പം വെള്ളി, അല്പം വെൺചാമരം എന്നിവ കൈയിൽ കരുതണം. പണ്ടാരങ്ങളിട്ട ഭാണ്ഡങ്ങൾ സൂക്ഷിക്കാനും കെട്ടിൽനിന്ന് ഒന്നും ഒഴിഞ്ഞു പോവാതിരിക്കാനും കരുത്തരായ വണ്ടാർമണിമുടിയുള്ള മാടത്തിങ്കീഴ്മന്നന്റെ അഴകുള്ള മകനായ ഉണ്ണിച്ചങ്ങനെ കൂടെക്കൂട്ടണം.

97.
അരി, തുവര, തരങ്ങൾ, ഇടങ്ങഴി, നെയി, പുഴുന്നെയി, ഹാരം, മഞ്ചെണ, ബിരവി(വിരകി), ഇഞ്ചി, ഉള്ളി, വെളിയൻ പയറ്, വെള്ളം, ഇല, മിമ്മിനി, പരുത്തിനൂല് പുടവ, പരുത്തി, പിച്ചള, പനിനീർ, തോൽ, വള, ഹാരം, മോതിരം, വലിയവാൾ, ചുരിക, വില്ല്, വാണം, തുടി, പൊരി, നൂറ്, ഇടി, അട ഇവയെല്ലാം നോക്കി അതിനനുസരിച്ച് വില പറയണം.

98.
ആടുന്ന ചൂത്, കുട, കടുത്തില (വാൾ), ആനത്തോൽ, വിറക്, അച്ച്, മിച്ചരി, വീണ, മിഴാവ്, വട്ടക, പാര, കോൽ, പാടകം, ചേറി (മുറം), ഏട്(പനയോല), കത്തി, ഇടക്ക, പൊക്ക(പൊതുക്ക-ഭാണ്ഡം), കട്ടില്, കിടക്ക, വിശറി, ഓട്ട്കാൽവള, സ്വർണ്ണക്കാൽമണി – ഓരോന്നിന്റെയും രീതിക്കനുസരിച്ച് വിലപറയൂ.

99.
ഇടികൊണിത, ചങ്ങല, മന്ത്, വിലം, ഒലിയൽ, ശിവം, പുഷ്പാടകം, കേടി, നാഴി, കയറ്, കരിമ്പ്, കമ്പിളി, കച്ചു (തുണി) നച്ചെണ്ണ (എള്ളെണ്ണ), തടി, താഴ (കൈത), കൊഴു, പുതപ്പ്, തൊപ്പി, തഴ, ചൂളക്കൂട്, മർബര്യമം, കൊലീ, കൊടി, കോളരി, തോൽ, കുപ്പി, കുണ്ടിക, കുലവാഴ, പഴം ഇവയെല്ലാം നോക്കി വില പറയണം.

100.
ഈയച്ചെമ്പ്, ഇരുമ്പ്, കോപ്പണം, മനോഹരമായ ആകൃതിയും ചിത്രപ്പണിയും ഉള്ള കുപ്പിമോതിരം, വാഴക്കുല, വറുപൊരി, എഴു, ബന്നം, പായ, പണം, പുളി, ചെഴുംകൂട്, ചെരിപ്പ്, പേളിക, ഇണങ്ങിയ കോഴി, അന്നം, കിളി, കോഴിക്കൂട്, അരക്ക്, ഉരുക്കുനെയ്യ്, കോവപ്പഴം എന്നിവയെല്ലാം നോക്കി വില പറയൂ.

101.
ഉറി, പാല്, തൈര്, വെണ്ണ, ഇല, വാർകുഴൽ, ഉടവാൾ, ഉരുളി, കരണ്ടി, ചീക, നാരങ്ങ, മണികൾ, കടുന്തടിക്കട്ടിൽ, പട്ടുകൾ, ചെറുചാണപ്പരൽ, ചെമ്പ്, മിന്തിക, ചേളകം, വീട്ടി, വിളക്ക്, ഇടങ്ങഴി, കറി, ചാടുരുളി, സ്വർണ്ണക്കാൽമണി, കലാരൂപങ്ങൾ - ഇവയൊക്കെ നോക്കി വിലപറയൂ.

102.
എണ്ണത്തോല്, കുറി, വക്ക് (തടിച്ച ചാക്ക് നൂല്), ഉമിക്കരി, ഏലത്തരി, അവൽ, കിണ്ടി, തണ്ടിക, കിൺഗിക, വാലുറി, കിളിവാഞത്തുടി, കൊമ്പ്, കോലുളി, അടക്ക, നൂറ്, വെറ്റില, കട്ടിൽ, പട്ടുകൾ, കണ്ണിക്കുടകൾ, കയറ്റുവസ്തുക്കൾ, കളഭം, പുഴുന്നെയ്(വെരുകുനെയ്യ്) എന്നിവയെല്ലാം നോക്കി പറയണം.

103.
ഊതുംതാര, ഉരുക്ക്, വെണ്ണ, ഉപ്പ്, കപ്പം, മുലക്ക്പൂട്ട്, വായിക്കുംപിള്ള (മരം കൊണ്ടുണ്ടാക്കുന്ന പുസ്തകം വെക്കാനുള്ള കത്രികപ്പലക), കോന്നി, ഗോതമ്പ്, ചക്കര, കുഴിതാളം, കുഴൽ ഇവയൊക്കെ നോക്കി വില പറയൂ. പടം, കുണ്ടിക, മണമുള്ള ബാന്ത്, ചമത, ചന്ദനം, നാര്, നാഴി, ഉലക്ക, ചൂല്, മുറം, വെള്ളി, വെള്ളോട്, വെൺകുടം, കുറുവാൾ, ചുരിക, ചുരക്ക ഇവയെല്ലാം തെരുവിൽ നടന്ന് നോക്കി വില പറയണം ■



# ബിംബകല്പന കവിതയിൽ

കെ. എം. പ്രഭാകരവാരിയർ

കാവ്യസൃഷ്ടിക്ക് ഉപയോഗിക്കുന്ന രചനാതന്ത്രങ്ങളിൽ ബിംബകല്പനയെയും ഉൾപ്പെടുത്താം. ഭാഷാഘടകങ്ങളുടെ അസാമാന്യമായ വിന്യസനവും സംഘടനയും ആണ് ബിംബകല്പനകൾക്കാധാരം.

ഭാരതീയകാവ്യസിദ്ധാന്തത്തിൽ ബിംബകല്പനയെ കാവ്യഘടകങ്ങളിലൊന്നായി അംഗീകരിച്ചുകാണുന്നില്ല. സാവയവോപമ, സ്വഭാവോക്തി, സമാസോക്തി എന്നീ അലങ്കാരങ്ങളിൽ ബിംബകല്പനയുടെ ചില ഛായകൾ കാണാമെങ്കിലും, അവ പാശ്ചാത്യസങ്കല്പത്തിലുള്ള ബിംബകല്പനകളാവുന്നില്ല. പാശ്ചാത്യനിരൂപകർ ബിംബകല്പനയെ രണ്ടു രീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ഐന്ദ്രിയാനുഭവങ്ങളെല്ലാം ബിംബസൃഷ്ടികളാകാം എന്നാണ് ഒരു നിലപാട്. ദൃശ്യബിംബങ്ങൾ മാത്രമേ ബിംബസൃഷ്ടികളാവൂ എന്നാണ് മറ്റൊരു വീക്ഷണം. പാരമ്പര്യരീതിയിലുള്ള കവിതയിൽ അലങ്കാരങ്ങൾക്കുള്ള പ്രാധാന്യം പുതിയ കവിതയിൽ ബിംബകല്പനകൾക്ക് കല്പിക്കാവുന്നതാണ്.

പഞ്ചേന്ദ്രിയങ്ങളിലൂടെ സ്വാംശീകരിക്കാനാവുന്ന അനുഭൂതികളെക്കുറിച്ചുള്ള സൂചനകളെയാണ് ബിംബകല്പനയെക്കുറിച്ചുള്ള പല പഠനങ്ങളിലും പരാമർശിക്കുന്നത്. കൃഷ്ണവാരിയർ (1977), ശിവദാസൻ (1984), വത്സരാജൻ (1986), അപ്പൻ (1994), അനിൽ വള്ളത്തോൾ (1997) എന്നിവരെല്ലാം ഐന്ദ്രിയ ബിംബങ്ങളെ വർഗീകരിച്ച് ഉദാഹരിച്ചിരിക്കുന്നു. കാവ്യബിംബങ്ങളിൽ അധികവും ചാക്ഷുഷങ്ങളായിരിക്കും എന്ന് അംഗീകരിക്കുന്നതോടൊപ്പം "ചാക്ഷുഷങ്ങളെന്നപോലെ ശ്രാവണങ്ങളും ഘ്രാണീയങ്ങളും രാസനങ്ങളും ത്വാചങ്ങളുമായ ബിംബങ്ങളുണ്ട്" എന്നും കൃഷ്ണവാരിയർ(1977:85) അഭിപ്രായപ്പെടുന്നു "... വാക്കുകൾകൊണ്ട് ചിത്രം വരയ്ക്കുക എന്നത് ബിംബകല്പനയുടെ ഒഴിച്ചുകൂടാനാവാത്ത സ്വഭാവമല്ല" (അപ്പൻ, 1994:42) എന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, അമൂർത്തബിംബം (ടി:44), ചലനാത്മകബിംബം, ഭാവസങ്കലനബിംബം, മൗനബിംബം (ടി:45), മാറിമാറി വരുന്ന ബിംബം, സമഗ്രദർശനസൂചകബിംബം,

ആത്മനിഷ്ഠബിംബം (ടി:47), വികസിക്കുന്ന ബിംബം, സങ്കോചിക്കുന്ന ബിംബം (ടി:48) എന്നെല്ലാം അപ്പൻ വിഭജിച്ചുകാണിക്കുന്നുണ്ട്. "...ബിംബകല്പനയ്ക്കുവേണ്ടി വാക്കുകളുടെ അർഥത്തെ എഴുത്തുകാരൻ പൂർണമായും നിരാകരിക്കുന്നു" (ടി:46) എന്ന് മുൻപ് സൂചിപ്പിച്ച അപ്പന്റെ നിരീക്ഷണങ്ങൾ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്തിരിക്കുന്നത്. മിശ്രബിംബങ്ങൾ, ആദിരൂപബിംബങ്ങൾ, പുരാവൃത്തബിംബങ്ങൾ എന്നിവയാണ് അനിൽ വള്ളത്തോൾ (1977:82, 85, 87) അവതരിപ്പിക്കുന്ന പുതിയ ബിംബകല്പനകൾ.

ഇംഗ്ലീഷിലെ 'ഇമേജ്', 'ഇമേജറി' എന്നിവയാണ് മലയാളത്തിൽ ബിംബം, ബിംബകല്പന എന്നിവയായി പ്രത്യക്ഷപ്പെടുന്നത്. ബിംബം എന്നതിന്റെ പ്രാഥമികാർഥം വസ്തുവിന്റെ മറ്റൊരു മാധ്യമത്തിലുള്ള പകർപ്പ് (പ്രതിശരീരം) എന്നാണ്. ലാക്ഷണികമായി സൂര്യബിംബം, ചന്ദ്രബിംബം എന്നീ പ്രയോഗങ്ങളുമുണ്ട്. 'ഭാഷാഘടകങ്ങളുടെ അസാധാരണയോജനയിലൂടെ ഉദ്ദീപിപ്പിക്കുന്ന ചിത്രസമാനമായ മാനസികപ്രതിരൂപം' എന്ന സാമാന്യാർഥമാണ് ബിംബകല്പനയ്ക്കുള്ളത്. അംഗോപാംഗഘടനാസംയുക്തം ആയിരിക്കണം ബിംബകല്പന. "ബിംബത്തിന്റെ ശരീരഘടനയിൽ മൂർത്തമായ ഒരംശം ഒഴിച്ചുകൂടാത്തതാണ്" (രാഘവൻപിള്ള, 1982:27) എന്ന നിരീക്ഷണവും ഇതോടൊപ്പം ഓർക്കുക. ഇവിടെ 'മൂർത്തമായ' എന്നത് 'മൂർത്തസമാനമായ' എന്ന അർഥത്തിലെടുക്കണം. ബിംബം, ബിംബകല്പന എന്നീ പദങ്ങളെ സമാനാർഥത്തിൽ ഉപയോഗിക്കുന്നത് കുഴപ്പമുണ്ടാക്കും.

മാനസികപ്രതിരൂപങ്ങൾ ഉളവാക്കുന്ന, കവിതയിലെ ബിംബകല്പന (ബിംബസൃഷ്ടി, ബിംബയോജന, ബിംബഘടന എന്നെല്ലാം പ്രയോഗിച്ചുകാണുന്നു) എന്ന പദത്തിൽ ഈ കാവ്യരചനാതന്ത്രത്തിന്റെ മുഖ്യസ്വഭാവം സൂചിപ്പിക്കുന്നുണ്ട്. ഈ വാങ്മയചിത്രം 'കല്പന' ആയിരിക്കണം, അതായത്, കവിഭാവനാസൃഷ്ടമായിരിക്കണം എന്നതാണത്. മറ്റു പദങ്ങളിലും ഈ കാവ്യപ്രതിഭാസത്തിന്റെ സ്വഭാവങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. സൃഷ്ടി എന്നതിൽ, അത് യഥാർഥ്യത്തിന്റെ പുനരാവിഷ്കാരമായിരിക്കരുത് പുതിയ അർഥത്തിന്റെ അനാവരണമായിരിക്കണം എന്നും ഘടന എന്നതിൽ, ഘടകങ്ങളുടെ സംയോഗം ഉണ്ടായിരിക്കണം എന്നും യോജന എന്നതിൽ ആ സംയോഗം അസാധാരണമായിരിക്കണം എന്നും സൂചിപ്പിക്കുന്നുണ്ട് എന്ന് വ്യാഖ്യാനിക്കാവുന്നതാണ്. സംഗ്രഹിച്ചാൽ, ബിംബകല്പനയുടെ സവിശേഷധർമങ്ങൾ ഇവയാണ്: (i) പദങ്ങളിലൂടെ സംരചിക്കുന്ന പ്രതിരൂപമാണ്; (ii) ഭാവനാസൃഷ്ടമാണ്; (iii) ഒന്നിലധികം ഘടകങ്ങൾ ഉണ്ടായിരിക്കണം; (iv) സംയോഗം അസാധാരണമായിരിക്കണം.

ചിത്രണസ്വഭാവം ബിംബകല്പനയുടെ വ്യാവർത്തകസ്വഭാവമല്ല എന്നു കരുതുന്നവർ 'ചിറകുള്ള ഓർമകൾ' ദൃശ്യബിംബമാണെന്നും 'സൗരഭ്യമുള്ള





ഓർമകൾ' ഗന്ധബിംബമാണെന്നും 'സംഗീതാത്മകമായ ഓർമകൾ' ശ്രവ്യബിംബമാണെന്നും 'പൊള്ളുന്ന ഓർമകൾ' സ്പർശബിംബമാണെന്നും 'മധുരിക്കുന്ന ഓർമകൾ' 'രസനേന്ദ്രിയത്തെ തൃപ്തിപ്പെടുത്തുന്ന (?) ബിംബ'മാണെന്നും പറഞ്ഞേക്കാം (അപ്പൻ, 1994 : 42-43). ഈ മാതിയിരിയുള്ള പദസംഹിതകൾ ഉചിതകാവ്യസന്ദർഭങ്ങളിൽ സാരൂപ്യകല്പന(മെറ്റഫർ)കളാകാം; അവയെ ബിംബസൃഷ്ടികളായി പരിഗണിക്കുന്നത് അതിവ്യാപ്തിയുള്ള വ്യാഖ്യാനമാകും.

വള്ളത്തോളിന്റെ 'മാപ്പ്' എന്ന കവിതയിലെ ആദ്യശ്ലോകത്തിൽ, 'തീവയണ്ടിയാപ്പീസിൽ യാത്രക്കാർ പല മട്ടിൽ തിങ്ങിക്കൂടിയിരിക്കുന്നു; ഒരു മൂലയിൽ ഒരാൾ മലർന്നു കിടക്കുന്നു' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ, വിശദാംശങ്ങളോടെയല്ലെങ്കിലും, ഒരു ചിത്രം തെളിയുന്നുണ്ട്. ഈ ചിത്രം യഥാസ്ഥിതിവിവരണമാണ്, ഭാവനയുടെ സൃഷ്ടിയല്ല. 'കൃഷ്ണനെത്തല്ലീ കുചേലൻ - ആ ധിക്കാരകൃത്യമിരമ്പീ ജനഹൃദയങ്ങളിൽ' (കുചേലൻ കുഞ്ഞൻനായർ - വയലാർ രാമവർമ) എന്ന് തുടങ്ങുന്ന കവിതയിൽ കഥകളിയരങ്ങും സദസ്സും ആണ് പശ്ചാത്തലം. അരങ്ങിൽ കുചേലൻ കൃഷ്ണനെ തല്ലുന്നതും അത് കണ്ട് ജനങ്ങൾ ക്ഷുഭിതരാകുന്നതും ഏതാണ്ടൊരു ചിത്രരൂപത്തിൽ വായനക്കാർക്ക് സങ്കല്പിക്കാനാവും. സ്തോഭജനകമായ ഈ സംഭവം കവിയുടെ ഭാവനാസൃഷ്ടിയാണ്. എന്നാൽ, ഈ ചിത്രസൃഷ്ടിക്ക് ഉപയോഗിച്ചിരിക്കുന്ന ഭാഷാഘടകങ്ങളും അവയുടെ സംയോഗവും സ്വാഭാവികമാണ്. ഘടകയോജന അസാധാരണല്ലാത്തതിനാൽ ഇതും സംഭവവർണനയല്ലാതെ, ബിംബകല്പനയാകുന്നില്ല.

ചാക്ഷുഷേതരമായ അനുഭൂതികളോട് ബന്ധപ്പെടുത്തി ബിംബകല്പനകളെ അംഗീകരിക്കുന്നതിൽ അടിസ്ഥാനമില്ല. ദൃശ്യാനുഭൂതികൾക്കു മാത്രമേ ചിത്രപ്രതീതിയുളവാക്കാനാകൂ. കവിതയിൽ ശബ്ദം, മണം, രുചി, സ്പർശം എന്നിവയെ സൂചിപ്പിക്കുന്ന പദങ്ങൾ ഉപയോഗിച്ചതും ബിംബകല്പനകളായി പല പഠനങ്ങളിലും എടുത്തുകാണിച്ചിട്ടുണ്ട്. 'ചെകിടടയും വെടികളോടെ ചെണ്ടമേളം', 'വാസന്തിപ്പൂവിന്റെ വാസന', 'കൊതിയുടെ അമൃതു ഭുജിച്ചേൻ', 'വെണ്ണതോല്ക്കുമുടൽ' എന്നിവയെ ശ്രവ്യ-ഗന്ധ-രാസന-സ്പർശ ബിംബകല്പനകളായി സങ്കല്പിച്ചവരുണ്ട്. ബിംബകല്പനയെ രസാനുഭൂതിയോളമെത്തുന്ന ഉക്തിവൈചിത്ര്യമായി ഗണിക്കാതെ, വസ്തുസ്ഥിതിവിവരണമായി മാത്രം വകതിരിക്കുകയാണ് ഇത്തരം വ്യാഖ്യാനങ്ങൾ. പുഞ്ചിരിയെ ദൃശ്യബിംബകല്പനയായും പൊട്ടിച്ചിരിയെ ദൃശ്യ-ശ്രവ്യബിംബകല്പനകളുടെ സങ്കലനമായും പരിഗണിക്കുന്നത് സ്വീകരിക്കാനാവുമോ?

ബിംബകല്പനയെ 'ഭാഷയുടെ അസാധാരണവിന്യസനംകൊണ്ട് സൃഷ്ടിക്കുന്ന ചിത്രപ്രതീതി' എന്നാണല്ലോ പറഞ്ഞുവന്നത്. രേഖകളും നിഴലുകളും ചായങ്ങളും ഉപയോഗിച്ച് നിർമിക്കുന്ന യഥാർഥചിത്രങ്ങളുമായി

ബിംബകല്പനയ്ക്കുള്ള സാദൃശ്യം അവ രണ്ടിനെയും പ്രതിരൂപങ്ങളായി ആസ്വാദകർ ഉൾക്കൊള്ളുന്നു എന്നതാണ്. എന്നാൽ, ആ രണ്ടനുഭവങ്ങളിലും ചില വ്യത്യാസങ്ങളുണ്ട്:

(1) ചിത്രത്തിന് അതിലെ വിശദാംശങ്ങളോടെ അനുസ്മരണയിൽ അധികകാലം തങ്ങിനില്ക്കാനാവില്ല. ബിംബകല്പനയെ എല്ലാ ഘടകങ്ങളോടുകൂടിയും അനുസ്മരിച്ച് ആസ്വദിക്കാനാവും.

(2) ചിത്രം ഐന്ദ്രിയതലാനുഭവമാണ്; ബിംബകല്പന മാനസികതലാനുഭൂതിയും. ആദ്യത്തേത് 'പ്രത്യക്ഷ'വും രണ്ടാമത്തേത് 'അനുമിതി'യും.

(3) ചിത്രകലയ്ക്ക് ഉദ്ദീപിപ്പിക്കുവാൻ കഴിയുന്ന ആശയങ്ങൾ പരിമിതമാണ്. 'ഹാ! സുഖങ്ങൾ വെറും ജാലം', 'ഇന്നു ഞാൻ, നാളെ നീ', 'വെളിച്ചം ദുഃഖമാണുണ്ണീ', 'അയൽപക്കത്തരവയർ നിറയാപ്പെണ്ണിന് പെരുവയർ നല്കും മർത്ത്യൻ' തുടങ്ങിയവയൊന്നും ചിത്രങ്ങൾക്ക് ആവഹിച്ച് പ്രകാശിപ്പിക്കാനാവില്ല.

(4) ചിത്രകലയിൽ ആലേഖനത്തിന് ദ്വിമാനതലത്തിൽ ദർശനപൂർണത വരുത്താൻ കഴിയും. (ആധുനികചിത്രകല ഈ രീതിയിൽനിന്ന് അകന്നിട്ടുണ്ട്). കവിതയിലെ ബിംബസൃഷ്ടികൾ പൂർണദൃശ്യങ്ങളായി അവതരിപ്പിക്കാനാവില്ല. പൂർണമായ വർണന - എല്ലാം തുറന്നുപറയൽ - കവിതയുടെ ധ്വനനശക്തി ദുർബലപ്പെടുത്തുന്നതിനാൽ, ഇത് കുറവല്ല.

(5) ചിത്രത്തിലെ ഓരോ ഘടകവും അർഥമോ ആശയമോ വെളിപ്പെടുത്തുന്നില്ല. ബിംബകല്പനയിലെ ഓരോ ഘടകവും സവിശേഷമായ ആശയം പ്രജ്ഞിപ്പിക്കുന്നു.

(6) ചിത്രത്തിൽ കാലം ഘനീഭവിച്ച അവസ്ഥയിലാണ്. ഭൂത-വർത്തമാന-ഭാവികളെ നിശ്ചലതലങ്ങളിലൊതുക്കാനേ ചിത്രകാരന് കഴിയൂ. കവിതയിൽ (ബിംബകല്പനയിലും) കാലത്തെ 'തൊട്ടു തൊട്ടങ്ങനെ വന്നീടും മുഗ്ധചലനങ്ങളായ്' ആവിഷ്കരിക്കാൻ കഴിയും. കാലത്തെ പരിച്ഛേദനങ്ങളായും പ്രവാഹമായും വിഭാവനം ചെയ്യാൻ കവിതയ്ക്കാവും. ഈ കാവ്യസ്വഭാവം അനുവാചകരുടെ പ്രതികരണസാധ്യതയെ, ചിത്രകലയിലെന്നപോലെ പരിമിതപ്പെടുത്തുന്നില്ല. (സ്ഥലകാലാതീതസൂചന ഭാഷയുടെ വ്യാവർത്തകധർമങ്ങളിലൊന്നായി ഭാഷാശാസ്ത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്).

(7) കവിതയും യാഥാർഥ്യവുമായുള്ള ബന്ധത്തെക്കുറിച്ച് മുൻപ് സൂചിപ്പിച്ചിട്ടുണ്ട്. ചിത്രകലയുമായുള്ള താരതമ്യചിന്തയിൽ അതിനെ വീണ്ടും പരിശോധിക്കേണ്ടിയിരിക്കുന്നു. അടുത്തകാലംവരെ ചിത്രകല യാഥാർഥ്യത്തെ തത്സ്വരൂപത്തിൽ പ്രതിഫലിപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളത്; പ്രതിച്ഛായകളെ അന്യവത്കരിക്കാതെ ചില വ്യതിയാനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും. ഛായാഗ്രഹണം എന്ന യാന്ത്രികകല യാഥാർഥ്യത്തെ യഥാതഥമായി ഒപ്പിയെടുത്തുകൊണ്ട് പ്രചരിച്ചതോടെ, പാരമ്പര്യചിത്രകലയുടെ പ്രസക്തി കുറഞ്ഞുകാണും. മാത്രമല്ല, യഥാതഥചിത്രണത്തിൽ കലാകാരന്റെ ആത്മാവിഷ്കാരത്തിന് പരിമിതികൾ ഉണ്ട്. അനുകരണമുക്തവും സ്വതന്ത്രവും ആയ രചനകളുടെ ആവിർഭാവം ആ പശ്ചാത്തലത്തിലായിരിക്കണം. കവിതയും പുതിയ സംവേദനങ്ങൾക്കുവേണ്ടി ഭാഷാശൈലിയിൽ പരീക്ഷണങ്ങൾ നടത്തുന്നു. പാരമ്പര്യത്തിൽ ഒത്തുപോകാത്ത ഈ രണ്ടു കലകളും ആധുനികതയിൽ അടുപ്പം കാണിക്കുന്നു.





കവിതയിലൂടെയുള്ള ദൃശ്യവത്കരണം ബിംബകല്പനയാകുന്നതെങ്ങനെ എന്നാണ് ഇതുവരെ ആലോചിച്ചത്. ഇനി ചില ബിംബസൃഷ്ടികളെ ഉദാഹരിക്കാം. ചങ്ങമ്പുഴയുടെ 'മനസ്വിനി'യിലെ ഒരു ചിത്രം:

ഒറ്റപ്പത്തിയൊടായിരമുടലുകൾ
ചുറ്റുപിണഞ്ഞൊരു മണിനാഗം,
ചന്ദനലതയിലധോമുഖശയനം
ചന്തമൊടങ്ങിനെ ചെയ്യുംപോൽ,
വിലസീ, വിമലേ, ചെറിയൊരു പനിനീ-
രലർ ചൂടിയ നിൻ ചികുരഭരം.

ഒരു പത്തിയും ചുറ്റുപിണഞ്ഞ അനേകം ഉടലുകളും ഉള്ള മണിനാഗം ചന്ദനലതയിൽ മുഖം കുനിച്ച് ശയിക്കുന്നു; അതുപോലെ, ചെറിയൊരു പനിനീർപ്പൂ ചൂടിയ നിന്റെ തലമുടി വിലസുന്നു. ഇവിടെ ഉപമാനം കവിതല്പിതമാണ്. സാധാരണധർമം പ്രതിരൂപത്തെ സ്പഷ്ടമാക്കുന്ന തരത്തിൽ പൊരുത്തപ്പെട്ടിരിക്കുന്നു. ദൃശ്യബിംബകല്പനയ്ക്ക് ഉചിതമായ ഉദാഹരണമാണിത്.

ജി. ശങ്കരക്കുറുപ്പിന്റെ 'സാഗരഗീത'ത്തിലെ ഒരു ചിത്രം:

അമ്പിളിച്ചഷകത്തിൽ നുരയും ദിവ്യാനന്ദം
അമ്പിലേന്തിക്കൊണ്ടെത്തീ ശുക്ലപഞ്ചമി മന്ദം
ആനതമുഖിയുടെ നീലഭ്രൂ നിഴലിച്ച
പാനഭാജനം, വെമ്പും കരത്താൽ സ്വയം വാങ്ങി,
ഫേനമഞ്ജുള,സ്മിതം കലർന്നു നുകർന്നന്യ-
ജ്ഞാനമെന്നിയേ പാടും ഹർഷജൃംഭിതസത്വ,
ഭാവത്താൽ തരംഗായമാണമാം വിരിമാറ-
ത്താ വധു തല ചാച്ചു നില്ക്കുന്നു ലജ്ജാമൂകം
അല്ലണിക്കുഴലിതൻ ശ്ലഥവേണിയിൽനിന്നുൽ-
ഫുല്ലമാമൊരായിരം മുല്ലമൊട്ടുകളിതാ
ബിംബിതം താരജാലാമാവില്ല നൂനം - നിന്റെ
കമ്പിതസ്നിഗ്ദ്ധോരസ്സിൽക്കൊഴിഞ്ഞുല്ലസിക്കുന്നൂ.

ചങ്ങമ്പുഴയുടെ ബിംബസൃഷ്ടിയിൽനിന്നും ശങ്കരക്കുറുപ്പിന്റെ ഈ കല്പന ചില വ്യത്യാസങ്ങൾ കാണിക്കുന്നുണ്ട്. ചങ്ങമ്പുഴയുടേത് മൂർത്ത വസ്തു പശ്ചാത്തലത്തിലുള്ളതാണ്. കുറുപ്പിന്റേതിൽ പ്രകൃതിപശ്ചാത്തലം മൂർത്തവും അമൂർത്തവും ചേർന്നതും. ആദ്യത്തേതിൽ ഘടകയോജന സുദൃഢമാണ്; ഇവിടെ അല്പം അയഞ്ഞതും. ഇനിയൊരു വ്യത്യാസം, ചങ്ങമ്പുഴ അവതരിപ്പിക്കുന്നത് നിശ്ചലചിത്രമാണ്; കുറുപ്പിന്റെ സൃഷ്ടിയിൽ ചലനമുണ്ട്. ഇവയെല്ലാംകൊണ്ടുതന്നെ 'സാഗരഗീത'ത്തിലെ ബിംബകല്പന ശ്ലഥസ്വഭാവമുള്ളതാണ്.

ആസ്വാദനത്തിൽ ഇവയിൽനിന്ന് അപ്പുറത്തേക്കു കടക്കാനായേക്കും. അത് അനുവാചകന്റെ ലോകപരിചയവും കാവ്യപരിചയവും ഭാവുകത്വവും ആശ്രയിച്ചിരിക്കും. ഉദാഹരണമായി, കുറുപ്പ് അവതരിപ്പിക്കുന്ന പ്രകൃതിദൃശ്യം ഒരു പാരസീകകാവ്യചിത്രം ഓർമയിൽ ഉണർത്തിയേക്കാം.

മേൽ വിവരിച്ച രണ്ട് കല്പനകളിൽനിന്നും വ്യത്യസ്തമായ മറ്റൊന്ന് പരിശോധിക്കാം:

> നമ്മുടെ വസുന്ധര തൊടുക്കും
> നവീനരതിബാണങ്ങളേ-
> റ്റുടൽ തളർന്നും
> പനിമതി മയങ്ങി മറയുന്നൂ

അയ്യപ്പപ്പണിക്കരുടെ 'മൃത്യുപൂജ'യിൽനിന്നാണ് ഈ വരികൾ. 'ഭൂമിയിൽനിന്ന് തൊടുത്തുവിടുന്ന പുതിയ രതിബാണങ്ങളേറ്റ് തളർന്ന്, മയങ്ങി, ചന്ദ്രൻ മറഞ്ഞുപോകുന്നു.' ഉപമാനം (റോക്കറ്റ്) പ്രസിദ്ധമല്ലാത്തതുകൊണ്ടും പ്രതീകാത്മകമായതുകൊണ്ടും ചിത്രദർശനത്തിൽ ക്ലേശമനുഭവപ്പെടാം. നവീനശാസ്ത്രത്തിന്റെ ആക്രമണസ്വഭാവമുള്ള കുതിച്ചുയരൽ, നാളിതുവരെ അകലെനിന്ന് ആസ്വദിച്ചിരുന്ന സൗന്ദര്യസങ്കല്പങ്ങളെ തളർത്തുന്നു എന്ന ആശയമാണ് ഈ കല്പനയിൽ ധ്വനിക്കുന്നതെന്ന് യുവനിരൂപകനായ കെ. എം. നരേന്ദ്രൻ (നേരിട്ട് പറഞ്ഞത്) പ്രതികരിക്കുന്നു. മറ്റൊരു യുവവിമർശകനായ എൻ. അജയകുമാറിന്റെ പ്രതികരണം (കത്തിലൂടെ) അല്പം വ്യത്യസ്തമാണ്: "രതിബാണം കാമശരവുമായിക്കൂടേ? തൊടുക്കുക എന്ന പ്രയോഗവും അതിന് യോജിക്കും. പഴയ കാമശരം പൂവാണെങ്കിൽ നവീനമായത് ലോഹമാണ്. അതേറ്റ് പനിമതി മയങ്ങി മറയുന്നു എന്നത് പനിമതിയുടെ രതിയല്ലതാനും സൂചിപ്പിക്കുന്നത്. 'സ്നേഹോഷ്ണവൈദ്യുതിയിലുരുകാത്ത മട്ടിലുറയുന്നൂ മനുഷ്യഹൃദയങ്ങൾ' എന്നാണല്ലോ അടുത്ത വരികൾ. അതിന്റെ സഹബന്ധംകൊണ്ട്, സ്നേഹത്താൽ ഉരുകാൻ പ്രേരിപ്പിക്കാത്ത തരത്തിൽ കട്ടിയായ ഒന്നായി ലോഹത്തിന്റെ നവീനബാണം പ്രവർത്തിക്കുന്നു എന്ന് പറയാൻ പറ്റിയേക്കും. അത് മൃത്യുപൂജയുടെ പൊതുപശ്ചാത്തലമായ സ്നേഹ, കാരുണ്യരാഹിത്യവുമായി ഒത്തുപോവുകയും ചെയ്യുമല്ലോ." വ്യത്യസ്തമായ ഒരു ഉപര്യർഥതലത്തിലേക്കും ഈ കല്പന





വ്യാപിക്കുന്നു എന്ന് ചിലർക്കെങ്കിലും തോന്നിയേക്കാം. 'നവീനരതിബാണം' എന്ന പ്രതീകം മറ്റൊരു പ്രതീകത്തിലേക്ക് ശ്രദ്ധയെ കൊണ്ടുചെല്ലുമെങ്കിൽ, അക്രമാസക്തമായ പൗരുഷം അരക്ഷിതയായ സ്ത്രീത്വത്തെ പീഡിപ്പിച്ച് തളർത്തുന്നതായും സങ്കല്പിക്കാവുന്നതാണ്. എന്നാൽ, ഈ സങ്കല്പത്തിൽ വസുന്ധര, പനിമതി എന്നിവയുടെ ലിംഗഭേദങ്ങൾ പൊരുത്തമില്ലാത്തതാണ് എന്ന വസ്തുത ഇടഞ്ഞുനില്ക്കുകയും ചെയ്യും. ഇങ്ങനെ ചില ബിംബകല്പനകൾ ഒന്നിലധികം അർഥമേഖലകളെ സ്പർശിക്കുന്നത് പല ആസ്വാദനസാധ്യതകൾക്ക് വഴിയൊരുക്കുന്നുണ്ട്. ഘടകങ്ങളുടെ പ്രതീകാത്മകതയും ഘടനയുടെ അപരിചിതത്വവും ഉളവാക്കുന്ന സത്വരപ്രതികരണമില്ലായ്മയെ മറികടന്ന്, മനസ്സിനെയും മസ്തിഷ്കത്തെയും ഉത്തേജിപ്പിക്കുന്ന കല്പനകളിൽ പെടുന്നതാണ് ഇത്.

വർഗീകരണത്തിനും സംജ്ഞകൾക്കും എളുപ്പത്തിൽ വഴങ്ങുന്നവയല്ല ബിംബസൃഷ്ടികൾ. സമാനതയെക്കാൾ വൈവിധ്യമാണ് അവയുടെ സ്വഭാവം. സാമാന്യസ്വഭാവങ്ങളിൽനിന്ന് ഓരോ സൃഷ്ടിയും എങ്ങനെ വേർതിരിഞ്ഞു നിൽക്കുന്നു എന്ന് കാണിക്കുകയേ സാധ്യമാകൂ. ബിംബകല്പനയുടെ സാമാന്യസ്വഭാവങ്ങൾ: ഘടകങ്ങളുടെ ചേർച്ച ഉണ്ടാക്കുന്ന ഘടനയാണത്; അതിൽ ചിത്രപ്രതീതി ഉണ്ടാകണം; ഘടകബന്ധവ്യത്യാസമനുസരിച്ച്, ദൃഢം-ശിഥിലം, നിശ്ചലം - ചലനാത്മകം എന്നീ വിവേചനങ്ങൾ സാധ്യമാണ്.

## ഗ്രന്ഥസൂചി


| | | |
|---|---|---|
| അനിൽ വള്ളത്തോൾ | 1997 | *വള്ളത്തോളിന്റെ കാവ്യശൈലി* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. |
| അപ്പൻ, കെ. പി. | 1994 | *കലഹവും വിശ്വാസവും* ഡി.സി. ബുക്സ് കോട്ടയം |
| കൃഷ്ണവാരിയർ, എൻ.വി. | 1977 | *വള്ളത്തോളിന്റെ കാവ്യശില്പം* കേരള സർവകലാശാല, തിരുവനന്തപുരം |
| രാഘവൻ പിള്ള, കെ. | 1982 | 'കാവ്യബിംബവും ഭാരതീയകാവ്യമീമാംസയും', *ഭാഷാസാഹിതി.* 6. I |
| വത്സരാജൻ, പി. വി. | 1986 | 'കാവ്യബിംബങ്ങൾ', *മലയാളവിമർശം.* 4. |
| ശിവദാസൻ, സി. പി. | 1984 | 'ഇടശ്ശേരിയുടെ കാവിലെ പാട്ട്', *ചാത്തനാത്ത് അച്യുതനുണ്ണി & എം. ആർ. രാഘവവാരിയർ (പ്രസാ.): ശൈലീവിജ്ഞാനം വള്ളത്തോൾ വിദ്യാപീഠം, ശുകപുരം* |


(എഴുതിവരുന്ന പുസ്തകത്തിലെ ഒരു ഖണ്ഡം)

## ഗവേഷണരംഗം

**കേരളപഠനസംബന്ധമായ വിഷയങ്ങളിൽ വിവിധ സർവകലാശാലകളിൽനിന്നു ഡോക്ടർ ബിരുദം ലഭിക്കുന്നവരുടെ പ്രബന്ധങ്ങൾ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. വിവിധ പഠനവകുപ്പുകളിൽനിന്നു കേരളപഠനവിഷയങ്ങളിൽ ബിരുദം ലഭിക്കുന്നവരുടെ പ്രബന്ധങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ക്ഷണിക്കുന്നു.**

**ഗവേഷകയായ ഹേന ചന്ദ്രൻ ഈ ലക്കത്തിൽ സ്വന്തം പഠനമേഖലയെക്കുറിച്ച് എഴുതുന്നു.**

# ഫിറ്റ്നസ് മലയാളം

**ഹേന ചന്ദ്രൻ**

### ആമുഖം

സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്ന പുതുവ്യവഹാരങ്ങളെക്കുറിച്ചുള്ള പഠനം വ്യവഹാരപഠനവും അതോടൊപ്പം ഭാഷാപഠനവും സമൂഹപഠനവും ആയിത്തീരുന്നു. വർത്തമാനകാലസമൂഹത്തിൽ, പുതുവ്യവഹാരങ്ങളുടെ സൃഷ്ടിക്കും പ്രചാരത്തിനും മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് നിസ്സാരമല്ല. മാധ്യമങ്ങളിൽ കടന്നുവരുന്ന വ്യവഹാരങ്ങൾക്ക് സമൂഹത്തിലുള്ള സ്ഥാനം സമൂഹത്തിന്റെയും ഭാഷയുടെയും വർത്തമാനകാല അവസ്ഥയോടൊപ്പം ഭാവിയെക്കൂടി സൂചിപ്പിക്കും. ഫിറ്റ്നസ് എന്ന പുതുവ്യവഹാരത്തെ പൊതുമണ്ഡലം എങ്ങനെ ഉൾക്കൊള്ളുന്നു എന്നും ആനുകാലികങ്ങളിൽ അവയുടെ പ്രതിനിധാനം എങ്ങനെ എന്നും പരിശോധിച്ച് ഫിറ്റ്നസിന്റെ പ്രതിനിധാനവും സമൂഹപ്രക്രിയയും തമ്മിലുള്ള ബന്ധം കണ്ടെത്താൻ ശ്രമിക്കുകയാണ് ഇവിടെ.

സമൂഹത്തെയും ഭാഷയെയും പരസ്പരബന്ധത്തിൽ മനസ്സിലാക്കാൻ ഉപകരിക്കുന്ന സങ്കല്പനമാണ് വ്യവഹാരം. വ്യവഹാരം എന്ന താക്കോൽവാക്ക് ഭാഷാകേന്ദ്രിതമായും സമൂഹകേന്ദ്രിതമായും പരസ്പരം പൂരകമായും ചിലപ്പോൾ വ്യതിരിക്തമായും പ്രയോഗിക്കപ്പെടുന്നുണ്ട്. ഈ വൈവിധ്യം ഉൾക്കൊണ്ടുകൊണ്ടാണ് വ്യവഹാരം എന്ന പദം ഇവിടെ കടന്നുവരുന്നത്.

ഓരോ വ്യവഹാരത്തിനും അതിന്റേതായ ഭാഷയുണ്ട്. സമൂഹപരിവർത്തനത്തിനുള്ള പശ്ചാത്തലമൊരുക്കി പുതുവ്യവഹാരങ്ങളിലൂടെ ഭാഷ ശക്തി





നേടുന്നു. മലയാളി ഇടപെടുന്ന ലോകത്തിൽ സാരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കെ, ആ മാറ്റങ്ങൾ ഭാഷയിലും പ്രതിഫലിക്കും എന്നുള്ള ചിന്ത ഭാഷാപരിണാമപഠനത്തെ സഹായിക്കും. ഈ നിലപാടിൽനിന്നുകൊണ്ടുള്ള ഭാഷാപഠനം, ഭാഷാപരിണാമത്തെ - അതിലൂടെ സമൂഹപരിണാമത്തെ - അതിന്റെ ജൈവികതയിൽ മനസ്സിലാക്കാൻ സഹായിക്കും.

കേരളസമൂഹത്തിൽ മാധ്യമങ്ങൾ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. സമൂഹത്തിൽ വന്നുകഴിഞ്ഞ മാറ്റങ്ങളെ മാത്രമല്ല പലപ്പോഴും മാധ്യമങ്ങൾ കുറിക്കുക; വരാനിരിക്കുന്ന മാറ്റങ്ങളുടെ ദിശാസൂചിയായും ഇവ പ്രത്യക്ഷപ്പെട്ടേക്കാം. പുതിയ വ്യവഹാരങ്ങൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നതിനാൽ മാധ്യമം-വ്യവഹാരം-സമൂഹം എന്നിവ പരസ്പരം നിർമിക്കുന്നു എന്നു പറയാം.

മലയാളമാധ്യമങ്ങളിൽ വിശേഷിച്ചു ജനപ്രിയ ആനുകാലികങ്ങളിൽ ഇന്ന് ആവിഷ്കൃതമാകുന്ന വ്യവഹാര വൈവിധ്യങ്ങൾ പരിശോധിക്കുമ്പോൾ മേൽപറഞ്ഞ സങ്കല്പനം എങ്ങനെ സാധൂകരിക്കപ്പെടുന്നു എന്നു മനസ്സിലാകും. സ്ത്രീ, വീട്, കുടുംബം, മാതൃത്വപിതൃത്വങ്ങൾ, ഫാഷൻ, ലൈംഗികത, ഭക്ഷണം, സ്പോർട്സ്, ഫിറ്റ്നസ് തുടങ്ങിയവയെക്കുറിച്ച് അനേകം പുതുവ്യവഹാരങ്ങൾ ഇന്നു സൃഷ്ടിക്കപ്പെടുന്നുണ്ട്. വിഷയപരമായിമാത്രം നോക്കുകയാണെങ്കിൽ ഇവയിൽ പലതും മുൻപും നിലനിന്നിരുന്നവയാണെന്നു പറയേണ്ടിവരും. എന്നാൽ അതിർത്തികൾ ലംഘിച്ചു മറ്റു മേഖലകളെക്കൂടി ഉൾക്കൊണ്ടുകൊണ്ടു നൂതനമായി അവതരിപ്പിക്കപ്പെടുകയും അതിന് ഒരു പ്രത്യേക ഭാഷതന്നെ രൂപപ്പെടുകയും ചെയ്യുമ്പോൾ അവയോരോന്നും പുതുവ്യവഹാരമായി മാറുന്നു. ഇത്തരത്തിലുള്ള പുതുവ്യവഹാരങ്ങൾ പലതും പരസ്പരബന്ധമുള്ളവയും പരസ്പരം നിർമ്മിക്കുന്നവയുമാണ്.

മലയാളത്തിലെ ജനപ്രിയ ആനുകാലികങ്ങളായ വനിത, ഗൃഹലക്ഷ്മി, മാതൃഭൂമി ആരോഗ്യമാസിക, വനിത ആരോഗ്യം, ശ്രീമാൻ, ഗൃഹശോഭ എന്നിവയാണ് പഠനത്തിൽ ആധാരമായി സ്വീകരിച്ചിരിക്കുന്നത്. അച്ചടി-ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ സുലഭമായിരിക്കെ അച്ചടിമാധ്യമങ്ങളെ, അവയിൽത്തന്നെ ചുരുക്കം ചിലതിനെമാത്രം ആശ്രയിക്കുന്നു. ഇതു പഠനത്തിന്റെ ഒരു പരിമിതിയാണ്. ഫിറ്റ്നസ് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഇടം ഇത്തരം ജനപ്രിയ ആനുകാലികങ്ങളാണ് എന്നത് ഈ തെരഞ്ഞെടുപ്പിനെ സാധൂകരിക്കുന്നു.

പൊതുമണ്ഡലത്തിലെ ഫിറ്റ്നസിന്റെ വിന്യാസം അറിയാൻ വിവിധ സാമ്പത്തിക-തൊഴിൽ-വിദ്യാഭ്യാസ നിലവാരത്തിലുള്ള 100 ആവേദകരുടെ അഭിപ്രായങ്ങൾ അവലംബമാക്കിയിരിക്കുന്നു. സ്ത്രീ-പുരുഷ അനുപാതം 50:50 ആണ്. 15 വയസ്സിനുമേൽ പ്രായമുള്ളവരെയാണ് ആവേദകരായി എടുത്തിരിക്കുന്നത്. 15നും 30നും ഇടയിൽ പ്രായമുള്ളവർ 38%, 30നും 50നും ഇടയിൽ പ്രായമുള്ളവർ 46%, ഇതു ബോധപൂർവമായ തെരഞ്ഞെടുപ്പാണ്. ഭാവിയി

ലേക്കു ചുവടുവെക്കുന്ന ഈ തലമുറകളാണ് ഇത്തരം പുതുവ്യവഹാരങ്ങളുടെ വാഹകർ എന്ന മുൻവിധിയിൽ നിന്നുകൊണ്ടാണ് തെരഞ്ഞെടുപ്പ് നടത്തിയത്. ഇതുകൂടാതെ 28 പ്ലസ്വൺ വിദ്യാർഥികളുടെ ഫിറ്റ്നസ് നിർവചനങ്ങൾ പഠനത്തിന് അവലംബമാക്കിയിരിക്കുന്നു. ഈ ആവേദകരെല്ലാം ഇരിങ്ങാലക്കുടയിലും പരിസരപ്രദേശങ്ങളിലും വസിക്കുന്നവരാണ്. ഇവരോടൊപ്പം ഈ പ്രദേശത്തിനു പുറമെനിന്ന് ഒരു ആവേദകനെകൂടി സ്വീകരിച്ചിരിക്കുന്നു.

1

വ്യവഹാരങ്ങൾ സമൂഹത്തിന്റെ ബോധതലത്തെത്തന്നെ സ്വാധീനിക്കുക വഴി സമൂഹപരിണാമത്തിനു കാരണമാകുന്നു. സമൂഹത്തിൽ കാലാനുസൃതമായി വരുന്ന മാറ്റങ്ങൾക്കനുസരിച്ചു വ്യവഹാരങ്ങൾ പരിണമിക്കുകയോ പുതിയ വ്യവഹാരങ്ങൾ രൂപപ്പെടുകയോ ചെയ്യുന്നു. ഓരോ വ്യവഹാരവും തനതായ ഭാഷ രൂപീകരിക്കുന്നുണ്ട്. ഭാഷ സമൂഹസൃഷ്ടിയായതിനാൽ ഭാഷയിൽ വരുന്ന മാറ്റങ്ങൾ സമൂഹത്തിലും പ്രതിഫലിക്കും. ഒപ്പം സമൂഹപരിണാമത്തിനനുസരിച്ചു ഭാഷയും വ്യത്യസ്തമാകും. ഭാഷ-വ്യവഹാരം-സമൂഹം എന്നീ സങ്കല്പനങ്ങൾ പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിലല്ലാതെ പഠനവിധേയമാക്കാൻ സാധിക്കില്ല എന്നു സാരം. ഓരോ വ്യവഹാരവും വിവിധ വൈജ്ഞാനികമണ്ഡലങ്ങളുടെ രീതിശാസ്ത്രങ്ങളനുസരിച്ചുള്ള പഠനം ആവശ്യപ്പെടുന്നുണ്ട്. അത്തരത്തിലുള്ള പഠനങ്ങളുടെ ക്രോഡീകരണത്തിലൂടെ സമൂഹപരിണാമഗതി ഏറെക്കുറെ അറിയാൻ കഴിയും.

## വ്യവഹാരം-സമൂഹം-ഭാഷ

വ്യവഹാരം എന്ന പദം വിവിധ മാനങ്ങൾ ഉൾക്കൊള്ളുന്നു. പരസ്പരബന്ധമുള്ള പല നിർവചനങ്ങളിൽ പ്രധാനപ്പെട്ടവ ഭാഷ കേന്ദ്രമായതും സമൂഹം കേന്ദ്രമായതുമാണ്.

ഭാഷ മാധ്യമമാക്കിക്കൊണ്ടുള്ള ആശയവിനിമയത്തിന്റെ യഥാർഥ മാതൃകകളാണ് വ്യവഹാരം[1]. എന്നാൽ ആശയവിനിമയം ഭാഷയിലൂടെ മാത്രമല്ല നടക്കുന്നത് എന്നതിനാൽ വ്യവഹാരാപഗ്രഥനത്തിൽ ഭാഷയും മറ്റു ചിഹ്നങ്ങളും തമ്മിലുള്ള ബന്ധവും കണക്കിലെടുക്കേണ്ടതാണ്. വിവരങ്ങൾ കൈമാറാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കാര്യങ്ങൾ നടപ്പിലാക്കാനും സൗന്ദര്യം സൃഷ്ടിക്കാനും സ്വയം ആസ്വദിക്കുന്നതോടൊപ്പം മറ്റുള്ളവരെ ആസ്വദിപ്പിക്കാനും ഒക്കെ കഴിയുന്നതു ഭാഷയുടെ അറിവുമൂല്യം പ്രധാനമാണ്. ഈ അറിവാകട്ടെ മുൻപ് തങ്ങൾ പറയുകയും കേൾക്കുകയും കാണുകയും എഴുതുകയും ഒക്കെ ചേർന്ന് ഉണ്ടാവുന്നതാണ്. ഇത്തരം അറിവുകളുടെ സ്രോതസ്സും ഫലവും അടങ്ങിയതാണ് വ്യവഹാരം എന്നു പറയാം. അതായത്, ഭാഷയെക്കുറിച്ചുള്ള ജനങ്ങളുടെ സാമാന്യധാരണ അവർ ഉൾപ്പെടുന്ന വ്യവഹാരത്തിന്റെ അടിസ്ഥാനത്തിൽ നിർമിതമാണ്. അതോടൊപ്പം സമൂഹം തങ്ങളുടെ





അറിവു പുതുവ്യവഹാരങ്ങൾ സൃഷ്ടിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും ഉപയോഗിക്കുകയും ചെയ്യുന്നു[2].

സമൂഹം കേന്ദ്രമായി വരുമ്പോൾ വ്യവഹാരം എന്നത് അറിവിന്റെ ഒരു രൂപമാണ്. യാഥാർഥ്യത്തിന്റെ ഒരു സാമൂഹിക നിർമിതി[3]. ഭൗതികമല്ലാത്ത സാമൂഹികാർഥങ്ങളെ ഭാഷയോ മറ്റു പ്രതിനിധാനങ്ങളോ വഴി തിരിച്ചറിയുന്നു. ഇത്തരം സമീപനങ്ങളിൽ പാഠത്തിലെ പ്രത്യക്ഷീകരണത്തിലൂടെയാണ് സമൂഹം അറിയപ്പെടുക; പാഠമെന്നത് കേവലം ഭാഷാപരമാവണമെന്നില്ല.

ഈ രണ്ടു ധാരകളും പരസ്പരം ബന്ധപ്പെടുന്നുണ്ട്[4] എന്ന തിരിച്ചറിവിൽ നിന്നുകൊണ്ടാണു വ്യവഹാരം എന്ന പദം ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

സമൂഹഘടനയുടെയും സാംസ്കാരികപ്രവർത്തനങ്ങളുടെയും അപഗ്രഥനത്തോടൊപ്പം ഭാഷാപ്രയോഗത്തിന്റെ സവിശേഷതകളെക്കുറിച്ചുള്ള വിശദമായ പഠനവും വ്യവഹാരാപഗ്രഥനം ആവശ്യപ്പെടുന്നുണ്ട്. പ്രയോഗത്തിലുള്ള ഭാഷയും, സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രൂപീകരണങ്ങളുമായി ബന്ധപ്പെട്ട ഭാഷാപ്രയോഗവും ചേർന്നതാവണം വ്യവഹാരവിശകലനം.

വ്യവഹാരവും സന്ദർഭവും തമ്മിലുള്ള പരസ്പരനിർമിതിയുടെ ആറു വശങ്ങൾ ബാർബറാ ജോൺസ് വിവരിക്കുന്നുണ്ട്[5].

- പാഠവും പാഠവ്യാഖ്യാനങ്ങളും രൂപപ്പെടുന്നത് ലോകത്തെ ആശ്രയിച്ചാണ്; അവ തിരിച്ച് ലോകത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നു.
- ഭാഷയുടെ സാധ്യതകളാലും പരിമിതിയാലും വ്യവഹാരം രൂപപ്പെടുകയും വ്യവഹാരം തിരിച്ച് ഭാഷയെ രൂപപ്പെടുത്തുകയും ചെയ്യുന്നു.
- വ്യവഹാരം അതിൽ ഉൾപ്പെടുന്ന വ്യക്തികളുടെ പരസ്പബന്ധത്താൽ നിർമിതമാവുകയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെ രൂപീകരിക്കുന്നതിൽ സഹായിക്കുകയും ചെയ്യുന്നു.
- സുപരിചിതങ്ങളായ വ്യവഹാരങ്ങളെക്കുറിച്ചുള്ള പ്രതീക്ഷയാൽ വ്യവഹാരം രൂപംകൊള്ളുന്നു; അതേസമയംതന്നെ വ്യവഹാരത്തിന്റെ പുതിയ വസ്തുതകൾ, ഭാവിയിലെ വ്യവഹാരങ്ങൾ എങ്ങനെ ആയിരിക്കും എന്നും അവ വ്യാഖ്യാനിക്കപ്പെടേണ്ടത് എങ്ങനെ എന്നും ഉള്ള നമ്മുടെ പ്രതീക്ഷകളെ പരുവപ്പെടുത്തുകയും ചെയ്യുന്നു.
- വ്യവഹാരം അതിന്റെ മാധ്യമത്തിന്റെ സാധ്യതകളാലും പരിമിതികളാലും സൃഷ്ടിക്കപ്പെടുന്നു; ഒപ്പം മാധ്യമങ്ങളുടെ ആശയവിനിമയസാധ്യതകൾ വ്യവഹാരങ്ങളിലെ ഉപയോഗത്താൽ രൂപപ്പെടുകയും ചെയ്യുന്നു.
- വ്യവഹാരം ആശയ/ഉദ്ദേശ്യത്താൽ നിർമിക്കപ്പെടുകയും സാധ്യമായ ആശയങ്ങളെ നിർമിക്കുകയും ചെയ്യുന്നു.

## വ്യവഹാരം സമൂഹത്തെ അടയാളപ്പെടുത്തുന്നു

ഒരു സമൂഹം മറ്റൊന്നിൽനിന്നു വ്യത്യസ്തമാകുന്നത് ഭൂമിശാസ്ത്രപരമായ അതിരുകൾകൊണ്ടോ, ജാതി-മത ചിന്തകൾക്കൊണ്ടോ, ലിംഗവ്യതിയാനംകൊണ്ടോ മാത്രമല്ല. ആയിരുന്നെങ്കിൽ അത്തരം ഭിന്നതകൾ ഒഴിവാക്കുന്നതിലൂടെ ആ സമൂഹങ്ങൾ ഒന്നായിത്തീരേണ്ടതാണ്. ഇന്ത്യക്കാരനും പാക്കിസ്ഥാനിയും മലയാളിയും തമിഴനും വ്യത്യസ്തരാകുന്നത് കേവലം ഭൂമിശാസ്ത്രപരമോ ഭാഷാപരമോ ആയ വ്യത്യാസംകൊണ്ടല്ല. ഭൗതികമായ ആ വ്യത്യാസങ്ങളെല്ലാം പരിഹരിച്ചാലും അവരെ പരസ്പരം വ്യാവർത്തിപ്പിക്കുന്ന വ്യവഹാരങ്ങളിൽ മാറ്റമുണ്ടാകുകയില്ല. ഏതു സമൂഹത്തിലും നിലനിൽക്കുന്ന വിവിധ വ്യവഹാരങ്ങൾ മറ്റു സമൂഹത്തിൽനിന്നും അതിനെ വേർതിരിച്ചു നിറുത്തുന്നു. അന്യമായ രണ്ടു സമൂഹങ്ങളെ വ്യത്യസ്തമായിത്തന്നെ തിരിച്ചറിയുന്നതിന് അവയിൽ നിലനിൽക്കുന്ന വ്യവഹാരങ്ങളെ തിരിച്ചറിയേണ്ടതുണ്ട്. ഇത്തരം തിരിച്ചറിവിന്റെ അഭാവത്താലാണ് ഉത്തരേന്ത്യക്കാരനു മലയാളിയും തമിഴനും മറ്റും മദ്രാസി ആകുന്നത്. ഭാഷ എന്ന വ്യവഹാരത്തിനപ്പുറം മറ്റുപല വ്യവഹാരങ്ങളും വ്യത്യസ്തമാണെന്ന തിരിച്ചറിവാണു മലയാളിയിലും തമിഴനിലും പിന്നെയും ഉപസമൂഹങ്ങൾ ഉണ്ടെന്ന അറിവ് ഉത്പാദിപ്പിക്കുന്നത്.

സമൂഹത്തിൽ വ്യത്യസ്ത വ്യവഹാരങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ, അതിൽ ഒരു വ്യവഹാരം മറ്റുള്ളവയെ അപേക്ഷിച്ചു പ്രാധാന്യം നേടുകയും അതു സമൂഹത്തിന്റെ വ്യതിരിക്തതയ്ക്കുള്ള മുഖ്യ ഉപാധിയായി മാറുകയും ചെയ്യുന്നു. ഭാഷ, വർണം, ജാതി, ലിംഗപദവി തുടങ്ങിയവ ഇത്തരത്തിൽ പ്രാമുഖ്യം നേടുന്നു. ഏതു വ്യവഹാരവും മറ്റു വ്യവഹാരങ്ങളെ, പുറമെനിന്നുള്ള കാഴ്ചയിലെങ്കിലും, ചിലപ്പോഴൊക്കെ അവഗണിക്കത്തക്കതാക്കുന്നു. എന്നാൽ, ബാഹ്യമായി പ്രകടമാകുന്ന സീമകൾ മാറ്റി നിറുത്തിയാലും നിലനിൽക്കുന്ന മറ്റു വ്യവഹാരങ്ങൾ ആ സമൂഹത്തിന്റെ വ്യത്യസ്തതയെ കുറിക്കുന്നു. അതുകൊണ്ടാണ് മാമോദീസാമുങ്ങി ക്രിസ്ത്യാനിയായിട്ടും 'പറയൻ ദേവസ്സി'യും 'കണ്ടങ്കോരൻ ദേവസ്സി'യും ഉണ്ടാകുന്നത്[6]. സമൂഹത്തിന്റെ അടയാളങ്ങളാകുന്നത് അതിലെ ഓരോ വ്യവഹാരങ്ങളുമാണ്.

## വ്യവഹാരങ്ങൾ സമൂഹത്തെ സൃഷ്ടിക്കുന്നു

ലോകക്രമം മാറുന്നതിനനുസരിച്ച് പുതുവ്യവഹാരങ്ങൾ സൃഷ്ടിക്കപ്പെടുകയും അത് സമൂഹപരിണാമത്തിനു പ്രേരകമാവുകയും ചെയ്യും. ഉപഭോഗകേന്ദ്രിതമായ ചില പുതുവ്യവഹാരങ്ങൾക്കു വിപണിയും മാധ്യമങ്ങളും കാരണമാകുന്നുണ്ട്. വിപണിയിലെത്തുന്ന പുതിയ വസ്തുക്കൾ പലപ്പോഴും ഉപഭോഗം ചെയ്യുന്നവരുടെ ഒരു സമൂഹത്തെ സൃഷ്ടിക്കുകയും അല്ലാത്തവരെ പുറന്തള്ളുകയും ചെയ്യുന്നു. ഈ 'അറിവ്' ഉണ്ടാകുന്നതോടെ വ്യക്തിയിൽ ആവശ്യങ്ങൾ സൃഷ്ടിക്കപ്പെടുകയും അതിലൂടെ വ്യക്തിയുടെതന്നെ പരിണാമം നടക്കുകയും ചെയ്യുന്നു. ഇതു പൊതുബോധമായി മാറുന്നതോടെ സമൂഹത്തിന്റെ പരിണാമത്തിന് കാരണമാകുന്നു.

'നിങ്ങൾ ഇനിയും സ്മാർട്ടായ ഒരു അടുക്കളക്ക് തയ്യാറാണോ?'[7] എന്ന ചോദ്യം അടുക്കളക്കൊപ്പം 'സ്മാർട്ടാ'കേണ്ട നമ്മളെത്തന്നെ രൂപപ്പെടുത്താൻ പര്യാപ്തമാണ്. നമ്മുടെ അടുക്കള പുതിയ ഉപകരണങ്ങളുടെ സഹായത്തോടെ കൂടുതൽ ആധുനികവും പുതിയ ലോകത്തിനനുസരിച്ച് പരുവപ്പെടുത്തിയതും ആക്കാമെന്ന പ്രതീക്ഷ ഈ ചോദ്യം ഉയർത്തുന്നുണ്ട്. ഒപ്പം ഇതുവരെയും സ്മാർട്ടാകാത്ത അടുക്കള ഉടമസ്ഥർക്ക് തങ്ങളുടെ 'ഒറ്റപ്പെടലി'നെ തിരിച്ചറിയാനും തിരുത്തുവാനുമുള്ള സന്ദേശവും 'ഇനിയും' സ്മാർട്ടായ അടുക്കള നൽകുന്നുണ്ട്. 'അടുക്കളപ്പെണ്ണിന് അഴകെന്തിന്', 'അടുക്കളത്തൂണിന് അഴകുവേണ്ടാ' തുടങ്ങിയ പഴഞ്ചൊല്ലുകൾ അപ്രസക്തമാക്കപ്പെടുകയും അടുക്കള അഴകിന്റെ ഇടമായി മാറുകയും ചെയ്യുന്നു.

'ബിരിയാണീന്റെ കൂടെ രസം, അതാ ഇപ്പോ നമ്മടെ സ്റ്റൈല്'[8] എന്ന പരസ്യം ഭക്ഷണത്തെ സംബന്ധിച്ച പുതുബോധം ഉണ്ടാക്കിയെടുക്കുന്നു; ഒപ്പം സാംസ്കാരികമായ പുതിയ മാനങ്ങളും സൃഷ്ടിക്കുന്നുണ്ട്. പരമ്പരാഗതമായി സസ്യഭക്ഷണത്തിനൊപ്പം മാത്രം വിളമ്പിയിരുന്ന രസം പുതിയ ഇടങ്ങൾ കണ്ടെത്തുന്നതു ഭക്ഷണരീതിയിൽക്കൂടി മാത്രമല്ല, സമുദായത്തിലൂടെയുമാണ്. ഇങ്ങനെ നിർമിക്കപ്പെടുന്ന പുതിയ അർഥങ്ങൾ സമൂഹത്തിന്റെ ബോധതലത്തെത്തന്നെ പുനഃസൃഷ്ടിക്കുന്നുണ്ട്.

ഭർതൃഗൃഹത്തിൽ എല്ലാം അഡ്ജസ്റ്റുചെയ്യാനായി വിധിക്കപ്പെട്ട മരുമകൾ ഷാംപുവിന്റെ കാര്യത്തിൽ മാത്രം അഡ്ജസ്റ്റുമെന്റിനു തയ്യാറല്ലെന്നു പറയുന്നതിലൂടെ[9] നേടിയെടുക്കുന്നതു തനിക്കുവേണ്ടി മറ്റുള്ളവരെയെല്ലാം അഡ്ജസ്റ്റു ചെയ്യിക്കാനുള്ള കഴിവാണ്. ഒരു ഷാംപുവിന്റെ ഉപയോഗത്തിലൂടെ നിങ്ങൾക്ക് പുതിയ വ്യക്തിത്വം നേടിയെടുക്കാമെന്ന സന്ദേശം മരുമകളുടെ അധികാരങ്ങളെക്കുറിച്ചുള്ള പാരമ്പര്യധാരണകളെപ്രതി പുതുചിന്തകൾ ഉണർത്തുന്നു. ഇങ്ങനെ ഓരോ മേഖലയിലും ഉണ്ടാകുന്ന പുതുബോധനിർമിതിയിലൂടെ അത്തരം വ്യവഹാരങ്ങൾ സമൂഹത്തെത്തന്നെ പുനർനിർമിക്കുന്നു.

## വ്യവഹാരങ്ങളുടെ ഭാഷയും പുതുവ്യവഹാരങ്ങളും

ഓരോ സമൂഹത്തിനും അവരുടേതായ വിനിമയവ്യവസ്ഥയുണ്ട്. അതിൽ നിലനിൽക്കുന്ന ഓരോ വ്യവഹാരത്തിനും അതിന്റേതായ ഭാഷയുമുണ്ട്. ഭാഷ സ്വയം ഒരു വ്യവഹാരമാണെങ്കിലും വ്യത്യസ്ത വ്യവഹാരങ്ങൾക്കനുസൃതമായി വ്യത്യസ്ത ഭാഷകൾ രൂപപ്പെടുന്നുണ്ട്. സമൂഹത്തിൽ നിലനിൽക്കുന്ന/രൂപം കൊള്ളുന്ന വ്യവഹാരം, ആ സമൂഹത്തിന്റെ ഔദ്യോഗിക/സംസാരഭാഷയിൽ വിനിമയം നടത്തുമ്പോൾത്തന്നെ വ്യത്യസ്തവും തനതുമായ ഭാഷ സ്വായത്തമാക്കുന്നുണ്ട്. അതായത് ഓരോ വ്യവഹാരവും ഭാഷ

യിൽ തന്നിടങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിനായി വ്യാകരണനിയമങ്ങൾ, ഭാഷാപരമായ നിബന്ധനകൾ, പരമ്പരാഗതധാരണകൾ തുടങ്ങിയവ ചിലപ്പോൾ പൊളിച്ചെഴുതേണ്ടി വന്നേക്കാം. വാക്കുകളുടെ നിയതാർഥം എന്നത് അപ്രസക്തമാവുകയും ഓരോ വ്യവഹാരത്തിനകത്തും വാക്കുകൾ അവയുടെ അർഥം പുതുതായി തേടുകയും നേടുകയും ചെയ്യുന്നു.

മുൻപ് ഉദാഹരിച്ച അടുക്കളയുടെ പരസ്യത്തിലെ 'സ്മാർട്ടായ അടുക്കള' എന്ന പ്രയോഗം ശ്രദ്ധേയമാണ്. 'സ്മാർട്ട്' എന്ന വിശേഷണം മനുഷ്യരെ മാത്രമല്ല, അവർ പെരുമാറുന്ന ഇടത്തെക്കൂടി കുറിക്കാൻ പ്രാപ്തമാകുന്നു. അത്തരം ഇടങ്ങൾക്കും 'മനുഷ്യത്വം' ആരോപിക്കുന്നതിലൂടെ 'സ്മാർട്ട്' തുടങ്ങിയ പദങ്ങൾ പ്രയോഗിച്ചുവന്നിരുന്ന അർഥത്തിൽനിന്നു മുന്നോട്ടുനീങ്ങി പുതിയ അർഥങ്ങൾ തേടുന്നു.

പരമ്പരാഗത വ്യാകരണനിയമങ്ങൾക്കു വഴങ്ങാത്ത പ്രയോഗങ്ങൾ, പുതുവ്യവഹാരങ്ങളുടെ ഭാഷയിൽ കാണാനാവും. പത്രവ്യവഹാരത്തിലെ ഭാഷ ഉദാഹരണമായി എടുക്കാവുന്നതാണ്.

1. സാധ്യത വി. എസ്സിന് (2006, മെയ് 13 മാതൃഭൂമി)
2. കണ്ണൂർ മുന്നിൽ (മാതൃഭൂമി ജനു. 12, 2007)
3. രാഷ്ട്രീയം ഉപേക്ഷിക്കില്ല-ബാലകൃഷ്ണപിള്ള (മാതൃഭൂമി മെയ് 13, 2006)
4. ഇന്ത്യാ-വിൻഡീസ് പരമ്പര ടെൻസ്പോർട്സിൽ (")
5. മുല്ലപ്പെരിയാർ:കേന്ദ്രസേനയെ നിയോഗിക്കണമെന്ന് തമിഴ്നാട് (മാതൃഭൂമി ജനു. 3, 2007)
6. ബുധിയയെ ഓടിച്ചാൽ കോച്ചിനെ അറസ്റ്റു ചെയ്യും:മന്ത്രി (മാതൃഭൂമി മെയ് 13, 2006)
7. അനുശോചിച്ചു (മാതൃഭൂമി ജനു. 3, 2007)
8. സായാഹ്നധർണ (മാതൃഭൂമി ജനു. 11, 2007)

പത്രവ്യവഹാരഭാഷയുടെ പ്രത്യേക വ്യാകരണം വ്യക്തമാക്കാൻ പര്യാപ്തമാണ് മുകളിൽ കൊടുത്ത ഉദാഹരണങ്ങൾ. പരമ്പരാഗത വ്യാകരണപരമായി അപൂർണവാക്യങ്ങളാണു മിക്കവയും. 1-ാം ഉദാഹരണത്തിൽ 'മുഖ്യമന്ത്രിയാവാനുള്ള', 'കൂടുതലാണ്' എന്നീ പദങ്ങൾ കൂട്ടിച്ചേർത്താലാണ് വാചകം 'പൂർണ'മാവുന്നത്[10]. എന്നാൽ സ്ഥിരമായി പത്രം വായിക്കുകയും രാഷ്ട്രീയസംഭവവികാസങ്ങളിൽ ഇടപെടുകയും ചെയ്യുന്നവർക്ക് 'സാധ്യത വി. എസ്സിന്' എന്നതുതന്നെ പൂർണമായ ആശയവിനിമയത്തിന് പര്യാപ്തമാണ്. അതുപോലെത്തന്നെ രണ്ടാം ഉദാഹരണത്തിലെ കണ്ണൂർ എന്ന പദം, സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ പങ്കെടുക്കുന്ന കണ്ണൂർ ജില്ലയിലെ സ്കൂളുകളെ പ്രതിനിധീകരിക്കുന്നു എന്നും, അതുവരെ ഫലം പ്രഖ്യാപിച്ച ഇനങ്ങളിൽ കൂടുതൽ പോയിന്റു നേടി അവർ മുന്നിൽ നിൽക്കുന്നു എന്നും സന്ദർഭാനുസാരമായാണ് വ്യക്തമാകുന്നത്.





സവിശേഷമായ ചിഹ്നങ്ങൾ പത്രഭാഷയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് 3, 4, 5, 6 ഉദാഹരണങ്ങൾ വ്യക്തമാക്കുന്നു. '——' എന്ന ചിഹ്നം 3, 4 ഉദാഹരണങ്ങളിൽ വ്യത്യസ്ത അർഥത്തിലാണ് ഉപയോഗിക്കുന്നത്. പരമ്പരാഗത പ്രയോഗത്തിൽനിന്നു[11] വ്യത്യസ്തമായ പുതിയ പ്രയോഗമേഖല ഈ ചിഹ്നങ്ങൾ നേടിയെടുക്കുന്നതായി മനസ്സിലാക്കാനാവും. മൂന്നാം ഉദാഹരണത്തിൽ, വാക്യത്തിലെ രണ്ടു ഭാഗങ്ങളിൽ ആദ്യത്തെ ഭാഗത്തുള്ള പ്രസ്താവന ആരു നടത്തി എന്നതു സൂചിപ്പിക്കാനാണ് 'രേഖ' ഉപയോഗിക്കുന്നത്. എന്നാൽ 4-ാം ഉദാഹരണത്തിൽ ഇത് ഇംഗ്ലീഷിലെ Versus (V/s) നു സമാനമായാണ് ഉപയോഗിച്ചിരിക്കുന്നത്. മൂന്നാം ഉദാഹരണത്തിലേതിനു സമാനമായ സന്ദർഭമാണ് ആറാം ഉദാഹരണത്തിലേതെങ്കിലും അവിടെ ഭിത്തികയാണ് ചിഹ്നം. അഞ്ചാം ഉദാഹരണത്തിലാകട്ടെ ഭിത്തികയിലൂടെ തലക്കെട്ടിനെ മറ്റൊരു രീതിയിൽ രണ്ടു ഖണ്ഡങ്ങളാക്കി തിരിക്കുന്നു. പൂർവഖണ്ഡം മുൻപുനടന്ന സംഭവത്തെയും ഉത്തരഖണ്ഡം അതിനോടുള്ള വർത്തമാനകാലപ്രതികരണത്തെയും കുറിക്കുന്നു. ഭിത്തികാപ്രയോഗത്തിലെ രണ്ടു സന്ദർഭങ്ങളും പരമ്പരാഗത സങ്കല്പത്തിനു വഴങ്ങുന്നവയല്ല. ചിഹ്നത്തിന്റെ കാര്യത്തിലുള്ള ഇത്തരം അവ്യവസ്ഥകൾ പത്രവ്യവഹാരഭാഷയുടെ പുതുസ്വഭാവമായി കണക്കാക്കുകയും അത് ആശയവിനിമയത്തിനു തടസ്സമല്ലാത്തതിനാൽ ഗൗനിക്കാതിരിക്കുകയും ചെയ്യുന്നു എന്നു പറയാം. "വ്യവഹാരമൂല്യം സംവേദനമാണ്. അതു വ്യവഹാരത്തിൽ എങ്ങനെ നടക്കുന്നു എന്ന അന്വേഷണമാണ് വ്യവഹാരാപഗ്രഥനം" (ജോസഫ് സ്കറിയ, 1990) എന്ന നിരീക്ഷണം ശ്രദ്ധേയമാണ്.

ക്രിയാമാത്രവാക്യമാണ് ഏഴാം ഉദാഹരണം. എട്ടാമത്തേത്, നാമമാത്രവാക്യവും. ഒന്നും രണ്ടും ക്രിയാരഹിതവാക്യങ്ങളാണ്. ഇത്തരത്തിൽ പരമ്പരാഗതസങ്കല്പങ്ങൾക്കു കീഴടങ്ങി നിൽക്കാതെ സ്വന്തമായ ഒരു വ്യാകരണം ചമയ്ക്കുകയാണ് പത്രവ്യവഹാരം ചെയ്യുന്നത്. കൂടുതൽ ഉദാഹരണങ്ങളെ ആശ്രയിച്ച് മറ്റു പ്രയോഗങ്ങളുടെ വ്യാകരണംകൂടി പഠനവിധേയമാക്കാവുന്നതാണ്.

പത്രഭാഷ എന്നതു സ്വയം ഒരു ഭാഷാവ്യവഹാരമായി നിലനിൽക്കുമ്പോൾത്തന്നെ അതിലെ ഓരോ വിഷയത്തിനും പ്രത്യേകമായ ഭാഷയുണ്ടെന്നു കാണാം. രാഷ്ട്രീയം, സ്പോർട്സ്, സിനിമ, വാണിജ്യം തുടങ്ങിയ ഓരോന്നും പുതുവ്യവഹാരമായി രൂപപ്പെടുന്നു. അവയിലെ ഭാഷ, മറ്റു വ്യവഹാരങ്ങളിലെ പദങ്ങളെയും ശൈലികളെയും സ്വീകരിക്കുകയും തങ്ങളുടേതാക്കി ഉപയോഗിക്കുകയും ചെയ്യുന്നു. സ്പോർട്സ് വ്യവഹാരത്തെ ഉദാഹരണമായി എടുക്കാം. കഴിഞ്ഞ ലോകകപ്പ് മത്സരസമയത്തു പത്രങ്ങളിൽ വന്ന ചില ശീർഷകങ്ങൾ പരിശോധിക്കുന്നതു മുകളിൽപ്പറഞ്ഞ വസ്തുത വിശദീകരിക്കാൻ സഹായിക്കും.

9 പൗലേറ്റയുടെ പാസിൽനിന്നു ഡച്ചുപാളയത്തിലേക്കൊരു മിസൈൽ തൊടുക്കുകയാണ് മനീഷ് ചെയ്തത് (മാതൃഭൂമി ജൂൺ 27, 2006)

10 ഫ്രാൻസിന്റെ ഹൃദയമായി സിദാനും പോർച്ചുഗലിന്റെ തലച്ചോറായി ഫിഗോയും വരുമ്പോൾ, അതൊരു ക്ലാസിക് കൂടിക്കാഴ്ചയാകുമെന്ന് ഉറപ്പ് (മാതൃഭൂമി ജൂൺ 5, 2006)

11 ഘാന നടത്തിയ ചെറുത്തുനിൽപ് വിശ്വഫുട്ബോളിൽ മൂന്നാം ലോകശക്തിയുടെ വൈഖരി മുഴക്കികൊണ്ടാണ് അവസാനിച്ചത്. (ദേശാഭിമാനി ജൂൺ 28, 2006)

12 ...ലോകമൊട്ടുക്ക് ആരാധകരും അലമുറയിടുമ്പോഴും ബ്രസീലിയൻ ഓർക്കസ്ട്രയിലെ ശ്രുതിഭംഗങ്ങൾ ദുസ്സഹമായ കാഴ്ചയായിരുന്നു. (ദേശാഭിമാനി ജൂൺ 9, 2006)

13 ...സിദാൻ നേതൃത്വം നൽകിയ ഫ്രഞ്ചുവിപ്ലവത്തെ അതിജീവിച്ച് ഫുട്ബോളിന്റെ... (ദേശാഭിമാനി ജൂലൈ 10, 2006)

14 അദ്ദേഹത്തിന്റെ തിരക്കഥ കുറ്റമറ്റതാണ്; നടൻമാരും കാണികളും മാറിയാലും സ്കൊളാരിയുടെ തന്ത്രം പിഴക്കാറില്ല. (ദേശാഭിമാനി ജൂൺ 18, 2006)

15 ലോകഫുട്ബോളിലെ പൊന്നുതമ്പുരാക്കന്മാർക്കെതിരെ അടിയാൻമാരുടെ സമരകാഹളം ഘാനയിലൂടെ മുഴങ്ങുമ്പോൾ നിന്ദിതരും പീഡിതരുമായ ആഫ്രിക്കൻ ജനത ഒരു സുവർണസ്വപ്നംകൂടി സ്വന്തമാക്കുന്നു. (ദേശാഭിമാനി ജൂൺ 18, 2006)

16 ജർമനിയിൽ കാൽപ്പന്തിന്റെ പെരുങ്കളിയാട്ടത്തിന് പെരുമ്പറ മുഴങ്ങുന്നു. (ദേശാഭിമാനി ജൂൺ 9, 2006)

17 പോസ്റ്റിന്റെ വലത്തുനിന്ന് ആൻ തൊടുത്ത ഷോട്ട് വലക്കണ്ണികൾ ചുംബിച്ചപ്പോൾ, കൊറിയൻ കളിക്കാർ ആഹ്ലാദംകൊണ്ട് കെട്ടിപ്പുണർന്നു. (മലയാള മനോരമ ജൂൺ 14, 2006)

ഇവിടെ സ്പോർട്സ് വാർത്തകൾ യുദ്ധ-ആരോഗ്യശാസ്ത്ര-പുരാവൃത്ത-രാഷ്ട്രീയ-സംഗീത-ചലചിത്ര-സാമ്പത്തിക-പ്രണയവ്യവഹാരങ്ങളുടെ പദാവലികൾ സ്വീകരിച്ചു തെളിച്ചം നേടുന്നു. 15-ാം ഉദാഹരണം പരിശോധിക്കുമ്പോൾ, അവിടെ കടന്നുവരുന്ന 'പൊന്നുതമ്പുരാക്കൻമാർ', 'അടിയാന്മാർ' എന്നീ പദങ്ങൾ ഫ്യൂഡൽ വ്യവസ്ഥയുടെയും 'സമരകാഹളം' യുദ്ധഭൂമിയുടെയും 'നിന്ദിതരും പീഡിതരും' ബൈബിൾവചനത്തിന്റെയും പിന്നീട് വർഗസമരത്തിന്റെയും മേഖലകളിൽ പെടുന്നവയാണ്. എഴുത്തിന്റെ രാഷ്ട്രീയംവച്ചുനോക്കുമ്പോൾ ഈ വാചകം അതുവന്ന പത്രത്തിൽ വരാൻ പാടില്ലാത്തതാണ്. കാരണം പൊന്നുതമ്പുരാക്കന്മാരും അടിയാന്മാരും നിലനിൽക്കുന്ന വ്യവസ്ഥിതിക്കെതിരെ, ആഫ്രിക്കൻ ജനതയെ അടിയാളരായി കണക്കാക്കുന്ന പ്രവണതയ്ക്കെതിരെ നിലപാടു സ്വീകരിക്കുന്ന പത്രമാണത്. എന്നാൽ ഇവിടെ ഈ പദാവലികൾ അത്തരം വ്യവഹാരത്തിൽനിന്നു വിടുതൽ നേടുകയും സ്പോർട്സ് വ്യവഹാരത്തിനകത്ത് ഇടം കണ്ടെത്തുകയും അങ്ങനെ അർഥദീർഘങ്ങൾ കൈവരിക്കുകയും ചെയ്യുന്നു. അതിലൂടെ സ്പോർട്സ് അവതരണം കളിയുടെ വിവരണം മാത്രമല്ലാതാവുന്നു. കളിയെഴുത്തു വായിക്കാൻ മാത്രമല്ലെന്നും കാണാനും കേൾക്കാനും രസിക്കാനും അനുഭവിക്കാനും ഉള്ളതാണെന്ന പുതുബോധം ജനിക്കുന്നു. ഈ ബോധം സൃഷ്ടിക്കുന്നതു മേൽപ്പറഞ്ഞ തരത്തിലുള്ള ഭാഷയാണ്.

ഇവിടെ സ്പോർട്സ് എന്നത് ഭാഷയിൽ തന്നിടങ്ങൾ സൃഷ്ടിക്കുകയും പുതുവ്യവഹാരമായി മാറുകയും ചെയ്യുന്നു. സ്പോർട്സ് പോലെത്തന്നെ സ്ത്രീ, വീട്, ഭക്ഷണം, വാഹനം, ഫിറ്റ്നസ് തുടങ്ങി നിരവധി പുതുവ്യവഹാരങ്ങൾ രൂപപ്പെടുന്നുണ്ട്; ഒപ്പം സ്വന്തം ഭാഷ അവ രൂപീകരിക്കുകയും ചെയ്യുന്നു. എല്ലാ പുതുവ്യവഹാരങ്ങളെയും സൂചിപ്പിക്കാൻ പ്രബന്ധശരീരം അനുവദിക്കില്ലെന്നതിനാൽ മാതൃകയ്ക്ക് വാഹനവ്യവഹാരത്തിന്റെ ഭാഷകൂടി പരാമർശിക്കുന്നു.

18 പെട്ടെന്നാർക്കും മെരുങ്ങുന്ന ജനുസ്സല്ല പോർഷെ. എപ്പോഴും പ്രവർത്തനക്ഷമമായ നാലുവീൽ ഡ്രൈവും ഉന്നതവേഗതത്തിലോടുന്ന ഭാരമില്ലാത്ത ബോഡിയും മധ്യത്തിലുറപ്പിച്ച അതീവശക്തമായ എൻജിനുമൊക്കെ ഈ കാറിനെ നിയന്ത്രിക്കുന്നത് വഴങ്ങാത്ത കുതിരയെ നിയന്ത്രിക്കുന്നതുപോലെയാക്കി. അത്ര പെട്ടെന്നാർക്കും വഴങ്ങില്ല; മർമ്മറിയുന്നവർക്കു മുന്നിൽ അനുസരണയോടെ വഴങ്ങും. (ഫാസ്റ്റ്ട്രാക്ക് 2005, പുറം 8)

19 ഷെവർലെ റോഡിലിറങ്ങിയാൽ ഒരഴകാണ്. ആരും ഒന്നു കണ്ണുവെച്ചു പോവുന്ന അഴക്. (ഫാസ്റ്റ്ട്രാക്ക് 2005, പുറം 29)

20 സ്നേഹത്തോടൊന്നു തൊട്ടാൽ 'ഓടുന്ന' മനസ്സാണാ കാറുകൾക്ക്, മിണ്ടിപ്പറഞ്ഞാൽ മറുവാക്കുരിയാടിടും. സിരകളിൽ രക്തത്തിനു പകരം പെട്രോളൊഴുന്ന ജീവനുള്ള വസ്തു... (ഫാസ്റ്റ്ട്രാക്ക് 2005, പുറം30)

21 അവളുടെ അംഗവടിവുകളിലൂടെ കയ്യോടിക്കൂ. എന്തൊരു സുഖം. നിങ്ങളിഷ്ടപ്പെടാതിരിക്കില്ല. അളവുകളിൽ നേർരേഖ അടിസ്ഥാനമിടുന്ന പുതിയ സൗന്ദര്യസങ്കല്പങ്ങൾക്കിടെ പഴയകാല മലയാള സിനിമാതാരങ്ങളുടെ രൂപത്തിന് ഒത്തുപോകുന്ന അംബാസിഡറിന് ആത്മവിശ്വാസത്തോടെ ഇതു പറയാൻ കഴിയുന്നുണ്ടെങ്കിൽ, കാലം കൈമാറിയ ചങ്കൂറ്റമായി കണക്കാക്കിയാൽ മതി (ഫാസ്റ്റ്ട്രാക്ക് 2005, പുറം 38).

22 അഭിമാനത്തിന്റെ നെഞ്ചുവിരിവും പൗരുഷത്തിന്റെ മേൽമീശയുമായി അന്തസ്സോടെ യാത്ര വേണോ, റോയൽ എൻഫീൽഡ് ബുള്ളറ്റിൽ തന്നെയാവണം. 'ഫാന്റം പൈലി' മമ്മൂട്ടി, 100 സി. സി. ബൈക്കിൽ യാത്ര ചെയ്യുന്നത് ആലോചിക്കാനാവുമോ? ഇന്ദ്രൻസ് ബുള്ളറ്റോടിക്കുന്നത് സങ്കല്പിക്കാൻ പോലും കഴിയുകയും ഇല്ല!! (ഫാസ്റ്റ്ട്രാക്ക് 2005, പുറം 39)

23 സൗന്ദര്യവും ആരോഗ്യവും Body & Beauty CARe (ഫാസ്റ്റ്ട്രാക്ക് 2005, പുറം 64)

24 പ്രേമഭാജനം (ശീർഷകം) (ഫാസ്റ്റ്ട്രാക്ക് 2005, പുറം 38)

25 കാർ സ്റ്റീരിയോക്കു വേണ്ടുന്ന മാക്സിമം ഔട്ട്പുട്ട് 52x4 ആണ്. ...ഹൈ ഫൈ ഇഫക്ടിന് അഡീഷണൽ ആംപ്ലിഫയർ, സബ്വൂഫർ, ഈക്വലൈസർ എന്നിവയൊക്കെ കൂടെ അസംബിൾ ചെയ്യുകയുമാവാം. ഡിക്കി സ്പെയ്സ് കളയാതെ വേണം സ്പീക്കർ ഘടിപ്പിക്കേണ്ടത്. എഫിഷ്യൻസി കുറയാതിരിക്കാൻ...(ഫാസ്റ്റ്ട്രാക്ക് പുറം 145)

ഈ ഉദാഹരണങ്ങളിലൂടെ കടന്നുപോകുമ്പോൾ വാഹനത്തിന് യാത്ര ചെയ്യുക എന്നതിനപ്പുറം പല ധർമങ്ങളും നിർവഹിക്കാനുണ്ടെന്നു കാണാം. ജീവിത നിലവാരത്തെത്തന്നെ നിർണയിക്കുന്ന ഉപാധിയാണ് ഇന്ന് വാഹനം. സ്ത്രൈണ-പൗരുഷഭാവങ്ങളും അഴകും വഴിയും മനസ്സും എല്ലാം വാഹനത്തിനും ബാധകമാവുന്നു. 22-ാം ഉദാഹരണം വ്യക്തിയെത്തന്നെ നിർവചിക്കാൻ വാഹനം ഉപയോഗിക്കുന്നു. വാഹനം 'അത്' അല്ലാതാവുകയും 'അവനും അവളും' ആവുകയും ചെയ്യുന്നു. 21-ാം ഉദാഹരണം വാഹനത്തിന്റെ സ്ത്രൈണതയെയും അഴകിനെയും ആസ്വാദ്യതയെയും (സ്ത്രീയുടെയും വാഹനത്തിന്റെയും) സൂചിപ്പിക്കുന്നു. സാംസ്കാരികമാനദണ്ഡങ്ങളുപയോഗിച്ച് ഇത്തരം പ്രയോഗങ്ങളെ അപഗ്രഥിക്കാവുന്നതാണ്.

24-ാം ഉദാഹരണം വാഹനമലയാളത്തിന്റെ മറ്റൊരു സവിശേഷത കാണിച്ചുതരുന്നു. ഇംഗ്ലീഷ് പദങ്ങൾ അനായാസമായി കടന്നുവരുന്നു എന്നതുമാത്രമല്ല. അത് കടംകൊണ്ട ശബ്ദമായി മാറിനിൽക്കാതെ മലയാളപരിസരത്ത് ഇടം കണ്ടെത്തുന്നു എന്നതും പരിഗണനാർഹമാണ്. വാഹനമലയാളത്തിന്റെ ഭാഷാപരമായ സവിശേഷതകളും കൂടുതൽ പഠനം ആവശ്യപ്പെടുന്നുണ്ട്.

ഇപ്രകാരം പുതുവ്യവഹാരങ്ങൾ രൂപപ്പെടുകയും അവ ഭാഷയുടെ മാറ്റത്തിനു കാരണമാകുകയും ചെയ്യുന്നു. ഓരോ വ്യവഹാരവും പ്രത്യേകമായ ഭാഷ രൂപപ്പെടുത്തുമ്പോൾ ചിലയിടങ്ങളിലെങ്കിലും അത്തരം ഭാഷ, ആ വ്യവഹാരത്തിനകത്തു പ്രവർത്തിക്കുന്നവർക്കു മാത്രമായി വിനിമയം ചെയ്യപ്പെടുന്നതായി ആരോപണമുണ്ട്. ആധുനിക നിരൂപണങ്ങളിലെ ഭാഷ സാമാന്യജനത്തിന് അന്യമാണെന്ന ആരോപണം ഇവിടെ ഓർക്കാവുന്നതാണ്[12].

എങ്കിലും, പുതുവ്യവഹാരങ്ങൾ ഭാഷയിൽ വരുത്തുന്ന പരിണാമങ്ങളും അതിലൂടെ അതു സമൂഹപരിണാമത്തിനു പ്രേരകമാവുന്നതും സവിശേഷശ്രദ്ധ ആവശ്യപ്പെടുന്നുണ്ട്. ഈ വ്യവഹാരങ്ങളെ അപഗ്രഥിക്കുന്നതിലൂടെ സമൂഹ-ഭാഷാപരിണാമങ്ങളെ അടയാളപ്പെടുത്താൻ കഴിയും. ഓരോ വ്യവഹാരവും ഇത്തരത്തിൽ പഠനവിധേയമാക്കേണ്ടത് ആവശ്യമാണ്. സമൂഹവും മാധ്യമങ്ങളും ഈ വ്യവഹാരങ്ങളെ എങ്ങനെ സ്വീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു എന്ന അന്വേഷണം, വ്യവഹാരങ്ങൾ സമൂഹസൃഷ്ടിക്ക് എങ്ങനെ പ്രേരകമാവുന്നു എന്ന അറിവിലേക്കു നയിക്കും. ഒപ്പം ഭാഷയുടെ പുത്തൻ വിനിമയസങ്കേതങ്ങൾ വെളിപ്പെടുകയും ചെയ്യും. ഇത്തരം പഠനങ്ങൾ ഒരേസമയം അനേകം വിജ്ഞാനശാഖകളെ സ്പർശിക്കുകയും വ്യത്യസ്ത സിദ്ധാന്തങ്ങളും രീതിശാസ്ത്രങ്ങളും ഉപയോഗിക്കുകയും ചെയ്യുന്നതുകൊണ്ട് പലപ്പോഴും ബഹുവിജ്ഞാനപരവും ചിലപ്പോഴെല്ലാം അന്തർവിജ്ഞാനപരവുമായിത്തീരുന്നു.

## 2

ഫിറ്റ്നസിനെ സമൂഹം എങ്ങനെയാണു സ്വാംശീകരിച്ചിരിക്കുന്നത്, അത് ഏതെല്ലാം തരത്തിൽ, എത്രമാത്രം വ്യാപകമാണ്, അതിന്റെ തോതും തരവും എന്ത് എന്നെല്ലാം പഠിക്കാൻ ഇരിങ്ങാലക്കുടയിലും പരിസരപ്രദേശങ്ങളിലും വസിക്കുന്ന നൂറുപേരെ ഇന്റർവ്യൂ ചെയ്തിരിക്കുന്നു. ആ അഭിമുഖങ്ങളും പ്ലസ്വൺ ക്ലാസിലെ ഇരുപത്തെട്ടു വിദ്യാർഥികൾ വ്യക്തിപരമായി ഉണ്ടാക്കിയ ഫിറ്റ്നസ് നിർവചനങ്ങളും പഠനത്തിന് ആധാരമായി സ്വീകരിച്ചിരിക്കുന്നു. ഇരിങ്ങാലക്കുടയ്ക്കു പുറത്തുള്ള ചെറുപ്പക്കാരനായ ഒരു 'സെലിബ്രിറ്റി'യുടെ അഭിമുഖവും ആനുഷംഗികമായി ഉപയോഗിക്കുന്നുണ്ട്.

ഇരിങ്ങാലക്കുടയ്ക്കു പുറത്തുള്ള ആളുടെ അഭിമുഖം എടുത്തതിനു കാരണമുണ്ട്. കേരളം ഒരൊറ്റ നഗരമായി മാറിക്കൊണ്ടിരിക്കുകയും അതിന്റെ ഭാഗമായിത്തന്നെ സമൂഹത്തിൽ മധ്യവർഗവത്കരണം (Middle-classization) സംഭവിക്കുകയും ചെയ്യുന്നു എന്നത് ഇന്നു പൊതുവിൽ തിരിച്ചറിയപ്പെടുന്നുണ്ട്. വിദ്യാഭ്യാസം, ഭക്ഷണം, പാർപ്പിടം, ആശയവിനിമയം, അഭിരുചികൾ, മാധ്യമങ്ങൾ എന്നിങ്ങനെയുള്ള ഇടങ്ങളിലെല്ലാം ഈ പ്രവണത വളരെ പ്രകടമായി കാണാം. ഇത് എപ്രകാരമാണ് ഫിറ്റ്നസിന്റെ കാര്യത്തിൽ ഇരിങ്ങാലക്കുടയിലും പ്രാവർത്തികമാകുന്നത് എന്നു തിരിച്ചറിയുന്നതിനുകൂടിയാണ് ഇരിങ്ങാലക്കുടയ്ക്കു പുറത്തുള്ള മധ്യവർഗപ്രതിനിധിയായ ഒരാളെ ഉൾപ്പെടുത്തിയിരിക്കുന്നത്.

അഭിമുഖം നൽകിയവരിൽ അമ്പതു പേർ സ്ത്രീകളും അമ്പതു പേർ പുരുഷന്മാരുമാണ്. തുടർന്നുവരുന്ന കണക്കുകളിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് യഥാക്രമം സ്ത്രീപുരുഷഭേദമനുസരിച്ചുള്ള കണക്കുകളാണ്.

പതിനഞ്ചു വയസ്സിനു മുകളിൽ പ്രായമുള്ളവരാണ് എല്ലാ ആവേദകരും. 15നും 30നും ഇടയിൽ പ്രായമുള്ള 38(21+17) പേരും 30നും 50നും ഇടയിൽ പ്രായമുള്ള 46(24+22) പേരും 50നും 65നും ഇടയിൽ പ്രായമുള്ള 11(4+7) പേരും അതിനു മുകളിൽ പ്രായമുള്ളവരായി 5(1+4) പേരുമാണുള്ളത്.

അഭിമുഖം നടത്തിയവരിൽ ഒരാൾ നിരക്ഷരയാണ്. 15(8+7) പേർ പത്താം ക്ലാസ്സോ അതിൽ താഴെയോ വിദ്യാഭ്യാസം ഉള്ളവരും 42(23+19) പേർ പ്രീഡിഗ്രി/പ്ലസ് ടു/ഡിഗ്രി വിദ്യാഭ്യാസം നേടിയവരുമാണ്. 42(18+24) പേർ ഡിഗ്രിക്കു മുകളിൽ വിദ്യാഭ്യാസയോഗ്യത ഉള്ളവരോ പ്രൊഫഷണൽ കോഴ്സുകൾ പാസ്സായവരോ ആണ്.

ആവേദകരിൽ 21 പേർ 5000/- നു താഴെയും 33 പേർ 10,000/-നു താഴെയും മാസവരുമാനം ഉള്ളവരാണ്. 33 പേരുടെ മാസവരുമാനം 10,000/-ത്തിനും 40,000/- മധ്യേയാണ്. 40,000/-ത്തിനു മുകളിൽ മാസവരുമാനമുള്ളവർ 13 പേരുണ്ട്.പുരുഷന്മാരിൽ 35 പേർ വിവാഹിതരാണ്. സ്ത്രീകളിൽ 29 പേരും.

ഫിറ്റ്നസിനെ നിർവചിച്ച വിദ്യാർഥികളിൽ 12 പേർ ആൺകുട്ടികളും 16 പേർ പെൺകുട്ടികളുമാണ്. ഈ വിദ്യാർഥികളുടെ സാമ്പത്തിക-സാമൂഹിക അവസ്ഥകളൊന്നുംതന്നെയും പഠനത്തിൽ പരിഗണിച്ചിട്ടില്ല. വളർന്നുവരുന്ന വിദ്യാർഥിസമൂഹം എങ്ങനെയാണ് ഫിറ്റ്നസിനെ സ്വീകരിച്ചിരിക്കുന്നത് എന്നും അതിനെ അവർ ഏതേതു ഘടകങ്ങളുമായിട്ടാണു ബന്ധപ്പെടുത്തുന്നത് എന്നും അവരുടെ അറിവിൽ ലിംഗഭേദമനുസരിച്ചു നിർണയനവ്യതിയാനങ്ങൾ ഉണ്ടോ എന്നു മാത്രമേ അന്വേഷിച്ചിട്ടുള്ളൂ. ഔപചാരികവും അനൗപചാരികവുമായ അഭിമുഖങ്ങളിൽനിന്നു ലഭിക്കുന്ന ഫിറ്റ്നസ് നിർവചന/വിശദീകരണ/വിവരണങ്ങളിൽനിന്നു വ്യത്യസ്തമായ ഒരു തലം ഈ നിർവചനങ്ങൾക്കുണ്ട്. അധ്യാപകൻ ക്ലാസ്സെടുക്കുന്നതിനു മുന്നോടിയായി വിദ്യാർഥികളോട് ആവശ്യപ്പെട്ട പ്രകാരം എഴുതിയതാണ് ഈ നിർവചനങ്ങൾ. അതായതു കുട്ടികളുടെ വളരെ ബോധപൂർവവും സുചിന്തിതവുമായ അഭിപ്രായമായി ഇതിനെ എടുക്കാവുന്നതാണ്.

ആൺകുട്ടികൾ ഫിറ്റ്നസിനെ ശാരീരിക ആരോഗ്യം, മാനസിക ആരോഗ്യം, ഭൗതിക ഉണർവ്, പ്രവർത്തനനിരതത്വം, രോഗപ്രതിരോധശേഷി എന്നിവയുമായി കണ്ണിചേർത്താണു നിർവചിക്കുന്നത്. പെൺകുട്ടികളാകട്ടെ, ശാരീരികാരോഗ്യം, മാനസികാരോഗ്യം, രോഗപ്രതിരോധശേഷി എന്നിവക്കുപുറമെ വൈയക്തികതയെയും അവയോടു കണ്ണിചേർക്കുന്നു. ഇതിൽതന്നെ ശാരീരികാരോഗ്യം (28%), രോഗപ്രതിരോധശേഷി(21%) എന്നീ ഘടകങ്ങളാണു മുന്നിട്ടുനിൽക്കുന്നത്. തൊട്ടുപിന്നാലെ വരുന്ന ഘടകം മാനസിക ആരോഗ്യമാണ്.

**പ്ലസ് വൺ വിദ്യാർഥികളുടെ ഫിറ്റ്നസ് നിർവചനത്തിലെ ഘടകങ്ങൾ**

| | ഇനം | ആൺ | പെൺ | ആകെ | % |
|---|---|---|---|---|---|
| 1 | ശാരീരിക ആരോഗ്യം | 8 | 9 | 17 | 28.33 |
| 2 | ശരീരസംബന്ധി | 4 | 9 | 13 | 21.31 |
| 3 | രോഗപ്രതിരോധശേഷി | 5 | 3 | 8 | 13.33 |
| 4 | പ്രവർത്തന നിരതത്വം | 2 | 0 | 2 | 3.33 |
| 5 | ബൗദ്ധിക ഉണർവ് | 1 | 0 | 1 | 1.67 |
| 6 | മാനസികാരോഗ്യം | 4 | 1 | 5 | 8.33 |
| 7 | മനസ്സംബന്ധി | 4 | 3 | 7 | 11.67 |
| 8 | സമൂഹസംബന്ധി | 1 | 0 | 1 | 1.67 |
| 9 | വ്യക്തിത്വം | 0 | 1 | 1 | 1.67 |
| 10 | വ്യക്ത്യനുയോജ്യം | 0 | 1 | 1 | 1.67 |
| 11 | വസ്തുവിനോടുള്ള യോജിപ്പ്/സാമ്യം | 0 | 4 | 4 | 6.67 |

ഫിറ്റ്നസിനെ പെൺകുട്ടികൾ മിക്കവാറും ശരീരത്തോടു ചേർത്താണ് കാണുന്നത് എങ്കിൽ, ശരീരത്തോടൊപ്പംതന്നെ അതിന് ഒരു മാനസിക-സാമൂഹ്യതലം കൂടിയുണ്ട് എന്ന് ആൺകുട്ടികൾ തിരിച്ചറിയുന്നു.

1 ശാരീരിക ആരോഗ്യം
2 ശരീരസംബന്ധി
3 രോഗപ്രതിരോധശേഷി
4 പ്രവർത്തന നിരതത്വം
5 ബൗദ്ധിക ഉണർവ്
6 മാനസികാരോഗ്യം
7 മനസ്സംബന്ധി
8 സമൂഹസംബന്ധി
9 വ്യക്തിത്വം
10 വ്യക്ത്യനുയോജ്യം
11 വസ്തുവിനോടുള്ള യോജിപ്പ്/സാമ്യം

Body, personality, flexible, Fit, Health എന്നിങ്ങനെയുള്ള ഇംഗ്ലീഷ് ശബ്ദങ്ങളുടെ അകമ്പടിയോടെയാണു മിക്കവരും ഫിറ്റ്നസിനെ നിർവചിക്കാൻ ശ്രമിക്കുന്നത്. അച്ചടി-ദൃശ്യമാധ്യമങ്ങൾക്കുമപ്പുറത്ത്, സ്വന്തം ജീവിതമണ്ഡലങ്ങളിൽ ഫിറ്റ്നസിനെ കൂടുതലായി തിരിച്ചറിയാൻ സാധിക്കുന്നതാകാം ആൺകുട്ടികളുടെ ഫിറ്റ്നസ് വ്യവഹാരത്തിൽ മനസ്സിനും ബുദ്ധിക്കും പ്രവർത്തനനിരതത്വത്തിനും ഇടം നൽകുവാനുള്ള കാരണമെന്ന് ഊഹിക്കാവുന്നതാണ്. അച്ചടിമാധ്യമത്തിൽ ശരീരത്തോടൊപ്പം തന്നെ മനസ്സും മറ്റു ഘടകങ്ങളും കടന്നുവരുന്നുണ്ടെങ്കിലും അതിന്റെ ദൃശ്യാവതരണത്തിൽ രൂപപരതയ്ക്കുതന്നെയാണു കൂടുതൽ പ്രാധാന്യം വരുന്നത്. പലപ്പോഴും ദൃശ്യങ്ങൾക്കിടയിൽ മറഞ്ഞുപോവുന്ന വരമൊഴിയിലൂടെയാണ് ഫിറ്റ്നസിനെ അവതരിപ്പിക്കാറുള്ളത്. ദൃശ്യത്തിന്റെ ഒരു അനുബന്ധം എന്ന മട്ടിലാണു പലയിടങ്ങളിലും ഈ വാചികാംശം കടന്നുവരുന്നത്. അതുകൊണ്ടുതന്നെ പെൺകുട്ടികൾ ഈ വാചികാംശത്തെ താരതമ്യേന തിരസ്കരിക്കുകയും ദൃശ്യാംശത്തെ ഏറ്റെടുക്കുകയുമാണു ചെയ്തത് എന്ന് അനുമാനിക്കാവുന്നതാണ്. വനിത, ഗൃഹലക്ഷ്മി തുടങ്ങിയ വനിതാപ്രസിദ്ധീകരണങ്ങളാണ് ഫിറ്റ്നസിന്റെ പ്രധാന ആവിഷ്കാര പ്രദേശങ്ങൾ. അതും മേൽപറഞ്ഞ നിഗമനത്തെ ബലപ്പെടുത്തുന്നു.

അഭിമുഖത്തിൽ പങ്കെടുത്തവരിൽ അഞ്ച് പുരുഷന്മാരും പത്ത് സ്ത്രീകളും ഫിറ്റ്നസ് എന്നു കേട്ടിട്ടില്ല. എന്നാൽ അനുബന്ധ ചോദ്യങ്ങളിലൂടെയും ചില മാതൃകകളിലൂടെയും കടന്നുപോകുമ്പോൾ അവരിൽ പലരും, മറ്റുള്ളവർ ഫിറ്റ്നസുമായി ബന്ധപ്പെടുത്തുന്ന പല ഘടകങ്ങളെയും ഉൾക്കൊള്ളുന്നതായി തിരിച്ചറിയുന്നുണ്ട്. അതായത് 85% ആൾക്കാരും ഫിറ്റ്നസിനെ നേരിട്ട് അറിയുമ്പോൾ മറ്റുള്ളവർ ഏതെങ്കിലും തരത്തിൽ സ്വയം അനുഭവിച്ചറിയുന്നുണ്ട്.

ഫിറ്റ്നസ് എന്നു കേൾക്കാത്ത പത്തു സ്ത്രീകളിൽ അഞ്ചുപേരും പത്താം ക്ലാസ്സിന് താഴെ മാത്രം വിദ്യാഭ്യാസമുള്ളവരും, വീട്ടമ്മമാരോ വീട്ടുജോലിക്കു പോകുന്നവരോ സെയിൽസ് ഗേൾസോ ആണ്. പുരുഷന്മാരിലും വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിലെ അഞ്ചു പേരാണ് ഫിറ്റ്നസ് എന്നു കേൾക്കാത്തത്. സ്ത്രീകളിൽ പത്തിൽ ഏഴുപേരും 5000ൽ താഴെ മാസവരുമാനം ഉള്ളവരും ബാക്കി മൂന്നു പേർ 10000ൽ താഴെ മാസവരുമാനം ഉള്ളവരുമാണ്. പുരുഷന്മാരിൽ അഞ്ചുപേരും 5000-ഓ അതിൽ താഴെയോ വരുമാനമുള്ളവരാണ്. ഈ വിഭാഗങ്ങളെല്ലാം തന്നെയും ഫിറ്റ്നസിനെക്കുറിച്ചുള്ള ചർച്ചകൾ കടന്നുവരുന്ന മാധ്യമങ്ങൾ വായിക്കാത്തവരുമാണ്. ഇവരിൽ മിക്കവരും ടി.വി. കാണുന്നവരാണെങ്കിലും വനിത, ഗൃഹലക്ഷ്മി, ആരോഗ്യമാസിക തുടങ്ങിയ ആനുകാലികങ്ങൾ വായിക്കുന്നത് കുറവാണ്. ഫിറ്റ്നസ് വ്യവഹാരത്തിന്റെ വ്യാപനത്തിൽ പ്രധാനപ്പെട്ട ഘടകമാണ് അച്ചടി മാധ്യമം എന്ന അറിവിലേക്ക് ഇക്കാര്യം നയിക്കുന്നുണ്ട്.





ശാരീരികാരോഗ്യം, ശരീരസംബന്ധി, മനസ്സംബന്ധി, സമൂഹസംബന്ധി, കർമശേഷി, അധ്വാനശേഷി, കാഴ്ചയും വ്യക്തിത്വവും തുടങ്ങിയ കാര്യങ്ങളുമായി ബന്ധിപ്പിച്ചാണ് അഭിമുഖത്തിൽ പങ്കെടുത്തവരെല്ലാം ഫിറ്റ്നസിനെ വിശദീകരിക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നത്. മാനസിക ആരോഗ്യവും ശാരീരിക ആരോഗ്യവും പരസ്പരം സൃഷ്ടിക്കുമെന്ന് ഒരു വിഭാഗം തിരിച്ചറിയുന്നുണ്ട്. ഈ അറിവ്, മനസ്സ്, ശരീരം എന്നിവ വിരുദ്ധദ്വന്ദ്വങ്ങളാണെന്ന പരമ്പരാഗതബോധത്തിൽനിന്നു വ്യത്യസ്തമാണ്.

**അഭിമുഖത്തിൽ പങ്കെടുത്തവർ ഫിറ്റ്നസ്സിനെക്കുറിച്ചു പറഞ്ഞ ഘടകങ്ങൾ**

| | | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | ശാരീരികാരോഗ്യം | 26 | 28 | 54 |
| 2 | ശരീരസംബന്ധി | 34 | 20 | 54 |
| 3 | മനസ്സംബന്ധി | 27 | 7 | 34 |
| 4 | സമൂഹസംബന്ധി | 5 | 0 | 5 |
| 5 | കർമശേഷി | 9 | 6 | 15 |
| 6 | അധ്വാനശേഷി | 18 | 17 | 35 |
| 7 | കാഴ്ചയും വ്യക്തിത്വവും | 9 | 24 | 33 |
| 8 | മറ്റുള്ളവ | 9 | 24 | 33 |

അഭിമുഖം നടത്തിയവരിലെ നല്ലൊരു വിഭാഗം(15%) ഓരോരുത്തർക്കും ഓരോ സമയത്തും ചെയ്യേണ്ട കാര്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഫിറ്റ്നസിനെ വിവരിക്കുകയോ വിശദീകരിക്കുകയോ ചെയ്യുന്നത്. അതായത് പാടാനുള്ള ശേഷി, പഠിപ്പിക്കാനുള്ള ശേഷി, നമുക്ക് ചെയ്യേണ്ടതെന്താണോ അത് ചെയ്യാനുള്ള കഴിവ് തുടങ്ങിയവയെയാണ് മേൽപറഞ്ഞ തലത്തിൽ വിവരിക്കുന്നത്. ഇപ്പറഞ്ഞവയെയാണ് പട്ടികയിൽ കർമശേഷി എന്ന പദംകൊണ്ട് കുറിച്ചിരിക്കുന്നത്. ഫിറ്റ്നസിനെ ദൈനംദിന ജീവിതാനുഭവമായി സ്വാംശീകരിച്ചതിന്റെ ലക്ഷണമായി ഇതിനെ കണക്കാക്കാം.

*മസിലല്ലല്ലോ ഫിറ്റ്നസ്... മസിലുണ്ടായതുകൊണ്ട് ഫിറ്റ് ആവണമെന്നില്ല...അരവിന്ദേട്ടനും സെസിലും കാണാൻ ഫിറ്റാണെന്നു തോന്നുമെങ്കിലും അസുഖങ്ങൾ ഇടക്കിടെ വരുന്നവരാണ്. അവർ ഫിറ്റല്ല*(ആവേദകൻ 87, വിവേക്).

*എന്തെങ്കിലും ചെയ്യാൻ, അല്ലെങ്കിൽ ഏതു കാര്യം ചെയ്യാനുള്ള ശരീരത്തിന്റെ അവസ്ഥ. അല്ലാതെ ബോഡി മസിൽസല്ല ഉദ്ദേശിക്കുന്നത്.*

*എന്തും ചെയ്യാനുള്ള താത്പര്യം മനസ്സിന്റേം ഫിറ്റ്നസിനെ ബാധിക്കും. ഇപ്പോൾ ഇന്റർവ്യൂകൾ കുറേ അറ്റൻഡ് ചെയ്തപ്പോൾ മെന്റൽ ഫിറ്റ്നസിന്റെ പ്രാധാന്യം തിരിച്ചറിയുന്നു* (ആവേദകൻ 90, ശ്രീനാഥ്).

*ഫിറ്റനസ് എന്നു മാത്രം പറയുമ്പോൾ സമൂഹത്തിൽ ഒരു കണ്ണിയാകാനാവുന്ന അവസ്ഥയെയാണ് കാണുന്നത്... സ്വന്തം ഫിറ്റ്നസിനുവേണ്ടി സമൂഹത്തിൽ ഫിറ്റാവാൻ ശ്രമിക്കണം. കഴിയുന്നതും സമൂഹത്തിലെ മറ്റു കണ്ണികളെ ദ്രോഹിക്കാതിരിക്കുകയും ഗുണം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുക. തിരിച്ചും ഗുണമുണ്ടെങ്കിൽ സ്വീകരിക്കുക.* (ആവേദകൻ 92, കൃഷ്ണൻകുട്ടി).

### ഫിറ്റ്നസ്സ് ഘടകങ്ങൾ

1 ശാരീരികാരോഗ്യം
2 ശരീരസംബന്ധി
3 മനസ്സംബന്ധി
4 സമൂഹസംബന്ധി
5 കർമശേഷി
6 അധ്വാനശേഷി
7 കാഴ്ചയും വ്യക്തിത്വവും
8 മറ്റുള്ളവ

ഈ പറച്ചിലുകളിൽ സാർവലൗകികമായ 'ഫിറ്റ്നസ്' എന്നൊന്നില്ലെന്നും മസിൽപവർ ഫിറ്റ്നസിന്റെ പ്രധാന ഘടകമല്ല എന്നുമുള്ള ബോധമാണ് തെളിയുന്നത്. മാനസികാരോഗ്യം, സൗന്ദര്യം, സാമൂഹ്യതലം എന്നിവ





യെല്ലാം ഫിറ്റ്നസുമായി കണ്ണിചേരുമ്പോൾ വ്യക്തമാകുന്നത് ഇക്കാര്യം തന്നെയാണ്.

സൗന്ദര്യവും കാഴ്ചയും സാമൂഹ്യതലവും ഫിറ്റ്നസിന് ഉണ്ടെന്നു നിരീക്ഷിക്കുന്നതിലൂടെ ഈ വ്യവഹാരം മുമ്പുണ്ടായിരുന്ന ജിംനേഷ്യസംസ്കാരത്തിൽനിന്നു വ്യത്യസ്തമായതും പുതുധർമങ്ങൾ ഉള്ളതും കുറേക്കൂടി വലിയ തലം ഉള്ളതും ആണെന്നു വ്യക്തമാകുന്നു.

ഉപകരണങ്ങളില്ലാത്ത സ്വാഭാവിക വ്യായാമം(44%), ഉപകരണങ്ങൾ ഉപയോഗിച്ചുള്ള വ്യായാമം(10%), ഭക്ഷണക്രമീകരണം(28%), ദിനചര്യ(11%), യോഗ(6%) എന്നിവയാണ് ഇതിൽ പ്രധാനമായി കടന്നുവരുന്നത്. ഇങ്ങനെ നോക്കുമ്പോൾ, ശരീരകേന്ദ്രിതമായാണ് ഫിറ്റ്നസിനെ പ്രധാനമായും തിരിച്ചറിയുന്നത് എന്നു പറയാമെങ്കിലും അതോടൊപ്പംതന്നെ ദിനചര്യ, വായന, സംസാരം, ടെൻഷൻ ഫ്രീയായിരിക്കൽ, വിശ്രമം, പാട്ടു കേൾക്കൽ, പാടൽ തുടങ്ങിയ കാര്യങ്ങളും ഫിറ്റ്നസിന് ആവശ്യമാണെന്നു പറയുന്നതിലൂടെ മാനസികമായ ഒരു തലം ഇതിനുണ്ട് എന്ന ബോധവും ഉത്പാദിപ്പിക്കുന്നുണ്ട്. ശാരീരികമായ വ്യായാമങ്ങളിൽ ഏർപ്പെടുന്നവരും ഇക്കാര്യത്തെക്കുറിച്ച് ഗൗരവത്തോടെതന്നെ പരാമർശിക്കുന്നുണ്ട്.

പുതുതലമുറയാണോ മുൻതലമുറയാണോ ഫിറ്റ് എന്ന ചോദ്യത്തിനു വളരെ വലിയ വിഭാഗം ആൾക്കാരും(61%) മുൻതലമുറയാണെന്ന മറുപടിയാണു നൽകുന്നത്. വളരെ കുറച്ചുപേർ പുതുതലമുറയാണ് ഫിറ്റ്(9%) എന്നു പറയുമ്പോൾ രണ്ടുതലമുറയും ഫിറ്റാണെന്നു പറയുന്ന ഒരു ചെറുവിഭാഗമുണ്ട്(2%). അതുപോലെത്തന്നെ ഇക്കാര്യം താരതമ്യം ചെയ്യാവതല്ല (3%) എന്ന അഭിപ്രായവും ഉണ്ട്. എന്നാൽ ഫിറ്റായവരെ ചൂണ്ടിക്കാണിക്കേണ്ടിവരുമ്പോൾ മുൻതലമുറയിലേക്കു പോകുന്നവർ കുറവാണ്. വളരെയധികം പേരും(34%) തനിക്കു ചുറ്റുമുള്ളവരിൽനിന്നാണ് ഉദാഹരണങ്ങൾ കാണിക്കുന്നത്.

### ഏതു തലമുറയാണ് ഫിറ്റ്?

1 മുൻതലമുറ
2 ഇപ്പോഴത്തെതലമുറ
3 രണ്ടും
4 താരതമ്യം അസാധ്യം

സിനിമാതാരങ്ങൾ(18%), കായികതാരങ്ങൾ(5%) തുടങ്ങിയ സെലിബ്രിറ്റീസിനെ എടുത്തുകാണിക്കുന്നവരും ഇല്ലാതില്ല. മഹാത്മാഗാന്ധിയെ മൂന്നുപേർ ഉദാഹരിക്കുന്നുണ്ട്. അതുപോലെതന്നെ വി.എസ്സ്. അച്ച്യുതാനന്ദൻ, കെ. കരുണാകരൻ, എം.എസ്. സുബ്ബലക്ഷ്മി തുടങ്ങിയവരും ഉദാഹരണമായി കടന്നുവരുന്നുണ്ട്. ആരും ഫിറ്റല്ല എന്ന അഭിപ്രായമുള്ളവരും(14%) പലരും ഫിറ്റാണെന്നോ(5%) ഓരോരുത്തരും അവരവരുടേതായ രീതിയിൽ ഫിറ്റാണെന്നോ (3%) പറയുന്നവരും ഉണ്ട്.

### ആരാണ് ഫിറ്റ്?

8 9 7 1 6 5 4 3 2

1 പരിചിതർ
2 സിനിമാതാരങ്ങൾ
3 രാഷ്ട്രീയക്കാർ
4 കായികതാരങ്ങൾ
5 പലരും
6 ആരുമില്ല
7 എല്ലാവരും





ഇവിടെ എടുത്തുപറയേണ്ട മറ്റൊരു കാര്യം ഫിറ്റ്നസിനെ ശരീരവുമായി ബന്ധപ്പെടുത്തുമ്പോൾ അതിന്റെ പ്രത്യക്ഷീകരണതലവുമായി കടന്നുവരുന്ന ഘടകങ്ങൾ ആരോഗ്യം, മസിലുകൾ, ചിലപ്പോഴെങ്കിലും സൗന്ദര്യം എന്നിവ മാത്രമാണ് എന്നതാണ്. സ്ത്രീപുരുഷബന്ധമോ ലൈംഗികതയോ ആരും പരാമർശിക്കുന്നില്ല. എന്നാൽ മാധ്യമങ്ങളിലാവട്ടെ ഇക്കാര്യം ഏറെ ചർച്ച ചെയ്യപ്പെടുന്നുമുണ്ടുതാനും. ലൈംഗികതയുടെ വ്യത്യസ്തങ്ങളായ ആവിഷ്കാരപ്രകാരങ്ങൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ ധാരാളമായി ആവിഷ്കരിക്കപ്പെടുകയും ആസ്വദിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും അത് പൊതുഭാഷണങ്ങളിൽ കടന്നുവരുന്നേയില്ല. കുടുംബസദസ്സുകളിലോ ഭരണവ്യവഹാരങ്ങളിലോ അതൊരിക്കലും വരുന്നില്ലെന്നു മാത്രമല്ല, അതെല്ലാം അശ്ലീലവും പൊതുഭാഷണത്തിലോ പാഠ്യപദ്ധതിയിലോ കടന്നുവരാൻ പാടില്ലാത്തതും ആണ് എന്നാണ് ഭരണകൂടത്തിന്റെയും കുടുംബത്തിന്റെയും നിലപാട്[13]. മാധ്യമങ്ങളെ സാമാന്യമായി വിലയിരുത്തുമ്പോൾ മലയാള ടി.വി. ചാനലുകളിൽ ദൂരദർശനും അച്ചടിമാധ്യമങ്ങളിൽ ദിനപത്രങ്ങളും കുടുംബത്തിന്റെയും അതിന്റെതന്നെ ബൃഹത്രൂപമായ ഭരണകൂടത്തിന്റെയും നിലപാടുകളാണ് സ്വീകരിക്കുന്നത്. എന്നാൽ മിക്കവാറും ആനുകാലികങ്ങളും സ്വകാര്യ ടെലിവിഷൻ ചാനലുകളും സിനിമയും വൈയക്തിക അഭിരുചിയുടെ ഉത്പാദന-വിതരണ കേന്ദ്രമായി, മധ്യവർഗവത്കരണത്തിനുള്ള ഒരു ഇടമായും ഉപകരണമായും വർത്തിക്കുന്നുണ്ട്.

ഈ പറഞ്ഞ പൊതുബോധങ്ങളിൽനിന്നു വ്യത്യസ്തമല്ല പുറത്തുനിന്നുള്ള ആവേദകന്റെ മൊഴികൾ. ഫിറ്റ്നസിന്റെ ശാരീരികതലത്തെക്കാൾ മാനസികതലത്തെക്കുറിച്ച് വാചാലനാകുകയും മുൻതലമുറയാണ് ഫിറ്റ് എന്ന് ഉറപ്പിച്ചു പറയുകയും ചെയ്യുമ്പോഴും മാതൃകാപരമായി ഫിറ്റായി കണക്കാക്കുന്നത് മമ്മൂട്ടിയെയും ഋത്വിക് റോഷനെയും ആണ് എന്നതും മേൽപ്പറഞ്ഞ അഭിപ്രായങ്ങളെ സാധൂകരിക്കുന്നു.

ശരീരബോധം സ്വകാര്യഇടങ്ങളിലേ ആവിഷ്കൃതമാവുന്നുള്ളൂ. ബ്യൂട്ടിപാർലറുകളിൽ പോയി ഒരുങ്ങുക എന്നതു പ്രത്യക്ഷത്തിൽ സ്ത്രീയുടെ ആവശ്യമാണെന്നു പറയുകയും, അതിനായി അവളെ പറഞ്ഞയക്കുന്ന അമ്മയും അമ്മയെ നിർബന്ധിക്കുന്ന അച്ഛനും അങ്ങനെ ഭരണകൂടംതന്നെയും ഇവിടെ ഒളിച്ചുകളി നടത്തുകയും വാചകക്കസർത്തിലൂടെ അതു തങ്ങളുടെ ആവശ്യമല്ല എന്നു തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു. ശരീരത്തെക്കുറിച്ചുള്ള 'ഭയ'മാണിത്. സ്വന്തം ശരീരത്തെയോ ശരീരത്തെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾ പറയേണ്ടി വരുമ്പോൾ പലപ്പോഴും പ്രതിഭാഷ ഉപയോഗിക്കുന്നത് ഇതിനു തെളിവാണ്[14]. ഇത് ഈ സമൂഹം അനുഭവിക്കുന്ന ഒരു വലിയ സംഘർഷമാണ്. സ്വകാര്യമായി ആസ്വദിക്കുന്ന ഒന്ന്, പൊതുമണ്ഡലത്തിന്റെ ഭാഗമായി നിൽക്കേണ്ടിവരുമ്പോൾ അവർക്കു തിരസ്കരിക്കേണ്ടിവരുന്നു. സ്ത്രീപീഡന

ങ്ങളെക്കുറിച്ചും മറ്റും ഇക്കിളിപ്പെടുത്തുന്ന തരത്തിൽ അവതരിപ്പിക്കപ്പെടുന്ന വാർത്തകൾ ആർത്തിയോടെ വായിക്കുകയും പരസ്യമായി അവയ്ക്കെതിരെ സംസാരിക്കുകയും ചെയ്യുന്നു എന്നതാണു മലയാളിയുടെ ഇന്നത്തെ അവസ്ഥ. ഫിറ്റ്നസിനെക്കുറിച്ചുള്ള ചർച്ചകളിൽ ശാരീരിക-മാനസിക ഘടകങ്ങൾ മാറിമാറിവരുന്നത് ഈ തലത്തിൽനിന്നു വായിക്കാവുന്നതാണ്.

ഫിറ്റ്നസിനെ അതിന്റെ ശരീരപരതയിൽ മാത്രം കണക്കാക്കുന്ന ഒരു പഠനശാഖതന്നെ ഇവിടെയുണ്ട്. അവർതന്നെ ഇപ്പോൾ അതിന്റെ ഒരു ഉപവിഭാഗമായി 'കോസ്മെറ്റിക് ഫിറ്റ്നസ്' എന്ന ഒന്നിനെ തിരിച്ചറിയുന്നുണ്ട്. ഈ ഉപവിഭാഗത്തെയാണു മാധ്യമങ്ങൾ പലപ്പോഴും ഫിറ്റ്നസ് എന്ന മട്ടിൽ അവതരിപ്പിക്കുന്നത്. ഇക്കാര്യം തിരിച്ചറിയാതെയാണ് സാനിയ മിർസയ്ക്കും മറ്റും നല്കുന്ന 'മീഡിയ കവറേജി'നെപ്രതി പി.ടി. ഉഷയെപ്പോലുള്ളവർ പരാതിപ്പെടുന്നത്.

ശരീരവും മനസും കരുത്തും ആരോഗ്യവും സൗന്ദര്യവും ഒത്തുചേരുന്ന, ഇവയുടെയെല്ലാം രൂപീകരണത്തിന് സമയം നീക്കിവെക്കേണ്ടതാണെന്ന, പൊതുബോധമാണ് ഈ അഭിമുഖങ്ങളിൽനിന്നു തെളിഞ്ഞുവരുന്നത്. ഇത് എപ്രകാരമാണു മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് എന്നു പരിശോധിക്കുന്നത് ഈ അറിവിനെ ബലപ്പെടുത്തുന്നതിനു സഹായിക്കും.

## 3

മലയാളത്തിലെ ഫിറ്റ്നസ് വ്യവഹാരത്തിന്റെ പ്രധാനപ്പെട്ട പ്രസരണ മാർഗങ്ങൾ അച്ചടി-ദൃശ്യമാധ്യമങ്ങളാണ്. ഇതേ മാധ്യമങ്ങൾ തന്നെയാണു കേരളത്തിൽ ഇന്നു നടക്കുന്ന മധ്യവർഗവത്കരണത്തിന്റെയും മുഖ്യവക്താക്കൾ. വനിത, ഗൃഹലക്ഷ്മി, മാതൃഭൂമി ആരോഗ്യമാസിക, വനിത ആരോഗ്യം, ഗൃഹശോഭ, ശ്രീമാൻ എന്നീ ജനപ്രിയ പ്രസിദ്ധീകരണങ്ങളിൽ കടന്നുവരുന്ന ഫിറ്റ്നസ് വ്യവഹാരങ്ങളെ വർഗീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതോടൊപ്പം നേരത്തെ അവതരിപ്പിച്ച പൊതുബോധത്തോട് അത് എങ്ങനെ ബന്ധപ്പെടുന്നു എന്നു പരിശോധിക്കുകയുമാണ് ഇവിടെ ചെയ്യുന്നത്. മലയാളത്തിലെ ഫിറ്റ്നസ് വ്യവഹാരത്തിന്റെ ആവിഷ്കരണം-വിശാലമായ അർഥത്തിൽ ഫിറ്റ്നസ് മലയാളത്തിന്റെ ഭാഷാസ്വഭാവം-എന്ത് എന്നും ചർച്ച ചെയ്യുന്നു.

ഫിറ്റ്നസുമായി ബന്ധപ്പെട്ട് അവതരിപ്പിക്കുന്ന ചില ലേഖനങ്ങളുടെ ശീർഷകങ്ങളും അവയുടെ ചില ഉപശീർഷകങ്ങളുമാണ് താഴെ കൊടുക്കുന്നത്. അതിലൂടെതന്നെ മലയാളത്തിലെ ഫിറ്റ്നസ് വ്യവഹാരത്തിന്റെ വ്യാപ്തി തിരിച്ചറിയാവുന്നതാണ്.

26 ഫിറ്റ്നസ് ഇനി എത്രയെളുപ്പം.... (ഫിറ്റ്നസ് സ്പെഷൽ ഫീച്ചർ) (വനിത : ഒക്ടോബർ, 1-14, 2005)





- ഫിറ്റ് ആവുകയെന്നാൽ
- ബോഡി മാസ് ഇൻഡക്സ് (ബി. എം. ഐ.)
- നടത്തം - ഏറ്റവും നല്ല വ്യായാമം
- റിലാക്സേഷൻ
- ഭക്ഷണം ചിട്ടയോടെ
- ഓരോ പ്രായത്തിലും ശരിയായ ഡയറ്റ്
- ഉണർവോടെ ഉണരാൻ നല്ല ഉറക്കം

27 യൗവനം നിത്യഹരിതം (ആരോഗ്യം പംക്തി) (ഗൃഹശോഭ : ഒക്ടോബർ, 2006)

- ഡയറ്റ്
- വ്യായാമം
- ചിന്തയും പിരിമുറക്കവും
- ഉറക്കം
- ചിരിക്കുക, മനസ്സു തുറന്നുതന്നെ
- നിത്യവും എന്തുചെയ്യണം?

28 അമ്മയായിക്കഴിഞ്ഞും സ്ലിംബ്യൂട്ടി ആകാം; ഫിറ്റ്നസ് കാക്കാം (പ്രസവശേഷം സൗന്ദര്യവും സെക്സും) (വനിത : ഡിസംബർ 15-31, 2004)

- സൗന്ദര്യപ്രശ്നങ്ങൾ
- വ്യായാമങ്ങൾ ആകാരവടിവിന്
- പ്രസവശേഷം വയർ ഒതുങ്ങാൻ
- ലൈംഗിക പ്രശ്നങ്ങൾ

29 സിനിമയും ഫിറ്റ്നസും (വനിത : ഡിസംബർ 15-31, 2005)

- താരങ്ങൾ തടി കുറക്കുന്നതെങ്ങനെ ?
- പ്രായം തോന്നിക്കാതിരിക്കാനുള്ള വ്യായാമം
- യോഗയും ഉറക്കവും
- ജിമ്മും സൂപ്പും സഹായിച്ചു

30 ഫിറ്റ്നസ് (ഗൃഹലക്ഷ്മി : മാർച്ച് 2005)

- വയർ ഒതുങ്ങാൻ
- ചിക്കൻപോക്സിന്റെ കലകൾ
- മുടി വളരാൻ
- ചുളിവുകൾ മാറാൻ
- ആർത്തവകാലത്തെ നടുവേദന

31 ഫിറ്റ്നസ് (ഗൃഹലക്ഷ്മി : ഫെബ്രുവരി 2003)

- ശരീരപുഷ്ടി വർധിപ്പിക്കാൻ
- ശരീരം നിറയെ രോമങ്ങൾ

- പ്രമേഹത്തിനു പറ്റിയ പാനീയം
- അമിതവണ്ണം
- മുഖക്കുരു മാറാൻ

32 ഫിറ്റ്നസ് (ഗൃഹലക്ഷ്മി : ഫെബ്രുവരി 2004)

- ആർത്തവപ്രശ്നങ്ങൾ
- വരണ്ട ചർമ്മം, താരൻ
- മുടി വളരാൻ
- വെള്ളപ്പാണ്ട് മാറുമോ ?
- മുഖത്ത് രോമം

ആരോഗ്യം, വ്യായാമം, സൗന്ദര്യം, ശരീരപരത, ലൈംഗികത, ജീവിത രീതി തുടങ്ങിയവയുമായി ബന്ധിപ്പിച്ചാണ് ഇവിടെ ഫിറ്റ്നസ് വ്യവഹാരം വിസ്തൃതി നേടുന്നത്.

ഈ ആഖ്യാനങ്ങൾ എങ്ങനെ പറയുന്നു, എന്തു പറയുന്നു, എങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നിവയുടെ അടിസ്ഥാനത്തിൽ വർഗീകരിക്കാവുന്നതാണ്.

ഓരോ മാതൃകയും അവയുടെ ആഖ്യാനരീതിയിൽ വ്യത്യസ്തമാണ്. കഥാഖ്യാനത്തിന്റെ മാതൃക, ചോദ്യോത്തര രീതി, മറ്റുവിഷയങ്ങളുടെ കൂടെയുള്ള ആനുഷംഗികപരാമർശം എന്നിങ്ങനെ പലതരം ആഖ്യാനരീതികളാണ് ഓരോന്നും പിൻതുടരുന്നത്.

> *"ഏറ്റവും ഇഷ്ടമുള്ള ഭക്ഷണമോ? ഐസ്ക്രീം! പക്ഷേ അതു ഞാൻ തൊട്ടുനോക്കാറേയില്ല. ഏതു ലൊക്കേഷനിലായാലും വ്യായാമത്തിനുവേണ്ടി അൽപനേരം കണ്ടെത്തും ഞാൻ. ഫിറ്റ്നസ് കാത്തു സൂക്ഷിക്കണ്ടേ? ടി. വി. സ്ക്രീനിൽ, അഴകളവുകൾ എടുത്തുകാട്ടുന്ന വേഷത്തിന്റെ വശ്യതയോടെ, വെള്ളിത്തിരയിലെ നായിക പറയുന്നു. സ്വീകരണമുറിയിലെ സെറ്റിയിൽ ചാഞ്ഞിരുന്ന് സ്ക്രീനിലേക്കു കണ്ണുനട്ട് നമ്മൾ കമന്റ് പാസ്സാക്കുന്നു : 'ഹായ്! എന്തൊരു ബോഡി ഷേപ്പ്!' എന്ന്, മുന്നിലെ ടീപ്പോയിൽ നിരന്നിരിക്കുന്ന എണ്ണപ്പലഹാരങ്ങളും സ്നാക്ക്സുമൊക്കെ 'വയർ അറിയാതെ' അകത്താക്കിക്കൊണ്ടാണ് ഈ അഭിപ്രായം പറച്ചിൽ...''*(വനിത, ഒക്ടോബർ 1-14, 2005)

ഇങ്ങനെ കഥാഖ്യാനരീതിയിലൂടെ ആരംഭിക്കുന്ന ഇത്തരം ശൈലിയാണ് ഫിറ്റ്നസ് ലേഖനങ്ങൾ ഏറെയും സ്വീകരിക്കുന്നത്. ആ ആഖ്യാനത്തിലേക്കു വായനക്കാരെ ആകർഷിക്കുന്നതിന് ഇത്തരം ആഖ്യാനരീതികൾ സഹായിക്കും. ഈ തരത്തിലൂള്ള ലേഖനങ്ങൾ വായനാസുഖം നൽകുന്നവയാണെന്നു തന്നെയാണ് പ്രിയയുടെ(ആവേദക2) അഭിപ്രായം.





> *മാഗസിനില് വരണത് താൽപര്യം തോണണ ചിത്രങ്ങള് അങ്ങനത്തെ ഒക്കെള്ളതാണെങ്കിൽ വായിക്കും. ഭയങ്കര സീരിയസ് ആണെങ്കിൽ, മെഡിക്കൽ ടേംസ് ഒക്കെയുള്ളതാണെങ്കിൽ വായിക്കില്യ...*

കേവലമായ വായനാസുഖത്തോടൊപ്പം മറ്റുചില ധർമങ്ങൾകൂടി ഇത്തരം ആഖ്യാനരീതികൾ നിർവഹിക്കുന്നുണ്ട്. ഫിറ്റ്നസുമായി ബന്ധപ്പെട്ട ഘടകങ്ങൾ (ബോഡിഷേപ്പ്, സൗന്ദര്യം, ഫാഷൻ, വ്യായാമം), ഫിറ്റ്നസിനു വേണ്ടി ചെയ്യേണ്ടതും(വ്യായാമം) ഉപേക്ഷിക്കേണ്ടതും(എണ്ണപ്പലഹാരങ്ങളും സ്നാക്സും അമിതഭക്ഷണവും) ആയ കാര്യങ്ങൾ എന്നിങ്ങനെ ഫിറ്റ്നസ് വ്യവഹാരത്തിന്റെ ഒരു രത്നച്ചുരുക്കമായി ഇത്തരം ആഖ്യാനങ്ങൾ കടന്നുവരുന്നു.

ഇത്തരം കഥാഖ്യാനരീതിയിലൂടെ തുടങ്ങി വിഷയത്തിലേക്കു പ്രവേശിച്ച് ഗൗരവപൂർണമായ ആഖ്യാനത്തിലേക്കു മാറുന്ന രീതി പൊതുവേ സ്വീകരിച്ചുകാണാം. ചിലപ്പോഴൊക്കെ ജീവശാസ്ത്ര-വൈദ്യശാസ്ത്ര ഭാഷകളെ അവലംബിക്കുക വഴി കൂടുതൽ 'ശാസ്ത്രീയത' കൈവരിക്കാനുള്ള ശ്രമവും ചില ലേഖനങ്ങളിൽ കാണാം (വനിത, ഒക്ടോബർ 1-14, 2005, വനിത ആരോഗ്യം 2002).

ഡോക്ടറും രോഗിയും തമ്മിലുള്ള സംഭാഷണത്തിന്റെ, ചോദ്യോത്തരത്തിന്റെ രീതിയിലാണ് ഇനിയൊരു വിഭാഗം വരുന്നത്. ഏറ്റവും ചുരുങ്ങിയ വാക്കുകൾകൊണ്ട് സംശയങ്ങൾ ഉന്നയിക്കുന്നതും അതിന് അതേ രീതിയിൽ മറുപടി പറയുന്നതും ഇത്തരം ആഖ്യാനങ്ങളുടെ പ്രത്യേകതയാണ്. ഒരേ വ്യക്തിയുടെ ചോദ്യങ്ങളിൽ കേന്ദ്രബിന്ദുവായി ഒരു പ്രശ്നവും അതിന്റെകൂടെ അതിനോടു ബന്ധപ്പെട്ടതോ അല്ലാത്തതോ ആയ വേറെ പ്രശ്നങ്ങളും ഉന്നയിക്കപ്പെടുന്നത് ഇത്തരം ആഖ്യാനങ്ങളിൽ സാധാരണമാണ്. അവയ്ക്കുള്ള മറുപടിയും അതേരീതിയിൽ ആയിരിക്കും.

> *"മൂന്നു മക്കളുടെ അമ്മയാണ്. 80 കി. തൂക്കം. കൊളസ്ട്രോൾ കൂടുതലാണ്. ഉദരർഥനം തടി കുറയ്ക്കുമെന്ന് കണ്ടു. ഇതെങ്ങനെ ചെയ്യാം? കുങ്കുമാദി തൈലം എവിടെ കിട്ടും?*
>
> *ഭക്ഷണം നിയന്ത്രിച്ചും വ്യായാമം ചെയ്തും വണ്ണം കുറയ്ക്കാം. കൊഴുപ്പുള്ള ഭക്ഷണം, മാംസം, എണ്ണ, നെയ്യ് ഇവ ഒഴിവാക്കണം. വരാദി കഷായം, വിളംഗാദി ചൂർണം എന്നിവ അമിതവണ്ണം കുറയ്ക്കാൻ സഹായിക്കും. ഉദ്വർഥനം ഉഴിച്ചിലാണ്. വൈദ്യശാലയിൽ ചെയ്യേണ്ടതാണ്. കുങ്കുമാദിതൈലം ആര്യവൈദ്യശാലയുടെ അംഗീകൃത ഏജൻസികളിൽ കിട്ടും"* (ഗൃഹലക്ഷ്മി, സെപ്തംബർ 2005).

ഇത്തരത്തിൽ ചോദ്യങ്ങളെല്ലാം ഒരുമിച്ചു വരുന്ന, അതിനനുസരിച്ച് ഉത്തരം നൽകുന്ന രീതിയാണ് കാണുന്നത്. അലോപ്പതി, ആയുർവേദം, 'സ്ത്രീജന്യ'രോഗങ്ങൾ, ശിശുരോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേകം പംക്തികൾ

കാണുന്നുണ്ട്. ഭാഷാപരമായും അവതരണപരമായും വിഷയപരമായും സാദൃശ്യം പുലർത്തുന്ന ഇവയെ മാധ്യമാവതരണങ്ങളിലെ ഒരു ജനുസ്സായി (genre) കണക്കാക്കാവുന്നതാണ്.

> *"എല്ലാവരുടെയും ശരീരം നല്ലതാണ്. ഉള്ള ശരീരത്തെ നന്നാക്കിയെടുത്താൽ മതി. ഞാൻ വ്യായാമം ചെയ്യുന്നത് പ്രായം കുറഞ്ഞു തോന്നിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ്. പ്രായമാകുന്തോറും ശരീരം ലൂസാകും. അതു ടൈറ്റ് ചെയ്യാൻ വ്യായാമം. അത്രമാത്രം. ദാ ഇപ്പോ ഫിറ്റ്നസിനെപ്പറ്റി ഞാൻ പറഞ്ഞാൽ ശരിയാവില്ല. കാരണമെന്താ...ഇപ്പോൾ ഞാൻ ശരിക്കും ഫിറ്റല്ല. എനിക്കിത്തിരി വെയ്റ്റ് കൂടീട്ടുണ്ട്..."* (വനിത, ഡിസംബർ 15–31,2005).

സംഭാഷണരൂപത്തിൽ വരുന്ന ഇത്തരം ആഖ്യാനങ്ങളിൽ ഫിറ്റ്നസും അതോടനുബന്ധിച്ചുള്ള കൊച്ചുകൊച്ചു അനുഭവങ്ങളും കടന്നുവരുന്നതായി കാണാം.

പ്രായക്കുറവ് തോന്നിക്കാനും ശരീരത്തിൽ ഊർജ്ജസ്വലത കൈവരുത്തുന്നതിനും ഉള്ള ഉപാധിയാണ് വ്യായാമം എന്ന ബോധം അഭിമുഖത്തിൽനിന്നു കിട്ടിയ പൊതുബോധവുമായി ചേർന്നുപോകുന്നുണ്ട്.

> *"നല്ല ഫിറ്റായ ആളെ കണ്ടാൽ എക്സർസൈസ് ചെയ്യുന്നയാളെ കണ്ടാൽ പ്രായം പറയാനാവില്ല. ഒരേ ബോഡിഷേപ്പ് നിലനിർത്താനാവും. ഏജിങ്ങ് പ്രോസസ് കുറവുണ്ടാവും. സ്ലോ ആവും.... വയസ് പോസ്റ്റ് പോൺ ചെയ്യാനാവും. യു ഫീൽ യങ്ങ്..."*(ആവേദകൻ 96, വിവേകാനന്ദൻ).

മറ്റു പല കാര്യങ്ങൾ പറയുന്ന കൂട്ടത്തിൽ ആനുഷംഗിക പരാമർശമായി ഫിറ്റ്നസ് കടന്നുവരുന്നവയാണ് ഇനിയൊരു വിഭാഗം. താരങ്ങളുടെ ഇന്റർവ്യൂവിലെ ചോദ്യോത്തരങ്ങളിലും, പുതിയ തലമുറയിലെ ഫാഷന്റെ ഭാഗമായും സ്പോർട്സ് താരത്തിന്റെ അവതരണമായും എല്ലാം ഇത്തരം പരാമർശങ്ങൾ കടന്നുവരുന്നു.

> *"ബോഡി ഫിറ്റ്നസ് നിലനിർത്തുന്നതിനുള്ള ടെക്നിക്സ് എന്താണ്? എക്സർസൈസ് തന്നെയാണ് പ്രധാനം. രാവിലെയും വൈകീട്ടും ഇത് മുടക്കാറില്ല. ഇപ്പോൾ വീട്ടിൽത്തന്നെ ചെറിയൊരു ജിംനേഷ്യം ഒരുക്കിയിട്ടുണ്ട്. ഭക്ഷണകാര്യത്തിൽ പ്രത്യേകിച്ച് നിയന്ത്രണങ്ങൾ ഒന്നുമില്ല. നോൺവെജ് ഇഷ്ടമാണ്"* (ശ്രീമാൻ 2006).

എന്നിങ്ങനെ പ്രത്യേക ചോദ്യോത്തരമായും

> *"ഫിറ്റ്നസ് ഫ്രീക്ക്സ്-ശരീരവടിവ് കാത്തുസൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരാണ് സംഘത്തിലെല്ലാവരും. ഇതിനായി ഓരോരുത്തരും ഓരോതരം വ്യായാമരീതികൾ കണ്ടെത്തിയിട്ടുണ്ട്..."* (ശ്രീമാൻ 2006).





എന്നിങ്ങനെ യുവതലമുറയുടെ ജീവിതരീതികളെയും കാഴ്ചപ്പാടുകളെയും പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായും ഫിറ്റ്നസ് കടന്നുവരുന്നു(ഗൃഹലക്ഷ്മി, ഫെബ്രുവരി 2006).

ഇവിടെ പരാമർശിക്കപ്പെട്ട ബോഡിഷേപ്പ്, ശരീരവടിവ് എന്നത് അഭിമുഖങ്ങളിൽനിന്നു ലഭിക്കുന്ന പൊതുബോധത്തിൽനിന്ന് അല്പം മുന്നോട്ടു നീങ്ങുന്നു. വടിവുകളും അഴകളവുകളുമായി പൊതുബോധം കണ്ണിചേർക്കപ്പെട്ടു തുടങ്ങുന്നതേയുള്ളൂ എന്നുകാണാം.

ആഖ്യാനമാതൃകകളെ, അവയിൽ എന്തു പറയുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ വിഷയാസ്പദമായി തരം തിരിക്കാവുന്നതാണ്. ഉള്ളടക്കത്തെ അവലംബിച്ച് ആരോഗ്യം, സൗന്ദര്യം, ഫാഷൻ, ലൈംഗികത, ഭക്ഷണം എന്നിവയുമായി ബന്ധപ്പെട്ടത് എന്നു വിഭജിക്കാവുന്നതാണ്.

ശരീരബോധത്തിന്റെ പരിണാമങ്ങളിലൂടെയാണു മലയാളത്തിൽ ഫിറ്റ്നസ് പോലുള്ള സങ്കല്പനങ്ങൾ കടന്നുവരുന്നത്. കേവലം ശാരീരക്ഷമത മാത്രമായിരുന്ന ഫിറ്റ്നസ് ഇന്നു മറ്റുതലങ്ങളെക്കൂടി ഉൾക്കൊള്ളുമ്പോഴും കേന്ദ്രസ്ഥാനത്തു നിൽക്കുന്നതു ശരീരം തന്നെയാകുന്നത് ഇതുകൊണ്ടാണ്. ശരീരസംബന്ധിയായ എന്തും ഫിറ്റ്നസ് സംബന്ധിയാവുന്നത് ഇങ്ങനെയാണ്. അഭിമുഖങ്ങളിലും വിദ്യാർഥികളുടെ നിർവചനങ്ങളിലും കടന്നുവരുന്ന ഒരു പ്രധാന ഘടകം ശരീരമാണെന്നത് ഇക്കാര്യം ബലപ്പെടുത്തുന്നുണ്ട്.

ശാരീരിക ആരോഗ്യം വിഷയകമായ ആഖ്യാനങ്ങളിൽ ഫിറ്റ്നസിന്റെ അളവുകോലായി ഇന്നു കടന്നുവരുന്നത് ബോഡിമാസ് ഇൻഡക്സ് (BMI) ആണ്. ശരീരത്തിന്റെ തൂക്കവും അതുകൂടിയാലുണ്ടാകുന്ന രോഗങ്ങളും എല്ലാം ഇത്തരം ആഖ്യാനങ്ങളിൽ പ്രധാന സ്ഥാനം നേടുന്നുണ്ട്. കൂടാതെ പ്രമേഹം, കൊളസ്ട്രോൾ, ഉയർന്ന രക്തസമ്മർദ്ദം തുടങ്ങി പല രോഗങ്ങളെയും ചെറുക്കാനുള്ള വഴിയായി ഫിറ്റ്നസ് കൈവരിക്കുന്നതിനെ അവതരിപ്പിക്കുന്നു (വനിത, ഒക്ടോബർ1–14, 2005/വനിത ആരോഗ്യം 2005).

ആരോഗ്യവുമായി ബന്ധപ്പെട്ടു വരുന്ന ലേഖനങ്ങളിൽ നേരിട്ടു പരാമർശമില്ലെങ്കിലും ഫിറ്റ്നസ് വ്യായാമമുറകളെക്കുറിച്ചും മറ്റും പരാമർശിക്കുന്നുണ്ട് (മാതൃഭൂമി ആരോഗ്യമാസിക, ഏപ്രിൽ 2006/ഗൃഹലക്ഷ്മി, മാർച്ച് 2004/ വനിത, നവംബർ1–14, 2003).

ആരോഗ്യമായി ബന്ധപ്പെട്ട് അവതരിപ്പിക്കപ്പെടുമ്പോൾ വ്യായാമം ആണ് ഫിറ്റ്നസ് നേടാൻ ഏറ്റവും പ്രധാന ഉപായമായി കടന്നുവരുന്നത്. ഫിറ്റ്നസ് ഏതു പ്രായക്കാർക്കും നേടിയെടുക്കാവുന്നതാണെന്ന സന്ദേശവും ഇത്തരം ആഖ്യാനങ്ങൾ നൽകുന്നുണ്ട്.

*''ഫിറ്റ്നസ് കാത്തുസൂക്ഷിക്കാനുള്ള വ്യായാമങ്ങൾക്കായി നിത്യവും കുറച്ചുസമയം നീക്കിവയ്ക്കുന്നതിലൂടെ നിങ്ങൾ സമയം ലാഭിക്കുകയാണ്. പലവിധ രോഗങ്ങളുടെയും ചികിത്സകൾക്കായി ആശുപത്രികൾ കയറിയിറങ്ങാൻ വേണ്ടിവരുന്ന സമയം...ഏതു പ്രായത്തിലും ഫിറ്റ്നസ് സ്വന്തമാക്കാം. അതിനുവേണ്ടി മനസ്സുവെക്കണമെന്നു മാത്രം...''* (വനിത, ഒക്ടോബർ1-14, 2005)

വ്യായാമം ആരോഗ്യസംരക്ഷണത്തിന് അവശ്യഘടകമാണെന്ന് അഭിമുഖങ്ങളിൽനിന്നു പൊതുവേ തെളിയുന്നുണ്ട്. അറുപതു വയസ്സിനു മുകളിലുള്ളവരുടെ മൊഴികൾ ഈ ബോധത്തെ ബലപ്പെടുത്തുന്നുണ്ട്.

*"ശാരീരികമായ നല്ല അവസ്ഥ... ദിവസവും ഗ്രൗണ്ടിൽ നാലഞ്ചുറൗണ്ട് ഓടുകയും, നടക്കുകയും ചെയ്യും. അതൊഴിവാക്കിയാൽ അതിന്റേതായ പ്രശ്നങ്ങൾ ഉണ്ടാവും... വീട്ടുകാരി ചെറിയ തോതിൽ എക്സർസൈസ് ചെയ്യുന്നുണ്ട്..."* (ആവേദകൻ 89, അബ്ദുൾ കരീം).

ഭക്ഷണവും ഫിറ്റ്നസുമായുള്ള ബന്ധം മിക്കവാറും ആഖ്യാനങ്ങളിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഏതു ഭക്ഷണം കഴിക്കണമെന്നും ഏതെല്ലാം ഒഴിവാക്കണമെന്നും അവയുടെ ഫലങ്ങളും എല്ലാം ഇത്തരത്തിൽ പരാമർശവിധേയമാകുന്നുണ്ട്.

*"ഫിറ്റ്നസ് വ്യായാമത്തെ മാത്രം അടിസ്ഥാനമാക്കിയുള്ളതല്ല. ഭക്ഷണക്രമവും ഇക്കാര്യത്തിൽ വളരെ വളരെ പ്രധാനം...സമീകൃതാഹാരം ഫിറ്റ്നസിന് അത്യാവശ്യമാണ്"* (വനിത, ഒക്ടോബർ1-14, 2005).

ഭക്ഷണക്രമീകരണം ഫിറ്റ്നസിന് ആവശ്യമാണെന്നതു പൊതുമണ്ഡലത്തിലെ ബോധമായി പരിണമിച്ചുവരുന്നുണ്ട്; അതു പ്രാവർത്തികമാക്കുന്നവർ എണ്ണത്തിൽ കുറവാണെങ്കിലും.

ലൈംഗികതയും ഫിറ്റ്നസുമായുള്ള ബന്ധത്തെ കുറിക്കുന്നവയാണ് ഇനിയൊരു വിഭാഗം പ്രസവശേഷം ഫിറ്റ്നസ് നിലനിറുത്താനുള്ള വ്യായാമമുറകളെ പരിചയപ്പെടുത്തുന്ന കൂട്ടത്തിൽ തന്നെയാണു ലൈംഗികപ്രശ്നങ്ങൾക്കു പരിഹാരമായ വ്യായാമമുറകളെയും പരാമർശിക്കുന്നത് (വനിത, ഡിസംബർ 15-31, 2004).

ലൈംഗികതയെക്കുറിച്ച് ആഖ്യാനങ്ങളിൽ, നല്ല ലൈംഗികാനുഭവങ്ങളിലൂടെ കൈവരിക്കാവുന്ന ശാരീരിക മാനസിക ആരോഗ്യത്തെയും ഉന്മേഷത്തെയും എല്ലാം പരാമർശിക്കുന്നു. നേരിട്ട് പറയുന്നില്ലെങ്കിലും ഫിറ്റ്നസ് ഇത്തരം ആഖ്യാനങ്ങളിൽ ഒരു ഘടകമായി കടന്നുവരുന്നുണ്ടെന്നു കാണാം (ഗൃഹലക്ഷ്മി, മാർച്ച് 2004).





മാധ്യമങ്ങൾ ഫിറ്റ്നസുമായി കണ്ണിചേർക്കുന്ന ഒരു പ്രധാന ഘടകം ലൈംഗികതയാണ്. ഫിറ്റ്നസ് വ്യവഹാരങ്ങളിലെ ലൈംഗിക പരാമർശങ്ങളുടെ പെരുപ്പംകൊണ്ടും ആവിഷ്കാരങ്ങളുടെ വൈവിധ്യശബളിമകൊണ്ടും ഇക്കാര്യം തെളിയുന്നുണ്ട്. എന്നാൽ ഇക്കാര്യം അഭിമുഖങ്ങളിൽ ഒന്നിലും കടന്നുവരുന്നേയില്ല എന്നത് ഏറെ വ്യാഖ്യാനസാധ്യത നൽകുന്നു. സമൂഹവും വ്യക്തിയും തമ്മിലുള്ള അന്തരത്തെ ചിത്രീകരിക്കുന്നതിനുള്ള, വ്യാഖ്യാനിക്കുന്നതിനുള്ള നല്ലൊരു ഏകകമായി ഇത് എടുക്കാവുന്നതാണ്. വ്യക്തികളുടെ കൂട്ടമാണു സമൂഹമെന്നു പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും അതു പൂർണമായ അർഥത്തിൽ അങ്ങനെയല്ല. വൈയക്തികമായ പല അംശങ്ങളുടെയും സാമൂഹ്യനിയമങ്ങളുടെയും ചേർച്ചയിലൂടെയും ഉണ്ടാകുന്ന പൊതുബോധം പുലർത്തുന്ന കൂട്ടമാണ് സമൂഹം. ലൈംഗികത വൈയക്തിക അനുഭവമാണ് എന്നും അത് സാമൂഹ്യാനുഭവമല്ലെന്നുമാണ് മാധ്യമങ്ങളിലെ ഫിറ്റ്നസ് വ്യവഹാരങ്ങളും പൊതുമണ്ഡലത്തിലെ അഭിപ്രായങ്ങളും നൽകുന്ന അറിവ്.

*".... ഉല്ലാസവതിയായിരിക്കാൻ നിത്യവും ചില പരീക്ഷണങ്ങൾ നടത്തുന്നത് നല്ലതാണ്. അതിനായി ലേറ്റസ്റ്റായ ഫാഷനുകളും മറ്റും ശ്രദ്ധിക്കുക. പകുതിയോളം ഇളകിപ്പോയ നെയിൽപോളിഷ്, വിണ്ടുകീറിയ ഉപ്പൂറ്റി, മനോഹരമായ സാരിക്കൊപ്പം പഴഞ്ചൻ ചെരിപ്പുകൾ എല്ലാം നിങ്ങളുടെ ജീവിതശൈലിയിലെ അപാകതകളെയാണ് എടുത്തുകാട്ടുന്നത്..."* (ഗൃഹശോഭ, ഒക്ടോബർ 2006).

ഫിറ്റ്നസിനുവേണ്ടി ചെയ്യേണ്ടുന്ന കാര്യങ്ങളുടെ കൂട്ടത്തിൽ ഇത്തരത്തിൽ ഫാഷൻ ഒരു ഘടകമായി കടന്നുവരുന്നു. പുതുതലമുറയുടെ ജീവിതകാഴ്ചപ്പാടിനെക്കുറിച്ചും ഇന്നത്തെ ഫാഷൻ ട്രെൻഡിനെക്കുറിച്ചും പറയുമ്പോൾ ഫിറ്റ്നസ് പറയാതെ പറയപ്പെടുന്നുണ്ട് (ഗൃഹലക്ഷ്മി, ഫെബ്രുവരി 2006). എന്നാൽ, ഫാഷൻ പൊതുമണ്ഡലത്തിന്റെ ഫിറ്റ്നസ് വ്യവഹാരത്തിൽ കണ്ണി ചേരാനാരംഭിക്കുന്നതേയുള്ളൂ എന്നാണ് അഭിമുഖങ്ങൾ തെളിയിക്കുന്നത്.

ഫിറ്റ്നസ്, ശരീരത്തിന്റെ സൗന്ദര്യത്തോടൊപ്പംതന്നെ മുഖസൗന്ദര്യത്തെയും ഉൾക്കൊള്ളുന്നു എന്ന പുതിയ അറിവാണ് 'ഫിറ്റ്നസ്' എന്ന പംക്തി(ഗൃഹലക്ഷ്മി) നൽകുന്നത്. ഡോക്ടറോടു ഫിറ്റ്നസ് സംബന്ധമായ സംശയങ്ങൾ ചോദിക്കുന്ന ഈ പംക്തിയിൽ ശരീരപുഷ്ടി വർധിപ്പിക്കാനും അമിതവണ്ണം കുറയ്ക്കാനും വയർ ഒതുങ്ങാനും എന്തുചെയ്യണം എന്ന സംശയത്തോടൊപ്പംതന്നെ മുഖക്കുരു മാറാൻ, മുടി വളരാൻ, പ്രസവശേഷമുണ്ടാകുന്ന പാടുകൾ ഒഴിവാക്കാൻ, മുഖത്തെ രോമം ഇല്ലാതാക്കാൻ, ചുളിവുകൾ മാറാൻ, ചുണങ്ങു മാറാൻ എല്ലാം എന്തുചെയ്യണം എന്ന സംശയവും കടന്നുവരുന്നു.

ശരീരത്തിനു വിഷയമായ എന്തും ഫിറ്റ്നസിനെ കുറിക്കുന്നു എന്ന ചിന്ത ഇത്തരം ആഖ്യാനങ്ങൾ മുന്നോട്ടുവെക്കുന്നു. പ്രസവശേഷമുള്ള സൗന്ദ

ര്യം, പ്രായത്തെ നിയന്ത്രിക്കാനുള്ള മാർഗം എന്നിങ്ങനെ പലതരത്തിൽ ഫിറ്റ്നസിന്റെ സൗന്ദര്യതലം ആവിഷ്കരിക്കപ്പെടുന്നുണ്ട് (വനിത,ഡിസംബർ 15-31, 2004/ഗൃഹലക്ഷ്മി, ഫെബ്രുവരി 2004).

മുഖസൗന്ദര്യവും ഉടുപ്പഴകുകളും എടുപ്പഴകുകളും ഫിറ്റ്നസിന്റെ പ്രധാന ഘടകങ്ങളാകുമ്പോൾ താരൻ, മുഖക്കുരു തുടങ്ങിയവ ഫിറ്റ്നസ് ലോകത്തെ 'വില്ലനാ'യാണു മാധ്യമങ്ങളിൽ അവതരിപ്പിക്കപ്പെടുന്നത്. ദൃശ്യഭംഗി മാധ്യമങ്ങളിൽ ഏറെ ആഘോഷിക്കപ്പെടുന്ന ഒരിനമാണ്. കൊളോണിയൽ വിധേയത്വത്തിൽനിന്നു രൂപം കൊണ്ടതോ എന്നു തോന്നിപ്പിക്കുന്ന വിധത്തിലുള്ള ദൃശ്യ-സൗന്ദര്യബോധമാണ് മാധ്യമങ്ങളിലേത് എന്ന് ചിന്തിച്ചുപോകും. എന്നാൽ സൗന്ദര്യവുമായി ബന്ധപ്പെട്ട് ഇതിൽനിന്നു ഭിന്നമായ ഒരു നിലപാടാണു പൊതുമണ്ഡലത്തിലുള്ളത് എന്ന് അഭിമുഖങ്ങൾ വ്യക്തമാക്കുന്നു. നിറവും മുഖസൗന്ദര്യവും ഒന്നും ഫിറ്റ്നസിന്റെ നിയാമകഘടകങ്ങളായി അവർ കാണുന്നില്ല. "*നല്ല ഫിറ്റായ ഒരാളെ കാണുമ്പോൾ ഒരു സൗന്ദര്യമുണ്ട്. നല്ല ആക്ടീവായി തോന്നും. അല്ലാതെ മുഖത്തിന്റെ സൗന്ദര്യമല്ല*"(ആവേദക 45, വാസന്തി). ഈ നിലപാട് പൊതുമണ്ഡലത്തിൽ ഒറ്റപ്പെട്ടുനിൽക്കുന്ന ഒന്നല്ല. തങ്ങളുടെ പരിചിതമണ്ഡലത്തിലേക്കു നീളുന്ന കാര്യത്തിൽനിന്നും അനുഭവങ്ങളിൽനിന്നും നേടിയെടുക്കുന്ന അറിവുകളിൽ നിന്നാണ് 'ചോക്കളേറ്റ് സുന്ദരീ സുന്ദരന്മാ'രിൽനിന്നു വ്യത്യസ്തമായ ഒരു തലം ഫിറ്റ്നസിനുണ്ടെന്ന് ഇവർ തിരിച്ചറിയുന്നത്.

സൗന്ദര്യം, ഫാഷൻ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള വിഭജനത്തിലും അതിർത്തികൾ ഉരുക്കുകോട്ടയല്ല. ആരോഗ്യം എന്ന വിഭാഗത്തിൽത്തന്നെ പലപ്പോഴും ഭക്ഷണവും ലൈംഗികതയും സൗന്ദര്യവും കടന്നുവരുന്നു(വനിത, ഒക്ടോബർ 1-14, 2005/ഗൃഹശോഭ, ഒക്ടോബർ 2006/ ഗൃഹലക്ഷ്മി, സെപ്തംബർ 2006). സൗന്ദര്യത്തെക്കുറിച്ചു പറയുമ്പോൾ ഭക്ഷണം പരാമർശിക്കപ്പെടുന്നു (ഗൃഹലക്ഷ്മി, ഡിസംബർ 2004/ഗൃഹലക്ഷ്മി, സെപ്തംബർ 2006). ഇത്തരത്തിൽ വ്യത്യസ്ത മാതൃകകളായി നിലനിൽക്കുമ്പോഴും പരസ്പരം സ്വാധീനിച്ചുകൊണ്ട് ഇവ ഫിറ്റ്നസ് വ്യവഹാരത്തെ രൂപീകരിക്കുന്നതായി കാണാം.

ഫിറ്റ്നസ് ഭാഷ എന്നത് കേവലം വാചികമായ ഒന്നല്ല. ചിത്രങ്ങളും നിറങ്ങളും അവയുടെ സംയോജനവും രൂപകൽപനയും എല്ലാം അടങ്ങിയ അവതരണരീതിയാണത്. എന്തു പറയുന്നു എന്നതിനോടൊപ്പം തന്നെ എങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നതും ഇവിടെ പ്രസക്തമാകുന്നു. അത്തരത്തിൽ, പറച്ചിൽ മാത്രമുള്ളവ, പറച്ചിലിനു പൂരകമായി ചിത്രങ്ങൾ വരുന്നവ, ചിത്രങ്ങൾക്കു പൂരകമായി പറച്ചിൽ വരുന്നവ എന്നിങ്ങനെ അവതരണരീതിയെ അവലംബിച്ചു വിഭജിക്കാനാവും.





പറച്ചിൽ മാത്രമായി വരുന്നവ എന്നതിൽ ചിത്രങ്ങൾ ഇല്ല എന്ന് അർഥമില്ല. ആഖ്യാനത്തിൽനിന്ന് അവ വേറിട്ടുനിൽക്കുന്നു എന്നേ ഉദ്ദേശിക്കുന്നുള്ളൂ. ഇത്തരം ആഖ്യാനങ്ങളിൽ വാക്കുകൾകൊണ്ടുതന്നെ കാഴ്ചയുടെ അനുഭവം പ്രദാനം ചെയ്യുവാനുള്ള ശ്രമം കാണാനാകും.

> "*കഴുത്തിൽ വെള്ളി നിറത്തിൽ ചങ്ങല പോലുള്ള ചെയ്യിൻ, ഒരു കയ്യിൽ സ്റ്റീൽ കൈവള, മറുകയ്യിൽ ജപിച്ചുകെട്ടിയ നൂൽ, നെറ്റിയുടെ ഇരുവശങ്ങളിലേക്കും ബ്രൗൺ ചെയ്ത മുടി, കാഷ്വൽ ആയ വസ്ത്രധാരണരീതി, ഉറച്ച ശരീരപ്രകൃതി, ക്ലീൻ ഷേവ്...യുവഹൃദയങ്ങൾക്കിടയിൽ അനുകരണമാതൃകയാവുന്ന ഒരു 'ട്രെൻഡ് മേക്കർ' പരിവേഷംകൂടിയുണ്ട് ശ്രീശാന്തിന്.*" (ശ്രീമാൻ, 2006)

ഇത്തരത്തിൽ ദൃശ്യ-വർണ-വിതാന ശബളിമകൊണ്ട് ബഹുമാനങ്ങളുള്ള ആവിഷ്കരണങ്ങളും കാണാൻ കഴിയും.

ഇത്തരത്തിൽ ദൃശ്യവൽകൃതമായ ഭാഷ ഉപയോഗിക്കുന്നിടത്തും, ബോധനപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നിടത്തും ചിത്രങ്ങൾ ആഖ്യാനത്തിന്റെ പശ്ചാത്തലമോ പാർശ്വതലമോ ആയാണ് നിലകൊള്ളുന്നത്. താരങ്ങളെ അവതരിപ്പിക്കുമ്പോഴും മറ്റും വർണചിത്രങ്ങൾ കൊടുക്കുന്നുണ്ടാവുമെങ്കിലും അത് ആഖ്യാനത്തിനുള്ളിൽ നിലകൊള്ളുന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ കടുംനിറങ്ങൾ ഉപയോഗിക്കാറുണ്ടെങ്കിലും ബോധനപരമായ വിഷയാവതരണത്തിൽ പൊതുവേ ഇളംനിറങ്ങളാണു ചിത്രങ്ങൾക്കു കാണുന്നത്. ആഖ്യാനങ്ങൾ ചിത്രങ്ങളെക്കാൾ മിഴിവോടെ നിൽക്കാൻ ഇത്തരം അവതരണരീതി സഹായിക്കും.

ചിത്രങ്ങളുടെ, അവയുടെ നിറവും വലിപ്പവും സ്ഥാനവും എല്ലാം അടങ്ങുന്ന അവതരണത്തിന്റെ സഹായത്തോടെ വിനിമയം ചെയ്യപ്പെടുന്ന ആഖ്യാനങ്ങൾ ഉണ്ട്. ഇവിടെ പറച്ചിലിൽ പൂരിപ്പിക്കാൻ ചിത്രങ്ങൾ കടന്നുവരുന്നു. അതായത്, ആഖ്യാനവും ചിത്രണവും ചേർന്നാണു സംവേദനം സാധ്യമാക്കുന്നത്.

> "*ഫിറ്റ്നസ് ശാരീരികം മാത്രമല്ല, ആത്മീയവുമാണ്. ആത്മീയമായ ഫിറ്റ്നസാണ് പ്രധാനം. യോഗയും സൂര്യനമസ്ക്കാരവും പ്രകൃതി ചികിത്സയും ഒക്കെ ചേരുമ്പോൾ* കിട്ടുന്ന ഊർജ്ജം." (വനിത, ഡിസംബർ 15-31, 2005).

ഇതിനു പൂരകമായി കൊടുക്കുന്ന പത്മാസനത്തിൽ ധ്യാനിച്ചിരിക്കുന്ന മോഹൻലാലിന്റെ വർണചിത്രം ആഖ്യാനത്തിലെ, 'ആത്മീയമായ ഫിറ്റ്നസാണ് പ്രധാനം' എന്ന വാചകത്തെ ഓർമിപ്പിക്കുന്നു. അദ്ദേഹം ധരിച്ചിരിക്കുന്ന നീളൻ കയ്യുള്ള അയഞ്ഞ വെളുത്തവസ്ത്രം സവിശേഷമായ ഒരന്തരീക്ഷത്തെ ആവിഷ്കരിക്കുന്നു.

ആത്മാവും ശരീരവും -മനസും ശരീരവും- തമ്മിലുള്ള ഈ ബന്ധം അഭിമുഖങ്ങളിൽ തെളിഞ്ഞുവരുന്ന പുതുബോധത്തിൽ കാണാം.

> "*കാലം മാറിയതോടെ നമ്മുടെ ആളുകളും ഫിറ്റ്നസിനെപ്പറ്റി ബോധമുള്ളവരായി. മറ്റു സിനിമകളിലെ നടന്മാരുമായി അവർ നമ്മളെ താരതമ്യപ്പെടുത്താൻ തുടങ്ങിയപ്പോൾ നമ്മളും ശരീരത്തിൽ ശ്രദ്ധിക്കാൻ തുടങ്ങി. പക്ഷേ, വർക്ക്ഔട്ട് തുടങ്ങിയതോടെ 'അപ്പർബോഡി' വീതിവെച്ച് വലിയൊരു ഫ്രെയിമായി.... നല്ല പവർ ഉണ്ടെന്നുള്ള ഫീലിംഗ് ഉണ്ടാവാനും 'വർക്ക്ഔട്ട്' സഹായിച്ചു.*" (വനിത, ഡിസംബർ 15–31, 2005).

ഇത്തരം ആഖ്യാനം ഫിറ്റ്നസിനെ ശാരീരികമായി തിരിച്ചറിയുന്നു. ഇതിനെ സാധൂകരിക്കാൻ നൽകിയിരിക്കുന്ന കറുത്ത സ്ലീവ്ലെസ് ബനിയൻ ധരിച്ച, ഉരുണ്ട പേശികൾ തെളിയുന്ന കയ്യിൽ ഡംബ്ബൽസ് പിടിച്ച മമ്മൂട്ടിയുടെ ചിത്രം ഈ ബോധത്തെ ശക്തമായിതന്നെ സംവേദനം ചെയ്യുന്നു.

ചിത്രങ്ങൾക്കു പൂരകമായി ആഖ്യാനം വരുന്നത് പ്രധാനമായും വ്യായാമത്തിന്റെ വിവിധ ഘട്ടങ്ങളെ പ്രതിപാദിക്കുമ്പോഴാണ്.

> "*കാലുകൾ അകത്തിവെച്ച് നിൽക്കുക. കൈകൾ നിവർത്തി മുകളിലേക്ക് ഉയർത്തുക. കാലിന്റെ മുട്ട് വളയാതെ കുനിഞ്ഞ് ഇടതു കൈകൊണ്ട് വലതു കാൽപാദത്തിൽ തൊടുക. നിവരുക. പിന്നെ കുനിഞ്ഞ് വലതുകൈകൊണ്ട് ഇടതു കാൽപാദത്തിൽ തൊടുക. നിവരുക...*" (വനിത ആരോഗ്യം 2002).

എന്നിങ്ങനെ, പറയുന്നതിനെക്കാൾ അതോടൊപ്പം കൊടുക്കുന്ന ചിത്രങ്ങൾ ആ വ്യായാമമുറയെ സംവേദനം ചെയ്യുന്നു. ചിത്രങ്ങളിൽ കാണിക്കുന്ന വ്യായാമങ്ങൾ എന്തിനുള്ളതാണ്, അവ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം തുടങ്ങിയ വിശദീകരണങ്ങൾക്കേ വാചികഭാഷയുടെ ആവശ്യം വരുന്നുള്ളൂ. '*നല്ല ചിത്രങ്ങളുള്ളതൊക്കെ വായിക്കും...*' എന്ന് അഭിമുഖത്തിനിടെ ഒരു ആവേദക (2, പ്രിയ) പറയുന്നുണ്ട്.

ഫിറ്റ്നസ് വ്യവഹാരങ്ങളിലെ അവതരണങ്ങളിൽ ദൃശ്യ-വർണ-വിതാന (Layout)തന്ത്രങ്ങൾ വളരെ പ്രധാനപ്പെട്ട വിനിമയ ഉപാധിയായി വരുന്നുണ്ട്. അതോടൊപ്പംതന്നെ പരമ്പരാഗത അർഥത്തിലുള്ള ഭാഷയും പ്രധാനപ്പെട്ട ഒരു റോൾ നേടുന്നുണ്ട്. ഇവിടെ ഭാഷ കേവലം മലയാളമോ ഇംഗ്ലീഷോ അല്ല; അവയുടെ 'സമ്യക്യോഗം' ഈ വ്യവഹാരങ്ങളിൽ കാണാം. അതിൽത്തന്നെ ഒരു സവിശേഷത ചൂണ്ടികാണിക്കാവുന്നത് യോഗ തുടങ്ങിയ ഭാരതീയ പശ്ചാത്തലമുള്ള ഫിറ്റ്നസ് ഘടകങ്ങളെ വിവരിക്കുമ്പോൾ ഇംഗ്ലീഷ് പ്രയോഗങ്ങൾ





കുറഞ്ഞ ഭാഷയും യന്ത്രോപകരണങ്ങളുടെയും മറ്റും സഹായത്തോടുകൂടിയുള്ള ഫിറ്റ്നസ് പരിശീലനമുറകൾ ആവിഷ്കരിക്കുമ്പോൾ ഇംഗ്ലീഷ് പദങ്ങളും പ്രയോഗങ്ങളും വാക്യങ്ങൾതന്നെയും കടന്നുവരുന്ന ഭാഷാപ്രയോഗരീതിയും സാമാന്യമായി കാണുന്നുണ്ട് (വനിത, ഒക്ടോബർ 1–14, 2005/വനിത, ഡിസംബർ 15–31, 2005).

ഇവിടെ ഉപയോഗിക്കുന്ന ഭാഷയിൽ മറ്റു വ്യവഹാരങ്ങളിലെ പദങ്ങളും പ്രയോഗങ്ങളും കടന്നുവരുന്നുണ്ടെങ്കിലും അവ ഫിറ്റ്നസ് വ്യവഹാരപരിസരത്തിൽ അതിന്റേതു മാത്രമായ അർഥം നേടുകയും അങ്ങനെ ഒരു പുതുമലയാളമായി മാറുകയും ചെയ്യുന്നു.

അങ്ങനെ ഫിറ്റ്നസ് വ്യവഹാരത്തെ ആവിഷ്കരിക്കാനുള്ള ഉപാധികളെല്ലാം തന്നെയും ചേർത്ത് ഫിറ്റ്നസ് ഭാഷ അല്ലെങ്കിൽ ഫിറ്റ്നസ് മലയാളം എന്നു പറയുമ്പോൾ അതു കേവലം വാമൊഴി – വരമൊഴി രൂപത്തിലുള്ള ഭാഷയല്ല. മറിച്ച്, അതു വിവിധ ഇന്ദ്രിയങ്ങളെ ഒരേസമയം ആകർഷിക്കുകയും ഉപയോഗിക്കുകയും ചെയ്തുകൊണ്ട്, കാഴ്ചയെയും രുചിയെയും ഗന്ധത്തെയും സ്പർശത്തെയും കേൾവിയെയും ആശ്രയിച്ചുകൊണ്ട് സൂക്ഷ്മവും തീവ്രവുമായ ഒരു വിനിമയ ഭാഷയായി വിടരുന്നു.

ഫിറ്റ്നസുമായി ബന്ധപ്പെട്ട് ആനുകാലികങ്ങളിൽ വരുന്ന പരസ്യങ്ങൾ ഒരു പ്രത്യേക വിഭാഗമാണ്. മറ്റു ഫിറ്റ്നസ് വ്യവഹാരമാതൃകകൾ വ്യായാമത്തിനും ഭക്ഷണക്രമീകരണത്തിനും പ്രാധാന്യം കൊടുക്കുമ്പോൾ '*ഭാരം കുറക്കാം! വ്യായാമം വേണ്ട! ഭക്ഷണനിയന്ത്രണം വേണ്ട!*' എന്ന വ്യാമോഹം നൽകുന്ന വാക്യങ്ങൾ പരസ്യങ്ങളിൽ കടന്നുവരുന്നു. ഫിറ്റ്നസ് നേടിയെടുക്കണമെന്ന ആഗ്രഹമുള്ള, അലസത ഭരിക്കുന്നവർക്കു നേരെയുള്ളതാണ് ഈ കച്ചവടക്കണ്ണ് (മാതൃഭൂമി ആരോഗ്യമാസിക, മാർച്ച് 2007).

വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായാണു പരസ്യങ്ങൾ രൂപീകൃതമാവുന്നത് എന്നതിനാൽ അവയിലെ വിപണനതന്ത്രങ്ങൾ വ്യക്തമാണ്. എന്നാൽ പരസ്യങ്ങൾ അല്ലാതെയുള്ള ഫിറ്റ്നസ് ആവിഷ്കാരങ്ങളിലും വിപണനതന്ത്രം (ബോധപൂർവം?) പ്രയോഗിക്കപ്പെടുന്നുണ്ട്. ആഖ്യാനങ്ങളും ചിത്രങ്ങളും എല്ലാം പലപ്പോഴും വ്യക്തമായി വിപണിയുടെ സൂചനകൾ തരുന്നുണ്ട്. ഫിറ്റ്നസുമായി ബന്ധപ്പെട്ടുവരുന്ന അവതരണങ്ങളിൽ വിപണി ഏറ്റവും കൃത്യമായി ഇടപെടുന്നതു വ്യായാമത്തിനുള്ള ഉപകരണങ്ങളുടെ മേഖലയിലാണ്. നടത്തം നല്ല വ്യായാമമാണ് എന്നു പറയുന്നതിനോടൊപ്പം സമയമില്ലാത്തവർക്ക് ട്രെഡ് മിൽ വാങ്ങിയാൽ വീട്ടിൽ വെച്ച് (ടി. വി. കണ്ടുകൊണ്ട്/പാട്ടു കേട്ടുകൊണ്ട്) നടക്കാം എന്നു പറയുകയോ അത്തരം ചിത്രങ്ങൾ കൊടുക്കുകയോ ചെയ്യുമ്പോൾ നടത്തം എന്നത്, നാലു ചുവരുകൾക്കുള്ളിൽ സംഭവിക്കാവുന്ന/സംഭവിക്കേണ്ട ഒന്നായി മാറുന്നു. ഇതോടൊപ്പംതന്നെ ഫിറ്റ്ന

സിനെ സൗന്ദര്യം, ഫാഷൻ എന്നിവയെല്ലാമായി ബന്ധിപ്പിക്കുമ്പോൾ സൗന്ദര്യവർദ്ധകവസ്തുക്കളുടെയും പുതിയ വസ്ത്രവൈവിധ്യങ്ങളുടെയും പ്രദർശനശാലയായി അവതരണങ്ങളും ലോകവും മാറുന്നു.

ഫിറ്റ്നസ് അവതരണങ്ങളോടനുബന്ധിച്ചു ചിത്രീകരിക്കപ്പെടുന്ന ശരീരം, മാറുന്ന ശരീരബോധത്തെക്കൂടി പ്രതിനിധാനം ചെയ്യുന്നതായി കാണാം. ശരീരം മൂടിവെക്കാനുള്ളതല്ലെന്നും കാണാനും കാണിക്കാനുള്ളതാണെന്നുമുള്ള പുതുബോധം ഇതിലൂടെ ഉണ്ടായിവരുന്നുണ്ട്. ഇവിടെ സ്ത്രീകളുടെ ചിത്രങ്ങളാണ് ഏറെ പ്രദർശനപരത പ്രകടിപ്പിക്കുന്നത് എന്നതു വിപണതന്ത്രത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും ഭാഗമായ ആസ്വാദനതലത്തെ കുറിക്കുന്നു. പരസ്യങ്ങൾ ഇതിന്റെ പ്രത്യക്ഷ ഇടങ്ങളാണ്.

പ്രകൃതിയുടെ ചിത്രങ്ങൾ ഫിറ്റ്നസ് അവതരണങ്ങളിൽ വളരെ കുറച്ചുമാത്രമാണു കടന്നുവരുന്നത്. രാവിലെ നടക്കുന്നതു നല്ലതാണെന്നും തുറസ്സായ സ്ഥലത്തു ശുദ്ധവായു ശ്വസിച്ചു വ്യായാമം ചെയ്യുന്നതു നല്ലതാണെന്നും മറ്റും പറയുമ്പോൾ വളരെ ചുരുക്കം ഇടങ്ങളിൽ പ്രകൃതിയുടെ ദൃശ്യം വരുന്നുണ്ട്. എന്നാൽ അതുതന്നെ മനുഷ്യനിർമിത 'ലോണു'കളുടെയും 'ഗാർഡനു'കളുടെയും ചിത്രമാണ്. വ്യായാമം, അതു നടത്തമായാൽപോലും നാലു ചുവരുകൾക്കുള്ളിൽ നടത്താമെന്ന ഒരറിവ് ഇവ നൽകുന്നുണ്ട്.

ഫിറ്റ്നസ് വ്യവഹാരത്തിന്റെ കച്ചവടതാത്പര്യങ്ങൾ മറ്റു താത്പര്യങ്ങളോടൊപ്പം പഠിച്ചെങ്കിൽ മാത്രമേ ആ വ്യവഹാരത്തെക്കുറിച്ചു സങ്കീർണ്ണബോധം ഉണ്ടാകുകയുള്ളൂ. അതിനുള്ള ആദ്യപടിയായി അതിന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ചു ധാരാളം വിവരണാത്മകപഠനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അത്തരം വിവരണാത്മകപഠനങ്ങളുടെ തുടക്കംമാത്രമായി ഈ ലേഖനത്തെ പരിഗണിച്ചാൽ മതി.

## ഉപസംഹാരം

സമൂഹം-വ്യവഹാരം-ഭാഷ എന്നിവ പരസ്പരം നിർമിക്കുന്നു. മാറുന്ന ലോകക്രമത്തിനനുസരിച്ചു സമൂഹത്തിൽ വരുന്ന മാറ്റം പുതുവ്യവഹാരങ്ങളുടെ സൃഷ്ടിക്കും പുതുവ്യവഹാരങ്ങൾ ഭാഷയുടെയും സമൂഹത്തിന്റെയും പരിണാമത്തിനും കാരണമാകുന്നുണ്ട്. പുതുവ്യവഹാരങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവാണു ഭാഷയുടെ വളർച്ചക്കു മാനദണ്ഡം. ഭാഷയുടെ ഈ ശക്തി തിരിച്ചറിയുകയും ഫിറ്റ്നസ് വ്യവഹാരത്തെ ആസ്പദമാക്കി വ്യവഹാരവും സമൂഹവും ഭാഷയും തമ്മിലുള്ള ബന്ധം അടയാളപ്പെടുത്തുകയായിരുന്നു ഇവിടെ. പഠനത്തിൽ തെളിഞ്ഞ പ്രധാന വസ്തുതകൾ ഇവയാണ് :

1. ഓരോ വ്യവഹാരവും ഭാഷയിൽ തന്നിടങ്ങൾ സൃഷ്ടിക്കുന്നു. മറ്റു വ്യവഹാരങ്ങളുടെ പ്രയോഗങ്ങളെക്കൂടി സ്വാംശീകരിച്ച് ഓരോ വ്യവഹാരവും സ്വന്തം ഭാഷ വികസിപ്പിക്കുന്നു.
2. ഫിറ്റ്നസ് വ്യവഹാരത്തിന്റെ വ്യാപനത്തിനു വിദ്യാഭ്യാസം, സാമൂഹികബന്ധങ്ങൾ, ജനപ്രിയ ആനുകാലികങ്ങൾ എന്നിവ പങ്കുവഹിക്കുന്നുണ്ട്. ഈ മേഖലകളിൽ സമ്പർക്കമില്ലാത്തവരാണ് ഫിറ്റ്നസ് എന്നു കേൾക്കാത്തവർ.
3. ശരീരവുമായി ബന്ധപ്പെട്ടാണ് ഫിറ്റ്നസ് പൊതുബോധത്തിൽ കടന്നുവരുന്നതെങ്കിലും അതിന്റെ മാനസിക സാമൂഹ്യതലം കൂടി പലരും തിരിച്ചറിയുന്നുണ്ട്. പരമ്പരാഗതബോധത്തിൽനിന്നു വ്യത്യസ്തമായി മാനസിക-ശാരീരിക ആരോഗ്യങ്ങൾ പരസ്പരം ഫിറ്റ്നസ് സങ്കല്പത്തിൽ ഇടം നേടുന്നു.
4. ഫിറ്റ്നസ് പലതരം ഉണ്ടെന്നും ഓരോ മേഖലക്കും ആവശ്യമായ ഫിറ്റ്നസ് വ്യത്യസ്തമാണെന്നും പൊതുവേ അംഗീകരിക്കുന്നു. ദൈനംദിന ജീവിതാനുഭവമായി ഫിറ്റ്നസിനെ സ്വാംശീകരിക്കുകയും സാർവലൗകിക ഫിറ്റ്നസിനെ നിരാകരിക്കുകയും ചെയ്യുന്നു, അഭിമുഖത്തിലെ ആഖ്യാനങ്ങൾ. പരിചിതരായ ആളുകളെ ഫിറ്റ്നസിന്റെ മാതൃകയായി കാണിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്.
5. സ്വകാര്യ ഇടങ്ങളിൽ ആസ്വദിക്കുന്ന ഒന്ന് പൊതുസമൂഹത്തിലെത്തുമ്പോൾ അശ്ലീലമാണ് എന്നു പറയുന്നതരത്തിലുള്ള യാഥാസ്ഥിതിക അധികാരഘടനയുടെ ഇടപെടൽ ഫിറ്റ്നസ് വ്യവഹാരങ്ങളിലും കാണാം. ലൈംഗികതയുമായുള്ള ഫിറ്റ്നസിന്റെ ബന്ധം മറയ്ക്കപ്പെടുന്നത് ഇത്തരത്തിലാണ്.
6. ആനുകാലികങ്ങളിൽ ആവിഷ്കരിക്കപ്പെടുന്ന ഫിറ്റ്നസ്, ആഖ്യാനമാതൃകകളിൽ വൈവിധ്യം പുലർത്തുന്നു.
7. ഫിറ്റ്നസ് വ്യവഹാരം അതിന്റെ സ്വരൂപം ആർജ്ജിക്കുന്നത് ആരോഗ്യം, ഭക്ഷണം, സൗന്ദര്യം, ഫാഷൻ, ലൈംഗികത തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളുടെ ഭാഗമായും അവയെ സ്വാധീനിച്ചുകൊണ്ടുമാണ്. ശരീരവിഷയമായ എന്തും ഫിറ്റ്നസിനെ കുറിക്കുന്നു എന്ന ചിന്ത ആനുകാലികങ്ങളിലെ ഫിറ്റ്നസ് അവതരണങ്ങൾ മുന്നോട്ടുവെക്കുന്നു.
8. സമൂഹത്തിന്റെ പൊതുബോധത്തിലും പൊതുവ്യവഹാരങ്ങളിലും ഫാഷനും സൗന്ദര്യവും ലൈംഗികതയും ഫിറ്റ്നസുമായി ഇനിയും കണ്ണിചേർക്കപ്പെടുന്നതേയുള്ളൂ.

9. ഫിറ്റ്നസ് ഭാഷ/മലയാളം എന്നതു കേവലം വാചികമായ ഒന്നല്ല. ചിത്രങ്ങളും നിറങ്ങളും അവയുടെ സംയോജനവും രൂപകല്പനയും എല്ലാമടങ്ങിയ അവതരണരീതിയാണ്.

10. ഫിറ്റ്നസ്, സംവേദനക്രമത്തിൽ വ്യവഹാരത്തെ ആവിഷ്കരിക്കാനുള്ള ഉപാധികളെല്ലാം ചേർത്ത് ഫിറ്റ്നസ് മലയാളം എന്നു വിളിക്കുമ്പോൾ അതു കേവലം വാമൊഴി-വരമൊഴിഭേദം വിട്ട്, സർവ ഇന്ദ്രിയങ്ങളെയും തൃപ്തിപ്പെടുത്തുകയും വിനിയോഗിക്കുകയും ചെയ്യുന്ന ശക്തമായ ഒരു വിനിമയ ഭാഷയായി മാറുന്നു.

11. ഫിറ്റ്നസിന്റെ ആവിഷ്കരണത്തിൽ കടന്നുവരുന്ന പ്രതിലോമസ്വഭാവങ്ങളെ-വിപണനതന്ത്രങ്ങളും ഉപഭോഗമനസ്ഥിതിയും സങ്കുചിതത്വവും-പഠനം തിരിച്ചറിയുന്നു.

സമൂഹത്തിൽ മധ്യവർഗവത്കരണം ശക്തമായിത്തന്നെ നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പുതുവ്യവഹാരങ്ങളെക്കുറിച്ചുള്ള പഠനം വിവിധ മാനങ്ങൾ നേടുന്നുണ്ട്. ഒരൊറ്റ പഠനംകൊണ്ട് ഇവയെല്ലാം പ്രകടമാക്കാനാവില്ല. ഇത്തരം വ്യവഹാരങ്ങളുടെ വ്യാപ്തി. ബഹുവൈജ്ഞാനികമായ കാഴ്ചപ്പാടിലൂടെ ഓരോ വ്യവഹാരത്തെയും, അതിന്റെ വിവിധ തലങ്ങളെയും സ്പർശിച്ചുകൊണ്ട് അപഗ്രഥിക്കുക എന്നതാണ് പോംവഴി. അത്തരം പഠനങ്ങളുടെ ക്രോഡീകരണത്തിലൂടെ സമൂഹ-ഭാഷാവ്യവസ്ഥയും പരിണാമവും അടയാളപ്പെടുത്താൻ സാധിക്കും.

ഫിറ്റ്നസ് മലയാളത്തെക്കുറിച്ച് ശ്രീശങ്കരാചാര്യ സർവകലാശാലയിൽ എം. ഫിൽ തലത്തിൽ ഡോ. സ്കറിയാ സക്കറിയയുടെ മാർഗ്ഗനിർദ്ദേശത്തിൽ നടത്തിയ ഗവേഷണപഠനത്തിന്റെ സംഗ്രഹമാണ് ഈ ലേഖനം. മൂലപ്രബന്ധത്തിൽ ആനുകാലികങ്ങളിൽനിന്നുള്ള ധാരാളം പരസ്യങ്ങളും ലേഖനങ്ങളും ഉപാദാനങ്ങളായി ചേർത്തിരുന്നു. പ്രസക്തമായ മറ്റു പല കണക്കുകളും പട്ടികയായി ചേർത്തിട്ടുണ്ട്. സ്ഥലപരിമിതിമൂലം അവയെല്ലാം ഇവിടെ ഒഴിവാക്കുന്നു.

## കുറിപ്പുകൾ

1. Discourse mearly means actual instances of communication in the medium of language (Barbara Johnstone, 2002)
2. People's generalization about language are made on the basis of the discourse they paricipate in ... people apply what they already know is creating and interpreting new discourse. (Barbara Johnstone, 2002)
3. Discourse... a social construction of reality, a form of knowledge. (Norman Fairclough, 1995)





4 "സാമൂഹികതയാൽ നിർണയിക്കപ്പെടുന്ന ഭാഷാപ്രയോഗമാണ് വ്യവഹാരം. അത് വെറുമൊരു ഭാഷാപ്രയോഗമല്ല. കാരണം ഭാഷ സാമൂഹികോല്പന്നവും സാമൂഹികപ്രക്രിയയും ആകുന്നു. ഭാഷേതരമായ മറ്റുചില വസ്തുതകളെപ്പോലെ ഭാഷയും സാമൂഹികസ്വഭാവത്തെ ഉൾക്കൊള്ളുന്നു. വ്യവഹാരത്തിലെ സാമൂഹികവ്യവസ്ഥകൾ - സാമൂഹിക സാഹചര്യം, സാമൂഹികസ്ഥാപനം, മൊത്തം സമൂഹം എന്നിങ്ങനെ മൂന്നു തലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്" (ഗിരീഷ് പി. എം., 2001).

5. കൂടുതൽ വിവരങ്ങൾക്ക് ബാർബറ ജോൺസ്റ്റൻ 2002 നോക്കുക.

6 പൊൻകുന്നം വർക്കിയുടെ കഥ, 'അച്ചന്റെ വെന്തീഞ്ഞ ഇന്നാ'

7 പരസ്യം, പ്രസ്റ്റീജ് കിച്ചൻ വെയർ.

8 പരസ്യം, ഈസ്റ്റേൺ രസപ്പൊടി.

9 പരസ്യം, ആയുഷ് ഷാംപൂ

10 ഏ. ആർ. രാജരാജവർമ, 2000 : 279

11 ഏ. ആർ. രാജരാജവർമ, 1989 : 185

12 പനച്ചി, ഭാഷാപോഷിണി, 2007 ജനുവരി, പുസ്തകം 30, ലക്കം 8

13 '*അശ്ലീലത്തിന്റെ അതിപ്രസരം : ലൈംഗിക പാഠ്യപദ്ധതി വിവാദത്തിൽ*', വാർത്ത, പുറം 12, മാതൃഭൂമി ദിനപ്പത്രം, ഫെബ്രുവരി 12, 2007.

14 എ. *മാറ്റാത്തി*, സാറാജോസഫ്, 2003, പുറം 105-6
ബി. നോട്ട്ബുക്ക് (സിനിമ, 2006)

## ഗ്രന്ഥസൂചി


| | | |
|---|---|---|
| ഗിരീഷ്, പി.എം. | 2001 | ഭാഷയും അധികാരവും, പാപ്പിയോൺ, കോഴിക്കോട്. |
| ജോസഫ് സ്കറിയ | 1996 | പഴശ്ശിരേഖകളിലെ വ്യവഹാര മാതൃകകൾ, (ഗവേഷണപ്രബന്ധം, എം. ജി. യൂണിവേഴ്സിറ്റി, കോട്ടയം) |
| രാജരാജവർമ, എ.ആർ | 1989 | സാഹിത്യസാഹ്യം. കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ |
| രാജരാജവർമ, എ.ആർ | 2000 | കേരളപാണിനീയം, ഡി.സി.ബുക്സ്, കോട്ടയം. |
| രവീന്ദ്രൻ. പി. പി. | 1998 | മിഷേൽ ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം |

| | | |
|---|---|---|
| Abdul Latheef, A. (Dr)<br>Antony, A.M, (Dr)<br>Devakumar, K.V,<br>Balagopalan, P.K,<br>Hussain, K.P. | 2005 | Introduction to Physical Education for training colleges, Pub. Dr AM Antony, Nilambur, Kerala. |
| Barbara Johnstone | 2002 | Discourse analysis, Black Well Publishers, USA. |
| Barker Chris &<br>A Galasinski Dariusz | 2001 | Cultural Studies and Discourse analysis Dialogue on Language, Sagepublishers, London. |
| Bignell Jonathan | 1997 | Media Semiotics An introduction, Manchester University Press, New York. |
| Cobley Paul(ed.) | 2001 | The Routledge Companian to Semiotics and Linguistics, Routledge, London. |
| During Simon (ed.) | 1995 | The Cultural Studies Reader, Routledge, London |
| Philips Louise<br>Jorgenson.W. Marrianne | 2002 | Discourse Analysis as theory and methods, Sage Publishers, London |

**ആനുകാലികങ്ങൾ**

പനച്ചി, ഭാഷാപോഷിണി, 2007 ജനുവരി, പുസ്തകം 30, ലക്കം 8

സുധീർ, ഹേന, 'സ്പോർട്സ് മലയാളം : മലയാളിയുടെ മാറുന്ന മുഖം', പ്രതിസംസ്കൃതി ത്രൈമാസിക, ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ, ലക്കം 8

■

## രേഖാശേഖരത്തിൽനിന്ന് / From the Archives

*We are happy to publish a 14 page leaflet on L.V. Ramaswami Aiyar's Dravidian linguistic works. The editor of TAPASAM came across this garland of quotations in Decan College library, Pune. This valuable document contains citations from public and private communications about LVR's linguistic labours. This shows the extent of admiration won by LVR from his contemporary international scholarly community. We hope this type of international recognition won by LVR will prompt students of Kerala studies to pay greater attention to his scholarly works. There is every reason to believe that this leaflet printed in Viswanath press Ernakulam was published with the concurrence of LVR as it contains several citations from private communications to him. So this document is a valuable resource for the intellectual biography of LVR. It foregreounds not only the assessment of the legendary linguist by the scholarly community but his self perception as well.*

- Scaria Zacharia

# PAPERS
ON
# DRAVIDIAN LINGUISTICS

By
L. V. RAMASWAMI AIYAR M.A.B.L.
(MAHARAJA'S COLLEGE, ERNAKULAM)

*Opinions*

1. SIR GEORGE GRIERSON, Editor, the Linguistic Survey of India, (16th September, 1930):—

"I have read your papers in the J. B., O.R.S. where they originally appeared, and I was much interested and, I was glad to see the true scientific spirit with which you discussed several new and very important aspects of Dravidian."

(5th July 1933):— "Your 'Dravidic Porblems' is an important contribution to the history of Dravidian sounds."

(14th Feb., 1934):— "I have already seen your 'Initial Fricatives and Affricates' in the pages of the Indian Antiquary and I read it with pleasure and profit."

1. *Pater* W. SCHMIDT S. V. D. (30th March, 1930):—

"Your article on 'Word-parallels between Dravidian and other language-families' is treated in quite a scientific manner of dealing with this subject and you have placed the matter on the right point by speaking, not of affinities, but of possibilities and probabilities of contact. In this direction your paper affords a very good orientation of the different sides in which Dravidian languages may have exercised some influence and from which they may have received influence. I think that it would be of utility for the progress of Indian Linguistics if a scholar of such wide learning as you would continue to make researches about Dravidian loanwords and Dravidian influence on Munda languages.

3. Prof. F. O. SCHRADER (5th Sept., 1929):—

"Your paper on 'Accentual Influence and Intervocal Plosives' is a very short paper indeed, but one of the most useful ones you have written."

(31st August, 1931):— "Your paper on *R* Sounds is again a most welcome and useful contribution on a difficult problem".

(26th August, 1932):— "Your latest articles are as useful as interesting. The most important one, from the standpoint of general lingustics is, I believe, 'Aphaeresis and Sound Displacement. I am following with close attention your marvellous productiveness which gives you the first place among the knowers of Dravidian."

(9th October, 1932):— "Your Tulu Prose Texts' is a work of the highest merit. It shows that a Linguistic survey of Southern India should at last be taken in hand and you be made the Director of it. 'Dravidic *speaking and saying*' is also most interesting and useful, as all your little monographs. It throws light on many words and forms of which no grammar or Dictionary so far gives an explanation."

(4th March, 1934):— "Your most meritorious treatment of teh *druta* and the *ayaa* problems which have until now been a veritable crux."

4. Prof. V.LESNY in Wiener Zeitschrift fur die Kunde des Morgenlandes—Vol.35, p. 323.

> "L. V. Ramaswami uberblickt erst mit einiger Worten die Entwicklung der (Mal.) sprache............und beschreibt dann in der strengwissenschaftlichen Weise der neuen phonetischen Methode die Laute des Malayalam............Es ist erfreulich dass sich die indischen Belehrten immer mehr die westliche Methode aneignen und sich so hervorragend auf dem Gebiete der Wissenschaft machen".

*Translation*:— "L. V. Ramaswami surveys in an Introduction the development of the (Mal.) language............ and then discusses

in the strictly scientific methodology of modern phonetics the sounds of Malayalam. It is gratifying to note that Indian scholars are assimilating western methods ever increasingly and are distinguishing themselves as here in the field of knowledge."

5. Prof. F. BORK (13th December, 1929):—

Dass Sie wohl der erste sind, der an die Phonetik der drawidischen herangegangen sind, ist wundervoll. Ihre Art der Behandlung macht mir aufrichtige Freude."

*Translation*:— "It is gratifying to see that you are the first to work in the field Drvidian Phonetics. Your methodology fills me with sincere joy."

6. Prof. MARK COLLINS. (6th September, 1930):—

"I congraluate you heartily on your papers 'Prossemy and Ecsemy in Dravidian' and 'Studies in Semantics', in which you seek to apply recent western analysis of psychological content of words to the languages of Southern India. This was well worth doing, and you have done it well."

7. Prof. JULES BLOCH IN 'Bulletin de la societe linguistique' Vol. 33, 3, pp. 76, 77

> "Les articles de L. V. Ramaswami Aiyar traitent de points precis; et on peut esperere qu'un jour assez proche Ramaswami Aiyer en tiera un travail d'ensemble et fera faire unpas a nouveau a la grammaire comparee du dravidien, peu renouvellee depuis Caldwell."

*Translation*:— "L. V. Ramaswami Aiyar's articles treat about definite topics; it may be hoped that he will collect them in t a whole work at an early date and initiate a new step in comparative grammatical studies Dravidian, awaiting renovation since the time of Caldwell."

8. Prof. JARL CHARPENTIER (1928):— Your 'Malayalam Phonetics' which I fully appreciate.......





(5th November, 1929):— "I have read your papers and found them as always very learned and sensible."

9. Prof. HANNES SKOLD (29th December, 1929):—

"I found your method quite satisfactory and I am quite sure that general linguistics will benefit in a high degree from your work."

10. Prof. R. L. TURNER (18th Nov., '31):—

"(Mr. L. V. Ramaswami Aiyar's paper on 'Tulu texts') gives an intersting example of two class dialects in a Dravidian language.

(21st August 1934): - "Of course I saw your paper on 'Tulu Prose Texts': in fact I had the pleasure of recommending it for publication in BSOS. I look forward to seeing your sketch of Tulu Phonology in IL. I am very glad you are taking up the description of the Toda language."

11. SIR DENYS BRAY (8th April, 1931):—

"Very many thanks for the final instalment of your suggestions. Believe me, I am very grateful for the trouble you have taken for the concrete suggestions you have made."

(4th November, 1931):— "How kindly of you to send me your latest paper on 'K and its derivatives'. I only wish that the whole gamut of Dravidian sounds had been so analysed; it would have greatly facilitatetd (and make ever so much more interesting) my own task in my own little field."

22nd Sept., 1932.:— "I greatly admire your steady output of valuable papers."

12. Prof. F. O. SCHRADER (1st May, 1931.)

"Your three papers have reached me, and I have just read them and found them as interesting and instructive as every thing which comes from your pen. I always feel a sort of refreshment when reading your articels which are so full of working power.

Your paper on "Word-Parallels" was particularly interesting

for me and will have, I believe, to be recognized as a very useful contribution even by those many linguists whose *istadevata* truns out to be *yadrcca* as soon as they are confronted with such lists. A theory of probabilities, if there was one in lingusitics, would justify such attempts as yours and mine."

13. Prof. L. D. BARNETT (18th Feb., 1930.)

"...........Your paper (on 'Dravidian Semantics') which I find interesting."

14. E. H. TUTTLE Esq. (19th July, 1930.)

"Your interesting paper (on 'Dravidian Semantics').

15. Prof. RICARDO GATTI (18th Feb., 1930.)

"Lo ringrazio vivamente dei suoi interessantissimi lavori ...............ne ho veduto l'importanza."

*Translation*:— "I thank you heartily for your most interesting papers. I have recognized their importance."

16. Prof. STEN KONOW. (16th April, 1931.)

"It is important to get such careful analysis (As yours) of Dravidian sounds and of their treatment in the various Dravidian languages.

17. C. E. W. E. OLDHAM Esq. (17th July, 1930.)

"It has been a great pleasure reading through the Mss. and proofs of your studies in Lingusitics which, if I may be permitted to express an opinion, disclose the true spirit of research.

18. Rev. A D CLOSSET S. J. Esq. (19th Feb., 1931.)

"Your paper on *arisi* is very good. Caldwell and you are right. for *ur* you are right too."

19. Prof. V. PISANI, (28th Feb, 1932.)

"You know very well not only the languages themselves but also modern scientific methods. Especially your paper on "A few Dravidian Liguistic Perspectives" seems to me very well made and rich in important results; also what you may say on the Dravidian names for palms is acutely and rightly seen.".

20. Prof. RENWARD BRANDSTETTER, (21st August, 1932.)

"Your pamphlets are most interesting."

21. H. H. FIGULLA (16th March, 1932.):—

"Your excellent papers."

22. H. H. FIGULLA in "Mitteilungen des Seminars fur orientalkischen Sprachen" Vol. 35, II, p. 204. :—

"Ich mochte die Gelegenheit benutzen, auf die Arbeiten eines der bedeutendsten indischen Dravidologen hinzuweisen, die im Laufe der letzten Jahre gedruckt worden sind.

"Malayalam Phonetics" ist ein sehr eingehende und vorzugliche Lautlehre des Malayalam, wahrend 'Aphaeresis' sich mit den Vokalschwund im Anlaut beschaftigt."

*Translation*:— "I may take this opportunity to refer to the works of one of the most prominent of Indian Dravidologists, which have been published druing recent years. [The titles and brief accounts of the contents of ten Dravidic papers written by Mr. L. V. Ramaswami Aiyar are next given].

'Malayalam Phonetics' is a very penetrating and meritorious study of the Phonetics of Mal., while 'Aphaeresis' concerns itself with the elision of vowels in initial positions of words."

23. Prof. A. M. PIZZAGALLI (17th Sept., 1934):— "I have read your papers with pleasure and profit. Very interesting are your researches on 'Dravidic Glides.' I think you are right in your judgments, New and interesting your paper on 'Dravidian Semantics"

24. Prof. LOUIS RENOU (7th Nov., 1934):—

"J'admets tres bien ce que vous dites sur Dr. *nir* and Skt.

*nira*. La date relativement recente a laquelle apparait be mot en indien aide a accepter l'emprunt au dravidien. "Je vous felicite de votre activite scientifique".

*Translation*:— "I fully approve your observations on Dr. *nir* and Skt. *nira*. The comparatively recent period in which the word appears in IA strengthens the hypothesis of its having been loaned out by Dravidian. I congratulate you on your scientific work.

25. Prof. K. SWAMINATHAN (23rd Jan., 1928):—

"Your 'Malayalam Phonetics' is an extremely careful piece of work and does credit to your observation and discrimination. Please accept my congratulations on your interesting application of phonetic methods to an Indian vernacular."

26. THE "HINDU" (30th May, 1932):—

"An important paper; embodying much original research work has been contributed (to Vol. IV, No.1 of the Journal of the Madras University) by L. V. Ramaswami Aiyar on 'A' few Dravidian Languistic Perspectives."

27. RAO SAHEB G. V. RAMAMURTI PANTULU (5th May, 1931):—

"You are conversant with the progress of Philology in Europe and America and have acquired what is called contrastive perspective so that you know how to evaluate philological features.... your essays are most valuable to the student of Philology".

(5th Feb., 1934):— "Your paper (on Dravidian Glides') has enhanced the value and importance of the (Commemoration) volume."

(18th Oct., 1934):— "I hope your college will send you to the London Phoneticians Congress. It will be an honour to the college and to the State: it will also conduce to the advancement of knowledge. You are eminently qualified to take part in the Congress of Phoneticians."





28. THE MODERN REVIEW (Feb., 1931, p. 187):—

"The author ought to have mentioned the name of Mr. L. V. Ramaswami Aiyar among the prominent workers in the field of Dravidian Philology".

29. RAO BAHADUR R. NARASIMHACHAR (23rd Aug., 1933):— "The work that you have been doing is worthy of praise".

30. Prof. K. RAMAKRISHNIAH (3rd January, 1934):— "I have gone through your valuable paper on 'Tel. Druta, and I agree mostly with your conclusions."

31. A. MASTER I. C. S. (10th March, 1933):— "Your Dravidian Linguistic Perspectives,' is extremely interesting"

32. THE POET ULLUR (1-2-1110):— "You have put all students of Dravidian Philology under a deep debt of obligation by your penetrating researches."

33. Prof. SIDDHESWAR VARMA (14th July, 1934):

"Your Dravidic Glides' is a valubale and important paper showing perhaps for the first time the vast complications of glides occuring in the various dialects of a language system.

Your 'Initial Fricatives and Affricates' is a synthesis of interesting facts.

Your 'R - sounds of Dravidian,' is one of the most interesting and informative of your papers. I have learnt many new facts from it, for which I particularly thank you.

Your paper on 'Aphaeresis and Sound displacement in Dravidian,' is a collection of useful material. It is a fairly complete survey and describes occurrences and non-occurrences of aphaeresis. It indicates hard work and patient research.

'Tulu Prose Texts in two dialects' is decidedly one of the most valuable of your papers. I wish you had written many more such papers.

Your 'Dravidic Names for Palms' is a splendid paper. It thoroughly considers all the difficulties arising in connection with the derivation of the word *tal*. It seems to be a crossing of two words one Indo-aryan, one Dravidian. Possible in Central India, both were spoken side by side.

Your, 'Notes on some Dravidic Plant-Names' is an interesting and informative paper. In its consideration of parallel Austric forms, it shows acuteness, accuracy and sense of proportion.

Your '*Dravidic Saying and speaking*' is an excellent papere, unique in India. Nobody has yet handled the parallel problem in Indo-aryan. It is also one of the few paperes dealing in passing with Dravidian Syntax.

34. Madras University Board of Studies:—

'Grammar in Lilatilakam' by L. V. Ramaswami Aiyar M. A., B. L., has been prescribed for study by Honours Students in Malayalam.

35. "THE HINDU" (Literary supplement, 16th April, 1935): "Dravidic Glides" by L. V. Ramaswami Aiyar is a scholarly article dealing with the two sounds *y* and *v* of glide origin. The contexts in which they occur have been closely examined and classified in respect of Tam., Mal., Kannada. Telugu (literary and colloquial) and Tulu. The findings of old grammarians in the different languages have been analysed and presssed into service."

■

## COMPLEMENTING THE BOOKS

## പുസ്തകപൂരണം

കേരളപഠനസംബന്ധമായ പുതിയ പ്രസിദ്ധീകരണങ്ങളെക്കുറിച്ചു വായനക്കാരോ ഗ്രന്ഥകർത്താക്കളോ എഴുതുന്ന പൂരണക്കുറിപ്പുകൾ ഈ പംക്തിയിലേക്കു ക്ഷണിക്കുന്നു.

- പത്രാധിപർ

**Calicut: The City of Truth: Revisited**
**M. G. S. Naryanan**
University of Calicut Publication:
Price: Rs. 100/-

## കോഴിക്കോട്: സത്യത്തിന്റെ നഗരം

**വെങ്കിടാചലം**

ഉദിച്ചുയരുന്ന സൂര്യൻ നമ്മെ ബോധ്യപ്പെടുത്തുന്ന ഒരു സത്യമുണ്ട്: ഇന്നലെ സന്ധ്യയ്ക്ക് ഞാൻ കുറച്ചുദൂരം മാറിനിന്നത് വീണ്ടും ശക്തിയോടെ തിരിച്ചുവരാനാണ്. മാറിനിന്നപ്പോഴും സത്യങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ട് ഞാൻ മറ്റൊരിടത്ത് പ്രകാശിച്ചുകൊണ്ടിരുന്നു.

സത്യത്തിന് ഒരു മുഖമേയുള്ളുവെന്ന് ഗാന്ധിജിയോട് നിത്യചൈതന്യയതി വാദിച്ചപ്പോൾ ഗാന്ധിജി പറയുന്നു: തെറ്റ്. സത്യം ഒരു വജ്രക്കല്ലുപോലെയാണ്. അതിന് അനേകം മുഖങ്ങളുണ്ട്. കോഴിക്കോടിന്റെ സത്യത്തിന്റെ അനേകം മുഖങ്ങളെയാണ് എം.ജി.എസ്. നാരായണൻ കാണിച്ചുതരുന്നത്. തന്റെ: Calicut: The City of Truth - Revisited. എന്ന പുസ്തകത്തിൽ.

എം.ജി.എസിന്റെ യാത്രയാണ് ഈ പുസ്തകം. ചരിത്രത്തോടൊപ്പം യാത്രയ്ക്കിടയിൽ ചരിത്രത്തിന്റെ നിർദ്ദേശമനുസരിച്ച് പല സ്ഥലങ്ങളിൽ അദ്ദേഹം തങ്ങുന്നു. വിശദീകരിക്കുന്നു. ചരിത്രം എം.ജി.എസിന്റെ സഹയാത്രികനാവുന്നു ഈ പുസ്തകത്തിൽ. കോഴിക്കോടിന്റെ ഭൂതകാലത്തിലേക്കുള്ള ക്ഷണക്കത്താണ് ഈ പുസ്തകം.

കോഴിക്കോട് കടപ്പുറത്തിന്റെ വടക്കെ അറ്റത്തുനിന്ന് തന്റെ യാത്ര ആരംഭിക്കുന്നു. Invitation to the past എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം കടപ്പുറത്തുകൂടെ നടന്ന് വലിയങ്ങാടി, റയിൽവെ സ്റ്റേഷൻ, മേലെ പാളയം, താഴെ പാളയം, ചിന്താവളപ്പ്, ഹജൂർ കച്ചേരി , മിഠായിത്തെരുവ്, കല്ലായിപ്പാലം കഴിഞ്ഞ് തിരുവണ്ണൂർ - മാങ്കാവ് വഴി ഫറൂക്ക് പാലത്തിന്റെ അങ്ങേത്തലയ്ക്കൽ എത്തിനിൽക്കുമ്പോൾ നമ്മൾ സ്ഥലകാലവിഭ്രാന്തിയിൽപെട്ട് അന്തംവിട്ടു നിൽക്കും. യാത്രയ്ക്കിടയിൽ എം.ജി.എസിന്റെ വിവരണം ഭൂത വർത്തമാന ഭാവി കാലങ്ങളിലേക്ക് ഒരു നോവലെഴുത്തുകാരന്റെ കൈയടക്കത്തോടും വേഗതയോടും കയറിയിറങ്ങുന്നു. എഴുത്തുകാരൻ പറയുന്നു: തൊണ്ണൂറു ശതമാനം സാക്ഷരതയുള്ള കേരളത്തിന് സത്യത്തിന്റെ ഒരുവശംമാത്രമേ അറിയൂ. വാസ്കോഡ ഗാമ വന്നതിനുശേഷമുള്ള ചരിത്രം. അതിന് മുമ്പോ? പഠിപ്പിക്കുന്നതും പകുതി ചരിത്രംമാത്രം. വാസ്കോഡഗാമയ്ക്കുമുമ്പുള്ള ചരിത്രം പലരും സൗകര്യപൂർവ്വം വിസ്മരിച്ചിരിക്കുന്നു. ബ്രിട്ടീഷുകാരും പോർത്തുഗീസുകാരും ഓർമ്മയ്ക്കായി സ്മാരകങ്ങൾ, പള്ളികൾ, കൊട്ടാരങ്ങൾ, കോട്ടകൾ — പൂർവ്വചരിത്രം നശിപ്പിച്ച് അതിന് മുകളിൽ നിർമിച്ചവ — ഉണ്ടാക്കിവച്ചിട്ടാണല്ലോ പോയത്. Aparisam Ghosh ന്റെ The Land that lost History യിലെ വാചകങ്ങൾ ഉദ്ധരിക്കുന്നുണ്ട് എം.ജി.എസ്. "Half History? Modern Calicut seems to have no history at all". തെറ്റ് എവിടെയാണ് ആരംഭിച്ചത്? സെൻസേഷനുവേണ്ടി കാര്യങ്ങളെ വേണ്ടത്ര പഠിക്കാതെ, ക്ഷമയില്ലാതെ, പടച്ചുവിടുന്ന ലേഖനങ്ങളെ - പത്രപ്രവർത്തനത്തെ - എം.ജി.എസ് വിമർശിക്കുന്നുണ്ട്. ചരിത്രത്തെ പഠിക്കേണ്ടത് തകർച്ചകളിൽനിന്നാണ്. അല്ലാതെ സ്മാരകങ്ങളിൽനിന്നല്ല എന്ന സത്യം അദ്ദേഹം പുസ്തകത്തിൽ അടിവരയിട്ടു പറയുന്നു. From the half destroyed godowns, delapidated multi storied centers of worship, large neglected tanks, the resty old piers projecting to the sea, and crowded modern streets - ഇവയിൽനിന്നാണ് കഴിഞ്ഞകാലത്തെ വളർത്തിയെടുക്കേണ്ടത്.

History walk 1 ൽ കടൽതീരത്തുനിന്ന് തുടങ്ങുന്നു അദ്ദേഹം. ഗാന്ധി റോഡിന്റെ ആദ്യത്തെ പേരെന്തായിരുന്നു? Evans Road. ഗാന്ധി, ഗാഫർഖാൻ, നെഹ്റു, ഇന്ദിര, കൃഷ്ണമേനോൻ, മൊഹമ്മദ് അബ്ദുറഹിമാന്റെ ഉപ്പുസത്യാഗ്രഹം എന്നിവരുടെ ശബ്ദത്തിലൂടെ സഞ്ചരിച്ചുകൊണ്ട് കെ.പി. കേശവമേനോൻ റോഡിലെത്തുന്നു.

നന്നായി വൃത്തിയായി വച്ചിരുന്നാൽ സാക്ഷാൽ ലക്ഷ്മിദേവി ഇവിടം വിട്ടുപോവില്ല. ഉദ്ദണ്ഡശാസ്ത്രികളെ ഓർമ്മിച്ചുകൊണ്ടു പറയുന്നു: The Ocean seeing that is daughter has settled down in the city, is embracing the place presenting with ship full of jewls. കപ്പൽ നിറയെ വിലപിടിച്ച ആഭരണങ്ങളുമായി - സ്ത്രീധനം - കടൽ തന്റെ മകളെ കാണാൻ വരുന്നു എന്ന ഭാവന നമ്മളെ മോഹിപ്പിക്കുന്നു.





ഗാന്ധിറോഡിലെ ഫ്രഞ്ചുകാരുടെ വാസസ്ഥലം, ഇംഗ്ലീഷ്, സ്കോട്ടിഷ് കമ്പനി, വോൾക്കാർട്ട് ബ്രദേർസ്, ഹാരിസൺ കോഡ് ഫീൽഡ്, വില്യം ഗുഡേക്കർ, ആസ്പിൻ വാൾ, പിയേർസ് ലെസ്ലി എന്നീ കമ്പനികളിലൂടെ സഞ്ചരിക്കുമ്പോൾ കോമൺവെൽത്തിന്റെ ബോളണ്ട് സായ്പിനെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു: അവരെല്ലാം തുടങ്ങിയത് കൊച്ചിയിലാണ്. പക്ഷെ, കോഴിക്കോടിലാണ് ഉറപ്പിച്ചത്. മലയാളം പഠിച്ച് കഥകളിയെപ്പറ്റി എഴുതിയ ബോളണ്ടിനെ ആർദ്രതയോടെ ഓർമ്മിക്കുന്നു എം.ജി.എസ്.

കടപ്പുറത്തെ വടക്കെ അറ്റത്തുള്ള -ഇന്നില്ല- പാലം പണിയാൻ അന്നു ചിലവായത് 64000/- രൂപയാണ്. 1871 ൽ. Now almost lost. ഏദൻ, ഓസ്ലോ, ലണ്ടൻ, ബ്രേമൻ, ഹംബർഗ്ഗ്, ന്യൂയോർക്ക് എന്നിവിടങ്ങളിലേക്ക് ഇവിടെനിന്ന് സുഗന്ധവ്യഞ്ജനങ്ങൾ കയറ്റി അയച്ചിരുന്നു. ഒരു തകർച്ച ചൂണ്ടിക്കാണിച്ച് ചരിത്രത്തെ- സത്യത്തെ- കെട്ടിപ്പടുക്കാൻ ആരംഭിക്കുന്നു. Creaking sound of wood against wood and flapping of half open sails on mast along with sailors' and portworkers commands and shouts ഇപ്പോൾ, ഇവിടെ കോർപ്പറേഷന്റെ Open Stage ഉം, ലയൺസ് ക്ലബ്ബിന്റെ കുട്ടികളുടെ പാർക്കുമാണ് എന്നും എം.ജി.എസ്. എഴുതാൻ മടിക്കുന്നില്ല.

പിന്നെ ലൈറ്റ്ഹൗസിന്റെ, ബുദ്ധവിഹാറിന്റെ, മിതവാദി കൃഷ്ണൻ വക്കീലിന്റെ, കനോളി പാർക്കിന്റെ (മലബാർ കലക്ടറായിരുന്ന കനോളി സായിപ്പിന്റെ ഓർമ്മയ്ക്ക്), യൂറോപ്യൻ ക്ലബിന്റെ (1864), ബീച്ച് ഹോസ്പിറ്റലിന്റെ, ബാസൽ മിഷൻ ബംഗ്ലാവിന്റെ, ചരിത്രം പറഞ്ഞുകൊണ്ട് ആകാശവാണിയുടെയും, കോർപ്പറേഷൻ കെട്ടിടത്തിന്റെയും മുമ്പിലെത്തുന്നു. The Modern City of Calicut has now entered the hundred and fortieth year of its foundation പിയേർസ് ലെസ്ലി സ്പെൻസർ ആന്റ് കമ്പനി, കൊമ്പി, മേനോൻ, എൻ.വി, അറബിപ്പൊന്ന് എന്ന നോവൽ, പണ്ടത്തെ പാണ്ടികശാലകൾ, ജിഫ്രികൾ, ബറാമികൾ, കൊയപ്പത്തൊടി, ജടുക്ക വണ്ടികൾ (കുതിരകളെ ഗുജറാത്തിൽനിന്നും അറേബ്യയിൽനിന്നുമാണ് കപ്പലിൽ കൊണ്ടുവരുന്നത്). ഗുജറാത്തി, സിൽക് തെരുവുകൾ, സെന്റ് ജോസഫ് കോളേജ്, പള്ളികൾ എന്നിവയുടെ ചരിത്രങ്ങളിലൂടെ പിന്നീടദ്ദേഹം സഞ്ചരിക്കുന്നു. ലേഖനത്തിൽ പറയുന്നു: Calicut was one of the centres for horse trading not so much in politics, but in commerce.

ചരിത്രത്തിലൂടെയുള്ള രണ്ടാം നടത്തിൽ പട്ടുതെരുവ്, കൊപ്പറ ബസാർ, വലിയങ്ങാടി, ഗുജറാത്തി തെരുവ്, കുറ്റിച്ചിറ റോഡ്, ചാക്ക്, ഹലുവ, മിന്റ് എന്നീ തെരുവുകളും ചൈനക്കാരുടെ പട്ടുവസ്ത്രങ്ങളുടെ വിൽപനയും എം.ജി.എസിന്റെ ഓർമ്മകളിലൂടെ — ചരിത്രപശ്ചാത്തലത്തിൻ — നമ്മുടെ മുമ്പിലെത്തുന്നു. വലിയങ്ങാടിയിലെ, (ആദ്യത്തെ കോൺക്രീറ്റ് റോഡ്) റോഡ് നിർമ്മിച്ചത് 1930-40 കൾക്കിടയിലാണ്. ബ്രിട്ടീഷുകാരുടെ മേൽനോട്ടത്തിൽ - It is still functional, after decades of bullock cart and lorry traficഎം.ജി.എസ്

എഴുതുന്നു: ഗുജറാത്തികളും മാർവാഡികളും ചെട്ടികളും തമ്മിൽ കച്ചവടത്തിൽ മൽസരമുണ്ടായിരുന്നുവെങ്കിലും Violent Riots are unheard of this place എന്നു പറയാനും മറക്കുന്നില്ല, ലേഖകൻ. എന്തുകൊണ്ട്?

ഇവിടെ മാങ്ങാട്ട് അച്ചന്റെ കഥ പറയുന്നുണ്ട് ലേഖകൻ. ധനത്തിന്റെ ദേവതയെ വലിയങ്ങാടിയിൽ നിർത്തി, താൻ തിരിച്ചു വരുന്നതുവരെ കാത്തു നിൽക്കാമെന്ന സത്യം, അടിച്ച് വാങ്ങി പിന്നീട് ആത്മഹത്യ ചെയ്ത മാങ്ങാട്ട് അച്ചന്റെ കഥ. കൊടുത്ത സത്യം നിറവേറ്റിക്കൊണ്ട് ദേവി ഇപ്പോഴും അവിടെയുണ്ടാവണം. സത്യത്തിന്റെ നഗരത്തിന്റെ വിവിധ മുഖങ്ങളെ വിലയിരുത്തിക്കൊണ്ട്! സത്യത്തെ ധർമ്മമാക്കി, വാക്കിന്റെ ജ്യോതിയിൽ സൂര്യചന്ദ്രൻമാർ അസ്തമിച്ച ശേഷവും അഗ്നി ശാന്തമായ ശേഷവും വാക്ക് ഉച്ചരിക്കപ്പെട്ട സ്ഥലത്ത് ധനത്തിന്റെ ദേവി ഇപ്പോഴും നിലനിൽക്കുന്നു - ഇനിയും നിൽക്കും എന്ന് ആശിക്കാനാണ് എനിക്കിഷ്ടം. It provides an insurance against slump and a source of confidenceഎന്ന് എം.ജി.എസ് എഴുതിയതും അതുകൊണ്ടാവണമെന്ന് ചിന്തിക്കാനും ഞാൻ ഇഷ്ടപ്പടുന്നു.

പിന്നീട് മാതൃഭൂമി, ചെമ്പോട്ടിലൈൻ, മേലെ പാളയം, ബൈരാഗി മഠം, കോട്ടപ്പറമ്പ്, കുതിരവട്ടം (Seat of the family incharge of the Zamorin's Cavelry) എന്നിവയുടെ ചരിത്രങ്ങൾ വിവരിച്ച് കല്ലായിപ്പുഴത്തീരത്തെത്തുന്നു ലേഖകൻ. കല്ലായിയുടെ പഴയ പ്രതാപങ്ങളെ അനുസ്മരിക്കുന്നുണ്ട്. പൊറ്റെക്കാട്ടും ഉറൂബും എൻ.വി. യും കടന്നുവരുന്നുണ്ട് ഇവിടെ. അവരുടെ കഥകളിൽ ഈ പുഴയുണ്ടല്ലോ! കല്ലായിപ്പുഴ തീരത്തെ എംജി.എസ് വർണിക്കുന്നതു നോക്കുക: ദാരിദ്ര്യത്തിന്റെയും ദുഃഖങ്ങളുടെയും സ്നേഹത്തിന്റെയും വലിയ ലക്ഷ്യങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും രാഷ്ട്രീയത്തിന്റെയും തീരം. ഇവയെല്ലാം സ്വർഗ്ഗവും നരകവും ഇവിടെ തീർത്തിരുന്നു. സാമൂതിരിയുടെ ക്ഷണപ്രകാരമാവണം ഗുജറാത്തികൾ മധുരപലഹാരവുമായി വന്നതും മിഠായി തെരുവ് നിലവിൽ വന്നതും. നെയ്ത്തുതൊഴിലാളികളെയും ആശാരികളെയും കൊല്ലൻമാരെയുംകൊണ്ടു വന്നപോലെ.

പാർസികളെപ്പറ്റിയും അവരുടെ അഞ്ചുമാൻ ശ്മശാനവും ചർച്ചാവിഷയമാവുന്നുണ്ട്. ഇരുനൂറു വർഷങ്ങൾക്കുമുമ്പ് - പത്തൊമ്പതാം നൂറ്റാണ്ടിലാവണം പാർസികൾ വന്നതും ക്ഷേത്രം(Fire Temple) നിർമ്മിച്ചതെന്നും ലോഗൻ എഴുതിയിട്ടുണ്ട് 1887 ൽ. ക്ഷേത്രവും ശ്മശാനവും ഇപ്പോൾ ഉപേക്ഷിച്ച നിലയിലാണ്.

എഴുത്തുകാരുടെ ഒരു ചേരൽ—എസ്.കെ. യുടെ കഥ കേൾക്കാൻ—ഈ തെരുവിൽ ഉണ്ടായിരുന്ന മോഡേൺ ബേക്കറിയിലായിരുന്നുവല്ലോ! മാനാഞ്ചിറയുടെയും ഹസൂർ കച്ചേരിയുടെയും ചിത്രങ്ങളും വരയ്ക്കുന്നുണ്ട് ലേഖകൻ. മുതലക്കുളത്തെപ്പറ്റി പറയുന്നത് രസകരമായാണ്: രാവിലെ വൃത്തികെട്ട വസ്ത്രങ്ങൾ അലക്കാനും വൈകുന്നേരം രാഷ്ട്രീയക്കാരുടെ വിഴുപ്പലക്കാനുമുള്ള സ്ഥലമാണ് ഇപ്പോൾ മുതലക്കുളം. അന്തരിച്ച രാമദാസൻ വൈദ്യർ ഒരു അലക്കു





കല്ലിനെ അലങ്കരിച്ച് കഥ പറയുന്നുണ്ട് ഇവിടെ - നിശബ്ദവും നിസ്വാർത്ഥവുമായ സേവനം നടത്തിയതിന്.

ഉപ്പു കച്ചവടക്കാരാണ് ടൗൺഹാൾ നിർമ്മിച്ചത്. 1891 ൽ. അന്നത്തെ പേര് Salt Akbari Town hall എന്നായിരുന്നു. ഉപ്പുസത്യാഗ്രഹത്തിനുള്ള ആഹ്വാനം ഇവിടെവച്ചായിരുന്നുവെന്നും ലേഖകൻ പറയുന്നു. നടക്കാവിലായിരുന്നുവത്രെ മാങ്ങാട്ടച്ചന്റെ ഔദ്യോഗിക വസതി.

മൂപ്പൻ - കമ്മാലിമാരുടെ മരക്കണക്കിന്റെ സത്യം, കുറ്റിച്ചിറയിലെ കെട്ടിടങ്ങൾ, തിരുവണ്ണൂർ, തിരുവച്ചിറ, ബേപ്പൂർ (Land thrownup be sea), വട്ടക്കിണർ, അരക്കിണർ, എന്നിവയെപ്പറ്റി പറഞ്ഞുകൊണ്ട് ലേഖകൻ എഴുതുന്നു. "Not so long ago the music of the sawmills and the rhythmic sounds of the workers used to fill the atmosphere".

West Coast spectator, West Coast reformer പിന്നെ Champion എന്നീ മൂന്ന് ഇംഗ്ലീഷ്പത്രങ്ങളെയും സ്മരിക്കുന്നുണ്ട് യാത്രയ്ക്കിടയിൽ.

ഫറൂക്ക് പാലത്തിനടുത്തുള്ള ഓട്ടുകമ്പനികളുടെ ചിമ്മിനിയിൽ നിന്നായിരുന്നുവത്രെ രണ്ടാം ലോകമഹായുദ്ധകാലത്ത് എംഡൺ എന്ന ജർമ്മൻ മുങ്ങിക്കപ്പലിന് സിഗ്നൽ ലഭിച്ചത്. കീഴാറിയൂർ ബോംബ് കേസും ചർച്ചാവിഷയമാവുന്നുണ്ട്. കോഴിക്കോട് ബീച്ചിന്റെ വടക്കെയറ്റത്തുനിന്നു തുടങ്ങി ഫറൂക്ക് പാലത്തിൽ നിൽക്കുമ്പോൾ ലേഖകൻ ചിന്തിക്കുന്നത് പൈതൃകത്തെയും പാരമ്പര്യത്തെയും നശിപ്പിക്കാനുള്ള ആധുനികകാലത്തിന്റെ ഭ്രാന്തിനെപ്പറ്റിയാണ്.

റോമാസാമ്രാജ്യം നിർമ്മിച്ചത് ഒരുദിവസംകൊണ്ടല്ല. അതേപോലെ കോഴിക്കോട് നഗരവും ഒരുദിവസംകൊണ്ടല്ല നിർമ്മിക്കപ്പെട്ടതെന്ന് പറഞ്ഞുകൊണ്ടാണ്, കോഴിക്കോട് നഗരത്തിന്റെ മിത്തുകളിലേയ്ക്കും ലജന്റുകളിലേയ്ക്കും കടക്കുന്നത്. തുറമുഖങ്ങൾ, അങ്ങാടികൾ, ക്ഷേത്രങ്ങൾ, പള്ളികൾ, കലവറകൾ, തറവാടിത്തമുള്ള വീടുകൾ ഇവയെല്ലാം വർഷങ്ങൾകൊണ്ടു വളർന്നവയാണ്.

സത്യത്തിന്റെ നഗരത്തിന്റെ കഥ നാം കേട്ടതുതന്നെയാണ്. സ്വർണ്ണം നിറച്ച ഭരണി തന്ന അറബിക്ക് വർഷങ്ങൾക്കുശേഷം തിരിച്ചു കൊടുത്തത് സാമൂതിരിയായിരുന്നുവല്ലോ! കുറ്റിച്ചിറയിലെ മുഖ്യന്റെ പള്ളിയും (Thirteenth Century) അവിടുത്തെ നിലത്തു വിരിച്ച കല്ലിൽ മുസ്ലിം-ഹിന്ദു ഐക്യത്തിന്റെ പ്രതീകങ്ങളായ ചിത്രങ്ങളും ഇതോടു ചേർത്തു വായിക്കാമെന്ന് എം.ജി.എസ്. പറയുന്നുണ്ട്.

ഇബൻ ബത്തൂത്ത (1342 എ.ഡി) ചൈനക്കാരനായ മുസ്ലിം യാത്രികൻ മാഹാൻ (1403), പേർസ്യൻ യാത്രികനായ അബ്ദുറസാഖ്, ഇറ്റലിക്കാരനായ നിക്കോള കോണ്ടി, റഷ്യക്കാരനായ അതനോസ് നികിതിൻ, പ്രൊ. കൃഷ്ണയ്യർ, കെ.പി.പി. മേനോൻ എന്നിവരെ ഉദ്ധരിച്ചുകൊണ്ട് ഒരുപാടു കാര്യങ്ങൾ

എം.ജി.എസ്. ഈ പുസ്തകത്തിൽ പറയുന്നുണ്ട്. ചേരമാൻ പെരുമാളിന്റെയും സാമൂതിരിയുടെയും സംഭാവനകൾ വിശദമായി വിലയിരുത്തപ്പെടുന്നു.

ലേഖനത്തിൽനിന്നു ചിലത്:

ലോകത്തിലെ എല്ലാ ഭാഗത്തുനിന്നുമുള്ള കച്ചവടക്കാരെ ഇവിടെ കാണാം. മുസ്ലിം കച്ചവടക്കാരെല്ലാം പണക്കാരായിരുന്നു. ഒരു കപ്പലല്ല, നങ്കൂരമിട്ടിരിക്കുന്ന എല്ലാ കപ്പലുകളെയും വാങ്ങാൻ അവർക്ക് കഴിയും. ഇബൻ ബത്തുത്ത.

രാജാവ് നായരാണ്. അദ്ദേഹത്തിന്റെ കാര്യസ്ഥൻ മുസ്ലിമും. രാജാവ് ബുദ്ധന്റെ ആരാധകനാണ്. അതു കാരണം മാട്ടിറച്ചി കഴിക്കുന്നില്ല. കാര്യസ്ഥൻ മുസ്ലിം ആയതുകൊണ്ട് പന്നിയിറച്ചി കഴിക്കില്ല. രാജാവ് പന്നിയിറച്ചി കഴിക്കുന്നത് മുസ്ലിം കാര്യസ്ഥനുവേണ്ടിയും, മുസ്ലിം കാര്യസ്ഥൻ മാട്ടിറച്ചി കഴിക്കുന്നത് രാജാവിനുവേണ്ടിയും ഒഴിവാക്കിയിരുന്നു. ഒരു ഒത്തുതീർപ്പ് ഇവർക്കിടയിൽ ഉണ്ടായിരുന്നതായി ചൈനീസ് യാത്രികൻ മാഹാൻ പറയുന്നു.

കച്ചവടം നടന്നാൽ മാത്രമേ നികുതി പിരിവ് ഉണ്ടായിരുന്നുള്ളു. കൊണ്ടുവന്ന സാധനങ്ങൾ വിൽക്കാനായില്ലെങ്കിൽ നികുതിപിരിവ് ഇല്ല - അബ്ദുറസാഖ്, പെർസ്യൻ അമ്പാസഡർ.

'A maritime city..... a noble emporium for all India' - നിക്കോളോ കോണ്ടി.

ഇവിടെ കുരുമുളക്, ഇഞ്ചി, വിവിധതരം ചെടികൾ, ഗ്രാമ്പൂ, ഏലയ്ക്കാ, ജാതിയ്ക്ക, പലതരം സുഗന്ധവ്യഞ്ജനങ്ങൾ എല്ലാമുണ്ട്..... വില വളരെ കുറവ്. ജോലിക്കാരും സ്ത്രീകളും വളരെ നല്ലവർ. ഇവിടെ വലിയ അങ്ങാടിയുണ്ട്. അതനോസ് നികിതിൻ എന്ന റഷ്യൻ യാത്രികൻ.

താഴെ പാളയത്തിലെയും ചാലപ്പുറത്തെയും ചില സ്ഥലങ്ങളുടെ പേരുകൾ ഇതൊക്കെയായിരുന്നു: കിടങ്ങുപറമ്പ്, കൊട്ടാരപ്പറമ്പ്, ചെമ്പ് കോട്ടികൾ, തട്ടാർ, അമ്പാടി കോവിലകം (കൊട്ടാരസ്ത്രീകളുടെ താമസസ്ഥലം) കോവിലകപ്പറമ്പ്.

സാമൂതിരിയുടെ സ്ഥാനോഹരണച്ചടങ്ങുകളുടെ വിശദവിവരണങ്ങൾ പ്രൊഫ.കെ.വി. കൃഷ്ണയ്യരെ ഉദ്ധരിച്ചുകൊണ്ട് എം ജി എസ് ഇതിൽ വിവരിച്ചിട്ടുണ്ട്. അരിയിട്ടുവാഴ്ച ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ പകയും ഹോമം ശുകപുകം നമ്പൂതിരിമാരുടെ വകയുമായിരുന്നു. എന്നാൽ പോർച്ചുഗീസുകാരാണ് (1505.....) സ്ഥാനോഹരണച്ചടങ്ങ് തുടങ്ങിവച്ചതെന്ന് ഒരുപക്ഷമുണ്ട്. ഈ ചടങ്ങിൽ പൂമുള്ളി, ചിറക്കൽ, വരിക്കുമഞ്ചേരി, കിനൽക്കാട്ട് എന്നീ മനകളിലെ നമ്പൂതിരിമാർ പങ്കെടുത്തിരുന്നു.

കൊട്ടാരത്തിലെ എഴുത്തുകാർ, സ്ത്രീകൾ, ജോലിക്കാരികളുടെ വേഷം, പ്രേമലീലകൾ, ഊണുകഴിക്കുന്ന വിധം എന്നിവയെല്ലാം വിശദമായിത്തന്നെ ഈ പുസ്തകത്തിലുണ്ട്. എം.ജി. എസ്. എഴുതുന്നു: ഈ സ്ത്രീകളെ (ജോലി





ക്കാർ) പ്രേമിക്കുന്ന നായന്മാർ വിവാഹാഭ്യർത്ഥന നടത്തുകയും സ്ത്രീകളുടെ മുഖത്തും, മാറിലും, കഴുത്തിലുമുള്ള വിയർപ്പ് തുടക്കുകയും വിശറികൊണ്ട് വീശുകയും ചെയ്യും.

ഊണു കഴിച്ചശേഷമുള്ള ചിരുതവിളി ജോലിക്കാരിയെ എലയെടുക്കാൻ വിളിക്കുന്നതല്ല മറിച്ച്, ദേവിയോടുള്ള നന്ദി പ്രകടനമാണെന്ന് പ്രൊഫ. കൃഷ്ണയ്യരെ ഉദ്ധരിച്ചുകൊണ്ട് എം ജി എസ് എഴുതുന്നു.

ജനങ്ങളുടെ ജീവിതരീതിയാണ് "Living together, working together" എന്ന അദ്ധ്യായത്തിൽ. ഉയർന്ന ജാതിക്കാർ - നമ്പൂതിരിമാർ, തമിഴ് ബ്രാഹ്മണർ, ഗുജറാത്തികൾ, മാർവാഡികൾ, ജെയ്നൻമാർ - തങ്ങളുടെ ക്ഷേത്രങ്ങൾക്കടുത്തും; താണ ജാതിക്കാർ - തിയ്യർ, മുക്കുവർ, ചാലിയർ, കമ്മലർ, ചെട്ടികൾ, പുലയന്മാർ, ചെറുമക്കാർ - തങ്ങളുടെ കാവുകളുടെ പരിസരത്തുമായിരുന്നു ജീവിച്ചിരുന്നത്.

നൂറുക്കണക്കിന് വിളക്കുകൾ പ്രഭ ചൊരിഞ്ഞുകൊണ്ട് രാത്രിമുഴുവനും അമ്പലത്തിനുചുറ്റും പ്രകാശിച്ചുകൊണ്ടിരുന്നുവെന്നും, അതു കാരണമാണ് വിളക്ക് വഴിപാട് പ്രശസ്തമായെതെന്നും വിശ്വസിക്കപ്പെടുന്നു. പള്ളികളിൽ മെഴുകുതിരി കത്തിക്കുന്നതിനെ ഇതിനോടു ചേർത്തുവായിക്കാമെന്ന് എം ജി എസ് എഴുതുന്നു.

രേവതി പട്ടത്താനത്തെപ്പറ്റിയും, അതിൽ നടക്കുന്ന ചർച്ചകളെപ്പറ്റിയും വിശദമായി പറയുന്നുണ്ട്. തളിക്ഷേത്രത്തിലേക്ക് കടന്നയുടൻ ഇടതുഭാഗത്തുള്ള(ദേവിപ്രതിഷ്ഠ) കരിങ്കല്ലുകൊണ്ടുള്ള ഒരു ചെറിയ പടി കാക്കശ്ശേരി ഭട്ടതിരിക്കു കയറാൻവേണ്ടി ഉണ്ടാക്കിയതാണെന്ന് വിശ്വസിക്കപ്പെടുന്നു. കാക്കശ്ശേരി ചെറിയ ഭട്ടതിരിയായിരുന്നപ്പോഴാണല്ലോ ഉദ്ധണ്ണശാസ്ത്രികളുമായി തർക്കത്തിന് രേവതി പട്ടത്താനത്തിൽ പങ്കെടുത്തത് "Mischef met Mischef, Scholarship met Scholarship" ലേഖകൻ തർക്കങ്ങളെ വിലയിരുത്തുന്നു. എന്തിനധികം നാരായണീയവും പരിക്രിയ സർവ്വസ്വവും രചിച്ച മേൽപ്പത്തൂർ നാരായണൻ ഭട്ടതിരിയെ തർക്കത്തിൽ പങ്കെടുപ്പിക്കാനുള്ള നിർദ്ദേശത്തെ ആറുതവണ തള്ളിക്കളഞ്ഞ ചരിത്രം തളി രേവതി പട്ടത്താനത്തിനുണ്ട്.

"Mappila Settlement" എന്ന അദ്ധ്യായത്തിൽ നല്ലൊരു നിരീക്ഷണം എം ജി എസ് നടത്തുന്നുണ്ട്. കുറ്റിച്ചിറ ഭാഗത്തുള്ള വീടുകളും, പള്ളികളും പലതും ഹിന്ദുമാതൃകയിലുള്ളതാണ്. ഇവയൊന്ന് മുസ്ലീമുകൾ ഹിന്ദുക്കളിൽനിന്ന് പിടിച്ചുപറിച്ചതല്ലെന്നും അവർ സ്വയം - മതസൗഹാർദ്ദം കാരണം ഉണ്ടാക്കിയതാണെന്നും ലേഖകൻ പറയുന്നു. ചരിത്രവും വാസ്തുശിൽപവും ശരിക്ക് പഠിക്കാതാണ് പലരും അഭിപ്രായം പറയുന്നതെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു.

മുസ്ലിമുകളുടെ ജീവിതരീതിയെപ്പറ്റി വിസ്തരിക്കുന്നുണ്ട് ഈ അദ്ധ്യായത്തിൽ. മുസ്ലിമുകളെ സാമൂതിരി നല്ലപോലെ സംരക്ഷിച്ചിരുന്നു. പട്ടാളത്തിൽ

അവർ ധാരാളമുണ്ടായിരുന്നു. അറബി പഠിപ്പിക്കാൻ സാമൂതിരിക്കോളേജിൽ മാത്രമാണ് സൗകര്യമുണ്ടായിരുന്നത്.

മുസ്ലിം വീടുകളിലും നാലുകെട്ടും, പഠിപ്പുരയും, എട്ടുകെട്ടും, ഉമ്മറവും, കോലായയും, ഇടനാഴിയും, നടുമുറ്റവും, പടിഞ്ഞാറ്റയും ഉണ്ടായിരുന്നു. മുസ്ലി മുകളും തിയ്യരും മരുമക്കത്തായ സമ്പ്രദായം അനുഷ്ഠിച്ചിരുന്നു. മതസൗ ഹാർദ്ദമാണ് ഇതിനൊക്കെ കാരണമെന്ന് ലേഖകൻ സമർത്ഥിക്കുന്നുണ്ട്.

കോഴിക്കോടിൽ എത്ര കുളമുണ്ട്? ചിറകളുണ്ട്? വലുതും ചെറുതുമായി? മാനാഞ്ചിറ, കുറ്റിച്ചിറ, നീലിച്ചിറ, തിരുവച്ചിറ, മുതലക്കുളം, കണ്ടംകുളം, തളി ക്കുളം, ബിലാത്തിക്കുളം, ചക്കോരത്ത് കുളം, ത്രിഷാലക്കുളം, ആനക്കുളം, താമ രക്കുളം.... പക്ഷെ, പല ചിറകൾക്കും കുളങ്ങൾക്കും മുകളിൽ വൻ കെട്ടിട ങ്ങൾ ഉയർന്നു കഴിഞ്ഞു. കുളങ്ങൾ നികത്തി കെട്ടിടങ്ങൾ ഉയരുന്നത്, നമ്മുടെ സംസ്കാരത്തിന്റെ ദു:ഖിപ്പിക്കുന്ന തകർച്ചയാണ്.

ലുസ്വികോഡി വാർത്തേമാ എന്ന ഇറ്റാലിയൻ (1503-1508) കോഴിക്കോ ടിനെപ്പറ്റി എഴുതിയത് ഇതാണ്: ഒരു നദി ശാഖകളായി നഗരത്തിൽകൂടി ഒഴു കിയിരുന്നു. നഗരത്തിനു ചുറ്റും മതിലുകളുണ്ടായിരുന്നില്ല. വരികളായാണ് വീടു കൾ നിർമ്മിക്കപ്പെട്ടിരുന്നത്. ഒറ്റപ്പെട്ട വീടുകളും ഉണ്ടായിരുന്നു. വീടുകൾക്ക് ഒരു നിലയെ ഉണ്ടായിരുന്നുള്ളു. കുറച്ചു കുഴിക്കുമ്പോൾതന്നെ വെള്ളം കാണും. അതുകൊണ്ട് ഉയർന്ന കെട്ടിടങ്ങൾ ഉണ്ടായിരുന്നില്ല.

ഇന്നോ?

മാമാങ്കത്തെപ്പറ്റിയും ധാരാളം കാര്യങ്ങൾ എം.ജി.എസ് പറയുന്നുണ്ട്. ഏക ദേശം മുപ്പത്തെട്ട് പേജുകൾ മാമാങ്കത്തിനുവേണ്ടി ഒരുക്കിയിട്ടുണ്ട്.

ചെങ്കേഴി നമ്പ്യാർ പാട്ട്, കണ്ടർ മേനോൻ പാട്ട് (നാടോടി പാട്ടുകൾ, മാമാങ്കത്തെപ്പറ്റി), ലോഗന്റെ നിരീക്ഷണങ്ങൾ, സാമൂതിരിയുടെ ആനയണിയുന്ന ആഭരണങ്ങൾ, സാമൂതിരി അണിയുന്ന ആഭരണങ്ങൾ, യുദ്ധമുറകൾ, പങ്കെടു ക്കുന്നവർ, ആചാരരീതികൾ, ഇട്ടിത്തുപ്പന്റെയും ഇട്ടിത്തേയിയുടെയും പാട്ടുകൾ, ആ കാലഘട്ടത്തിലെ പല പണ്ഡിതൻമാർ, (കേളല്ലൂർ നീലകണ്ഠ സോമയാ ജി, അച്യുത പിഷാരോടി, പടശ്ശേരി പരമേശ്വരൻ നമ്പൂതിരി) പ്രശസ്തങ്ങളായ ഗ്രന്ഥങ്ങൾ, ആര്യഭട്യവാക്യാ, തന്ത്ര സമഗ്രഹ, സ്ഫുടനിർണ്ണയ, ബട്ടദീപിക, സൂര്യസിദ്ധാന്ത വിചാരണ...... എന്നിവയെപ്പറ്റിയെല്ലാം ഈ ലേഖനത്തിൽ പറ യുന്നു. ലേഖനത്തിൽനിന്ന്:

മാമാങ്കകാലത്ത് ഗംഗയിൽനിന്ന് വെള്ളം നിളയിലേക്ക് ഒഴുകിയെത്തുന്നു വെന്ന് ഒരു വിശ്വാസമുണ്ട്.

".....The period of rule of Zamorins of Calicut as was not a great age of literature..... The contribution to Science, art and literature seem to be meagre and quantitatively poor even though they ruled half a millenium and more......."





സംസ്കൃതവാക്കുകളുടെ അർത്ഥവും ശക്തിയും നഷ്ടപ്പെടുകയും, വിശേ ഷണപദങ്ങൾ മാത്രം കൊട്ടാരത്തിൽ അവശേഷിക്കുകയും ചെയ്തു.

ശക്തമായ ഒരു നിരീക്ഷണം കൂടിയുണ്ട് ഈ ലേഖനത്തിൽ. ഉദ്ദണ്ഡ ശാസ്ത്രി, കാക്കശ്ശേരി, പയ്യൂർ ഭട്ടതിരി, ചെന്നാസ് നാരായണൻ നമ്പൂതിരി, മേൽപത്തൂർ തുടങ്ങിയവരെല്ലാം കേമൻമാർ തന്നെയെങ്കിലും അവരുടെ പാണ്ഡിത്യം സാധാരണ ജീവിതത്തെയോ പ്രശ്നങ്ങളെയോ സഹായിച്ചോ? അവരുടെ അനുഭവങ്ങളും സ്വാധീനങ്ങളും സാധാരണക്കാരന് പ്രയോജന പ്പെട്ടോ? അവർ ജീവിച്ചിരുന്നത് തങ്ങളുടെതായ കൃത്രിമലോകത്തായിരുന്നു വെന്നും എം.ജി.എസ് എഴുതുന്നു.

എഴുത്തച്ഛനെപ്പറ്റിയും കൃഷ്ണാകൾട്ടിനെപ്പറ്റിയും വിശദീകരിക്കുന്നുണ്ട് ഈ ലേഖനത്തിൽ. ലേഖനത്തിൽ ഒരിടത്ത് പറയുന്നു: മതപരമായ ഒരു ഒത്തു ചേരലായി തുടങ്ങിയ മാമാങ്കം പിന്നീട് കാലക്രമത്തിൽ കേരളത്തിലെ ഒരു രാഷ്ട്രീയ സമ്മേളനമായി മാറുകയായിരുന്നു.

ശക്തമായ നിരീക്ഷണങ്ങൾ ഇനിയുമുണ്ട് ലേഖനങ്ങളിൽ.

കുരുമുളക് രാഷ്ട്രീയം, കടൽകൊള്ള, പിന്നെ യുദ്ധവും എന്ന അദ്ധ്യായ ത്തിൽ കെ.എം. പണിക്കരെ ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു: വാസ്കോഡഗാമ യുടെ മഹത്വം സമുദ്രയാത്ര കാരണമല്ല - ഇന്ത്യയിൽ അതിനുശേഷമുണ്ടായ ചരിത്രഫലങ്ങൾ കാരണമാണ്.

എം.ജി.എസ് തുടരുന്നു. ഒരപരിചിതനായ കള്ളനെ സ്വീകരിക്കുകയായി രുന്നു സാമൂതിരി. തളപ്പണ്ണ നമ്പൂതിരിയായിരുന്നുവല്ലോ ആനയിച്ചത്. ആ നമ്പൂ തിരിയുടെ ചുണ്ടുകളും കാതും അരിഞ്ഞ് നായയുടെ ചെവി തുന്നിച്ചേർത്ത ചരിത്രവും ഗാമക്കുണ്ടല്ലോ!

സമുദായത്തിന്റെ ശക്തിയറിഞ്ഞ് നാവികസേന ഉണ്ടാക്കി ഇന്ത്യൻ സമു ദ്രത്തെ തങ്ങളുടെ നിയന്ത്രണത്തിലാക്കുകയായിരുന്നു പോർത്തുഗീസുകാർ. ഹിന്ദുക്കളും മുസ്ലിമുകളും സൗഹാർദ്ദത്തോടെ കഴിഞ്ഞിരുന്നു. വിദേശികളുടെ വരവോടെ ശാന്തമായ അന്തരീക്ഷം നീണ്ട പിടച്ചിലിനും, യുദ്ധത്തിനും മരണ ത്തിനും വേദിയായി. പടയോട്ടത്തിന്റെ രംഗമാവുകയായിരുന്നു. പാവങ്ങളായ കൃഷിക്കാരാണ് കൂടുതൽ ഗതികേടിലായത്. കച്ചവടത്തിന്റെ മെച്ചം പണ ക്കാർക്കായിരുന്നു. ഇതായിരുന്നോ എഴുത്തച്ഛന്റെയും കുഞ്ചൻനമ്പ്യാരുടെയും ഭക്തിപ്രസ്ഥാനത്തിനു കാരണം? ബ്രാഹ്മണരെയും ക്ഷേത്രങ്ങളെയും സംര ക്ഷിച്ച് പണ്ടത്തെ നാട്ടുരാജാക്കൻമാർ സത്യത്തിൽ ക്ഷയിക്കുകയായിരുന്നു. "It is this disparity of cash which made the defeat of the native princes and the victory of the European powers a forgone conclusion". ആർ ആരെയാണ് വഞ്ചിച്ചത്? കുഞ്ഞാലിമരയ്ക്കാരുടെ ചരിത്രം വിവരിച്ചുകൊണ്ട് ലേഖകൻ ചോദിക്കുന്നു. കൃസ്ത്യാനികളും മുസ്ലിമുകളും

തമ്മിലുള്ള പോരാട്ടമായി മാറിയ കേരളത്തിലെ അന്നത്തെ അവസ്ഥയിൽ സാമൂതിരി മാത്രമായിരുന്നു മുസ്ലിമുകൾക്കൊപ്പം ഉണ്ടായിരുന്നത്. മറ്റു നാട്ടുരാജാക്കൻമാരെല്ലാം, ഇതൊന്നും തങ്ങൾക്ക് ബാധകമല്ല എന്ന മട്ടിലായിരുന്നു. സാമൂതിരിഭരണകാലത്തെ ദൗർബല്യങ്ങളും ചർച്ചാവിഷയമാക്കുന്നുണ്ട് ലേഖകൻ. കുഞ്ഞാലിമരയ്ക്കാരുടെ സംഭവത്തിനുശേഷവും സൗഹൃദം നിലനിന്നത് കോഴിക്കോടിന്റെ സത്യത്തിന്റെ വേരുകളുടെ ആഴവും ശക്തിയും കൊണ്ടാണോ? സമൃദ്ധിയിലും യുദ്ധവിജയങ്ങളിലും മതിമറന്ന് തന്റെ പഴയ നാളുകളേയും ദാരിദ്ര്യത്തെയും, കുടിയാനും ജന്മിയുമാണെന്ന ബന്ധത്തെയും കുഞ്ഞാലിമരയ്ക്കാർ മറന്നതു ശരിയോ? “The rule of power game are the same everywhere”.

ലേഖകൻ പറയുന്നു: റെബലുകളെ നശിപ്പിക്കുക - അവർ എത്രതന്നെ ശക്തരും പ്രധാനപ്പെട്ടവരുമായിരുന്നാലും!

സാമൂതിരിയുടെ അറനൂറ് കൊല്ലത്തെ ഭരണത്തിനുശേഷമുള്ള കമ്പനി ഭരണത്തിൻ കീഴിലുള്ള കോഴിക്കോടിന്റെ ചിത്രവും ഈ പുസ്തകത്തിലുണ്ട്. സമൂഹത്തിൽ വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്.

എം.ജി.എസിന്റെ പുസ്തകത്തിലെ അവസാന വാചകങ്ങൾ ശ്രദ്ധിക്കുക: മലബാറിന്റെ തലസ്ഥാനമായി മദ്രാസ് പ്രസിഡൻസിയുടെ കീഴിൽ കോഴിക്കോട് തന്റെ ജീവിതം തുടർന്നു. കോഴിക്കോട് കടപ്പുറവും തുറമുഖവും, കൊച്ചിക്കും മംഗലാപുരത്തിനും മുംബൈക്കും വഴിമാറിക്കൊടുത്തു...

സാമൂതിരിയുടെ പതനത്തിനുശേഷമുള്ള കോഴിക്കോടിന്റെ ചരിത്രം മലബാറുകാർക്കും ഇന്ത്യൻചരിത്രം പഠിക്കുന്നവർക്കും താൽപര്യമുണർത്തുമെങ്കിലും, ഇനിയൊരിക്കലും, ശക്തരായ ചെറിയ സ്വതന്ത്രരായ രാജാക്കൻമാരുടെയോ, ഒരുകാലത്ത് അന്തർരാഷ്ട്ര വ്യാപാരസിരാകേന്ദ്രമായതിന്റെയോ കഥയാവില്ല. കഥയല്ല.

സത്യത്തിന്റെ നഗരത്തിന്റെ കഥ പറഞ്ഞവസാനിപ്പിച്ച് എം.ജി.എസ് നിശബ്ദനായി തകർന്ന പാലത്തിനടുത്ത് കടലിലേക്കു താഴുന്ന സൂര്യനെ - ഒരു ചൈതന്യത്തെ- നോക്കിക്കൊണ്ട് നിൽക്കുന്ന ഒരു ചിത്രം ഞാൻ മനസ്സിൽ കാണുന്നു. ഒരു പക്ഷെ ചെഗുവരെയുടെ വാക്കുകളാവാം അദ്ദേഹം ഓർക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം സമുദ്രത്തിന് നല്ല ആത്മവിശ്വാസമുണ്ട്. ഒരു സുഹൃത്തിനെപ്പോലെ എല്ലാം കേൾക്കുന്നു. പക്ഷെ, രഹസ്യങ്ങളെ പുറത്തു പറയില്ല. എപ്പോഴും നല്ല ഉപദേശങ്ങളും നിർദ്ദേശങ്ങളും തരും. അതിന്റെ അർത്ഥമുള്ള ശബ്ദങ്ങൾ പലതരം വ്യാഖ്യാനങ്ങൾക്കുള്ള സാദ്ധ്യതകൾ നിറഞ്ഞതാണ്.

കോഴിക്കോടിന്റെ സത്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് സമുദ്രതീരത്തിലൂടെ പതുക്കെ നടക്കുന്ന എം.ജി.എസ് നാരായണന്റെ പിന്നിൽ - ശബ്ദങ്ങൾ കേൾക്കാവുന്ന അകലത്തിൽ - ഞാനുമുണ്ടാവണമെന്ന് പറയാൻ ഇഷ്ടം തോന്നുന്നു.

■